*Issued on 14-8-1990.*

# PROCEEDINGS

## of the

# KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

**Eighth Session**

Tuesday, 2nd April 1985

**OFFICIAL REPORT**

Vol. LXIII—No. 18

**Price : 50 P.**

©
Government of Kerala
1990

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
THIRUVANANTHAPURAM, 1990

## ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ :

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ .. 1—21

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ .. 21—33

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ .. 33—61

II ചരമോപചാരം :

സർവ്വശ്രീ. പി. ഗംഗാധരൻ, കൃഷ്ണൻ പോററി, ഉറുമീസ് തരകൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് .. 61—62

III അടിയന്തിര പ്രമേയം :

ശ്രീ. വി. കെ. രാജന്റെ —കൊടുങ്ങല്ലൂരിൽ മുഖംമൂടി ആക്രമണം സംബന്ധിച്ച് .. 62—65

IV ശ്രദ്ധ ക്ഷണിക്കൽ :

(1) ശ്രീ. കെ. മൂസക്കുട്ടിയുടെ— ബേപ്പൂർ തുറമുഖത്തിന്റെ വികസനംസംബന്ധിച്ച് .. 66—68

(2) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററുടെ— സുൽത്താൻബത്തേരി ഇലക്ട്രിക്കൽ സബ് സ്റേറഷന്റെ പണി സംബന്ധിച്ച് .. 68—70

V സബ്മിഷൻ :

(1) ശ്രീ. ടി. എസ്. ജോണിന്റെ— തിരുവല്ല-മുല്ലപ്പള്ളി റോഡിലെ പാലത്തിന്റെ പണി ... 70

(2) ശ്രീ. കെ. ടി. കണാരന്റെ കുററ്യാടിയിൽ ഒരു ഹമീദിന്റെ കൊലപാതകം സംബന്ധിച്ച് .. 71

(3) ശ്രീ. പി. കെ. കെ. ബാവയുടെ— ചാവക്കാട് കെ. എസ്. ആർ. ടി. സി. സ്റേറഷൻ മാസ്ററാഫീസ് സ്ഥാപിക്കുന്നതു സംബന്ധിച്ച് .. 71—72

(4) ശ്രീ. കെ. ഇ. ഇസ്മയിലിന്റെ— പാലക്കാടിനു കിട്ടേണ്ട കോച്ച് ഫാക്ടറിയെപ്പററി .. 72—74




LIBRARY ARCHIVES Kerala Legislative Assembly

| | | പേജ് |
|---|---|---|
| (5) | ശ്രീ. ടി. പി. പീതാംബരൻ മാസ്ററുടെ—എഫ്. സി. ഐ. യിലെ പണിമുടക്കു മൂലം റേഷൻ വിതരണം മുടങ്ങിയതിനെ പററി .. | 74 |
| (6) | ശ്രീ. വി. ദിനകരൻെറ—ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു തങ്കമ്മയുടെ മരണം സംബന്ധിച്ച് .. | 75 |
| (7) | ശ്രീ. കെ. പി. പ്രഭാകരൻെറ—ബാലവാടികളും മഹിളാസമാജങ്ങളും നിറുത്തലാക്കിയതിനെ സംബന്ധിച്ച് .. | 75—77 |
| (8) | ശ്രീ. തച്ചടി പ്രഭാകരൻെറ—കായംകുളത്ത് ഒരു പാലം പുതുക്കിപ്പണിയുന്നതു സംബന്ധിച്ച് .. | 77—78 |
| (9) | ശ്രീമതി കെ. ആർ. ഗൗരിയുടെ—ചേർത്തലയിലെ മാക്ഡവൽ കമ്പനി പൂട്ടിയിട്ടതിനെപ്പററി .. | 78—80 |
| VI | മേശപ്പുറത്തു വച്ച കടലാസുകൾ | 80 |
| VII | റിപ്പോർട്ടു സമർപ്പണം | |
| | 1985-ലെ കേരള ധനകാര്യ ബില്ലിൻെറ സബജക്ററ് കമ്മിററി റിപ്പോർട്ട് | 80—81 |
| VIII | നിയമ നിർമ്മാണകാര്യം : | |
| | 1983-ലെ കേരള മുനിസിപ്പാലിററീസ് (ഭേദഗതി) ബിൽ—തുടർച്ച .. | 81—125 |
| IX | അരമണിക്കൂർ ചർച്ച : | |
| | ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്—ജസ്ററീസ് വടക്കേൽ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് .. | 126—132 |
| X | സ്പീക്കറുടെ പ്രസ്താവന : | |
| | നിയമസഭാംഗങ്ങൾക്ക് സിനിമ കാണുന്നതിനുള്ള സൗകര്യം നൽകുന്നതിനെ സംബന്ധിച്ച് .. | 132—133 |
| | അനുബന്ധം .. | 134—136 |


LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

എട്ടാം സമ്മേളനം

1985 ഏപ്രിൽ 2, ചൊവ്വ

വാല്യം LXIII]    ഔദ്യോഗിക റിപ്പോർട്ട്    [നമ്പർ 18


നിയമസഭ 1985 ഏപ്രിൽ 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

## 1. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു)

### i. വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

**സ്പെഷ്യൽ ഓഫീസറൻമാരുടെ ഭരണത്തിലുള്ള മുനിസിപ്പാലിററികൾ**

* 253 [296] ശ്രീ. എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. വി. കെ. രാജൻ :
,, കെ. ടി. കണാരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ :
,, പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ ഓഫീസറൻമാരുടെ ഭരണത്തിലുള്ള എത്ര മുനിസിപ്പാലിററികൾ ഇപ്പോൾ സംസ്ഥാനത്ത് നിലവിലുണ്ട് ;

(ബി) ഈ സംവിധാനത്തിൽ കൗൺസിലുകൾക്ക് നിയമപ്രകാരമുള്ള എന്തെല്ലാം അധികാരങ്ങൾ പ്രയോഗിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) 5 എണ്ണം.

(ബി) സ്പെഷ്യൽ ഓഫീസർമാരുടെ ഭരണത്തിലുള്ള മുനിസിപ്പാലിറ്റികളിൽ കൗൺസിലുകൾ ഇല്ല. കൗൺസിലുകളുടെ അധികാരങ്ങളെല്ലാം സ്പെഷ്യൽ ഓഫീസറിൽ നിക്ഷിപ്തമാണ്.

ശ്രീ. എം. കെ. കേശവൻ : സ്പെഷ്യൽ ഓഫീസർമാർ ഭരിക്കുന്ന പഞ്ചായത്തുകളിലും ഇപ്പോൾ ഡെപ്യൂട്ടി കളക്ടർമാരും ആർ. ഡി. ഒ. മാരും ഭരിക്കുന്ന മുനിസിപ്പാലിറ്റികളിലും കാര്യമായ ഒരു പ്രവർത്തനവും നടത്താൻ കഴിയുന്നില്ല എന്നു മാത്രമല്ല, നിലവിലുള്ള മുനിസിപ്പൽ കമ്മീഷണർമാർക്ക് വെറും സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻെറ അധികാരം മാത്രമേയുള്ളു എന്നുള്ളതുകൊണ്ട് തെരഞ്ഞെടുപ്പ് കഴിയുന്നത്ര വേഗം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഇപ്പോൾ ഒന്നും പറയാൻ സാദ്ധ്യമല്ല.

ശ്രീ. എം. കെ. കേശവൻ : മുനിസിപ്പൽ തെരഞ്ഞെടുപ്പ് എന്ന് നടത്തണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുള്ളത് ?

ശ്രീ. സി. എം. സുന്ദരം : ഇപ്പോൾ ഒന്നും ഉദ്ദേശിച്ചിട്ടില്ല.

ശ്രീ. വി. കെ. രാജൻ : ഇവിടെ സ്പെഷ്യൽ ഓഫീസർമാർ ഭരിക്കുന്ന അഞ്ചു മുനിസിപ്പാലിററികൾ ഉണ്ട് എന്നു പറഞ്ഞു. ഏതെല്ലാം മുനിസിപ്പാലിററികളാണ് ഈ അഞ്ചെണ്ണം എന്നു പറഞ്ഞിട്ടില്ല. അതു പറയാമോ ? തെരഞ്ഞെടുപ്പു നടത്താൻ സാധിക്കാത്തതുകൊണ്ടാണ് ഈ അഞ്ചു മുനിസിപ്പാലിററികളിൽ സ്പെഷ്യൽ ഓഫീസറെ നിയമിച്ചത് എന്നു പറഞ്ഞു. തെരഞ്ഞെടുപ്പു നടത്താൻ തടസ്സം എന്താണ്.

ശ്രീ. സി. എം. സുന്ദരം : അഞ്ചു മുനിസിപ്പാലിററികളുടെ പേര് പറയാം. കോതമംഗലം മുനിസിപ്പാലിററി രൂപീകരിച്ചത് 1-4-1978-ൽ. കാലാവധി അവസാനിക്കുന്ന തീയതി 31-3-1985. തൊടുപുഴ മുനിസിപ്പാലിററി രൂപീകരിച്ചത് 1-9-1978–ൽ. 31-8-1985–ൽ കാലാവധി അവസാനിക്കും. പത്തനംതിട്ട മുനിസിപ്പാലിററി രൂപീകരിച്ച 1-10-1978-ൽ. 30–9–1985-ൽ കാലാവധി അവസാനിക്കുന്നു. വർക്കല മുനിസിപ്പാലിററി രൂപീകരിച്ചത് 16-5–1980–ൽ ആണ്. 15-5-1987–ൽ കാലാവധി അവസാനിക്കുന്നു. കാഞ്ഞങ്ങാട് മുനിസിപ്പാലിററി രൂപീകരിച്ചത് 1-6-1984–ൽ. അതിൻെറ കാലാവധി അവസാനിക്കുന്നത് 31-5-1991-ലാണ്.

ശ്രീ. വി. കെ. രാജൻ : 31-3-1985–ന് ആണ് കോതമംഗലം മുനിസിപ്പാലിററിയുടെ കാലാവധി അവസാനിക്കുന്നത് എന്നു പറഞ്ഞു. സ്പെഷ്യൽ ഓഫീസർമാർക്ക് ഭരണം നടത്താൻ എത്ര കാലമാണ് അവകാശമുള്ളത് ? ഒരു മുനിസിപ്പൽ കൗൺസിൽ പിരിച്ചുവിട്ട് ഒരു സ്പെഷ്യൽ ഓഫീസറെ വച്ചാൽ അയാളുടെ കാലാവധി എത്രകാലമാണ് ? അങ്ങനെ നിയമപ്രകാരം വല്ല അധികാരവും കൊടുത്തിട്ടുണ്ടോ ?

ശ്രീ. സി. എം. സുന്ദരം : ഓർഡിനൻസ് പ്രകാരം കാലാവധി 96 മാസക്കാലത്തേക്ക് നീട്ടി, അത് നിയമമാക്കാൻവേണ്ടിയുള്ള ചർച്ചയാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ടി. കണാരൻ : പല മുനിസിപ്പാലിററികളുടെയും അധികാരം ഗവൺമെൻറിൽ നിക്ഷിപ്തമായിരിക്കുന്നതുകൊണ്ട് ദൈനംദിന ഭരണകാര്യങ്ങൾപോലും നടക്കുന്നില്ല. ഇതിനുള്ള പരിഹാരമായിട്ട് വല്ലതും ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സുന്ദരം : അത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽ പെടുത്തിയാൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. ടി. കണാരൻ : മുനിസിപ്പൽ പ്രദേശങ്ങളിലെ വീടു നിർമ്മാണത്തിന്റെ കാര്യത്തിൽ പോലും ഗവൺമെന്റിനെ സമീപിക്കേണ്ട ഗതികേടുണ്ട്. ഇതിന് പരിഹാരമായിട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ആലോചിക്കാം.

**Dr. A. Subba Rao** : Sir, In view of the local administration, they administered by popular councillors. They know what is the difficulty in having the elections for these Municipalities and when the Government propose to have the election ?

ശ്രീ. സി. എം. സുന്ദരം : ഇപ്പോൾ ഡീ ലിമിറ്റേഷനും എന്യൂമറേഷനും എല്ലാം നടന്നുകൊണ്ടിരിക്കുന്നതുകൊണ്ടുള്ള കാലതാമസങ്ങളാണുള്ളത്. അതു കഴിഞ്ഞാൽ എലക്ഷൻ നടത്തും.

ശ്രീ. കെ. ടി. കുമാരൻ : തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കൗൺസിലുകളുടെ അധികാരങ്ങൾ പൂർണ്ണമായും സ്പെഷ്യൽ ഓഫീസർമാർക്ക് ഉണ്ടോ ? ഇല്ലെങ്കിൽ അടിയന്തിരമായും ഈ മുനിസിപ്പാലിററിയുടെ തെരഞ്ഞെടുപ്പു നടത്താൻ തീരുമാനിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : കേരളാ മുനിസിപ്പാലിററീസ് ആക്ടിലെ 412 (1) വകുപ്പു പ്രകാരം പുതുതായി രൂപീകരിക്കുന്ന മുനിസിപ്പാലിററികളിൽ നിയമിക്കപ്പെടുന്ന സ്പെഷ്യൽ ഓഫീസർമാർക്ക് ചെയർമാൻ, കമ്മീഷണർ, കൗൺസിലർ എന്നിവരുടെ അധികാരങ്ങൾ ഉണ്ട്. എല്ലാ മുനിസിപ്പാലിററികൾക്കും കൗൺസിലുകൾക്കും എന്തെല്ലാം അധികാരങ്ങൾ ഉണ്ടെന്ന് കേരളാ മുനിസിപ്പൽ ആക്ടിലെ വിവിധ വകുപ്പുകളിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. മേപ്പടി അധികാരങ്ങൾ എല്ലാം തന്നെ പ്രയോഗിക്കുന്നതിന് മേൽപ്രസ്താവിച്ച 412 (1) വകുപ്പു പ്രകാരം സ്പെഷ്യൽ ഓഫീസർക്ക് അധികാരം ഉള്ളതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : സ്പെഷ്യൽ ഓഫീസർമാരുടെ ഭരണത്തിൻ കീഴിലുള്ള മുനിസിപ്പാലിററികൾ അഞ്ചെണ്ണം ഉണ്ടെന്നു പറഞ്ഞു. ബാക്കി മുനിസിപ്പാലിററികളിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികൾ ഉള്ള മുനിസിപ്പാലിററികൾ എത്ര ഉണ്ട് ? അതു കഴിച്ചിട്ട് ബാക്കിയുള്ള മുനിസിപ്പാലിററികളുടെ ഇപ്പോഴത്തെ പ്രവർത്തനം ഏതു നിലയിലാണെന്ന് വിശദീകരിക്കുവാൻ കഴിയുമോ ?

ശ്രീ. സി. എം. സുന്ദരം : അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. പി. കുമാരൻ : ഇതുവരെ തെരഞ്ഞെടുപ്പുകളേ നടത്താത്ത എത്ര മുനിസിപ്പാലിററികൾ ഉണ്ട് ?

ശ്രീ. സി. എം. സുന്ദരം : ഈ അഞ്ചെണ്ണം ഒഴിച്ച് ബാക്കിയുള്ളതെല്ലാം തെരഞ്ഞെടുപ്പു നടത്തിയതാണ്. കാലാവധി അവസാനിക്കുമ്പോൾ പ്രത്യേക ഏർപ്പാടുകൾ ചെയ്തിട്ടുള്ളതുമാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : മുനിസിപ്പൽ ഭരണം ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചതിനുശേഷം അതിന്റെ കാലാവധി നീട്ടിക്കൊണ്ടു പോകാൻ ഓർഡി

LIBRARY ARCHIVES Kerala Legislative Assembly

നൻസ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഇന്ന് തെരഞ്ഞെടുക്കപ്പെട്ട മുനിസിപ്പൽ ചെയർമാനും സ്ററാൻറിംഗ് കമ്മററിക്കും മററു കൗൺസിലിനും കൂടിയുള്ള അധികാരങ്ങൾ വളരെ പരിമിതമാണ്. ഏത് ഉദ്യോഗസ്ഥനിലാണ് അധികാരം കൂടുതൽ നിക്ഷിപ്തമായിരിക്കുന്നത് ? കൂടുതൽ അധികാരങ്ങൾ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്കും നൽകുന്നതിനുവേണ്ടിയുള്ള ഭേദഗതി കൊണ്ടുവരാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. സി. എം. സുന്ദരം : തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നൽകണമെന്നു തന്നെയാണ് ഗവൺമെൻറിൻെറ അഭിപ്രായം.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സ്പെഷ്യൽ ഓഫീസർമാരുടെ ഭരണത്തിൻ കീഴിലല്ലാത്ത മുനിസിപ്പാലിററികളിൽ എന്തു ഭരണസംവിധാനമാണ് നിലനിൽക്കുന്നതെന്നു ചോദിക്കുമ്പോൾ നോട്ടീസ് വേണം എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. എന്താണെന്ന് അദ്ദേഹത്തിന് വ്യക്തമായി പറയാൻ കഴിയാത്ത സാഹചര്യമാണ്. എനിക്ക് കിട്ടിയ അറിവ് അവിടെ അഡ്മിനിസ്ട്രേററീവ് ഭരണമാണെന്നാണ്. സ്പെഷ്യൽ ഓഫീസറുടെ ഭരണത്തിന് തുല്യമായതാണ്. വിശേഷിച്ചും തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ മുനിസിപ്പാലിററിയൊഴിച്ചു ബാക്കി അഞ്ചു മുനിസിപ്പാലിററികളിലും കൂടി ഒരു ആർ. ഡി. ഒ. യെ ആണ് അഡ്മിനിസ്ട്രേററർ ആക്കി വച്ചിട്ടുള്ളത്. അതുകൊണ്ട് ദൈനംദിനം ഭരണം നടക്കുന്നില്ല. സമയത്തിന് ബഡ്ജററു പാസാക്കുന്ന പ്രവർത്തനം പോലും അദ്ദേഹത്തിന് ചെയ്യാൻ കഴിയുന്നില്ല. വളരെ ജോലി തിരക്കുള്ള ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ അഞ്ചു മുനിസിപ്പാലിററികളുടെ അഡ്മിനിസ്ട്രേററർ ആയിട്ട് വച്ചാൽ കാര്യമൊന്നും നടക്കുകയില്ല എന്നുള്ളത് വളരെ വ്യക്തമാണ്. ഈ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിന് പ്രത്യേകം നോട്ടീസ് വേണമോ ? ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ (തെരഞ്ഞെടുപ്പ് ഏതായാലും അടുത്ത കാലത്ത് നടത്താൻ പോകുന്നില്ലല്ലോ) ഓരോ മുനിസിപ്പാലിററിയിലും ഓരോ അഡ്മിനിസ്ട്രേററെ വച്ച് നിത്യഭരണം നടത്താനുള്ള സൗകര്യം ഏർപ്പെടുത്താൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എം. സുന്ദരം : ഈ കാര്യങ്ങളെക്കുറിച്ചെല്ലാം വളരെയധികം ചർച്ചകൾ നടന്നതും ഹൈക്കോടതിവരെ പോയിട്ടുള്ളതുമാണ്. അങ്ങനെ നടത്തുന്ന ഒരു ഭരണത്തിനുമുകളിൽ ഇനി കൂടുതൽ ആലോചിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : തൃശ്ശൂർ ജില്ലയിൽ അഞ്ചു മുനിസിപ്പാലിററികൾക്ക് ഒരു അഡ്മിനിസ്ട്രേററെ വയ്ക്കണമെന്ന് ഒരു ഹൈക്കോടതിയും പറഞ്ഞിട്ടില്ല.

ശ്രീ. സി. എം. സുന്ദരം : തൃശ്ശൂർ മുനിസിപ്പാലിററിക്ക് മാത്രമായി തീരുമാനമൊന്നുമില്ല. പൊതുവേയുള്ള തീരുമാനമാണ്. അത് തൃശ്ശൂർ മുനിസിപ്പാലിററിയേയും ബാധിക്കുന്നു എന്നു മാത്രമേയുള്ളു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഇപ്പോൾ സംസ്ഥാനത്തെ മുനിസിപ്പാലിററികളിലെ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകൾ നിലവിലില്ലാത്തതു കൊണ്ട് ഇപ്പോൾ ഏൽപ്പിച്ചിരിക്കുന്ന ഉദ്യോഗസ്ഥൻമാരിൽ ഒരു വിഭാഗം നിയമനങ്ങൾ നടത്തുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? പാർട്ട്ടൈം കണ്ടിൻജൻസിയായി കാഷ്വലി ഫൈഡായിട്ടുള്ള ആളുകളെ നിയമിക്കുക, സംവരണതത്വം പാലിക്കാതിരിക്കുക, അഞ്ചു വർഷം കഴിയുമ്പോൾ

അവർ റെഗുലർ സർവ്വീസിൽ യോഗ്യതയുള്ളവരായി വരുക എന്ന ഉദ്ദേശത്തോടു കൂടി വ്യാപകമായ തോതിൽ നിയമനം നടത്തി വരുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ഡീലിമിറേഷൻ സംബന്ധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് തീയതിയും തീരുമാനിക്കുമെന്നു പറഞ്ഞു. മുനിസിപ്പാലിററി, പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുവേണ്ടി വാർഡ് ഡീലിമിറേഷൻ, അതിൻെറ മുകളിൽ ആക്ഷേപം ബോധിപ്പിക്കൽ അവസാന തീരുമാനമെടുക്കൽ, പരമാവധി അപ്പീൽ, തുടർന്ന് തെരഞ്ഞെടുപ്പ് നോട്ടിഫിക്കേഷൻ, തെരഞ്ഞെടുപ്പു തീയതി, തെരഞ്ഞെടുക്കപ്പെട്ട സമിതികൾ, അധികാരം ഏറെറടുക്കുന്ന തീയതിവരെയുള്ള ഒരു ഷെഡ്യൂൾ ഇവ ഗവൺമെൻറ് തയ്യാറാക്കിയിട്ടുണ്ടോ ? എന്നെങ്കിലും തെരഞ്ഞെടുപ്പ് നടത്തണമെങ്കിൽ അതിന് ഒരു ഷെഡ്യൂൾ വേണമല്ലോ ? ആ ഷെഡ്യൂൾ ഈ സഭയെ അറിയിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. സി. എം. സുന്ദരം : ഈ അഞ്ചു മുനിസിപ്പാലിററികളെപ്പററിയും അതിൻെറ പ്രത്യേക ആക്ടനുസരിച്ചുള്ള ചോദ്യവുമായതുകൊണ്ട് ഈ കാര്യങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. രാഘവൻ : മുനിസിപ്പൽ തെരഞ്ഞെടുപ്പ് ഇനിയും നീട്ടേണ്ട ബില്ലാണ് കുറച്ചു കഴിഞ്ഞ് ചർച്ചക്ക് വരുന്നത്. ഈ മുനിസിപ്പാലിററികളിൽ ഇങ്ങനെ തെരഞ്ഞെടുപ്പ് നീട്ടുകയും സ്പെഷ്യൽ ഓഫീസർമാരെ അഞ്ചും ഏഴും മുനിസിപ്പാലിററികളിൽ നിയമിക്കുകയും ചെയ്യുന്നതുകൊണ്ട് സാധാരണ ഗതിയിലുള്ള മുനിസിപ്പൽ ഭരണം നടക്കാത്ത ഒരു സാഹചര്യത്തിൽ ഈ മുനിസിപ്പൽ പ്രദേശത്തുള്ള ജനങ്ങളെ നികുതി പിരിച്ച് ബുദ്ധിമുട്ടിപ്പിക്കുന്ന ഏർപ്പാട് വേണ്ട. അതുകൊണ്ട് ഈ മുനിസിപ്പാലിററികൾതന്നെ വേണ്ടെന്നു വെയ്ക്കുന്ന കാര്യം ഗവണമെൻറ് ആലോചിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഇത് ഇപ്പോൾ പുതുതായിട്ട് വന്നിരിക്കുന്ന അവസ്ഥയൊന്നുമല്ല. വളരെക്കാലമായിട്ടുള്ള നടപടികളാണ് ഇപ്പോഴും തുടരുന്നത്. ഈ മുനിസിപ്പാലിററികൾ വേണമോ വേണ്ടയോ എന്നുള്ള കാര്യം നേരത്തെ ഉണ്ടായിരുന്ന ഗവൺമെൻറിന് ആലോചിക്കാമായിരുന്നു. ഈ ഗവൺമെൻറ് അതിനെപ്പററി ആലോചിക്കുന്നില്ല.

ശ്രീ. പന്തളം സുധാകരൻ : സംസ്ഥാനത്ത് മുനിസിപ്പാലിററിയാക്കുന്നതിന് പ്രായപൂർത്തിയായ നിരവധി പഞ്ചായത്തുകളുണ്ട്. സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളുണ്ട്. അതുകൊണ്ട് സംസ്ഥാനത്ത് പുതുതായി സ്പെഷ്യൽഗ്രേഡ് പഞ്ചായത്തുകൾ വല്ലതും മുനിസിപ്പാലിററിയായി ഉയർത്തുവാൻ ആലോചിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ അതൊന്ന് വ്യക്തമാക്കാമോ ?

ശ്രീ. സി. എം. സുന്ദരം : ആ ചോദ്യം ഇവിടെ ഉൽഭവിക്കുന്നില്ല.

ശ്രീ. ഇ. പത്മനാഭൻ : നിയമസഭ പിരിച്ചുവിട്ട് ഗവർണ്ണർ ഭരണവും ഉപദേശകഭരണവുമൊക്കെ നടക്കുന്ന സമയത്ത് അതിൻെറ ബഡ്ജററും മററു കാര്യങ്ങളുമെല്ലാം പാർലമെൻറിൽ അവതരിപ്പിക്കുക എന്നു പറഞ്ഞ് ഒരു

ഏർപ്പാടുണ്ട്. ഈ നാട്ടിൽ വ്യാപകമായി നഗരപ്രദേശങ്ങളിൽനിന്നും നികുതി പിരിക്കുകയും അതിന്റെ ക്രമങ്ങളേയും ചെലവിനങ്ങളേയുംപ്പററി തീരുമാനിക്കുകയും ചെയ്യുന്നത്, മുൻസിപ്പൽ കൗൺസിലുകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ ചില ഉദ്യോഗസ്ഥൻമാരാണ്. ആ കീഴ്വഴക്കത്തിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കൗൺസിലുകളുടെ തയ്യാറാക്കപ്പെട്ട ബഡ്ജററ് നിയമസഭയുടെ മുമ്പിൽ വയ്ക്കുന്നതിനും ചർച്ചക്ക് അവസരം ഉണ്ടാക്കുന്നതിനും ഗവൺമെൻറ് സന്നദ്ധമാകുമോ ?

ശ്രീ. സി. എം. സുന്ദരം : പ്രത്യേക നോട്ടീസ് വേണം. അഞ്ച് മുനിസിപ്പാലിററികളെ സംബന്ധിച്ചും 412 (1) സബ്സെക്ഷനെ സംബന്ധിച്ചും മാത്രമേ ചോദ്യം ചോദിക്കാവൂ.

ശ്രീ. ഇ പത്മനാഭൻ : എന്റെ പ്രസക്തമായ ചോദ്യം ജനങ്ങളിൽ നിന്നും നികുതി പിരിച്ച് വിനിയോഗിക്കുന്നതിനുവേണ്ടിയുള്ള ഇന്നത്തെ ഈ സംവിധാനം, നിയമസഭ ഇല്ലാത്തപ്പോൾ പാർലമെൻറിൽ അവതരിപ്പിക്കുന്നതുപോലെ മുനിസിപ്പൽ കൗൺസിലുകളുടെ ബഡ്ജററ് നിയമസഭയിൽ അവതരിപ്പിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ എന്നാണ്.

മി. സ്പീക്കർ : ആ കാര്യത്തെ സംബന്ധിച്ച് മറുപടി പറയാൻ അദ്ദേഹത്തിന് പ്രത്യേകം നോട്ടീസ് വേണം. ഒരു പോളിസിക്വസ്ററ്യൻ ആയതുകൊണ്ടായിരിക്കാം.

ശ്രീ. നാലകത്തു സൂപ്പി : പഞ്ചായത്ത് മുനിസിപ്പൽ വാർഡ് വിഭജനം സംബന്ധിച്ച് അപ്പീൽ കഴിഞ്ഞെങ്കിലും അതിന്റെ അവസാന തീരുമാനമെടുക്കാനുള്ള അധികാരം ഗവൺമെൻറിനാണ്. ഇത്തരം കേസുകൾ പലതും ഗവൺമെൻറിന് കിട്ടിയിട്ടുണ്ട്. അതിനെസംബന്ധിച്ച് എന്തു നടപടി ഗവൺമെൻറ് സ്വീകരിച്ചു ? അവസാന തീരുമാനമെടുക്കാനുള്ള സംവിധാനം എന്താണ് എന്നറിഞ്ഞാൽ തരക്കേടില്ല.

ശ്രീ. സി. എം. സുന്ദരം : ഈ ചോദ്യത്തിൽ അത് വരാൻ പററില്ല.

## ഏഴിന പരിപാടി പൂർത്തിയാക്കിയ പഞ്ചായത്തുകൾ

*254 [297] ശ്രീ. രാഘവൻ പൊഴക്കടവിൽ :
,, കെ. രാഘവൻ മാസ്ററർ :
,, സ്ററീഫൻ പാദുവ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ഉമ്മൻ ചാണ്ടി :
,, മണിമംഗലത്തു കുട്ട്യാലി :
,, ജി. കാർത്തികേയൻ :
,, തച്ചടി പ്രഭാകരൻ :
,, കെ. കെ. ശ്രീനിവാസൻ :
,, എ. സി. ജോസ് :
,, കെ. മുഹമ്മദാലി :
,, കെ. കെ. രാമചന്ദ്രൻ മാസ്ററർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴിന പരിപാടികൾ പൂർത്തിയാക്കിയ എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട് ;

(ബി) പൂർത്തിയാകാത്തവ എത്ര ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഏഴിന പരിപാടിയനുസരിച്ചുള്ള വിവിധ സ്കീമുകൾ 31-12-1984 വരെ പൂർത്തിയാക്കിയ പഞ്ചായത്തുകളുടെ വിവരം താഴെ ചേർക്കുന്നു :—

| പദ്ധതിയുടെ പേര് | തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ എണ്ണം | പൂർത്തിയായ പഞ്ചായത്തുകൾ |
|---|---|---|
| 1. ഗതാഗതം | 881 | 682 |
| 2. ജലസേചനം | 603 | 384 |
| 3. കമ്മ്യൂണിററിഹാൾ/കല്യാണ മണ്ഡപം | 156 | 67 |
| 4. പൊതുശ്മശാനം | 614 | 175 |
| 5. മിനിസ്റേറഡിയം | 214 | 35 |

(ബി) പൂർത്തിയാകാത്ത പഞ്ചായത്തുകളുടെ വിവരം താഴെ ചേർക്കുന്നു:—

| | പഞ്ചായത്തുകൾ |
|---|---|
| 1. ഗതാഗതം | 199 |
| 2. ജലസേചനം | 219 |
| 3. കമ്മ്യൂണിററിഹാൾ | 89 |
| 4. പൊതുശ്മശാനം | 439 |
| 5. മിനിസ്റേറഡിയം | 179 |

ശ്രീ. രാഘവൻ പൊഴക്കടവിൽ : ഏഴിനപരിപാടിയനുസരിച്ച് കല്യാണ മണ്ഡപം, മിനിസ്റേറഡിയം, ശുദ്ധജലവിതരണം, ഗതാഗതം തുടങ്ങിയ ഇനങ്ങളിൽ പല പഞ്ചായത്തുകളും അതിന്റേതായ പ്രവർത്തനം നടത്തിയിട്ടില്ല. അതിനുള്ള കാരണം എന്താണ് ? സാമ്പത്തികമായ കുറവു കൊണ്ടാണോ അതോ മററുവല്ല കാരണവുമാണോ എന്ന് വ്യക്തമാക്കാമോ ?

ശ്രീ. സി. എം. സുന്ദരം : ചില പഞ്ചായത്തുകളിൽ പ്രവർത്തനത്തിന്റെ വേഗത കൂടുതൽ കാണാം. ഈ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിന്റെ കാരണം ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. അന്വേഷിച്ച് പറയാം.

ശ്രീ. രാഘവൻ പൊഴക്കടവിൽ : സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുറെ പഞ്ചായത്തുകളുണ്ട്. ശമ്പളം കൊടുക്കാൻപോലും കഴിയാത്ത പഞ്ചായത്തുകളുണ്ട്. ഇത്തരം പഞ്ചായത്തുകളിൽ ഗവൺമെന്റിന്റെ സ്പെഷ്യൽഗ്രാൻറ് നൽകി ഈ ഏഴിന പരിപാടി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

ശ്രീ. സി. എം. സുന്ദരം : സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളുടെ കാര്യത്തിൽ ആ പഞ്ചായത്തുകാർ തന്നെ സമീപിക്കാറുണ്ട്. സ്പെഷ്യൽ ഗ്രാൻറിന്റെ കാര്യമായാലും വേറെ വല്ല ഗ്രാൻറിന്റെ കാര്യമായാലും സമീപിക്കാറുണ്ട്. അങ്ങനെ സമീപിക്കുമ്പോൾ ഗ്രാൻറുകൾ നൽകാറുണ്ട്. സമീപിക്കാത്ത പഞ്ചായത്തുകളുടെ ഗ്രാൻറ് എങ്ങനെയാണ് നൽകുന്നതെന്നറിയില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാഘവൻമാസ്റ്റർ : ഏഴിന പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഗ്രാൻറ് വാങ്ങിച്ചിട്ടും അത് പൂർത്തിയാകാത്ത പഞ്ചായത്തുകളുണ്ടോ ; ഉണ്ടെങ്കിൽ അതിൻെറ വിവരം വ്യക്തമാക്കുമോ ?

ശ്രീ. സി. എം. സുന്ദരം : അങ്ങനെയുള്ളതൊന്നും ഇപ്പോൾ ഇല്ല.

ശ്രീ. ഉമ്മൻ ചാണ്ടി : ഏഴിനപരിപാടി ഇപ്പോഴും തുടരുന്നുണ്ടോ, 1985-86 സാമ്പത്തികവർഷത്തിൽ എത്ര പഞ്ചായത്തുകളിൽ ഏഴിനപരിപാടിയനുസരിച്ച് പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു?

ശ്രീ. സി. എം. സുന്ദരം : ഇ വർഷം ബഡ്ജററിൻെറ കാര്യങ്ങളൊന്നും വ്യക്തമായി മനസ്സിലാക്കാത്തതുകൊണ്ട്, ഈ പരിപാടി തുടർന്നു പോകാനാണ് ഉദ്ദേശമെങ്കിലും..................(ബഹളം)............

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇപ്പോഴത്തെ പ്രൊവിഷനിലുള്ള പണംകൊണ്ട് തികയുകയില്ല. കൂടുതൽ പണമുണ്ടെങ്കിൽ ചെയ്യാമെന്ന കാര്യമാണ് അദ്ദേഹം സൂചിപ്പിച്ചത്.

ശ്രീ. ബേബിജോൺ : നാലുമാസത്തേക്ക് വോട്ട് ഓൺ അക്കൗണ്ട് പാസാക്കിക്കഴിഞ്ഞു. മന്ത്രി പറയുന്നു ബഡ്ജററിലെ വിവരമൊന്നും അറിയില്ലെന്ന്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിച്ചത് മലയാളത്തിൽ പറഞ്ഞപ്പോൾ ഒരു ചെറിയ ബുദ്ധിമുട്ടുവന്നതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : എല്ലാ പഞ്ചായത്തുകളിലും പൊതുശ്മശാനം അത്യാവശ്യമായിട്ട് വന്നിരിക്കുകയാണ്. ഏഴിനപരിപാടിയിലെ ഒരു ഐററംതന്നെ ഈ പൊതുശ്മശാനം ഉണ്ടാക്കുകയെന്നുള്ളതാണ്. എല്ലാ പഞ്ചായത്തുകളിലും പൊതു ശ്മശാനങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള ഒരു സമയബന്ധിത പരിപാടി തയ്യാറാക്കുമോ?

ശ്രീ. സി. എം. സുന്ദരം : തയ്യാറാക്കാം.

ശ്രീ. മണിമംഗലത്തുകുട്ട്യാലി : സ്പെഷ്യൽ ഗ്രാൻറ് കൊടുത്തിട്ടുപോലും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ച ചില പഞ്ചായത്തുകളിൽ ഏഴിനപരിപാടിയനുസരിച്ചുള്ള പദ്ധതികൾ നടക്കുന്നില്ലയെന്ന് സ്പെഷ്യൽ ഗ്രാൻറ് കൊടുത്തിട്ടുപോലും പൂർത്തിയാക്കാതെ ആ പണം മററാവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തിയ വല്ല പഞ്ചായത്തുകളുടെയും കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത്തരം കാര്യങ്ങളെസംബന്ധിച്ച് എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ. സി. എം. സുന്ദരം : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. ജി. കാർത്തികേയൻ : ഏഴിനപരിപാടിയുടെ അടിസ്ഥാനത്തിൽ നടക്കുന്ന പല പദ്ധതികളും പൂർത്തിയാകാത്തതിന് (കമ്മ്യൂണിററി ഹാളുകളും മററ് പലതും ഉണ്ട്) പഞ്ചായത്തിലെ ബന്ധപ്പെട്ടവർ പറയുന്നത് ആവശ്യമായ സിമൻറ്, കമ്പി മുതലായവ കിട്ടാത്തതുകൊണ്ടാണെന്നാണ്. അക്കാര്യത്തിൽ പ്രത്യേകിച്ച് എന്തെങ്കിലും നടപടികൾ ഈ ഗവൺമെൻറിന് സ്വീകരിക്കുവാൻ പററുമോ? പല പദ്ധതികളും ഇതിൻെറ പേരിൽ മുടങ്ങിക്കിടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എം. സുന്ദരം : അത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുത്തിയാൽ ശ്രദ്ധിക്കുന്നതാണ്.

ശ്രീ. എ. സി. ജോസ് : ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് മറുപടിയായിട്ട് ഈ പരിപാടി തുടരണമോ വേണ്ടയോ എന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടില്ലെന്നു പറഞ്ഞു. ഇപ്പോൾത്തന്നെ പല പഞ്ചായത്തുകളിലും, ഏഴിനപരിപാടിയിലെ വിവിധ ഇനങ്ങൾ ആരംഭിച്ചുവെങ്കിലും പണക്കുറവുകൊണ്ട് അത് പൂർത്തിയാകാതെ കിടക്കുകയാണ്. അങ്ങനെ സാമ്പത്തികബുദ്ധിമുട്ടുകൊണ്ട് പദ്ധതികൾ പൂർത്തിയാകാത്ത പഞ്ചായത്തുകളിൽ ഏഴിനപരിപാടി നടപ്പിലാക്കാൻ പ്രത്യേകമായ എന്തെങ്കിലും ഗ്രാൻറ് കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ബഡ്ജററ് പരിമിതികൾക്കനുസരിച്ച് ചെയ്യുന്നതാണ്.

ശ്രീ. കെ. മുഹമ്മദാലി : നമ്മുടെ പല പഞ്ചായത്തുകളും അത്യാവശ്യം വികസനപ്രവർത്തനങ്ങൾപോലും നടത്തുവാൻ പററാത്ത സാമ്പത്തികഭാരമുള്ളവയാണ്. ഇത് കണക്കിലെടുത്തുകൊണ്ട് ഏഴിനപരിപാടികൾപോലെ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. സി. എം. സുന്ദരം : സാമ്പത്തികപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഏഴിനപരിപാടി നടപ്പിലാക്കിയതുമൂലം പല പഞ്ചായത്തുകളും ഇന്നു സാമ്പത്തികവിഷമത്തിലാണ്. ശമ്പളം കൊടുക്കാൻപോലും പൈസയില്ലാത്ത സ്ഥിതിയിലാണ് ഇപ്പോൾ. അതുകൊണ്ട് അവർക്ക് കുറച്ച് ലോണും കുറച്ച് ഗ്രാൻറുമായിട്ടാണ് ഇത് നടപ്പിലാക്കുക. ആ ലോൺ സംഖ്യ മുഴുവനെങ്കിലും ആ പഞ്ചായത്തുകൾക്ക് അനുവദിച്ചുകൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. സി. എം. സുന്ദരം : ഇത്തരം കാര്യങ്ങളെല്ലാം ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിച്ച് വേണ്ടതുചെയ്യാം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഏഴിനപരിപാടി 1980-81 കാലഘട്ടത്തിലാണ് നടപ്പിലാക്കിയത്. ആ വർഷത്തിൽ 11 കോടിരൂപ ചെലവായി. 1984-85 വർഷത്തിൽ എത്ര കോടിരൂപ ചെലവായിയെന്ന്. പറയാമോ ?

ശ്രീ. സി. എം. സുന്ദരം : നോട്ടീസ് വേണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഏഴിനപരിപാടിയിലെ ഒരിനമാണ് പഞ്ചായത്തുകളിൽ മിനി സ്റേറഡിയം നിർമ്മിക്കുകയെന്നുള്ളത്. മിനി സ്റേറഡിയം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പഞ്ചായത്തിൻെറ അക്വിസിഷൻ നടപടികൾ മന്ത്രിതന്നെ സ്റേറ ചെയ്തതിൻെറ ഫലമായി ധാരാളം പഞ്ചായത്തുകളിൽ മിനി സ്റേറഡിയം ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഇത് പരിഗണിച്ചുകൊണ്ട് മിനിസ്റേറഡിയവും മററും നിർമ്മിക്കുന്നതിനുവേണ്ടി ഏഴിനപരിപാടിയിൽപ്പെട്ട തുക ഈ അടുത്തവർഷം ചെലവഴിക്കുന്നതിനുവേണ്ടിയുള്ള സൗകര്യം ഗവൺമെൻറ് ഉണ്ടാക്കിക്കൊടുക്കുമോ ; അതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രത്യേക നോട്ടീസ് ഇല്ലാതെതന്നെ മറുപടി പറയുവാൻ കഴിയുമോ?

ശ്രീ. സി. എം. സുന്ദരം : അങ്ങനെയുള്ള ഒററപ്പെട്ട കേസുകൾ വല്ലതുമുണ്ടായിരിക്കാം. അതിൻെറ പ്രത്യേക സാഹചര്യങ്ങൾ നോക്കിയിട്ടായി

LIBRARY ARCHIVES Kerala Legislative Assembly

രിക്കാം. ചില പ്പോ൦ സ്ററേ കൊടുത്തത്. അത്തരം കേസുകളെല്ലാം പരിശോധിച്ച് എന്താണ് വേണ്ടതെന്നുവച്ചാൽ അത് ചെയ്തു കൊടുക്കാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സിമൻറും കമ്പിയും ലഭിക്കാത്തതിന്റെ ഫലമായിട്ടും അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാൻ കാലതാമസമുണ്ടായതിന്റെ ഫലമായിട്ടും ഏഴിനപരിപാടി നിശ്ചിതസമയം കൊണ്ട് പൂർത്തിയാക്കാത്ത പഞ്ചായത്തുകൾക്ക് ആ സമയപരിധി നീട്ടി കൊടുക്കുന്നകാര്യം ഗവൺമെൻറ് പരിഗണിക്കുമോ?

ശ്രീ. സി. എം. സുന്ദരം: അങ്ങനെയുള്ള കേസുകൾ വരുമ്പോൾ പരിശോധിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. ഇ. ജെ. ലൂക്കോസ്: പല പഞ്ചായത്തുകളിലും ഏഴിനപരിപാടി അനുസരിച്ച് വലുതും ചെറുതുമായിട്ടുള്ള കമ്മ്യൂണിററിഹാളുകളുണ്ടാക്കിയിട്ടുണ്ട്. പക്ഷേ സാമ്പത്തികമായ ബുദ്ധിമുട്ടുകാരണം അവിടെ കസേര വാങ്ങുന്നതിനോ വയറിംഗ് നടത്തുന്നതിനോ ഒന്നും സാധിക്കുന്നില്ല. അങ്ങനെയുള്ളിടത്ത് പ്രത്യേകസാമ്പത്തികസഹായം നൽകുന്ന കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. സി. എം. സുന്ദരം: പ്രത്യേകമായ സാമ്പത്തികസഹായം നൽകുവാൻ ഗവൺമെൻറിന് ആഗ്രഹമുണ്ട്. ബഡ്ജററ് പ്രൊവിഷൻ പ്രകാരം അതിന്റെ അടിസ്ഥാനത്തിൽ ചെയ്യാറുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: ഗ്രാമവികസനവുമായി ബന്ധപ്പെടുത്തി പ്ലാൻസ്കീമിൽപ്പെടുത്തിയാണ് ഏഴിനപരിപാടി നടപ്പിലാക്കാൻ 6-ാം പഞ്ചവൽസരപദ്ധതിയുടെ ആദ്യവർഷം തീരുമാനിച്ചത്. അങ്ങനെ പ്ലാൻ സ്കീമിൽപ്പെടുത്തി ആദ്യവർഷം തുകയും അനുവദിച്ചിരുന്നു. പ്ലാൻ സ്കീമിൽ കമ്മ്യൂണിററി അസററ്സ് ഉണ്ടാക്കുന്ന കാര്യം പരിഗണിച്ച് 7-ാം പഞ്ചവൽസര പദ്ധതിസ്കീമിൽപ്പെടുത്തി ഗ്രാമവികസനവുമായി ബന്ധപ്പെട്ട ഏഴിനപരിപാടി തുടർന്നുനടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ? പ്ലാൻസ്കീമിൽപ്പെടുത്തി ഇതിനാവശ്യമായിട്ടുള്ള തുക വകകൊള്ളിച്ച് ചെലവഴിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ഏഴിനപരിപാടി അനുസരിച്ച് പൊതുശ്മശാനങ്ങൾ അനുവദിക്കുമ്പോൾ പരമ്പരാഗതവ്യവസായത്തൊഴിലാളികളും ഹരിജനങ്ങളും മൽസ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: പഞ്ചായത്തിൽനിന്ന് പ്രമേയം പാസാക്കി അവർ അഭിപ്രായപ്പെടുന്നതനുസരിച്ചാണ് ഈ സ്കീമുകളെല്ലാം വർക്ക് ചെയ്യുന്നത്. പഞ്ചായത്ത് ആവശ്യപ്പെടുമ്പോൾ അത് പരിഗണിക്കാം.

ശ്രീ. സി. വാസുദേവമേനോൻ: ഏഴിനപരിപാടി ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും പൂർത്തിയാക്കാൻ സാധിക്കാത്തത് സാമ്പത്തികമായ വിഷമംകൊണ്ടാണെന്നും ഏഴിനപരിപാടി നടപ്പിലാക്കുന്ന അവസരത്തിൽ ഇലക്ട്രിസിററി ചാർജ്ജിന്റെ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായതു കാരണമാണ് പ്രധാനമായി ഇത് പൂർത്തിയാക്കാൻസാധിക്കാത്തത് എന്നും നേരത്തെ ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പൂർത്തിയാകാത്തവയുടെ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായരൂപരേഖ തയ്യാറാക്കി, ഏഴാം പഞ്ചവൽസര പദ്ധതിയിലെ ങ്കിലും ഉൾപ്പെടുത്തി പൂർത്തിയാക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : നിർദ്ദേശം പരിഗണിക്കാം.

ശ്രീ. ടി. എസ്. ജോൺ : ഏഴിനപരിപാടി പൂർത്തിയാകാത്ത താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള റാന്നി, മുല്ലപ്പള്ളിപോലുള്ള പഞ്ചായത്തുകളിൽ കമ്മ്യൂണിററി ഹാളുകളും മിനി സ്റേറഡിയവും ശ്മശാനവും ഉണ്ടാക്കുന്നതിന് മുൻഗണന നൽകുമോ ?

ശ്രീ. സി. എം. സുന്ദരം : ഇതിനെല്ലാംതന്നെ പഞ്ചായത്തിൻെറ ഭാഗത്തു നിന്നുള്ള പ്രമേയങ്ങൾ വരാതെ ഗവൺമെൻറിന് നേരിട്ട് നിർദ്ദേശം കൊടുക്കാൻ പററുന്നതല്ല. അതിന് കീഴ്വഴക്കവുമില്ല.

ശ്രീ. എ. കെ. പത്മനാഭൻ : ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞു പഞ്ചായത്തിൽനിന്ന് പ്രമേയം വരാതെ ഗവൺമെൻറിന് നേരിട്ട് നിർദ്ദേശം കൊടുക്കാൻ സാധിക്കുകയില്ലയെന്ന്. ഇപ്പോൾ പഞ്ചായത്തുഭരണം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ജനകീയസമിതികളില്ല. അതുകൊണ്ട് ഗവൺമെൻറുതന്നെ ഇക്കാര്യത്തിൽ മുൻകൈയെടുത്ത് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് നിർദ്ദേശം കൊടുപ്പിക്കാൻ തയ്യാറാകുമോ ?

ശ്രീ. സി. എം. സുന്ദരം : ആലോചിക്കാം.

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ : സർ, മററ് അഡ്മിനിസ്ട്രേററീവ് ഡിപ്പാർട്ടുമെൻറുകളിലേക്ക് വളരെ കൂടുതലായിട്ട് പഞ്ചായത്തുകൾക്ക് ബഡ്ജററ് ഹെഡ്ഡിൽ വകകൊള്ളിച്ചിട്ടുള്ള പല തുകകളും ഗവൺമെൻറ് ഇത്തവണ സറണ്ടർ ചെയ്തതായിട്ട് കാണുന്നുണ്ട്. ഉദാഹരണത്തിന് വില്ലേജ് റോഡ് മെയിൻറനൻസിന് ഉൾക്കൊള്ളിച്ചിരിക്കുന്ന തുക മുഴുവൻ സറണ്ടർ ചെയ്തത് അത് വാട്ടർ ആൻഡ് വെയിസ്ററ് വാട്ടർ അതോറിട്ടിക്ക് കൊടുത്തുവെന്ന് സ്ക്രൂട്ടിനിക്ക് വേണ്ടി സർക്കുലേററ് ചെയ്ത നോട്ടിൽ, സബ്ജക്ട് കമ്മിററിക്ക് അയച്ച നോട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങനെ സറണ്ടർ ചെയ്തതിന് പ്രത്യേക കാരണങ്ങളുണ്ടോ, ഇല്ലെങ്കിൽ അതാത് ഡിപ്പാർട്ടുമെൻറുകൾക്ക് കൊള്ളിക്കുന്ന സംഖ്യ അതിനുവേണ്ടിത്തന്നെ ചെലവഴിക്കാൻ തീരുമാനിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : പി. എച്ച്. ഇ. ഡി. യും ലോക്കൽ ബോഡീസുമായി ഉണ്ടാക്കിയ എഗ്രിമെൻറു പ്രകാരം ഇത് പിടിച്ചെടുക്കുമെന്നാണ് നടപടിയിലുള്ളത്. പക്ഷേ അതിന് ഭരണപരമായ പല സാമ്പത്തിക വിഷമങ്ങളും ഉണ്ടാകുന്നതുകൊണ്ട് അങ്ങനെ പിടിച്ചെടുക്കാൻ പാടുള്ളതല്ലയെന്ന് വകുപ്പിൽ നിന്നും ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ആലോചിച്ചിട്ടുണ്ട്.

ശ്രീ. വി. വി. ജോസഫ് : പഞ്ചായത്തുകളിൽ ഏഴിന പരിപാടിയിൽ അനുവദിച്ചിട്ടുള്ള റോഡുകളിൽ പലതും മുടങ്ങിക്കിടക്കുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിനുള്ള പ്രധാനകാരണം ആവശ്യത്തിനുള്ള സ്ഥലം കിട്ടാത്തതാണ്. 8 മീററർ എന്നുള്ളത് 6 മീറററെന്ന് പഞ്ചായത്തു റോഡുകൾക്കെങ്കിലും ആക്കി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. സി. എം. സുന്ദരം : 8 മീററർ എന്നുള്ളത് കേന്ദ്രഗവൺമെൻറിൻെറ എൻ. ആർ. ഇ. പി. പ്രോഗ്രാം പ്രകാരമാണ്; പഞ്ചായത്തുറോഡുകൾ മാത്രമാണെങ്കിൽ പ്രവർത്തിക്കാവുന്നതാണ്. എൻ. ആർ. ഇ. പി. റോഡുകൾക്ക് മാത്രമേ 8 മീററർ നിർബന്ധം വരുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. സി. ടി. കൃഷ്ണൻ</u> : ഏഴിനപരിപാടിയനുസരിച്ച് പൂർത്തിയാക്കാൻ ഏററവും കൂടുതലുള്ളത് ശ്മശാനങ്ങളാണ്. 439 പഞ്ചായത്തുകളിൽ ശ്മശാനത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. 50 സെന്റ് വേണമെന്ന് നിർബന്ധമായി നിർദ്ദേശിക്കുന്നതുകൊണ്ടും ഗവൺമെന്റ് നിശ്ചയിക്കുന്ന വിലയും നാട്ടിലെ വിലയും തമ്മിലുള്ള അന്തരംകൊണ്ടും സ്ഥലം കൊടുക്കാൻ ആളുകൾ തയ്യാറാകുന്നില്ല. അതുകൊണ്ടാണ് അത് പൂർത്തിയാകാതിരിക്കുന്നത്. '1985-86-ൽ' ഇത് നിർബന്ധമായി പൂർത്തിയാക്കുമെന്ന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ? പൈസയില്ലെന്നുള്ളതുകൊണ്ട് ഇത് നടത്താതിരിക്കാൻ പ്രവർത്തനം നടത്തുന്നുണ്ടോ. പൂർത്തിയാകാത്ത റോഡുകൾ പൂർത്തിയാക്കുമെന്ന് ഉറപ്പുനൽകുമോ?

<u>ശ്രീ. സി. എം. സുന്ദരം</u> : പണത്തിന്റെ ലഭ്യതയനുസരിച്ച് ചെയ്യാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളെല്ലാം ആലോചിക്കാം.

*<u>ஸ்ரீ. ஸி.எம். சுந்தரம்:</u> பார்க்கலாம்.*

<u>ശ്രീ. കെ. ജെ. ജോർജ്</u> : ഏഴിനപരിപാടിയനുസരിച്ച് പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി മന്ത്രിയുടെ മുൻപിൽ നിവേദനം നൽകിയിട്ടും യാതൊരു സഹായവും കൊടുക്കാത്ത പഞ്ചായത്തുകളുടെ കാര്യം പരിഗണിക്കുമോ ; അങ്ങനെയുള്ള പഞ്ചായത്തുകളുടെ കാര്യം ചൂണ്ടിക്കാണിച്ചാൽ സഹായധനം നൽകുമോ ?

<u>ശ്രീ. സി. എം. സുന്ദരം</u> : അത്തരം നിർദ്ദേശങ്ങൾ വരുമ്പോൾ അത് ആലോചിക്കാം.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : ഏഴിന പരിപാടിയിൽ സ്റേറഡിയം ഉൾപ്പെടുത്തിയിട്ടുണ്ട്. നീന്തലിന് പ്രത്യേകം പ്രാധാന്യം കൊടുക്കുന്ന ഈ അവസരത്തിൽ സ്വിമ്മിംഗ്പൂൾ ഉൾപ്പെടുത്തിയിട്ടില്ല. സ്റേറഡിയത്തിന്റെ കൂടെ സ്വിമ്മിംഗ്പൂൾ കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമോ ?

<u>ശ്രീ. സി. എം. സുന്ദരം</u> : സ്വിമ്മിംഗ്പൂൾ കൂടി ഉൾക്കൊള്ളിക്കാൻ പറഞ്ഞാൽ അവിടെ കുളം വെട്ടണം, അല്ലെങ്കിൽ പുഴ അടുത്ത് ഉണ്ടാകണം. ഇതൊക്കെ ആലോചിക്കേണ്ട കാര്യമാണ്. കമ്മ്യൂണിററി ഹാളിന്റെ അടുത്ത് എങ്ങനെയാണ് സ്വിമ്മിംഗ്പൂൾ ഉണ്ടാക്കുന്നത് എന്ന് മെമ്പർ പറഞ്ഞില്ല.

<u>ശ്രീ. വി. ദിനകരൻ</u> : പഞ്ചായത്ത്, സമിതികൾ പാസ്സാക്കുന്ന പ്രമേയങ്ങളുടെ അടിസ്ഥാനത്തിലാണ് ഏഴിനപരിപാടി ഗവൺമെന്റ് തയ്യാറാക്കുന്നത് എന്ന് മന്ത്രി പറഞ്ഞു. ഇപ്പോൾ പഞ്ചായത്ത് സമിതികൾ ഇല്ലാത്തതുകൊണ്ട് എം. എൽ. എ. മാർ നൽകുന്ന നിവേദനങ്ങൾ സ്വീകരികരിച്ചുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ ഏഴിനപരിപാടി പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. സി. എം. സുന്ദരം</u> : അങ്ങനെ എം. എൽ. എ. മാർ മാത്രമായിട്ടുള്ള കാര്യത്തിൽ എല്ലായിടത്തും പൊതുവേയാണ് ഉള്ളത്. എം. എൽ. എ. മാർക്ക് പ്രത്യേകം പരിഗണന നൽകണമെങ്കിൽ അത് പരിഗണിക്കാം.

*<u>ஸ்ரீ. ஜி. வரதன்:</u> சார், ஏழு அம்ச திட்டத்தின்கீழ் கம்யூனிட்டிஹால் கட்டுவதற்கு ஏழை பஞ்சாயத்துக்களான மறையூர், வட்டவடை, காந்தலூர் போன்ற இடங்களுக்கு கூடுதல் பணம் கொடுத்து உதவி பண்ண முடியுமா என்று கேட்கிறேன்?*

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജോർജ് : പൊതുശ്മശാനം നടപ്പിലാക്കാത്തത് പൊതുജനങ്ങളുടെ പരാതികൊണ്ടാണെന്നുള്ളതുകൊണ്ട് ജനങ്ങളുടെ പരാതി ഒഴിവാക്കാൻ, സെല്ലാർ സിസ്റ്റത്തിലുള്ള പൊതുശ്മശാനം ഉണ്ടാക്കാൻ ശ്രദ്ധിക്കുമോ ; ഓരോ കല്ലറപണിയുന്നതിനും കുറച്ച് സ്ഥലം മതി. ഓരോ ശവശരീരവും കയററിവച്ച് പൊതുജനങ്ങൾക്ക് ഉപദ്രവമില്ലാത്ത രീതിയിലുള്ള ഒരു സിസ്റ്റമാണ് അത്. തൊട്ടടുത്ത് താമസിക്കുന്ന ആളുകളുടെ പരാതി മൂലം സ്ഥലം കിട്ടാതെവരുന്നുണ്ട്. ഈ പ്രത്യേകരീതിയിലുള്ള ശ്മശാനം ഉണ്ടാക്കുകയാണെങ്കിൽ പരാതി ഇല്ലാതെയിരിക്കും അതിന് നടപടിയെടുക്കുമോ ?

ശ്രീ. സി. എം. സുന്ദരം : പഞ്ചായത്ത് ഉദ്യോഗസ്ഥൻമാരെ വിളിച്ച് ചർച്ചചെയ്ത് എങ്ങനെയാണ് വേണ്ടതെന്ന് ആലോചിച്ച് വേണ്ടത് ചെയ്യാം.

### കല്ലട ജലസേചന പദ്ധതി

* 255. [298] ശ്രീ. കെ. സി. ജോസഫ് :
,, രമേശ് ചെന്നിത്തല :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, ടി. എച്ച്. മുസ്തഫ :
,, തെന്നല ജി. ബാലകൃഷ്ണ പിള്ള :
,, എം. എം. ഹസ്സൻ :
,, കെ. കെ. തോമസ് :
,, തോപ്പിൽ രവി :
,, പി. പി. തങ്കച്ചൻ :
,, പന്തളം സുധാകരൻ :
,, ബെന്നി ബഹനാൻ :
,, എ. വി. താമരാക്ഷൻ :
,, കെ. കൃഷ്ണൻകുട്ടി :
,, എ. സി. ഷൺമുഖദാസ് :
,, പി. വിജയദാസ് :
,, കെ. കെ. ബാലകൃഷ്ണൻ :
,, കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ജലസേചനപദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം എന്നാണ് തുടങ്ങിയത് ;

(സി) ഇതിനുവേണ്ടി ഇതിനകം എത്ര സംഖ്യ ചെലവഴിച്ചു; പദ്ധതി പൂർത്തിയാക്കാൻ ഇനി എന്തു സംഖ്യ ചെലവഴിക്കേണ്ടിവരും ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും ;

(ഇ) ഇതു കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ എത്ര ഹെക്ടർ സ്ഥലത്ത് കൂടുതലായി ജലസേചന സൗകര്യം എത്തിക്കാൻ സാധിക്കും ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പദ്ധതിയുടെ ചെലവിലേക്ക് വിദേശസഹായം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഏതൊക്കെ ഏജൻസികളിൽ നിന്നാണ് കിട്ടിയിട്ടുള്ളത്;

(ജി) ഈ പദ്ധതിക്കുവേണ്ടി ലോകബാങ്കിൽ നിന്നും എത്ര രൂപയുടെ ധനസഹായം കിട്ടിയെന്ന് വ്യക്തമാക്കുമോ ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : (എ) കല്ലട ജലസേചനപദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പണി 1986 ജൂൺമാസത്തിലും രണ്ടാം ഘട്ടത്തിന്റെ പണി 1987-88-ലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 1966-ൽ.

(സി) 1985 മാർച്ച് മാസം 31 വരെ 135 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗീകരിച്ചിട്ടുള്ള എസ്റ്റിമേററ് പ്രകാരം ഏകദേശം 41 കോടി രൂപ ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായി വരും.

(ഡി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പണി 1986 ജൂൺമാസത്തോടുകൂടി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം ലോകബാങ്കിന്റെ സഹായത്തോടുകൂടി ആരംഭിച്ചു. 1988 അവസാനത്തോടുകൂടി ഇതും പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) ഈ പദ്ധതികൊണ്ട് മൊത്തം 61630 ഹെക്ടർ ഭൂമിക്ക് ജലസേചനസൗകര്യം ലഭ്യമാക്കാൻ സാധിക്കും.

(എഫ്) ഉണ്ട്. കല്ലടജലസേചനപദ്ധതിക്ക് മൊത്തം 80.3 ദശലക്ഷം അമേരിക്കൻ ഡോളർ ലോകബാങ്കിന്റെ വായ്പയായി ലഭിക്കും.

(ജി) 28-2-1985 വരെ 28-9947 കോടി രൂപ ധനസഹായം ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : 1966-ൽ ആരംഭിച്ച ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതിന് ഇത്രയധികം കാലതാമസം വന്നത് എന്തുകൊണ്ടാണ്; ഈ കാലദൈർഘ്യംമൂലം ഗവൺമെന്റിന് എന്ത് അധിക ച്ചെലവ് ഉണ്ടായി ?

ശ്രീ. എം. പി. ഗംഗാധരൻ : ഈ പദ്ധതികൾക്ക് കാലതാമസം വരുന്നതിന് പല കാരണങ്ങളുണ്ട്. സ്ഥലമെടുപ്പിന്റെ കാര്യത്തിൽ തർക്കം വരും; ലേബർ ഡിസ്പ്യൂട്ട് വരും. ഫണ്ട് വേണ്ടത്ര ലഭിക്കാത്തതിനാലും കാലതാമസം വരാറുണ്ട്. സംസ്ഥാനഗവൺമെന്റിന് കൂടുതൽ ഫണ്ടുണ്ടാക്കാൻ കഴിയാതെവരും.

ശ്രീ. കെ. സി. ജോസഫ് : കലഞ്ഞൂർ ഭാഗത്ത് ഒരു അക്വഡക്ററ് ഉണ്ടാകുന്നതിനുണ്ടായ സാങ്കേതിക തടസ്സങ്ങൾ ഇന്ന് ഒഴിവാക്കിയിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ എവിടെയാണ് ?

ശ്രീ. എം. പി. ഗംഗാധരൻ: ഒഴിവാക്കിയിട്ടുണ്ട്; പണി തുടങ്ങിക്കഴിഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അക്വിസിഷന്റെ കാര്യത്തെപ്പററി സൂചിപ്പിച്ചു. അക്വിസിഷൻ കഴിഞ്ഞിട്ടുള്ള പ്രദേശങ്ങളിലെ ഭൂവുടമകൾക്ക് ഈ പണം ലഭിച്ചിട്ടില്ല എന്ന പരാതി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ പക്കൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലാൻഡ് എടുത്തിട്ടുള്ളവർക്ക് എത്രയും പെട്ടെന്ന് പൈസകൊടുക്കാൻ ഉള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : ചില പദ്ധതികളിൽ (കല്ലടയെ സംബന്ധിച്ച് ഈ ചോദ്യം വരുന്നില്ല) അക്വിസിഷൻെറ വിലകൊടുക്കാൻ കാലതാമസം വന്നിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല : പദ്ധതി യഥാകാലത്ത് പൂർത്തിയാകാത്തതുകൊണ്ട് ലോകബാങ്കിൻെറ സഹായം യഥാസമയത്ത് കിട്ടിയില്ല എന്നുള്ള ഒന്നുരണ്ടു വാർത്തകൾ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. അത് ശരിയാണോ, ലോകബാങ്കിൽ നിന്ന് ഇതിനുള്ള സഹായം യഥാസമയം കിട്ടാനുള്ള നടപടികൾ ഗവൺമെൻറ് ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗംഗാധരൻ: ലോകബാങ്കിൻെറ സഹായം കേന്ദ്രഗവൺമെൻറ് വഴിയാണ് കിട്ടുന്നത്. അതാതു കൊല്ലങ്ങളിൽ ടാർജററ് ഉണ്ടാക്കി അതുപ്രകാരം ചെലവാക്കും. ആ സംഖ്യക്ക് ക്ലെയിംസ് പുട്ടപ്പ് ചെയ്യാം. അത് സർട്ടിഫൈചെയ്ത് അവിടെനിന്ന് പാസ്സായിവരണം. ചിലപ്പോൾ വൈകിയെന്നു വരും. എങ്കിലും കാലതാമസം ഓരോ കൊല്ലവും കൂടിവരുന്നുണ്ട്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : കല്ലട പദ്ധതി ആദ്യം നിശ്ചയിച്ചിരുന്ന സമയത്ത് കമ്മീഷൻ ചെയ്യാൻ സാധിക്കാതെയിരുന്നത് മുൻകാലങ്ങളിൽ എന്തെങ്കിലും പ്രതിസന്ധി ഉണ്ടായതുകൊണ്ടാണോ ? അങ്ങനെയാണെങ്കിൽ പിന്നീട് എസ്ററിമേററ് സംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ടോ ?

ശ്രീ. എം. പി. ഗംഗാധരൻ : ഞാൻ പറഞ്ഞതാണ്. ഓരോ പദ്ധതിക്കും കാലതാമസം വരുന്നുണ്ട് എന്നുള്ളതിൽ സംശയമില്ല. ഓരോ ഗവൺമെൻറുകൾ വരുമ്പോഴും പുതുതായി പദ്ധതികൾ എടുക്കുകയും പ്ലാനിൻെറ ഭാഗമായി കിട്ടുന്ന പണം വീതിച്ചെടുക്കുകയും ചെലവു ചെയ്യുകയും ചെയ്യുന്നതുകൊണ്ട് പല പദ്ധതികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ലാൻഡ് അക്വിസിഷൻെറ കാര്യത്തിൽ തടസ്സം വന്നിട്ടുണ്ട്, ഫണ്ട് കിട്ടാത്തതിൻെറ പേരിൽ തടസ്സംവന്നിട്ടുണ്ട്. ലേബർ ഡിസ്പ്യൂട്ടിൻെറ കാര്യത്തിൽ തടസ്സം ഉണ്ടായിട്ടുണ്ട്, പ്രവർത്തനങ്ങൾതുടങ്ങുന്നതിന് വേഗം തീരുമാനമെടുക്കാൻ വൈകിയതിൻെറ പേരിൽ താമസം ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി കല്ലട പദ്ധതിയിൽത്തന്നെ ലെഫ്ററ് ബാങ്ക് കനാലിനുവേണ്ടി അക്വഡക്ടിൻെറ പ്രവൃത്തിയുണ്ടായിരുന്നു. അത് പ്രഷർ അക്വഡക്ട് ആക്കണമെന്നു തീരുമാനമെടുത്തു. പക്ഷെ അതിനു സപ്ലൈ കിട്ടിയില്ല. ഒന്നു രണ്ടുകൊല്ലം അങ്ങനെ വൈകി. പിന്നെ ആ തീരുമാനം മാററി വേറെ തീരുമാനമെടുത്തു. അങ്ങനെ സാങ്കേതികമായ ചില ബുദ്ധിമുട്ടുകളൊക്കെ പലതിലും വരുന്നുണ്ട്. അതുകൊണ്ട് ചിലതൊക്കെ വൈകിയിട്ടുണ്ട്.

ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള : സർ, ലോകബാങ്കിൻെറ സഹായത്തോടുകൂടി നടത്തുന്ന കല്ലട പദ്ധതിയിൽ നിന്നാണ് നാണ്യവിളകൾക്കു വേണ്ട ജലസേചന സൗകര്യം ഏർപ്പെടുത്തിക്കൊടുത്തത്. അത്തരം രണ്ട്



LIBRARY ARCHIVES Kerala Legislative Assembly

ഓൺ ഫാം സ്കീം എന്നു പറഞ്ഞ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് ഏതെങ്കിലും പ്രദേശത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; അതിന്റെ പുരോഗതി എത്രകണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : കല്ലടയെ സംബന്ധിച്ചിടത്തോളം ലോക ബാങ്ക് അംഗീകരിച്ച വ്യവസ്ഥ നാണ്യവിളകൾക്കുകൂടി പൈപ്പു സമ്പ്രദായത്തിൽ ജലസേചനം നടത്തി മൈനർ കൺവയൻസ് സിസ്റ്റം സ്വീകരിക്കണം എന്നാണ്. അതവർ സ്വീകരിക്കുകയും ചെയ്തു. അതുംകൂടി പ്ലാനിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുകയാണ്. സർ, ഇപ്പോൾ പൈപ്പുലൈൻ പോകുന്ന വഴിക്കുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സ്ഥലമെടുക്കുന്ന കാര്യത്തിൽ അവരുടെ തർക്കുമണ്ടാകാൻ വഴിയുള്ളതുകൊണ്ട് കമാൻഡ് ഏരിയാ ഡവലപ്പുമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു നിയമം ആവശ്യമുണ്ട്. ആ നിയമം വൈകി.

ശ്രീമതി. കെ. ആർ. ഗൗരി : അത് അന്നേ എഴുതിവച്ചതാണ്.

ശ്രീ. എം. പി. ഗംഗാധരൻ : എഴുതിവച്ചിട്ട് അത് നടപ്പിലാക്കേണ്ടേ ? ആ കാലത്ത് എന്തു കൊണ്ടാണത് നടപ്പിൽ വരുത്താതിരുന്നത് ? ഏതായാലും ഈ ഗവൺമെന്റ് വന്നു, ഈ പറഞ്ഞതുപോലെ കമാൻഡ് ഏരിയാ ഡവലപ്പുമെന്റ് ഈ ജനുവരിൽ വന്നു അതനുസരിച്ച് മൈനർ കൺവയൻസ് സിസ്റ്റപ്രകാരം ഇറിഗേഷൻ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. തെന്നല ജി. ബാലകൃഷ്ണപിള്ള : കല്ലട ജലസേചന പദ്ധതിയുടെ ഹെഡ് ക്വാർട്ടേഴ്സ് കൊട്ടാരക്കരയിലാണ്; തെൻമലയിലാണ് ഡാമും മററുമുള്ളത്. കൊട്ടാരക്കര മുതൽ തെൻമലവരെയുള്ള റോഡ് പ്രോജക്ട് റോഡെന്ന നിലയ്ക്ക് ഈ പ്രോജക്ടിൽ ചാർജ് ചെയ്ത് നിർമ്മിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നതിന് ശ്രദ്ധിക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : കൊട്ടാരക്കരയാണ് ഹെഡ്ക്വാർട്ടേഴ്സ് എന്നതുകൊണ്ട് തെൻമല വരെയുള്ള റോഡും വളരെ പ്രധാനപ്പെട്ട റോഡാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാട്ടിയതുപോലെ അതു പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ : 1988-ൽ ഒന്നാം ഘട്ടം പൂർത്തിയാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വെളിപ്പെടുത്തി. പല കാരണങ്ങൾകൊണ്ടുണ്ടായിട്ടുള്ള കാലതാമസത്തിന്റെ ഫലമായി ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ എസ്റ്റിമേററ് കോസ്ററിനെക്കാൾ എത്ര തുക കൂടുതൽ ചെലവാകുമെന്ന് വെളിപ്പെടുത്താമോ ?

ശ്രീ. എം. പി. ഗംഗാധരൻ : രണ്ടുമൂന്നു വർഷം എസ്റ്റിമേററ് കോസ്ററ് റിവൈസ് ചെയ്തു. 1966-ൽ എസ്റ്റിമേഷൻ ചാർജ് 13 കോടി രൂപയായിരുന്നു. പദ്ധതി വൈകിയതുകൊണ്ട് എസ്റ്റിമേററ് കോസ്ററ് കൂടിക്കൂടി ഇപ്പോൾ അവസാനം 176 കോടി രൂപയാണ്.

ശ്രീ. പന്തളം സുധാകരൻ : കല്ലട പദ്ധതിയുടെ മെയിൻ കനാലിന്റെ മുഴുവൻ പണിയും യഥാകാലം പൂർത്തിയായിട്ടില്ല. തെൻമല ഡാമിന്റെ ആദ്യത്തെ കോൺട്രാക്ടർ എന്തോ സൗന്ദര്യപ്പിണക്കത്തിന്റെ പേരിൽ പണി നിറുത്തിവച്ചിരുന്നു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരൻ: കല്ലട പദ്ധതിക്ക് രണ്ട് മെയിൻ കനാലുണ്ട്. ഒന്ന് റൈററ് ബാങ്ക് കനാലും മററൊന്ന് ലെഫ്ററ് ബാങ്ക് കനാലും. റൈററ് ബാങ്ക് കനാലിന്റെ ടോട്ടൽ ലെംഗ്ത് 69.67 കിലോമീററാണ്. അത് ഇപ്പോൾ ഏകദേശം 60.65 കിലോമീററർ, അതായത് 95 ശതമാനം പൂർത്തീകരിച്ചു കഴിഞ്ഞു. ലെഫ്ററ് ബാങ്ക് കനാലിന്റെ ടോട്ടൽ ലെംഗ്ത് 56.02 കിലോമീററാണ്. അതിൽ 32.95 കിലോമീററർ പൂർത്തീകരിച്ചു കഴിഞ്ഞു.

ശ്രീ. ബെന്നി ബഹനാൻ: ഈ പദ്ധതി നേരത്തെ തീരുമാനിച്ച കാലയളവിൽ തീരാത്തതുമൂലം എസ്ററിമേററ് കോസ്ററിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. 13 കോടി എന്നുള്ളത് 175 കോടിയായി വർദ്ധിച്ചുവെന്നു പറഞ്ഞു. ഈ പശ്ചാത്തലത്തിൽ ലോകബാങ്കിൽ നിന്നും കൂടുതൽ സാമ്പത്തികസഹായം ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ ? അങ്ങനെ ലഭിക്കാൻ സാദ്ധ്യതയുണ്ടോയെന്നു വ്യക്തമാക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഈ പദ്ധതിക്ക് ആകെ ലോകബാങ്കിൽ നിന്നും അംഗീകരിച്ചത് 80-ൽ ചില്വാനം കോടി രൂപയാണ്. ആ പണം നമ്മൾ ക്ലെയിം ചെയ്യുന്നതിനനുസരിച്ച് കിട്ടിവരുന്നുണ്ട്. കൂടുതൽ സഹായം ഈ പദ്ധതിക്ക് ആവശ്യപ്പെടുന്നില്ല.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ കല്ലട ജലസേചന പദ്ധതിയുടെ ഒന്നാം ഘട്ടം 1986 ജൂണിൽ കമ്മീഷൻ ചെയ്യുമെന്നാണ് മന്ത്രി പറഞ്ഞത്. 1986 ജൂണിൽ കമ്മീഷൻ ചെയ്യാൻ കഴിയത്തക്ക നിലയിൽ ഈ സാമ്പത്തികവർഷത്തിൽ ആവശ്യമായ പണം വകയിരുത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ: ഈ സാമ്പത്തിക വർഷത്തിലും കഴിഞ്ഞ കൊല്ലവും അതിനു മുമ്പിലത്തെ കൊല്ലവും കല്ലട പദ്ധതിയെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ളത്ര കൂടുതൽ പണം വകയിരുത്തിയിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: പദ്ധതി സമയത്തിന് പൂർത്തിയാക്കാത്തതുമൂലം അധികച്ചെലവ് വരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അങ്ങനെ വരാതിരിക്കാൻ കേന്ദ്രഗവൺമെൻറിൽ നിന്നും ഇപ്പോൾ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ ? ഈ സമയത്തുതന്നെ പൂർത്തിയാക്കാൻ സ്റേററ് ഗവൺമെൻറ് വല്ല ഡയറക്ഷനും കൊടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗംഗാധരൻ: കല്ലടയടക്കമുള്ള പഴയ പദ്ധതികൾ മൂന്നാം പദ്ധതിക്കാലത്ത് തുടങ്ങി വച്ചതാണ്. ആ പദ്ധതികളെല്ലാം വളരെ വേഗത്തിൽ തന്നെ 1985, 1986, 1987 വരെയുള്ള കാലഘട്ടത്തിൽതന്നെ പൂർത്തിയാക്കണമെന്നതാണ് ഈ ഗവൺമെൻറിന്റെ നയം. അതുപ്രകാരം നമുക്ക് പദ്ധതിക്കു വേണ്ടി കിട്ടുന്ന പണം മുഴുവൻ ഈ മൂന്നാം പദ്ധതിയിൽ തുടങ്ങിവച്ച ഏഴു പദ്ധതികൾക്കായി വകകൊള്ളിച്ചു. അങ്ങനെയാണ് കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവും ചെയ്തത്. അടുത്ത ഒന്നുരണ്ടു കൊല്ലവും ഇതേ രീതി തുടരുന്നതാണ്. ആ പദ്ധതി വേഗം പൂർത്തീകരിച്ച് അതിന്റെ ഗുണം കൃഷിക്കാർക്ക് വളരെ വേഗം എത്തിച്ചുകൊടുക്കണമെന്നതാണ് ഗവൺമെൻറിന്റെ നയവും അതനുസരിച്ചുതന്നെയാണ് നിർദ്ദേശവും കൊടുത്തിട്ടുള്ളതും.

ശ്രീ. എ. സി. ഷൺമുഖദാസ്: 1966-ൽ തുടങ്ങിവച്ച ഈ പദ്ധതി 1986 ആയിട്ടും പൂർത്തീകരിക്കുന്നില്ല. 20 വർഷത്തിനു മുമ്പാണ് ഇതിന്റെ ജല ലഭ്യതയേയും മററു കാര്യങ്ങളേയും സംബന്ധിച്ച കണക്കെടുത്തിരുന്നത്. ഇന്നത്തെ പരിതഃസ്ഥിതിയിൽ 20 വർഷത്തിനു മുമ്പുള്ള ജലലഭ്യത വളരെ കുറവായിരിക്കുമെന്നുള്ളതുകൊണ്ട് കുററിയാടി പദ്ധതി തുടങ്ങിയപ്പോഴം തന്നെ ആഗ്മെന്റേഷനെ കുറിച്ചാലോചിക്കേണ്ടി വന്നുയെന്നുള്ളതുകൊണ്ട് ഈ പദ്ധതി പൂർത്തിയാകുമ്പോഴം ജലവിതരണത്തിന് ആവശ്യമായ ജലം ലഭിക്കുമെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ? അതു സംബന്ധിച്ച് ഉന്നത നിലവാരത്തിൽ അന്വേഷണം നടത്താനായി ഇപ്പോഴംതന്നെ ആവശ്യമായ നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എം. പി. ഗംഗാധരൻ: സർ, ഈ പദ്ധതിയുടെ ആയക്കെട്ട് നിശ്ചയിച്ചിരുന്നത് ഇതു പൂർത്തിയാകുമ്പോഴം 61,000-ൽ ചില്ലാനം ഹെക്ടർ എന്നാണ്. അതു പൂർത്തീകരിച്ചു കഴിഞ്ഞാൽ വെള്ളം എത്തിച്ചു കൊടുക്കാൻ കഴിയും. പോരാത്തത് ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം നാണ്യവിളകൾക്കുകൂടി ഇറിഗേഷൻ ഫെസിലിററീസ് എക്സ്ററൻഡ് ചെയ്യുന്നതിനുള്ള കാര്യമാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ആയക്കെട്ട് കൂട്ടി ക്യാച്ച്മെൻറ് ഏരിയാ കുറയുകയാണ്.

ശ്രീ. എം. പി. ഗംഗാധരൻ: ഏരിയാ കുറയുന്നില്ല. ഏരിയാ കൂടിയിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: ആയക്കെട്ട് കൂടിയാൽ ക്യാച്ച്മെൻറ് ഏരിയ കുറയുകയാണ്. ഇതു രണ്ടും കൂടി എങ്ങനെയാണ് പൊരുത്തപ്പെടുന്നത്? നമ്മുടെ സകല പദ്ധതികളും പോലെ തന്നെ ഇതും വരൾച്ച ബാധിക്കുന്ന ഒരു പദ്ധതിയായി മാറുകയില്ലേയെന്നാണ് ചോദ്യം.

ശ്രീ. എം. പി. ഗംഗാധരൻ: അങ്ങനെ വരികയില്ല. ഈ പദ്ധതികളെല്ലാം നിശ്ചിത ആയക്കെട്ട് സഫലീകരിക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നുണ്ട്. ഏരിയ കുറയുമെന്നുള്ള അഭിപ്രായം ഗവൺമെൻറിനില്ല. ഉണ്ടെങ്കിൽ അതു പരിശോധിക്കുകയും ചെയ്യാം.

ശ്രീ. പി. വിജയദാസ്: ഇതിനോടനുബന്ധിച്ച് തുടങ്ങിയ ഏഴു പദ്ധതികൾ ഏതൊക്കെയാണെന്ന് പറയാമോ?

ശ്രീ. എം. പി. ഗംഗാധരൻ: കല്ലട, പമ്പ, പഴശ്ശി, പെരിയാർവാലി, ചിററൂർപ്പുഴ, കാഞ്ഞിരംപുഴ, കുററിയാടി എന്നിവയാണ് ഏഴു പദ്ധതികൾ.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: കല്ലട ഇറിഗേഷൻ പ്രോജക്ടിന് ലോകബാങ്കിന്റെ ധനസഹായം ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര കോടി രൂപയാണ് ലോകബാങ്കിൽ നിന്ന് ഗവൺമെൻറ് ആവശ്യപ്പെട്ടത്? ലഭിച്ചതെത്ര കോടിയാണ്?

ശ്രീ. എം. പി. ഗംഗാധരൻ: പ്രോജക്ട് തയ്യാറാക്കി അയച്ചു. ലോകബാങ്കിന്റെ ഔദ്യോഗിക അംഗങ്ങളൊക്കെ വന്നു പരിശോധന നടത്തിക്കഴിഞ്ഞതിനുശേഷമാണ് അംഗീകാരം ലഭിച്ചത്. ഇതേവരെ അവരംഗീകരിച്ചത് 80-ൽ ചില്വാനം കോടി രൂപയാണ്. അതിൽ ഇതേവരെ കിട്ടിയത് 26-ൽ ചില്ലാനം കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : നമ്മൾ ആവശ്യപ്പെട്ടതെത്രയാണെന്നതിനു മറുപടി കിട്ടിയില്ല.

ശ്രീ. എം. പി. ഗംഗാധരൻ : നോട്ടീസു വേണം.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ലോക ബാങ്കിന്റെ ധനസഹായം ലഭിക്കുന്നതിന് പ്രത്യേക നിബന്ധന എന്തെങ്കിലും ഉണ്ടോ ?

ശ്രീ. എം. പി. ഗംഗാധരൻ : പ്രത്യേക ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. ഇ. കെ. നായനാർ : 1988-ൽ രണ്ടാം ഘട്ടം പൂർത്തിയാകുമെന്നു പറഞ്ഞു. 1990-ൽ പൂർത്തിയാകുമെന്നാണ് ബഡ്ജററിൽ 19 വർഷം മുൻപാണ് ഇതു തുടങ്ങിയത്. കാഞ്ഞിരപ്പുഴ പദ്ധതി തുടങ്ങിയത് 18 വർഷം മുൻപാണ്. പഴശ്ശി തുടങ്ങിയത് 16 വർഷം മുൻപാണ്. കല്ലട പദ്ധതി 1990-ൽ പൂർത്തിയാകുമെന്നാണ് പറയുന്നത്. കേന്ദ്രജലസേചന വകുപ്പുമന്ത്രി ശങ്കരാനന്ദ് ഫെബ്രുവരി 28-ാം തീയതി ലോകസഭയിൽ പറഞ്ഞ ഒരു മറുപടിയിൽ പറഞ്ഞത് പൂർണ്ണമായ ഉത്തരവാദിത്വം സംസ്ഥാനങ്ങൾക്കാണ് ഞങ്ങൾക്കല്ല എന്നാണ്. മുൻഗണന നൽകേണ്ടത് സംസ്ഥാനങ്ങളാണ്. പണം കണ്ടെത്തേണ്ടത് സംസ്ഥാനങ്ങളാണ്. ആ കണക്കു നോക്കുമ്പോൾ നിങ്ങൾ പറയുന്ന പണം പോര. ഇവിടെ പറയുന്നത് കല്ലടയ്ക്ക് ഏകദേശം 176 കോടി എന്നാണ്. എന്നാൽ മന്ത്രി ശങ്കരാനന്ദ് പറഞ്ഞ കണക്കു പ്രകാരം 210 കോടിയാണ്. 13.23 കോടിയിൽ തുടങ്ങിയതാണ് കല്ലട പദ്ധതി. എന്നിട്ട് 210 കോടിയിലേ അവസാനിക്കൂ എന്നാണ്. ചോദ്യം : ഏഴു പദ്ധതികൾ 20 വർഷമായി പൂർത്തിയാകാതെ കിടക്കുകയാണ്. അതിലും 19 വർഷമായതാണ് കല്ലട. 1990-ൽ അതു പൂർത്തിയാകുമെന്ന് എന്താണ് ഉറപ്പ് ? നിയമസഭയിൽ ഉറപ്പ് നൽകാൻ സാധിക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : പദ്ധതികൾ വൈകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവു പറഞ്ഞു. വൈകുന്നത് പല കാരണങ്ങൾകൊണ്ടാണ്. ശ്രീ. ശങ്കരാനന്ദ് പറഞ്ഞത് ശരിയാണ്. നടപ്പിൽവരുത്താൻ സംസ്ഥാനഗവൺമെൻറിനുതന്നെയാണ് ഉത്തരവാദിത്വം. പക്ഷേ അതാതു സംസ്ഥാനഗവൺമെൻറുകൾ പഴയ പദ്ധതികൾക്കു പ്രയോറിററി കൊടുത്ത് പണം കൂടുതൽ അവയ്ക്ക് അലോട്ടു ചെയ്യാൻ സമ്മർദ്ദം ചെലുത്തി പണം അലോട്ടു ചെയ്തിട്ട് അവയ്ക്ക് കൂടുതൽ പണം ചെലവഴിച്ചുകൊണ്ടിരുന്നതാണ് പ്രധാന കാരണം. ഞാൻ അതു പറഞ്ഞു. കല്ലട പദ്ധതിക്കു തന്നെ ഒട്ടാകെ 135 കോടി രൂപയാണ് ചെലവഴിച്ചത്. 1966-ൽ ഈ പദ്ധതിക്ക് പണം ചെലവഴിക്കാൻ തുടങ്ങി. 1982 വരെയുള്ള ഗവൺമെൻറുകൾ ആകെ ചെലവാക്കിയത് 64 കോടി രൂപയാണ്. ബാക്കി 71 കോടി രൂപയും ഈ മൂന്നു കൊല്ലം കൊണ്ട് ഈ ഗവൺമെൻറ് ചെലവാക്കിയതാണ്. പഴയ പദ്ധതികൾക്കു പ്രയോറിററി കൊടുത്തുകൊണ്ട് അവ പൂർത്തിയാക്കാനും അവയുടെ ഗുണം കൃഷിക്കാരന് ലഭ്യമാക്കാനുമുള്ള നടപടികൾ ഈ ഗവൺമെൻറ് എടുത്തുവരുന്നു എന്നുള്ളതിനു സാക്ഷ്യം വഹിക്കുന്ന വസ്തുതയാണ് ഞാൻ പറഞ്ഞത്.

ശ്രീ. ഇ. കെ. നായനാർ : കാഞ്ഞിരപ്പുഴ പദ്ധതി പൂർത്തിയാക്കിക്കൂടേ ?

ശ്രീ. എം. പി. ഗംഗാധരൻ : മൂന്നാം പദ്ധതിയിൽ തുടങ്ങിയ ബാക്കി ആറു പദ്ധതികളും 1985-86 പരമാവധിവരെയുള്ള കാലയളവിൽ തീർക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിരിക്കുകയാണ്. അതനുസരിച്ച് പണം അലോട്ടുചെയ്യുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**Dr. A. Subba Rao**: May I know, when were the negotiations with the World Bank started? When was the agreement signed and what are the terms of agreement?

ശ്രീ. എം. പി. ഗംഗാധരൻ: പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. വി. സുരേന്ദ്രൻപിള്ള: ഇരുപതുവർഷമായിട്ട് പൂർത്തിയാകാതെ കിടക്കുന്ന ഈ പദ്ധതിക്ക് ഈ ഗവൺമെൻറധികാരത്തിൽ വരുന്നതിനു മുൻപ് എത്ര കോടി രൂപ ചെലവാക്കാൻ കഴിഞ്ഞു. ഈ ഗവൺമെൻറധികാരത്തിൽ വന്നശേഷം കഴിഞ്ഞ മൂന്നുവർഷക്കാലമായി എത്ര കോടി രൂപ ചെലവാക്കാൻ കഴിഞ്ഞു എന്നു വ്യക്തമാക്കാമോ?

ശ്രീ. എം. പി. ഗംഗാധരൻ: ഈ ഗവൺമെൻറ് അധികാരത്തിൽ വരുന്ന 1982 മേയ് വരെ ഈ പദ്ധതിക്കുവേണ്ടി പത്തിരുപതുകൊല്ലമായി ചെലവാക്കിയത് 64 കോടി രൂപയാണ്. എന്നാൽ ഈ ഗവൺമെൻറ് അധികാരത്തിൽവന്നശേഷം 1982-83, 1983-84, 1984-85 (മിനിഞ്ഞാന്നുവരെയുള്ള കണക്ക്) മൂന്നുകൊല്ലമായി 71-ൽ ചില്വാനം കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: കഴിഞ്ഞ വർഷവും ഈ വർഷവുമൊക്കെ ആവശ്യത്തിനു പണം അലോട്ടു ചെയ്തുവെന്നു പറഞ്ഞു. ഇങ്ങനെ അലോട്ടു ചെയ്യുന്ന പണം കഴിഞ്ഞ മൂന്നു വർഷമായി, വർഷാവസാനത്തിൽ വരുന്ന ഇക്കോണമി കട്ടിന്റെ ഫലമായി ചെലവഴിക്കാൻ കഴിയാതെ വരികയാണ്. ഇതു സംസ്ഥാനഗവൺമെൻറു ചെലവാക്കിയശേഷം വേൾഡ് ബാങ്കിൽ നിന്നു റീയിംബേഴ്സ്മെൻറ് നടത്തേണ്ടതാണ്. കഴിഞ്ഞവർഷം തന്നെ അലോട്ടുചെയ്ത മുഴുവൻ പണവും ചെലവാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് പി. എ. സി. പരിശോധിക്കാൻ പോയപ്പോഠ ഉദ്യോഗസ്ഥൻമാരിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കൊല്ലവും ഇക്കോണമി കട്ട് വരികയില്ലെന്നുള്ളതിന് ഉറപ്പില്ല. പക്ഷേ അങ്ങനെ ഇക്കോണമി കട്ട് വരുമ്പോഠത്തന്നെയും റീയിംബേഴ്സ്മെൻറ് കിട്ടുന്ന ഇത്തരം പദ്ധതികഠക്കുവേണ്ടിയുള്ള പണം ഇക്കോണമി കട്ടിൽ നിന്ന് ഒഴിവാക്കാൻ മേലിലെങ്കിലും ശ്രദ്ധിക്കുമോ?

ശ്രീ. എം. പി. ഗംഗാധരൻ: ഇക്കോണമി കട്ടിന്റെ ഫലമായി കഴിഞ്ഞ രണ്ടു സാമ്പത്തികവർഷങ്ങളിൽ ചുരുങ്ങിയ സംഖ്യ സറണ്ടർ ചെയ്യേണ്ടി വന്നിട്ടുണ്ട്. പക്ഷേ ഭീമമായ തുക—മിനിഞ്ഞാന്നവസാനിച്ച ഇക്കഴിഞ്ഞ കൊല്ലം 30 കോടി രൂപയും അതിനുമുൻപിലത്തെ കൊല്ലം 30 കോടി രൂപയും അലോട്ടുചെയ്തു സർ. അതു മുഴുവൻ ചെലവഴിക്കാൻ വളരെ പ്രയാസവുമാണ്. ബഹുമാനപ്പെട്ട മെംബർക്കറിയാം അതിനുമുൻപുള്ള കാലങ്ങളിൽ ഗവൺമെൻറു ചെലവാക്കിയത് പരമാവധി 13 കോടിയും, 15 കോടിയും 17 കോടിയുമൊക്കെയാണ്. ആ സ്ഥാനത്ത് 27 കോടിയും 29 കോടിയുമാണ് ഈ ഗവൺമെൻറ് ചെലവാക്കിയത്. സർ, ഈ അവസാനിച്ച കൊല്ലം ചെലവാക്കിയത് 29 കോടിയാണ്. അതിനുമുൻപിലത്തെ കൊല്ലം ചെലവാക്കിയത് 27 കോടി രൂപയാണ്. അതുകൊണ്ട്, ഈ അലോട്ടു ചെയ്യുന്നതു ചെലവഴിക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്.

ശ്രീ. തച്ചടി പ്രഭാകരൻ: മൂന്നാം പദ്ധതിയിൽ ആറേഴു വൻകിട ജലസേചന പദ്ധതികളാരംഭിക്കുകയുണ്ടായി. കല്ലട പദ്ധതിതന്നെ 13.28 കോടി രൂപയ്ക്ക് ആരംഭിച്ചിട്ട് ഇപ്പോഠ 135 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞിരിക്കുകയാണ്. അതു പൂർത്തിയാകണമെങ്കിൽ 175 കോടി രൂപ വേണ്ടിവരുമെന്നാണ് പറയുന്നത്. കല്ലട പദ്ധതിപോലെയുള്ള വൻകിട

LIBRARY ARCHIVES Kerala Legislative Assembly

ജലസേചനപദ്ധതികൾകൊണ്ട് കൃഷിക്കാർക്കുണ്ടാകാവുന്ന പ്രയോജനം നോക്കിയും രാജ്യത്തിന്റെ പൊതുതാൽപര്യം മുൻനിർത്തിയും അവയ്ക്കു മുൻഗണന കൊടുക്കേണ്ടതാണെങ്കിലും ഈ 135 കോടി അല്ലെങ്കിൽ 175 കോടി ഉണ്ടായിരുന്നെങ്കിൽ ചെലവുകുറഞ്ഞ ചെറുകിട ജലസേചന പദ്ധതികൾ വഴി കേരളത്തിലെ മുഴുവൻ കൃഷിക്കാർക്കും ആവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്താൻ കഴിയുമായിരുന്നു. അതുകൊണ്ട് ഗവൺമെന്റ് ഒരു പോളിസിയെന്ന നിലയിൽ, വൻകിട ജലസേചന പദ്ധതികളിൽ നിന്നു വ്യത്യസ്തമായി. ചെറിയ രീതിയിൽ തുക ചെലവഴിച്ചു നടത്തുന്ന ചെറുകിട ജലസേചനപദ്ധതികൾക്കു മുൻഗണനകൊടുക്കാനും അതു വ്യാപകമാക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗംഗാധരൻ : വൻകിടജലസേചന പദ്ധതികളൊഴിവാക്കി ചെറുകിട ജലസേചനപദ്ധതികളെടുക്കാനൊക്കുകയില്ല. വൻകിടജലസേചന പദ്ധതികൾ ജലസേചനത്തിനു മാത്രമല്ല, അവ മൾട്ടി പർപ്പസ് പദ്ധതികളാണ്. വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുന്നുണ്ട്. റിസർവോയറിൽ അത്രയും ഉയരത്തിൽ വെള്ളം ശേഖരിക്കാൻ കഴിഞ്ഞാൽ അതുകൊണ്ട് പല പ്രയോജനങ്ങളുമുണ്ട്. കുടിവെള്ളത്തിനും ഉപയോഗിക്കാം. കിട്ടുന്ന വെള്ളം നഷ്ടപ്പെടാതെ ഉപയോഗിക്കാൻ കഴിയുന്നു. അതുകൊണ്ട് സൗകര്യമുള്ള സ്ഥലങ്ങളിൽ വൻകിട പദ്ധതികൾ നടപ്പാക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. അതേസമയം ബഹുമാനപ്പെട്ട മെംബർ പറഞ്ഞ ഒരുകാര്യം ശരിയാണ്. ചുരുങ്ങിയ ചെലവ്, വേഗത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമാവുന്നു. ഈ രണ്ടു കാര്യത്തിൽ ചെറുകിടജലസേചന പദ്ധതികൾ മെച്ചമാണ്. ആ നിലയ്ക്ക് ചെറുകിട ജലസേചന പദ്ധതികളെ കൂടുതൽ പ്രോൽസാഹിപ്പിക്കുക, കൂടുതൽ തുക വകയിരുത്തിക്കൊണ്ടു കൂടുതൽ ചെറുകിടജലസേചനപദ്ധതികളേറെറടുക്കുക എന്നുള്ളതാണു ഗവൺമെന്റിന്റെ നയം. അതാണു സ്വീകരിച്ചുവരുന്നത്.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### കേരള വാട്ടർ ആൻറ് വേസ്ററ് വാട്ടർ അതോറിട്ടിയിലെ ഒഴിവുകൾ

* 256 [299] ശ്രീ. ഇ. പത്മനാഭൻ :
,, എം. വി. രാഘവൻ :
,, സി. ടി. കൃഷ്ണൻ :
,, ടി. കെ. അറുമുഖൻ :
,, എം. ജിനദേവൻ :
,, സി. കെ. തങ്കപ്പൻ :
,, വർക്കല രാധാകൃഷ്ണൻ :
,, ടി. കെ. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ ആൻറ് വേസ്ററ് വാട്ടർ അതോറിററിയിൽ ലോവർ ഡിവിഷൻ ക്ലാർക്കുകൾ, ലോവർ ഡിവിഷൻ ടൈപ്പിസ്ററുകൾ, കോൺഫിഡൻഷ്യൽ അസിസ്ററൻറുമാർ, പ്യൂൺസ് എന്നീ തസ്തികകളിൽ ഒഴിവുകൾ ഉണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഓരോ ഇനത്തിലും എത്ര വീതം ഒഴിവുകൾ ഉണ്ട്;

(സി) ഒഴിവുകളിലേക്ക് യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പരസ്യം ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം പത്രങ്ങളിൽ ഏതേത് ദിവസം പരസ്യം ചെയ്തു;

(ഇ) പരസ്യം ചെയ്യാതെ അപേക്ഷകൾ സ്വീകരിക്കുകയും 4-11-1984-ൽ അവർക്കുവേണ്ടി ചില കേന്ദ്രങ്ങളിൽവച്ച് ടെസ്റ്റ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഒഴിവുകൾ പരസ്യം ചെയ്യാതെ ഇപ്രകാരം നിയമനം നടത്തുന്നതിനുള്ള ന്യായീകരണം എന്താണ്?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ):

(എ) ഉണ്ട്.

(ബി) 48 ലോവർ ഡിവിഷൻ ക്ലാർക്ക്, 2 ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്, 4 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 38 പ്യൂൺ എന്നീ ഒഴിവുകൾ ഉണ്ട്. (ഇത് കൂടാതെ 25 ലോവർ ഡിവിഷൻ ക്ലാർക്കുമാരും, 8 ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുമാരും, 17 പ്യൂൺമാരും പ്രൊവിഷണലായി ജോലി ചെയ്യുന്ന ഒഴിവുകൾ ഉണ്ട്).

(സി) ഉണ്ട്.

(ഡി) 19-6-1984 ലെ മാതൃഭൂമി ദിനപ്പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ട്.

(ഇ) 19-6-1984 ലെ മാതൃഭൂമി ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ച പരസ്യപ്രകാരം അപേക്ഷ അയച്ച ഉദ്യോഗാർത്ഥികളിൽ നിന്നും യോഗ്യരായവരെ തെരഞ്ഞെടുക്കാൻ വേണ്ടി 26-11-1984 ൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് എഴുത്തു പരീക്ഷ നടത്തിയിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

## കാക്കടവ് ജലസേചന പദ്ധതി

*257. [300] ശ്രീമതി പി. ദേവൂട്ടി:
ശ്രീ. ഒ. ഭരതൻ:
,, കെ. പുരുഷോത്തമൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, പി. വി. കുഞ്ഞിക്കണ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കടവ് ജലസേചനപദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം എന്താണ്;

(സി) റിപ്പോർട്ടിന്റെ ഉള്ളടക്കം നടപ്പിലാക്കുന്നതിനെക്കുറിച്ച് സർക്കാരിന്റെ നിലപാടെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യപ്രകാരം നിയമിക്കപ്പെട്ട സെൻട്രൽ വാട്ടർ കമ്മീഷനിലെ വിദഗ്ദ്ധൻമാരുടെ ഒരു സംഘമാണ് കാക്കടവ് ജലസേചന പദ്ധതിയെപ്പററി പുന:പഠനം നടത്തിക്കുന്നത്. അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) എഫ്. ആർ. എൽ.–52 എം. ആയി കാക്കടവ് പദ്ധതി എത്രയും വേഗം പൂർത്തിയാക്കണമെന്നാണ് പഠനസംഘം ശുപാർശ ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് എത്രയും വേഗം ഒരു തീരുമാനം എടുക്കണം എന്നും ശുപാർശ ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതി പ്രദേശത്തുനിന്നും ഒഴിപ്പിക്കപ്പെടുന്നവർക്ക് വേണ്ടി ഒരു പുനരധിവാസ പദ്ധതികൂടി ആവിഷ്ക്കരിക്കണമെന്നും റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

(സി) റിപ്പോർട്ടു ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

## കടലാക്രമണ നിരോധനം

* 258. [301] ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ

,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണ നിരോധന പ്രവർത്തനത്തിനു വേണ്ടി 1980-81, 1981-82, 1982-83, 1983-84, 1984-85 എന്നീ വർഷങ്ങളിൽ ചെലവാക്കിയ സംഖ്യ എത്ര ;

(ബി) ഇതിൽ ഓരോ വർഷവും കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടിയ ധനസഹായം എത്രയാണ് ;

(സി) ഇതിന്റെ പ്രവർത്തനത്തിന് വിദേശ രാജ്യങ്ങളിൽ നിന്ന് ധനസഹായം കിട്ടുന്നുണ്ടോ ;

(ഡി) 1984 ഡിസംബർ വരെ എത്ര കിലോമീററർ ദൂരം കടൽ ഭിത്തി കെട്ടിയിട്ടുണ്ട് ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) കടലാക്രമണ നിരോധനത്തിനുവേണ്ടി 1980 മുതൽ 1985 വരെ ചെലവാക്കിയ തുക വാർഷികാടിസ്ഥാനത്തിൽ താഴെ കാണിച്ചിട്ടുള്ള വിധമാണ്.

| | (രൂപ ലക്ഷത്തിൽ) |
|---|---|
| 1980–81 | 653.560 |
| 1981–82 | 700.597 |
| 1982–83 | 508.203 |
| 1983–84 | 476 003 |
| 1984–85 | 467.286 |
| ആകെ | 2,806.649 |



LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഗവൺമെന്റിൽ നിന്നും 350 ലക്ഷം രൂപ വീതം 1980–81 മുതൽ 1983–84 വരെ ആണ്ടുതോറും കിട്ടിയിരുന്നു. 1984–85 ലെ കേന്ദ്ര സഹായത്തുക ഇതുവരെ അറിവായിട്ടില്ല.

(സി) ഇല്ല.

(ഡി) 1984 ഡിസംബർ വരെ ഏകദേശം 289.597 കി. മീററർ ദൂരം കടൽ ഭിത്തി കെട്ടിയിട്ടുണ്ട്.

ഭൂരഹിതരായ ഗ്രാമീണർക്കുളള തൊഴിൽദാന പദ്ധതി

* 259. [302] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, വി. ജെ. തങ്കപ്പൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, കെ. പി. അരവിന്ദാക്ഷൻ :, താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂരഹിതരായ ഗ്രാമീണർക്കുളള തൊഴിൽദാന പദ്ധതിക്കുവേണ്ടി കേന്ദ്രഗവൺമെന്റ് 1983-84 ൽ എത്ര ലക്ഷം രൂപ അനുവദിച്ചു ;

(ബി) ഇതിൽ എത്ര ലക്ഷം രൂപ ചെലവഴിച്ചു ;

(സി) കേന്ദ്രം അനുവദിച്ച പണം മുഴുവൻ സംസ്ഥാനം ചെലവാക്കിയിട്ടുണ്ടോ ?

സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 470 ലക്ഷം രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചു.

(ബി, സി) 31-3-1984 വരെ 27,000 രൂപ ചെലവഴിച്ചു. ബാക്കി തുക ജില്ലാ ഗ്രാമവികസന ഏജൻസികൾക്കു നൽകിയിരുന്നത് 1984-85 സാമ്പത്തിക വർഷത്തിലും ചെലവാക്കി. അങ്ങനെ കേന്ദ്രം അനുവദിച്ച പണം മുഴുവൻ സംസ്ഥാനം ചെലവാക്കിയിട്ടുണ്ട്.

ഫാർമേഴ്സ് ഫംഗ്ഷണൽ ലിററസി പ്രോജക്ടം

* 260. [303] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഫാർമേഴ്സ് ഫംഗ്ഷണൽ ലിററസി പ്രോജക്ററും റൂറൽ ഫംഗ്ഷണൽ ലിററസി പ്രോജക്ററും എന്നു മുതൽ ആരംഭിച്ചു എന്നു വ്യക്തമാക്കാമോ ;

(ബി) ഇവ എത്ര ജില്ലകളിൽ പ്രവർത്തിക്കുന്നു എന്നും മററു ജില്ലകളിൽ വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ എന്നും വ്യക്തമാക്കാമോ ;

(സി) ഫംഗ്ഷണൽ ലിററസി പ്രോജക്ററ് ആഫീസർമാരായി 1973-ൽ നിയമിച്ചിട്ടുളളവർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) കേരളത്തിൽ ആദ്യമായി ഫാർമേഴ്സ് ഫംഗ്ഷണൽ ലിററസി പ്രോജക്ററ് ആരംഭിച്ചത് 1972 ലാണ്. ഫാർമേഴ്സ് ഫംഗ്ഷണൽ ലിററസി പ്രോജക്ടാണ് 1979-80 മുതൽ റൂറൽ ഫംഗ്ഷണൽ ലിററസി പ്രോജക്ടായി അറിയപ്പെടുന്നത്.

(ബി) ഇപ്പോൾ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ അഞ്ചു ജില്ലകളിൽ പദ്ധതി നടപ്പാക്കിവരുന്നു.

1985 മാർച്ച് മുതൽ കൊല്ലം, എറണാകുളം, ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ആറു ജില്ലകളിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

## കമാൻഡ് ഏരിയ ഡെവലപ്പ്മെൻറ് പദ്ധതി

* 261. [304] ശ്രീ. പി. സീതിഹാജി :
,, പി. കെ. കുഞ്ഞാലികുട്ടി :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമാൻറ് ഏരിയ വികസന പദ്ധതി പ്രകാരം ഇക്കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ കേന്ദ്ര വിഹിതമെത്ര ;

(സി) ഈ പദ്ധതി മൂലം എത്ര ഏക്കർ സ്ഥലത്ത് പ്രയോജനമുണ്ടായി ?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) കമാൻറ് ഏരിയ ഡെവലപ്പ്മെൻറ് പദ്ധതി പ്രകാരം ഇക്കഴിഞ്ഞ സാമ്പത്തിക വർഷം അതായത് 1983-84-ൽ 96,517 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ചെലവ് 50:50 എന്ന തോതിൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്നതാണ്. 1983-84 സാമ്പത്തിക വർഷത്തിലെ കേന്ദ്ര വിഹിതം 48,259 ലക്ഷം രൂപയാണ്.

(സി) ഈ പദ്ധതിപ്രകാരം 362½ ഏക്കർ സ്ഥലത്ത് പ്രയോജനം ലഭിച്ചിട്ടുണ്ട്.

## ജില്ലാ ഭരണ നിയമം

* 262. [305] ശ്രീ. നാലകത്തു സൂപ്പി :
,, പി. സീതിഹാജി :
,, കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ഭരണ നിയമം എന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു ;

(ബി) ഈ നിയമം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആ ഭേദഗതി നിയമം ഈ സമ്മേളനത്തിൽ അവതരിപ്പിക്കുവാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ജില്ലാ ഭരണ നിയമം എന്ന് നടപ്പിലാക്കാൻ സാധിക്കും എന്ന് പറയാറായിട്ടില്ല.

(ബി) ഉണ്ട്.

(സി) ഇല്ല.

ലേബർ കോടതികളിലെയും വ്യവസായ തൊഴിൽത്തർക്ക കോടതികളിലെയും കേസ്സുകൾ

* 263. [306] ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. ഇ. പത്മനാഭൻ :
,, എം. ജിനദേവൻ :
,, വർക്കല രാധാകൃഷ്ണൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984 അവസാനിക്കുമ്പോൾ സംസ്ഥാനത്ത് ലേബർ കോടതികളിലും വ്യവസായ തൊഴിൽത്തർക്ക കോടതികളിലുമായി എത്ര കേസുകൾ നിലവിലുണ്ടായിരുന്നു ;

(ബി) ഇവ ഏതെല്ലാം വർഷങ്ങളിൽ ഫയലിൽ സ്വീകരിച്ചവയാണ്;

(സി) ഈ കേസുകളിൽ പിരിച്ചുവിടൽ ഉൾപ്പെടെ തൊഴിൽ നഷ്ടപ്പെട്ടതിനെതിരായ എത്ര കേസുകളുണ്ടായിരുന്നു ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ആകെ 2967 കേസുകൾ നിലവിലുണ്ടായിരുന്നു.

(ബി) വിവരം ഉടനെ ലഭ്യമല്ല, വിവരം ശേഖരിച്ചുവരുന്നു.

(സി) 469 കേസുകൾ.

വരൾച്ചക്കാലത്തു ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നടപടി

* 264. [307] ശ്രീ. എ. ജോർജ്ജ് :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചക്കാലത്തു ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണ്?

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ):

(എ) ഉണ്ട്.

(ബി) പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുക, വൈദ്യുതികണക്ഷൻ ലഭിക്കാത്തതുമൂലം കമ്മീഷൻ ചെയ്യാൻ സാധിക്കാതെയുള്ള പദ്ധതികൾക്ക് ഉടനടി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കുക, കുഴൽകിണറുകളിൽ പവർപമ്പ് സ്ഥാപിക്കുക, പുതിയ കുഴൽകിണറുകൾ കുഴിപ്പിക്കുക, നിലവിലുള്ള പദ്ധതികളിൽനിന്നും കൂടുതൽ സ്ഥലത്തേയ്ക്ക് പൈപ്പുലൈൻ നീട്ടുക എന്നീ പ്രവർത്തനങ്ങൾ ഒരു മാസത്തിനുള്ളിൽ ചെയ്തു തീർക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എൻ. ആർ. ഇ പി., ആർ.എൽ ഇ.ജി. പി. പ്രവൃത്തികൾ നടത്തുന്നതു സംബന്ധിച്ച നിബന്ധനകൾ

* 265. [308] ശ്രീ. സിറിയക്ക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. തുടങ്ങിയ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതു പദ്ധതിയുടെ ഗുണഭോക്താക്കളുടെ കമ്മിററിയുടെ കൺവീനർ ആയിരിക്കണമെന്നു നിബന്ധനയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിബന്ധന കൃത്യമായി പാലിക്കാറുണ്ടോ ;

(സി) ഈ നിബന്ധന മറി കടന്നു പ്രവർത്തിച്ചാൽ അതിനുത്തരവാദി ആരാണ് ;

(ഡി) പ്രസ്തുത നിബന്ധന മറികടന്നു പ്രവൃത്തിച്ചാൽ അതിനുത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കാൻ വ്യവസ്ഥയുണ്ടോ ;

(ഇ) നിബന്ധനകൾ മറി കടന്ന് ഏതെങ്കിലും പ്രവൃത്തി നടക്കുന്നതായി തെളിഞ്ഞാൽ പ്രസ്തുത പ്രവൃത്തി നിർത്തിവയ്ക്കാനും ബദൽ സംവിധാനങ്ങളുണ്ടാക്കാനും വ്യവസ്ഥയുണ്ടോ ?

സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ബ്ലോക്ക് ഡെവലപ്പുമെൻറ് ആഫീസർ

(ഡി) നിബന്ധനകളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനെതിരെ നടപടി കൈക്കൊള്ളുവാൻ വ്യവസ്ഥകളുണ്ട്.

(ഇ) അപ്രകാരം തെളിഞ്ഞാൽ പണി ഏറെറടുത്ത ആളുമായി സർക്കാരുണ്ടാക്കിയിട്ടുള്ള കരാർ പരിശോധിച്ചശേഷം തക്ക നടപടികൾ സ്വീകരിക്കുവാൻ കഴിയും.

പഞ്ചായത്തു ആക്ട്

* 266. [309] ശ്രീ. എസ്. ഗോവിന്ദകുറുപ്പ് :
,, വി. കേശവൻ :
,, വി. ജെ. തങ്കപ്പൻ :
,, ടി.കെ. ഹംസ :
,, പി.സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ പ്രവർത്തനം സുഗമമായി കൊണ്ടുപോകുവാൻ നിലവിലുള്ള ആക്ററ് പര്യാപ്തമാണോ;

(ബി) ഇല്ലെങ്കിൽ നിലവിലുള്ള ആക്ട് ഭേദഗതി ചെയ്യുമോ ;

(സി) ഇത് സംബന്ധിച്ച ഏതെങ്കിലും നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) ചെറിയ ചില ന്യൂനതകളൊഴിച്ചാൽ പഞ്ചായത്തുകളുടെ പ്രവർത്തനം സുഗമമായികൊണ്ടുപോകുന്നതിന് പഞ്ചായത്ത് ആക്ട് പര്യാപ്തമാണ്.

(ബി) മുകളിൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിക്കുവാൻ ആവശ്യമായ ഭേദഗതികൾ പരിശോധിച്ചുവരുന്നു.

(സി) പഞ്ചായത്ത് ആക്ടിലെ 19, 20, 21, 22, 24, 25, 30, 54, 84 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുവാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പൗരാവകാശനിയമം അനുസരിച്ച് ശിക്ഷിക്കപ്പെടുന്ന ഒരാൾക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിന് മൽസരിക്കുവാൻ അയോഗ്യത കല്പിക്കുവാനും പഞ്ചായത്ത് ആക്ടിലെ 24, 25, 54, 84 എന്നീ വകുപ്പുകൾ അനുസരിച്ച് തഹസീൽദാർക്ക് കൊടുത്തിരുന്ന അധികാരം താലൂക്ക് പഞ്ചായത്താഫീസർക്ക് കൊടുക്കുവാനും, പഞ്ചായത്ത് ഇലക്ഷനെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ ജില്ലാ കോടതിയിൽ അപ്പീൽ കൊടുക്കുന്നതിനും, പ്രസിഡൻറ് ഇല്ലാത്ത സാഹചര്യത്തിൽ വൈസ് പ്രസിഡൻറിൻേറയും കമ്മിററി അംഗങ്ങളുടെയും രാജി സ്വീകരിക്കുവാൻ ജില്ലാ പഞ്ചായത്താഫീസറെ ചുമതലപ്പെടുത്തികൊണ്ടും പഞ്ചായത്ത് ആക്ടിൽ വേണ്ട ഭേദഗതികൾ വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

## മിനിമം വേജസിനെക്കാൾ കുറഞ്ഞ കൂലി നല്കുന്ന വ്യവസായ യൂണിററുകൾ

* 267. [310] ശ്രീ. കാനം രാജേന്ദ്രൻ :
,, വി. കെ. രാജൻ :
,, കെ. ടി. കണാരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമപ്രകാരമുള്ള മിനിമം വേജസിനെക്കാൾ കുറച്ചു കൂലി നല്കുന്ന കയർ, കശുവണ്ടി, കൈത്തറി വ്യവസായ യൂണിററുകൾ ഉണ്ടെന്ന് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് അവസാനിപ്പിക്കാൻ എന്തു നടപടി സ്വീകരിച്ചു ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കയർ, കശുവണ്ടി എന്നീ മേഖലകളിൽ സ്ക്വാഡ് പരിശോധനകൾ നടത്തിയപ്പോൾ മിനിമം വേതനം കൊടുക്കാത്ത സ്ഥാപനങ്ങൾ ടി വ്യവസായങ്ങളിൽ ഉണ്ടെന്ന് ലേബർ ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കൈത്തറി വ്യവസായത്തെ സംബന്ധിച്ച് മിനിമം കൂലി കിട്ടുന്നില്ല എന്നുള്ള പരാതികൾ ലഭിച്ചിട്ടില്ല.

(ബി) മിനിമം വേതനം നല്കാത്ത 20 കശുവണ്ടി ഫാക്ടറികളുടെ ഉടമകൾക്ക് എതിരായി ക്ലയിം പെററീഷൻ ബന്ധപ്പെട്ട അസിസ്ററൻറ് ലേബർ ഓഫീസർമാർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ ഫയൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. മിനിമം കൂലി നല്കാത്ത 23 കയർ സ്ഥാപനങ്ങൾക്ക് എതിരെ മിനിമം കൂലി നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് അയച്ചിട്ടുണ്ട്.

ലക്ഷം വീട് കോളനിയിലെ അസൗകര്യങ്ങൾ

* 268. [311] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ലക്ഷം വീട് കോളനിയിൽ താമസിക്കുന്നവർക്ക് ശുദ്ധജലവും വെളിച്ചവും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനികളിൽ പല സ്ഥലത്തും ശരിയായ കക്കൂസുകൾ ഇല്ലെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) യുനെസ്കോയുടെ സഹായത്തോടെ നടത്തുന്ന കക്കൂസ് നിർമ്മാണ പരിപാടിയിൽ ലക്ഷംവീടുകൾക്ക് മുൻഗണന നല്കുമോ;

(ഡി) ശുദ്ധജലവിതരണത്തിലും വൈദ്യുതികണക്ഷൻ നൽകുന്നതിലും ലക്ഷംവീട് കോളനികൾക്ക് മുൻഗണന നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ചില ലക്ഷംവീട് കോളനികളിൽ താമസിക്കുന്നവർക്ക് ശുദ്ധജലവും വെളിച്ചവും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) യുനെസ്ക്കോയുടെ സഹായത്തോടെ കക്കൂസ് നിർമ്മാണ പരിപാടി നടത്തുന്നില്ല.

(ഡി) ലക്ഷംവീട് കോളനികളിൽ പ്രത്യേകമായി ഈ കാര്യങ്ങൾ ചെയ്യുവാൻ വികസനവകുപ്പിൽ പദ്ധതിയില്ല.

വാമനപുരം ജലസേചന പദ്ധതിയുടെ ഇൻവെസ്ററിഗേഷൻ ചെലവ്

* 269. [312] ശ്രീ. എം. കെ. കേശവൻ:
,, കെ. പി. പ്രഭാകരൻ:
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ജലസേചനപദ്ധതിയുടെ മൊത്തം അടങ്കൽ തുകയെത്ര;

(ബി) ഇൻവെസ്ററിഗേഷൻ ചെലവെത്ര?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. പി. എം. ഗംഗാധരൻ):

(എ) 3640 ലക്ഷം രൂപ

(ബി) 1985 ഫെബ്രുവരി വരെ ഇൻവെസ്ററിഗേഷൻ ജോലികൾക്കു വേണ്ടി 11 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇടത്തരം ചെറുകിട ജലസേചനപദ്ധതികൾ

* 270. [313] ശ്രീ. തോപ്പിൽ രവി :
,, പന്തളം സുധാകരൻ :
,, പി. പി. തങ്കച്ചൻ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. കെ. ശ്രീനിവാസൻ :
,, എ. സി. ജോസ് :
,, തച്ചടി പ്രഭാകരൻ :
,, ജി. കാർത്തികേയൻ :
,, എം. എം. ഹസ്സൻ :
,, കെ. രാഘവൻ മാസ്റ്റർ :
,, സ്റ്റീഫൻ പാദുവ :
,, രമേശ് ചെന്നിത്തല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മൈനർ, മീഡിയം ഇനത്തിൽപ്പെട്ട എത്ര ജലസേചനപദ്ധതികൾ പൂർത്തിയാക്കി ;

(ബി) ഇതിനുവേണ്ടി മാത്രം എത്ര സംഖ്യ ചെലവഴിച്ചു ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 134 ഒന്നാം ക്ലാസ് ചെറുകിട ജലസേചന ജോലികളും, 203 രണ്ടാംക്ലാസ് ജോലികളും 120 ലിഫ്ററ് ഇറിഗേഷൻ ജോലികളും 222 ഐ. പി. ഡി. ഏലാപദ്ധതികളും പൂർത്തിയായി. ഇതുകൂടാതെ ജനപങ്കാളിത്തത്തോടുകൂടി നൂറോളം പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി 15.24 കോടി രൂപ ചെലവഴിച്ചു.

ബാലവാടി ടീച്ചേഴ്സ് അസോസിയേഷനു നൽകിയ ഉറപ്പുകൾ

* 271. [314] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വികസന വകുപ്പുമന്ത്രി ബാലവാടി ടീച്ചേഴ്സ് അസോസിയേഷൻ ഭാരവാഹികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 5-4-1984-ൽ നൽകിയ ഉറപ്പുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ബാലവാടി ടീച്ചേഴ്സിനും ഹെൽപ്പർമാർക്കും പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കും സ്വീപ്പർമാർക്കുമുള്ള വേതന നിരക്ക് നൽകുന്ന കാര്യം പരിഗണിക്കാമോ ;

(സി) ബാലവാടി ടീച്ചേഴ്സിനും വർക്കേഴ്സിനും പ്രൈമറി സ്കൂൾ ടീച്ചേഴ്സിനുള്ളതുപോലെ ഫെസ്ററിവൽ അലവൻസ്, ബോണസ്, ഇടക്കാലാശ്വാസം പ്രസവാവധി തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കാമോ ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 5-4-1984-ൽ സാമൂഹ്യ വികസന വകുപ്പുമന്ത്രി ബാലവാടി അദ്ധ്യാപകരുമായി നടത്തിയ ചർച്ചയിൽ നൽകിയ ഉറപ്പുകൾ താഴെ പറയുന്നവയാണ്.

1. 1-4-1983 ന് മുമ്പ് അഞ്ചുവർഷത്തിലധികം കാലം ബാലവാടി അദ്ധ്യാപികമാരായിരുന്ന എല്ലാവർക്കും എസ്. എസ്. എൽ. സി. പാസായാലും ഇല്ലെങ്കിലും ഒരേ നിരക്കിൽ പ്രതിമാസം 175 രൂപ വീതം അലവൻസ് നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

2. ബാലവാടി അദ്ധ്യാപകരെ തക്ക കാരണമില്ലാതെ പിരിച്ചുവിടുന്നത് തടയുന്നതു സംബന്ധിച്ച് ഇപ്പോഴുള്ള നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതാണ്.

3. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന അലവൻസ് നിരക്കുകൾ വർദ്ധിപ്പിക്കുന്ന കാര്യം യഥാകാലം പരിഗണിക്കുന്നതാണ്.

4. ബാലവാടികൾക്ക് മദ്ധ്യവേനൽ അവധികാലത്ത് രണ്ടാഴ്ച വെക്കേഷൻ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) ബാലവാടി അദ്ധ്യാപകരെ നിയമിക്കുന്നത് അതാതു മഹിളാസമാജങ്ങളാണ്. അതിനാൽ ബാലവാടി അദ്ധ്യാപികമാർക്ക് പ്രൈമറി സ്കൂൾ അദ്ധ്യാപകർക്കുള്ള വേതന നിരക്ക് നൽകാൻ സാദ്ധ്യമല്ല. വികസന വകുപ്പിന്റെ കീഴിലുള്ള ബാലവാടികളിൽ ഹെൽപ്പർ എന്ന ഒരു തസ്തിക ഇല്ല.

(സി) 31-3-1985 ന് മുൻപ് സ്പെഷ്യൽ ഫെസ്റ്റിവെൽ അലവൻസ്, ബാലവാടി അദ്ധ്യാപകർക്ക് നൽകാൻ ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. ഫെസ്റ്റിവെൽ അലവൻസ് നൽകുന്നതുകൊണ്ട് ബോണസ് നൽകുന്ന പ്രശ്നം ഉദിക്കുന്നില്ല. ഇടക്കാലാശ്വാസം, പ്രസവാവധി തുടങ്ങിയ സർക്കാരുദ്യോഗസ്ഥർക്കുള്ള ആനുകൂല്യങ്ങൾ ബാലവാടി അദ്ധ്യാപകർ സർക്കാരുദ്യോഗസ്ഥരുടെ പരിധിയിൽ വരാത്തതുകൊണ്ട് നൽകാൻ നിർവാഹമില്ല.

## തൊഴിൽത്തർക്കങ്ങൾ

* 272 [315] ശ്രീ. കെ. ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983-84, 1984-85 എന്നീ വർഷങ്ങളിൽ എത്ര തൊഴിൽ തർക്കങ്ങൾ ഉണ്ടായി ;

(ബി) അവയിൽ എത്ര തർക്കങ്ങളിൽ കൺസീലിയേഷൻ, അഡ്ജുഡിക്കേഷൻ നടപടികൾ ഉണ്ടായി ;

(സി) എത്ര തർക്കങ്ങൾ തീരുമാനമാകാതെ അവശേഷിക്കുകയുണ്ടായി ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 1983-84-ൽ 8799 തൊഴിൽ തർക്കങ്ങളും, 1984-85-ൽ (ഫെബ്രുവരി മാസം വരെ) 9107 തൊഴിൽ തർക്കങ്ങളും ഉണ്ടായി.

(ബി) 1983-84-ൽ 2242 തൊഴിൽ തർക്കങ്ങളിൽ അനുരഞ്ജന സംഭാഷണങ്ങൾ നടത്തുകയും അവയിൽ 232 തർക്കങ്ങൾ അഡ്ജുഡിക്കേഷന്



LIBRARY ARCHIVES Kerala Legislative Assembly

വിടുകയും ചെയ്തിട്ടുണ്ട്. 1984-85-ൽ (ഫെബ്രുവരി വരെ) 2251 തൊഴിൽത്തർക്കങ്ങളിൽ അനുരഞ്ജന സംഭാഷണങ്ങൾ നടത്തുകയും അവയിൽ 342 തർക്കങ്ങൾ അഡ്ജുഡിക്കേഷന് വിടുകയും ചെയ്തിട്ടുണ്ട്.

(സി) 1983-84 അവസാനം 4200 തൊഴിൽ തർക്കങ്ങൾ തീരുമാനമാകാതെയുണ്ട്. എന്നാൽ 1984-85-ൽ പുതുതായി ഉണ്ടായ 9107 കേസുകളുൾപ്പെടെ 13307 തർക്കങ്ങളിൽ 2693 തർക്കങ്ങൾ തീരുമാനമാകാതെയുണ്ട്.

## തൊഴിലില്ലാത്തവർ

* 273 [316] ശ്രീ. നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊത്തം തൊഴിലില്ലാത്തവർ എത്ര എന്ന് കണക്കുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) അതിൽ എസ്. എസ്. എൽ. സി. യും അതിൽ കൂടുതലും യോഗ്യതയുള്ളവർ എത്ര ;

(ഡി) തൊഴിലില്ലാത്ത എഞ്ചിനീയറിംഗ് ബിരുദധാരികൾ എത്ര ; ഡോക്ടർമാർ എത്ര ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജോലിക്കു വേണ്ടി രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവരുടെ കണക്കുണ്ട്.

(ബി) 31-1-1985 വരെ ആകെ 24,64,826 പേർ.

(സി) 12,69,689 പേർ.

(ഡി) 31-1-1985-ലെ കണക്കനുസരിച്ച് 2310 എഞ്ചിനീയറിംഗ് ബിരുദധാരികളും 1102 ഡോക്ടർമാരും പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## എൻ. ആർ. ഇ. പി.

* 274 [317] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.ആർ.ഇ.പി. പദ്ധതി പ്രകാരം ഉള്ള പ്രവർത്തനങ്ങൾക്ക് 1984 ഏപ്രിൽ മുതൽ ഡിസംബർ അവസാനംവരെ എന്തു തുക ചെലവഴിച്ചു ;

(ബി) ഏതെല്ലാം പദ്ധതികളാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ;

(സി) ഇപ്പോൾ അംഗീകരിച്ചിട്ടുള്ള പദ്ധതിയ്ക്ക് 1985 മാർച്ച് 31 വരെ എത്ര തുകവേണ്ടിവരും ;

(ഡി) എൻ.ആർ.ഇ.പിയ്ക്ക് 1984-85 സാമ്പത്തികവർഷത്തേയ്ക്ക് അലോട്ടുചെയ്ത തുക എത്ര ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 1-4-1984 മുതൽ 31-12-1984 വരെ 1367.99 ലക്ഷം ക. ചെലവഴിച്ചു.

(ബി) എൻ.ആർ.ഇ.പി. പ്രകാരം ഏറെറടുക്കുന്നത് താഴെ പറയുന്ന പദ്ധതികളാണ്.

LIBRARY ARCHIVES Kerala Legislative Assembly

1. സാമൂഹ്യവനവൽക്കരണം
2. ഹരിജന-ഗിരിജനങ്ങൾക്കു മാത്രമായുള്ള ഗ്രൂപ്പ് ഭവന നിർമ്മാണം.
3. ചെറുകിടജലസേചനം
4. കുടിവെള്ളം ലഭ്യമാക്കുന്നതിന് കിണർ കുഴിക്കുക
5. മണ്ണ് സംരക്ഷണം
6. ഗ്രാമീണ റോഡുനിർമ്മാണം
7. സ്ക്കൂൾ, ബാലവാടി, ഡിസ്പെൻസറി, കമ്മ്യൂണിററിഹാൾ തുടങ്ങിയവയ്ക്ക് കെട്ടിടനിർമ്മാണം.

(സി) ഏകദേശം 26 കോടി രൂപ.

(ഡി) 21.80 കോടിരൂപ.

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

### എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്ററർ ചെയ്തിട്ടുള്ളവർ

723 [1207] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരുരജിസ്ററർ ചെയ്യപ്പെട്ടിരുന്നവരുടെ എണ്ണം 1982 മേയ് 24-ാം തീയതിയ്ക്ക് എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1985 ഫെബ്രുവരി 28 വരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ വഴി തൊഴിൽ കിട്ടിയവരുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1982 മേയ് 31-ാം തീയതിയിലെ കണക്കനുസരിച്ച് ആകെ 19,13,466 പേർ.

(ബി) 40871 പേർക്കു തൊഴിൽ നൽകിയിട്ടുണ്ട്.

### സർവ്വെ യോഗ്യതയുള്ള തൊഴിൽരഹിതർ

724 [1208] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സർവ്വെ യോഗ്യതയുള്ള തൊഴിൽരഹിതർ എത്രയുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ?

ഉത്തരം

കേരളത്തിൽ സർവ്വെ യോഗ്യതയുള്ള തൊഴിൽരഹിതരുടെ കണക്കെടുത്തിട്ടില്ല. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ ജോലിക്കായി രജിസ്ററർ ചെയ്തിട്ടുള്ള സർവ്വെയോഗ്യതയുള്ളവരുടെ കണക്ക് ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ചുമട്ടു തൊഴിലാളി നിയമം നടപ്പാക്കിയ സ്ഥലങ്ങൾ

725 [1209] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കമ്പോളത്തിൽ ചുമട്ടുതൊഴിലാളി നിയമം പരീക്ഷണാർത്ഥം നടപ്പാക്കിയോ;

(ബി) ഈ പരീക്ഷണത്തിനു വിധേയരാക്കിയ തൊഴിലാളികൾ എത്ര;

(സി) അവരുടെ കൂട്ടത്തിൽ ചുമട്ടു തൊഴിലാളി നിയമം അനുശാസിക്കുന്ന എല്ലാ വിഭാഗം തൊഴിലാളികളും ഉൾപ്പെട്ടിരുന്നോ;

(ഡി) പരീക്ഷണാർത്ഥം നടപ്പാക്കിയ ഈ പദ്ധതി ചാലയിലെ എത്ര വാർഡുകളിൽ മൊത്തം എത്ര തൊഴിലാളികൾക്കു ബാധകമായി;

(ഇ) ഇതിലേക്കു എത്ര ഉദ്യോഗസ്ഥൻമാരെ നിയമിച്ചിരുന്നു; അവർക്കു ശമ്പളയിനത്തിലും മററും പ്രതിമാസം എത്ര രൂപ ചെലവായിട്ടുണ്ട്;

(എഫ്) ചാലക്കമ്പോളത്തിൽ നടത്തിയ ഈ പരീക്ഷണം തൊഴിലാളികൾക്കും വ്യാപാരികൾക്കും ഒരുപോലെ ബുദ്ധിമുട്ടുണ്ടാക്കുന്നതും ഗവൺമെൻറിനു അനാവശ്യ ചെലവുണ്ടാക്കുന്നതുമാണെന്നും അതുകൊണ്ട് ഈ നടപടി പിൻവലിച്ച് ചുമട്ടു തൊഴിലാളി നിയമത്തിലെ അപാകതകൾ പരിഹരിച്ച് നിയമം നടപ്പാക്കുവാൻ നടപടി സ്വീകരിക്കണമെന്നും സി. ഐ. ടി. യു. നേതൃത്വത്തിലുള്ള ചുമട്ടു തൊഴിലാളി സംഘടന ആവശ്യപ്പെട്ടിട്ടുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) അതിനെപ്പററി ഗവൺമെൻറിന്റെ അഭിപ്രായമെന്തെന്നു വിശദീകരിക്കുമോ?

### ഉത്തരം

(എ) പരീക്ഷണാർത്ഥം ചാല കമ്പോളത്തിൽ 16-6-1984 മുതൽ ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കി.

(ബി) 352.

(സി) ഇല്ല.

(ഡി) തിരുവനന്തപുരം കോർപ്പറേഷന്റെ 38, 39 എന്നീ രണ്ടു വാർഡുകളിൽ മാത്രമേ ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളു. 352 തൊഴിലാളികൾക്കു ഈ പദ്ധതി ബാധകമായി.

(ഇ) ഹെഡ്ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് താല്ക്കാലികമായി 13 പേരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ലേബർ കമ്മീഷണർ വർക്കിംഗ് അറേഞ്ച്മെൻറിൽ നിയോഗിച്ചിട്ടുള്ള 16 പേരും ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരാളും ഈ ഓഫീസിൽ പ്രവർത്തിക്കുന്നു. താല്ക്കാലികമായി നിയമിച്ചിട്ടുള്ള 13 പേരുടെയും ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ഒരാളുടെയും ശമ്പളമിനത്തിൽ പ്രതിമാസം 10,210 രൂപ ചെലവാകുന്നുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) പരീക്ഷണാർത്ഥം ചാലയിൽ നടപ്പിലാക്കിയ ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി തൊഴിലാളികൾക്കും തൊഴിലുടമകൾക്കും അപ്പോഴപ്പോഴുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ച് വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചുമട്ടു തൊഴിലാളി നിയമം നടപ്പാക്കാനുള്ള കമ്മിററി

726 [1210] ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിററിയിൽ ചുമട്ടുതൊഴിലാളി നിയമം നടപ്പുവരുത്തുന്നതിലേക്കായി ഒരു പ്രത്യേക കമ്മിററിയെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ ചെയർമാൻ ആരാണ് ;

(സി) ഈ കമ്മിററി ഓഫീസ് പ്രവർത്തനങ്ങൾക്കായി പ്രത്യേക സ്ററാഫിനെ നിയമിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നിയമനം നടത്തിയതു പബ്ലിക് സർവീസ് കമ്മിഷൻ വഴിയാണോ അതോ നേരിട്ടോ ?

ഉത്തരം

(എ) ലോക്കൽ കമ്മിററി ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസറാണ് കമ്മിററിയുടെ ചെയർമാൻ.

(സി) ഉണ്ട്.

(ഡി) 13 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പബ്ലിക് സർവീസ് കമ്മിഷൻ വഴിയല്ല. പുറത്തു നിന്നും താൽക്കാലികമായിട്ടാണ്. ഇതു കൂടാതെ ലേബർ ഡിപ്പാർട്ടുമെൻറിൽ നിന്നും ലേബർ കമ്മീഷണർ വർക്കിംഗ് അറേഞ്ചുമെൻറ് പ്രകാരം നിയോഗിച്ചിട്ടുള്ള 16 പേരും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കൺവീനറായി ഗവൺമെൻറ് നിയമിച്ചിട്ടുള്ള ഒരാളും ഉൾപ്പെടെ ആകെ 30 പേർ ഓഫീസിൽ പ്രവർത്തിക്കുന്നു.

കുണ്ടാളംകുഴി മേരിനാൾ റബ്ബർ എസ്റേററിലെ തൊഴിൽ തർക്കം

727 [1211] ശ്രീ. കെ. കൃഷ്ണൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ വിതുരയ്ക്കടുത്ത് കുണ്ടാളം കുഴി മേരിനാൾ റബ്ബർ എസ്റേററിൽ തൊഴിൽ തർക്കം സംബന്ധിച്ച് മാർച്ച് 2-ാം തീയതി ലേബർ കമ്മീഷണർ വിളിച്ചുകൂട്ടിയ കോൺഫറൻസ് കഴിഞ്ഞു പുറത്തിറങ്ങിയ തൊഴിലാളി പ്രതിനിധികളെ മാനേജുമെൻറ് പ്രതിനിധികളും ലേബർ വകുപ്പു ഉദ്യോഗസ്ഥൻമാരും മദ്യപിച്ച് ലക്കു കെട്ട് അസഭ്യം പറയുകയും കൈയേററം ചെയ്യാൻ ശ്രമിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പരാതി അന്വേഷണത്തിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലോക്കൗട്ടു ചെയ്ത കമ്പനികളും ഫാക്ടറികളും

728 [1212] ശ്രീ. വി. സി. കബീർ :
,, കെ. കെ. ബാലകൃഷ്ണൻ :
,, സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83, 1983–84, 1984-85 എന്നീ വർഷങ്ങളിൽ തൊഴിൽ സമരം മൂലം ലോക്കൗട്ട് ചെയ്ത കമ്പനികൾ/ഫാക്ടറികൾ എത്ര ;

(ബി) വൈദ്യുതി കട്ട് മൂലം ലോക്കൗട്ട് ചെയ്ത കമ്പനികൾ/ഫാക്ടറികൾ എത്ര ;

(സി) മാനേജ്മെൻറ് ഏകപക്ഷീയമായി ലോക്കൗട്ട് ചെയ്ത കമ്പനികൾ/ഫാക്ടറികൾ എത്ര ?

ഉത്തരം

| | | |
|---|---|---|
| (എ) | 1982-83 | 18 |
| | 1983-84 | 14 |
| | 1984-85 | 16 |
| (ബി) | 1982-83 | ഇല്ല |
| | 1983-84 | ഇല്ല |
| | 1984-85 | ഇല്ല |
| (സി) | 1982-83 | ഇല്ല |
| | 1983-84 | 1 |
| | 1984-85 | 1 |

കയർ, കശുവണ്ടി, കൈത്തറി വ്യവസായങ്ങളിൽ ഏർപ്പെടുത്തിയ ക്ഷേമനിധി

729 [1213] ശ്രീ. വി. കെ. രാജൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, എം. കെ. കേശവൻ :
,, കെ. ടി. കണാരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കയർ, കശുവണ്ടി, കൈത്തറി വ്യവസായങ്ങളിൽ ഏർപ്പെടുത്തിയ ക്ഷേമനിധികളിൽ നിന്നും ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വ്യവസായത്തിലൂടെ എത്ര പേർക്കു വീതം ആനുകൂല്യം നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ഈ സാമ്പത്തികവർഷത്തിൽ ആകെ 25577 പേർക്കു ആനുകൂല്യം കൊടുത്തു.

2. കേരള കയർ തൊഴിലാളി ക്ഷേമ നിധിയിൽനിന്നും 10 പേർക്കും കേരളാ കൈത്തറി തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 6 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

*Trainees in I. T. Is.*

730 [1214] **Shri Stephen Padua** : Will the Minister for Labour be pleased to state:

(a) the number of trainees in the I. T. Is. in the State ;

(b) the number of Anglo-Indian among them ?

*Answer*

(a) 10,132.

(b) Being collected.

വൃക്ഷങ്ങളിൽനിന്നു വീണു മരണപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം

731 [1215] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങ്, പനാ കമുക് എന്നീ ഒററത്തടി വൃക്ഷങ്ങളിൽ നിന്നും 1-4-1979–നുശേഷം വീണു മരണപ്പെടുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്തിട്ടുള്ളവർക്കു സാമ്പത്തിക സഹായം ലഭിക്കുന്നതിനു ഫെബ്രുവരി 26 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) അതിൽ എത്രപേർക്കു ധനസഹായം കൊടുത്തിട്ടുണ്ട് ; എന്തു തുക കൊടുത്തിട്ടുണ്ട് ;

(സി) ബാക്കിയുള്ള അപേക്ഷകർക്കു ഉടനടി കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(ഡി) 1-4-1979-നു മുൻപ് അപകടം സംഭവിച്ച ആൾക്കാർക്കു ആനുകൂല്യം കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തെങ്ങ്, പന, കമുക് എന്നീ ഒററത്തടി വൃക്ഷങ്ങളിൽ നിന്നും 1–4–1979–നുശേഷം വീണു മരണപ്പെടുകയോ, അംഗവൈകല്യം സംഭവിക്കുകയോ ചെയ്തിട്ടുള്ള തൊഴിലാളികളിൽ നിന്നും 28–2–1985 വരെ 1340 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ആകെ ലഭിച്ച 1340 അപേക്ഷകരിൽ 28-2-1985 വരെ 357 പേർക്കു ധനസഹായം കൊടുത്തിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 17,80,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സാമ്പത്തികശേഷിക്കനുസരിച്ച് അർഹമായവർക്കു ആനുകൂല്യം നൽകുവാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) 1-4-1979-നു മുൻപ് അപകടം സംഭവിച്ച ആൾക്കാർക്കു ആനുകൂല്യം നൽകാൻ തൽക്കാലം നിർവാഹമില്ല.

സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി പ്രകാരമുള്ള ലോൺ

732 [1216] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തുക എന്ന പദ്ധതിപ്രകാരം തൊഴിൽ വകുപ്പു മുഖേന കേരളത്തിൽ എത്രപേർക്ക് ലോൺ കൊടുത്തിട്ടുണ്ട് ;

(ബി) ഡിസ്ട്രിക്ട് അടിസ്ഥാനത്തിൽ ലോൺ നൽകിയിട്ടുള്ളവരുടെ എണ്ണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 28-2-1985 വരെ 43,206 പേർക്കു ലോൺ കൊടുത്തിട്ടുണ്ട്.

(ബി) ഡിസ്ട്രിക്ട് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്. †

സ്ട്രീററുലൈററുകൾ കത്തിക്കാത്ത പഞ്ചായത്തുകളും മുനിസിപ്പാലിററികളും

733 [1217] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴും സ്ട്രീററ്ലൈററുകൾ കത്തിക്കാത്ത എത്ര പഞ്ചായത്തുകളും മുനിസിപ്പാലിററികളും ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) ഡിസ്കണക്ട് ചെയ്തിരുന്ന കാലഘട്ടത്തേക്ക് കറൻറ് ചാർജ് ഈടാക്കുന്നുണ്ടോ ?

ഉത്തരം

(എ) സ്ട്രീററ്ലൈററുകൾ കത്തിക്കാത്ത നഗരസഭകൾ ഇപ്പോൾ ഒന്നും ഇല്ല. പഞ്ചായത്തുകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ച് വരുന്നു.

ഉത്തരം (എ) യുടെ വെളിച്ചത്തിൽ മുനിസിപ്പാലിററികളെ കുറിച്ച് ചോദ്യം ഉദിക്കുന്നില്ല. പഞ്ചായത്തുകളെ സംബന്ധിച്ച് വിവരം ശേഖരിച്ച് വരുന്നു.

ഗവൺമെൻറ് ഗ്രാൻറുകൾ അനുവദിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ

734 [1218] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള ഗവൺമെൻറ് ഗ്രാൻറുകൾ അനുവദിച്ചിട്ടില്ലാത്ത പഞ്ചായത്തുകൾ എത്രയുണ്ടെന്നും അത് ഏതൊക്കെയെന്നും വ്യക്തമാക്കാമോ ;

(ബി) മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്ന എത്ര പഞ്ചായത്തുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1984–85-ൽ എല്ലാ ഗ്രാൻറുകളും എല്ലാ പഞ്ചായത്തുകൾക്കും അനുവദിച്ചിട്ടില്ലെങ്കിലും ഏതെങ്കിലും ഗ്രാൻറ് അനുവദിച്ചിട്ടില്ലാത്ത ഒരു പഞ്ചായത്തും ഈ സംസ്ഥാനത്തില്ല.

(ബി) 31-12-1984-ലെ കണക്കനുസരിച്ച് 378 പഞ്ചായത്തുകൾ മൈനസ് ഫണ്ടിൽ പ്രവർത്തിക്കുന്നുണ്ട്.

## നന്നംമ്പ്ര പഞ്ചായത്തിൽ മിനി സ്റ്റേഡിയം

735 [1219] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ നന്നംമ്പ്ര പഞ്ചായത്തിൽ മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭൂമി അക്വയർ ചെയ്തതിലും ലക്ഷംവീട് നിർമ്മിച്ചതിലും വൻ അഴിമതി നടന്നിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ ;

(സി) എങ്കിൽ അന്വേഷണഫലം വ്യക്തമാക്കുമോ?

ഉത്തരം

(എ) നന്നംമ്പ്ര പഞ്ചായത്തിൽ മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭൂമി അക്വയർ ചെയ്തതിലും ലക്ഷം വീട് നിർമ്മിച്ചതിലും അഴിമതിയുണ്ടെന്ന് ആരോപിച്ചു കൊണ്ടുള്ള ഒരു പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തെക്കുറിച്ചന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിജിലൻസ് ഡിപ്പാർട്ടുമെൻറിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## കള്ളിക്കാട് പഞ്ചായത്തിലെ സ്റ്റേഡിയം

736 [1220] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട് പഞ്ചായത്തിൽ ഒരു മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ ഏതുവരെ എത്തിയെന്നും എപ്പോൾ പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ;

(ബി) സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിലേക്ക് ഗ്രാൻറിനത്തിൽ എന്തെങ്കിലും തുക കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കളളിക്കാട് പഞ്ചായത്തിന് ഒരു മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി 57.950 സെൻറ് സ്ഥലം റവന്യൂ വകുപ്പിൽ നിന്നും 5,995 രൂപ ക്രമത്തിന് വിട്ടുകിട്ടിയിട്ടുണ്ട്. സ്റ്റേഡിയത്തിൻെറ പണി തുടങ്ങിയിട്ടില്ല.

(ബി) സ്റ്റേഡിയം നിർമ്മിക്കുന്നതിന് വേണ്ടി ഗ്രാൻറ് നൽകണമെന്ന് പഞ്ചായത്ത് അപേക്ഷിച്ചിട്ടില്ല.

കട്ടിപ്പാറ കേന്ദ്രമായി ഒരു പഞ്ചായത്ത്

737. [1221] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പഞ്ചായത്ത് വിഭജിച്ച് കട്ടിപ്പാറ ആസ്ഥാനമായി പുതിയൊരു പഞ്ചായത്തു രൂപീകരിക്കുന്നത് സംബന്ധിച്ച് വല്ല നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കട്ടിപ്പാറ ആസ്ഥാനമായി ഒരു പഞ്ചായത്ത് രൂപീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദ്ദേശിക്കുന്നില്ല.

തിരുവാമ്പാടി പഞ്ചായത്ത് വിഭജനം

738. [1222] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവാമ്പാടി പഞ്ചായത്ത് വിഭജിച്ച് പുല്ലൂക്കുംപാറ ആസ്ഥാനമാക്കി ഒരു പഞ്ചായത്ത് രൂപീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ എത്രത്തോളമായി?

ഉത്തരം

തൽക്കാലം ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

നെല്ലിപ്പോയിൽ ആസ്ഥാനമായി ഒരു പഞ്ചായത്ത്

739. [1223] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോടഞ്ചേരി പഞ്ചായത്ത് വിഭജിച്ച നെല്ലിപ്പോയിൽ ആസ്ഥാനമായി ഒരു പഞ്ചായത്ത് രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ എത്രത്തോളമായി?

ഉത്തരം

തൽക്കാലം ഉദ്ദേശിക്കുന്നില്ല.

തിരുവല്ലാ റെയിൽവേ സ്റ്റേഷൻെറ പരിസര പ്രദേശങ്ങൾ വികസിപ്പിക്കുന്നതിന് നടപടി

740. [1224] ശ്രീ. പി. സി. തോമസ് (തിരുവല്ല): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലായുടെ ഒരു ഭാഗം മുനിസിപ്പാലിററിയിലും മററ് ഭാഗം മുനിസിപ്പാലിററിയാകാൻ വിധം വളർച്ച പ്രാപിച്ചിട്ടില്ലാത്ത

കുററപ്പുഴ പഞ്ചായത്തും ആകയാൽ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന തിരുവല്ലാ റെയിൽവേ സ്റേറഷന്റെ പരിസര പ്രദേശങ്ങൾ വികസിപ്പിക്കുന്നതിനും മററും മുനിസിപ്പാലിററിയ്ക്ക് മാർഗ്ഗമില്ലാതെ വിഷമിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുററപ്പുഴ പഞ്ചായത്ത് തിരുവല്ല മുനിസിപ്പാലിററിയോട് ചേർക്കണമെന്ന് ജനപ്രതിനിധികളും റവന്യൂ വകുപ്പും ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള അടുത്ത തിരഞ്ഞെടുപ്പിന് മുൻപായി കുററപ്പുഴ പഞ്ചായത്ത് തിരുവല്ലാ മുനിസിപ്പാലിററിയോട് ചേർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീ. പി. സി. തോമസ് (തിരുവല്ല) എം. എൽ. എ. ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. റവന്യൂവകുപ്പിന്റെ ശുപാർശകൾ ഒന്നും കിട്ടിയിട്ടില്ല.

(സി) എല്ലാവശങ്ങളും പരിഗണിച്ച ശേഷം മാത്രമേ തീരുമാനം കൈക്കൊള്ളുകയുള്ളൂ.

## தலைநகரில் தமிழ்ச் சங்கம் ரோடு

## (Tamil Sanghom Road in Trivandrum)

741 [1225] ஸ்ரீ. ஜி. வரதன் : கீழ்காணும் வினுக்களுக்கு உள்ளாட்சித் துறைமந்திரி தயைகூர்ந்து விடை நல்குவாரா :

(எ) திருவனந்தபுரம் தலைநகரில் திருவனந்தபுரம் தமிழ்ச்சங்கமிருக்கும் கிள்ளிப்பாலம் C. I. T. ரோடை தமிழ்ச் சங்கம் ரோடு என மாற்றக்கோரி வேண்டுகோள் ஏதாவது வந்துள்ளதா ;

(பி) ஆம் எனில் அதன்மேல் அரசு எடுத்த நடவடிக்கையென்ன ;

(சி) புதுடில்லி, கல்கத்தா போன்று திருவனந்தபுரத்திலும் தமிழ்ச் சங்கமிருக்கும் ரோடை தமிழ்ச் சங்கம் ரோடு என மாற்ற அரசு முன் வருமா ?

## ഇരിഞ്ഞാലക്കുട ശുദ്ധജലവിതരണ പദ്ധതി

742 [1226] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിഞ്ഞാലക്കുട ശുദ്ധജലവിതരണ പദ്ധതി ഇരിഞ്ഞാലക്കുട മുനിസിപ്പാലിററിക്ക് മാത്രമായി നിലനിർത്തിക്കൊണ്ട് സമീപ പഞ്ചായത്തുകളിലേക്ക് പ്രത്യേക ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് നടപടികൾ എടുക്കുമോ ;

(ബി) എടുക്കുമെങ്കിൽ ഈ പദ്ധതിയുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ കാര്യം ഇപ്പോഠം പരിഗണനയിലുണ്ട്.

(ബി) ഇൻവെസ്റ്റിഗേഷൻ നടത്തി കഴിഞ്ഞതിനുശേഷമേ കൂടുതൽ വിവരങ്ങഠം വെളിപ്പെടുത്താൻ കഴിയുകയുള്ളൂ.

ചൊക്ലി, കോടിയേരി വില്ലേജുകളിൽ ശുദ്ധജലവിതരണ പദ്ധതി

743. [1227] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങഠംക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലുള്ള തലശ്ശേരിയിലെ ചൊക്ലി, കോടിയേരി വില്ലേജുകളിൽ ശുദ്ധജലവിതരണ പദ്ധതികഠം നടപ്പാക്കുന്നതിന് പ്രോബ്ലം വില്ലേജ് സ്കീമിൽ ഉഠംപ്പെടുത്തിയ പദ്ധതികഠം കേന്ദ്രഗവൺമെന്റിന്റെ അനുമതിയ്ക്കായി അയച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനം ഏത് സ്റ്റേജിലാണ് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രഗവൺമെന്റ് അംഗീകാരം ലഭിച്ചതിനുശേഷമേ പ്രവർത്തനം ആരംഭിക്കുകയുള്ളൂ.

പുളിമാത്ത് പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

744. [1228] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങഠംക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉഠംപ്പെട്ടിട്ടുള്ള പുളിമാത്ത് പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി മൊത്തം എത്ര മീററർ പൈപ്പുലൈനുകഠം സ്ഥാപിച്ചിട്ടുണ്ട് ;

(ബി) എത്ര കുഴൽകിണറുകഠം കുഴിച്ചിട്ടുണ്ട് ;

(സി) ഇതുമൂലം മൊത്തം എത്ര കുടുംബങ്ങളുടെ ശുദ്ധജലപ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) ഇതിലേക്കുവേണ്ടി ഇതുവരെ മൊത്തം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പഞ്ചായത്തിൽ പുതിയതായി ഏതെല്ലാം സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(എഫ്) എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(ജി) പഞ്ചായത്തിലെ അവശേഷിക്കുന്ന സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണപദ്ധതി തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 26.40 കി. മീ.

(ബി) 4 എണ്ണം

(സി) ഏകദേശം 8000 ജനങ്ങഠംക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) 17.36 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഇ,എഫ്,ജി) ഈ പഞ്ചായത്തിന്റെ ഭൂരിഭാഗസ്ഥലങ്ങളിലും ശുദ്ധജലമെത്തിക്കാനുള്ള സമഗ്ര പദ്ധതി ആരംഭിച്ചുകഴിഞ്ഞു.

മുദാക്കൽ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

745 [1229] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള മുദാക്കൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ മൊത്തം എത്ര മീററർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട് ;

(ബി) എത്ര കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട് ;

(സി) ഇതുമൂലം മൊത്തം എത്ര കുടുംബങ്ങളുടെ ശുദ്ധജല പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിലേയ്ക്കുവേണ്ടി ഇതുവരെ മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പഞ്ചായത്തിൽ പുതിയതായി ഏതെല്ലാം സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(എഫ്) എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്താമാക്കാമോ ;

(ജി) പഞ്ചായത്തിലെ അവശേഷിക്കുന്ന സ്ഥലങ്ങളിൽ കൂടി ശുദ്ധജല വിതരണ പദ്ധതി തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 51.80 കി. മീററർ പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്.

(ബി) 8 എണ്ണം.

(സി) 10,000 ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(ഡി) 18.33 ലക്ഷം ക.

(ഇ,എഫ്,ജി) മുദാക്കൽ, ഇളമ്പ എന്നീ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാനുള്ള പദ്ധതിയുടെ പണി ആരംഭിച്ചു കഴിഞ്ഞു. മററ് പ്രദേശങ്ങളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാം.

നഗരൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

746 [1230] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള നഗരൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ മൊത്തം എത്ര മീററർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട് ; എത്ര കുഴൽ കിണറുകൾ കുഴിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം മൊത്തം എത്ര കുടുംബങ്ങളുടെ ശുദ്ധജലപ്രശ്നം പരിഹരിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിലേയ്ക്കുവേണ്ടി എന്തുതുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പഞ്ചായത്തിൽ പുതിയതായി ഏതെല്ലാം സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) പഞ്ചായത്തിലെ അവശേഷിക്കുന്ന സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതി തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നഗരൂർ ശുദ്ധജലവിതരണ പദ്ധതിയ്ക്കുവേണ്ടി 4 കി. മീററും വെള്ളല്ലൂർ ശുദ്ധജലവിതരണത്തിനുവേണ്ടി 14 കി. മീററും പൈപ്പുലൈൻ നീട്ടിയിട്ടുണ്ട്. കൂടാതെ 4 കുഴൽകിണറുകളും കുഴിപ്പിച്ചിട്ടുണ്ട്.

(ബി) ഇപ്പോഴും 1,000 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. പുരോഗതിയിലിരിക്കുന്ന രണ്ട് പദ്ധതികളും പൂർത്തിയാക്കുമ്പോൾ 20,000 ജനങ്ങൾക്ക് പ്രയോജനം ലഭിക്കും.

(സി) 12.09 ലക്ഷം രൂപ.

(ഡി, ഇ) വെള്ളല്ലൂർ ശുദ്ധജലവിതരണ പദ്ധതിയുടെ പണി പുരോഗതിയിലാണ്.

(എഫ്) പരിഗണിക്കാം.

പഴയകുന്നുമ്മേൽ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

747 [1231] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പഴയകുന്നുമ്മേൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ മൊത്തം എത്ര മീററർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട് ; എത്ര കുഴൽ കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം എത്ര കുടുംബങ്ങളുടെ ശുദ്ധജലപ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലേക്ക് എന്തുതുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പഞ്ചായത്തിൽ പുതിയതായി ഏതെല്ലാം സ്ഥലങ്ങളിൽ കൂടി ശുദ്ധജല വിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു;

(ഇ) എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) പഞ്ചായത്തിലെ അവശേഷിക്കുന്ന സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതി തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6.50 കി. മീററർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 11 കുഴൽ കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്.

(ബി) 8,750 ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) 5.75 ലക്ഷം രൂപ

(ഡി) ഇൻവെസ്ററിഗേഷൻ നടത്തികഴിഞ്ഞാൽ മാത്രമേ അതറിയുവാൻ സാധിക്കുകയുള്ളൂ.

(ഇ) ഇൻവെസ്ററിഗേഷൻ 1985-,86-ൽ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(എഫ്) പരിഗണിക്കാം.

കിളിമാനൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

748 * [1232] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള കിളിമാനൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമെന്നനിലയിൽ മൊത്തം എത്ര മീററർ പൈപ്പു ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട് ; എത്ര കുഴൽക്കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട് ;

(ബി) ഇതുമൂലം മൊത്തം എത്ര കുടുംബങ്ങൾക്ക് ശുദ്ധജല പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിലേക്കുവേണ്ടി എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പഞ്ചായത്തിൽ പുതിയതായി ഏതെല്ലാം സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(ഇ) എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) പഞ്ചായത്തിലെ അവശേഷിക്കുന്ന സ്ഥലങ്ങളിൽ കൂടി ശുദ്ധജല വിതരണ പദ്ധതി തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11.30 കി. മീ. പൈപ്പു ലൈൻ ഇട്ടിട്ടുണ്ട്. 15 കുഴൽകിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്.

(ബി) 10.700 ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) 11.50 ലക്ഷം രൂപ

(ഡി,ഇ) പുല്ലൂർ എന്ന സ്ഥലത്ത് പുതിയതായി ഒരു പദ്ധതി 1985-86-ൽ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(എഫ്) പരിഗണിക്കാം.

മടവൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

749 [1233] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള മടവൂർ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ മൊത്തം എത്ര മീററർ പൈപ്പു ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം മൊത്തം എത്ര കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലേക്കുവേണ്ടി എന്തുതുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) മടവൂർ പഞ്ചായത്തിൽ ഇനിയും ശുദ്ധജലം ലഭ്യമായിട്ടില്ലാത്ത സ്ഥലങ്ങളിൽ കൂടി ശുദ്ധജലം ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 9 കി. മീ. പൈപ്പുലൈൻ ഇടുകയും, 14 കുഴൽ കിണറുകൾ കുഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 18,500 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

(സി) 11.13 ലക്ഷം രൂപ

(ഡി) പരിഗണിക്കാം.

കരവാരം പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

750 [1234] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള കരവാരം പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി മൊത്തം എത്രമീററർ പൈപ്പുലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, എത്ര കുഴൽ കിണറുകൾ കുഴിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) ഇതുകൊണ്ട് മൊത്തം എത്ര കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) ശുദ്ധജലവിതരണത്തിലേക്കുവേണ്ടി കരവാരം പഞ്ചായത്തിൽ എന്തുതുക ചിലവായിട്ടുണ്ട് ;

(ഡി) ഈ പഞ്ചായത്തിൽ പുതിയതായി ഏതെല്ലാം സ്ഥലങ്ങളിൽ കൂടി ശുദ്ധജല വിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(ഇ) എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) കരവാരം പഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കിയിട്ടില്ലാത്ത സ്ഥലങ്ങളിൽകൂടി ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6 കി. മീ. പൈപ്പുലൈൻ ഇട്ടിട്ടുണ്ട്. 5 കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്.

(ബി) 7750 ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) 17.28 ലക്ഷം രൂപ

(ഡി,ഇ,എഫ്) പഞ്ചായത്തിന്റെ ഭൂരിഭാഗപ്രദേശത്തും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആരംഭിച്ചിട്ടുണ്ട്.

നാവായിക്കുളം പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി

751 [1235] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള നാവായിക്കുളം പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി മൊത്തം എത്ര മീററർ പൈപ്പു ലൈനുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും എത്ര കുഴൽക്കിണറുകൾ കുഴിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം മൊത്തം എത്ര കുടുംബങ്ങളുടെ ശുദ്ധജല പ്രശ്നം പ്രസ്തുത പഞ്ചായത്തിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(സി) ഇതിലേക്കുവേണ്ടി ഇതുവരെ മൊത്തം എന്തു തുക ചെലവായിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) ഈ പഞ്ചായത്തിൽ പുതിയതായി ഏതെല്ലാം സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(ഇ) അവ എന്നത്തേക്ക് തുടങ്ങുമെന്നു വ്യക്തമാക്കാമോ ;

(എഫ്) ഈ പഞ്ചായത്തിലെ അവശേഷിക്കുന്ന സ്ഥലങ്ങളിൽക്കൂടി ശുദ്ധജല വിതരണ പദ്ധതി തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11 കി. മീ. പൈപ്പു ലൈൻ ഇട്ടിട്ടുണ്ട്. നാലു കുഴൽക്കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്.

(ബി) 13000 ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) 12.13 ലക്ഷം രൂപ

(ഡി, ഇ) 1985-86-ൽ കിഴക്കനേല എന്ന സ്ഥലത്ത് പുതിയതായി ഒരു പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(എഫ്) പരിഗണിക്കാം.

പള്ളിക്കൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

752 [1236] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പള്ളിക്കൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമെന്ന നിലയിൽ മൊത്തം എത്ര മീററർ പൈപ്പു ലൈൻ സ്ഥാപിച്ചിട്ടുണ്ട് ; എത്ര കുഴൽ കിണറുകൾ കുഴിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം മൊത്തം എത്ര കുടുംബങ്ങളുടെ ശുദ്ധജലപ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിലേക്കുവേണ്ടി എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പഞ്ചായത്തിൽ പുതിയതായി ഏതെല്ലാം സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതിതുടങ്ങാൻ ഉദ്ദേശിക്കുന്നു ;

(ഇ) എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) പഞ്ചായത്തിലെ അവശേഷിക്കുന്ന സ്ഥലങ്ങളിൽ കൂടി ശുദ്ധജലവിതരണ പദ്ധതി തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 800 മീററർ പൈപ്പു ലൈൻ ഇട്ടു. 2 കുഴൽക്കിണറുകൾ കുഴിപ്പിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) 1000 ജനങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) 2.55 ലക്ഷം രൂപ

(ഡി, ഇ, എഫ്) ഈ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തും ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു സമഗ്രപദ്ധതിയുടെ പണി ആരംഭിച്ചു കഴിഞ്ഞു.

കുമ്പളം പഞ്ചായത്തിലെ വിവിധ ദ്വീപുകളിലെ ശുദ്ധജല വിതരണം

753 [1237] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളം പഞ്ചായത്തിലെ വിവിധ ദ്വീപുകളിൽ ശുദ്ധജല വിതരണം വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉപ്പുവെള്ളത്താൽ ചുററപ്പെട്ട ദ്വീപസമൂഹങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിന് മുൻഗണന നൽകാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പരിഗണിക്കാം.

കുമ്പളം പഞ്ചായത്തിലെ കായലോരങ്ങളിലെ ശുദ്ധജല വിതരണം

754 [1238] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പളം പഞ്ചായത്തിലെ ഉദയത്തുംവാതിൽ ക്ഷേത്രത്തിനു സമീപത്തും അതിന്റെ കിഴക്കുവശത്തുള്ള കായലോരത്തും ശുദ്ധജലം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) എസ്റ്റിമേററ് തയ്യാറാക്കി ജില്ലാകളക്ടർക്ക് സാങ്ഷനു വേണ്ടി അയച്ചിട്ടുണ്ട്. അത് ലഭ്യമായതിനുശേഷം നടപടികൾ സ്വീകരിക്കാം.

നെതർലാൻഡ് ഗവ: ന്റെ സഹായത്തോടുകൂടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾ

755 [1239] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെതർലാൻഡ് ഗവൺമെൻറിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കി ;

(ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് ഇതനുസരിച്ച് പദ്ധതി നടപ്പിലാക്കിയത് ;

(സി) നെതർലാൻഡ് ഗവൺമെൻറിൽനിന്നും ഇതനുസരിച്ച് എത്ര രൂപ ലഭിക്കുകയുണ്ടായി ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 22 പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുന്ന പദ്ധതികളുടെ പണികൾ തുടങ്ങിയിട്ടുണ്ട്. 10 പഞ്ചായത്തുകൾക്ക് പ്രയോജനപ്പെടുന്ന പദ്ധതികളുടെ പണികൾ ഉടനെ ആരംഭിക്കുന്നതാണ്.

(ബി) വക്കം, അഞ്ചുതെങ്ങ് ശുദ്ധജല വിതരണ പദ്ധതി 1985-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി വക്കം, കടയ്ക്കാവൂർ, അഞ്ചുതെങ്ങ്, ചിറയിൻകീഴ്, കീഴുവള്ളം, അഴൂർ എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ളതാണ്.

(സി) ഇതുവരെ 355.15 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

കുററ്യാടി പ്രദേശത്തെ ശുദ്ധജലവിതരണ സ്തംഭനം

756 [1240] ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടു മോട്ടോറിന് കേടു വന്നിട്ടും അധികൃതർ ശ്രദ്ധിക്കാത്തതുകാരണം കുററ്യാടി ആശുപത്രിയിലും ക്വാർട്ടേഴ്സിലും ടൗണിന്റെ മററു ഭാഗങ്ങളിലും ശുദ്ധജലവിതരണം സ്തംഭിച്ച വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രാത്രി കാലങ്ങളിൽ പമ്പ് ഓപ്പറേററെ നിയമിക്കാൻ പഞ്ചായത്ത് തയ്യാറായിട്ടും അധികൃതർ അനുമതി നിഷേധിക്കുകയുണ്ടായോ ;

(സി) എങ്കിൽ അതിന്റെ കാരണത്തെപ്പററി അന്വേഷിപ്പിക്കാമോ ?

ഉത്തരം

(എ) ഒരു മോട്ടോർ റിപ്പയർ ചെയ്ത് അത് ഉപയോഗിച്ച് പമ്പു ചെയ്യുന്നുണ്ട്. മറെറാന്ന് റിപ്പയർ ചെയ്ത് കിട്ടിയിട്ടില്ല. കിണററിൽ വെള്ളം കുറവായതിനാൽ ഫുൾടൈം പമ്പു ചെയ്യാൻ സാധിക്കുന്നില്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

തിരുവനന്തപുരം ജില്ലയിലെ ചെറുകിട ജലസേചനം

757 [1241] ശ്രീ. വി. കെ. രാജൻ :
,, കെ. ടി. കണാരൻ :
,, കാനം രാജേന്ദ്രൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. കെ. കേശവൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയ്ക്ക് 1984-85 വർഷത്തിൽ ചെറുകിട ജലസേചനത്തിന് അനുവദിച്ചിട്ടുള്ള തുക എത്ര ;

(ബി) നടപ്പുവർഷം കുളങ്ങൾ, ചിറകൾ, തോടുകൾ തുടങ്ങിയ എത്ര ചെറുകിട ജലസേചന വർക്കുകൾ ആരംഭിച്ചുവെന്ന് താലൂക്കു തിരിച്ച് പ്രസ്താവിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയ്ക്ക് 1984-85 വർഷത്തിൽ ചെറുകിട ജലസേചനപദ്ധതികളുടെ പണിക്കുവേണ്ടിയും തീർന്ന പദ്ധതികളുടെ അററകുററ പണിക്കുവേണ്ടിയും വെള്ളപ്പൊക്ക കെടുതി നിവാരണ ജോലികൾക്കു വേണ്ടിയും 90·237 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) താലൂക്കു തിരിച്ചുള്ള വിവരം താഴെ കാണാവുന്നതാണ്.

തിരുവനന്തപുരം ജില്ലയിൽ നടപ്പു വർഷത്തിൽ തുടങ്ങിയ ചെറുകിട ജലസേചന ജോലികളുടെ താലൂക്കു തിരിച്ചുള്ള വിവരങ്ങൾ

| താലൂക്ക് | ആരംഭിച്ച് പദ്ധതികളുടെ എണ്ണം | | |
|---|---|---|---|
| | തോട് | ചിറ | കുളം |
| ചിറയിൻകീഴ് | 4 | 2 | 1 |
| നെടുമങ്ങാട് | 6 | .. | 1 |
| തിരുവനന്തപുരം | 6 | .. | 4 |
| നെയ്യാററിൻകര | 6 | .. | 6 |

തത്തനംപള്ളി ലിഫ്ററ് ഇറിഗേഷൻ

758 [1242] ശ്രീ. കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽപ്പെട്ട തത്തനംപള്ളി ലിഫ്ററ് ഇറിഗേഷന്റെ പ്രവർത്തനം എന്തായി ;

(ബി) എപ്പോൾ ഇതിന്റെ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തത്തനംപള്ളി ലിഫ്ററ് ഇറിഗേഷൻ പദ്ധതിയുടെ പണി തുടങ്ങി.

(ബി) അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

കൊടുമുണ്ട പൂവ്വക്കുഴി ലിഫ്ററ് ഇറിഗേഷൻ

759 [1244] ശ്രീ. കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽപ്പെട്ട കൊടുമുണ്ട പൂവ്വക്കുഴി ലിഫ്ററ് ഇറിഗേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്നാണ് ആരംഭിക്കുക ;

(സി) എന്നു പണി പൂർത്തിയാകും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. പ്രാഥമിക അന്വേഷണം പൂർത്തിയാക്കി വിശദമായ എസ്റ്റിമേററ് തയ്യാറാക്കികൊണ്ടിരിക്കുകയാണ്.

(ബി) അടുത്ത സാമ്പത്തിക വർഷത്തിൽ പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പണി ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു.

മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി

760 [1246] ശ്രീ. ലോനപ്പൻ നമ്പാടൻ :

,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതിക്ക് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം ലഭിച്ചുവോ ;

(ബി) അംഗീകാരം ലഭിച്ചുവെങ്കിൽ ഈ പദ്ധതിയുടെ പണി എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതിയുടെ പണി പൂർത്തിയാകുമ്പോൾ എത്ര ഹെക്ടർ സ്ഥലത്തുനിന്നും കർഷകരെ കുടിയൊഴിപ്പിക്കേണ്ടതായി വരും ;

(ഡി) ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെടേണ്ട കർഷകർക്ക് ഉടൻതന്നെ പകരം ഭൂമി ന കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ട് കേന്ദ്ര ജല കമ്മീഷൻെറ പരിശോധനയിലാണ്.

(ബി) കേന്ദ്ര അംഗീകാരം ലഭിച്ചില്ലെങ്കിലും ആഫീസുകൾ ക്വാർട്ടേഴ്സുകൾ, അപ്രോച്ചു റോഡുകൾ തുടങ്ങിയ പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെൻറ് അനുമതി നൽകിയതിനെ തുടർന്നു നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്ലാനിംഗ് കമ്മീഷൻെറ അംഗീകാരം ലഭിക്കുകയും ആവശ്യമായ തുക ലഭ്യമാവുകയും ചെയ്തതോടുകൂടി മററുപണികളും ആരംഭിക്കാൻ കഴിയും.

(സി) പദ്ധതിയുടെ പണി പൂർത്തിയാകുമ്പോൾ ജലസംഭരണിക്കുവേണ്ടി ഏകദേശം 228 ഹെക്ടർ ഭൂമിയും കനാലുകൾക്കുവേണ്ടി 210 ഹെക്ടർ ഭൂമിയും ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ ജല സംഭരണിക്കുവേണ്ടിയുള്ള സ്ഥലത്തുനിന്നും പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന 72 കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടതായിട്ടുണ്ട്. കനാലുകൾക്കുവേണ്ടിയുള്ള സ്ഥലത്തിൻെറ സർവ്വേ പൂർത്തിയായിട്ടില്ല.

(ഡി) പുറമ്പോക്കിൽ താമസിക്കുന്നവരെ കുടിയൊഴിപ്പിക്കുമ്പോൾ പകരം ഭൂമി നൽകുന്ന പ്രശ്നം അതാതവസരങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനമെടുക്കുകയാണ് പതിവ്.

LIBRARY ARCHIVES Kerala Legislative Assembly

മൂവാററുപുഴ വാലി ഇറിഗേഷൻ പദ്ധതി

761 [1247] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാററുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ;

(ബി) ഈ പദ്ധതിക്കുവേണ്ടി കുടി ഒഴിപ്പിക്കേണ്ട എല്ലാവർക്കും ലാൻറ് അക്വിസിഷൻ അനുസരിച്ച് തുക നൽകിയോ ;

(സി) ഇതിനു വേണ്ടിവന്ന തുകയെത്ര ;

(ഡി) മൂവാററുപുഴ വാലി ഇറിഗേഷൻ പദ്ധതി പൂർത്തിയാകുമ്പോഴും എന്തുതുക ചെലവാകുമെന്നാണ് ഗവൺമെൻറ് കണക്കാക്കിയിരിക്കുന്നത് ;

(ഇ) ഇതിൽ എന്തുതുക കേന്ദ്രം നൽകും; എന്തു തുക ലോക ബാങ്ക് നല്കും ; എന്തുതുക സ്റേററു വഹിക്കേണ്ടതായി വരും ?

ഉത്തരം

(എ) മൂവാററുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ പണി 1989-90 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി സ്ഥലമെടുക്കുമ്പോഴും ഭൂമിയുടെ ഉടമസ്ഥർക്ക് സ്ഥലമെടുപ്പ് നിയമമനുസരിച്ച് നല്കേണ്ട നഷ്ട പരിഹാരം നല്കുന്നുണ്ട്. പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്നവർക്ക് നൽകേണ്ട നഷ്ട പരിഹാരത്തെപ്പററി തീരുമാനമെടുത്തിട്ടില്ല.

(സി) നഷ്ടപരിഹാരം നൽകുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുത്തതിനുശേഷമേ ചിലവു കണക്കാക്കാൻ സാധിക്കുകയുള്ളു.

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ 4808 ലക്ഷം രൂപ ചെലവാകുമെന്നാണ് 1980-ലെ Schedule of rates അനുസരിച്ച് കണക്കാക്കിയിട്ടുള്ളത്.

(ഇ) കേന്ദ്രം ഒരു പ്രത്യേക പദ്ധതിക്കായി തുക അനുവദിക്കാറില്ല. അത് പൊതുവേ സംസ്ഥാനത്തിന്റെ പദ്ധതികൾക്ക് കേന്ദ്ര സഹായമായി ലഭിക്കുന്നതാണ്. ലോകബാങ്കിന്റെ സഹായം ഇതുവരെ ഈ പദ്ധതിക്ക് ലഭ്യമായിട്ടില്ല.

ഏനാദിമംഗലം-കലഞ്ഞൂർ വാട്ടർസപ്ലൈ സ്കീമിന്റെ പണി

762 [1248] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏനാദിമംഗലം-കലഞ്ഞൂർ വാട്ടർസപ്ലൈ സ്കീമിന്റെ പണി ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

(ബി) ഇതിലേക്ക് വകയിരുത്തിയിട്ടുള്ള തുകയെത്ര ;

(സി) രണ്ടു പഞ്ചായത്തുകളിലേയും ജലദൗർലഭ്യം പരിഹരിക്കാൻ ഈ സ്കീമിന് കഴിയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏററവും കൂടുതൽ ജലദൗർലഭ്യം അനുഭവിക്കുന്ന കലഞ്ഞൂർ പഞ്ചായത്തിലെ ജനങ്ങൾക്ക് വെള്ളം ലഭിക്കുന്നതിനുള്ള സ്കീം ഉടൻ തന്നെ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 131.5 ലക്ഷം രൂപയുടെ എസ്ററിമേററ് തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) തുക കേന്ദ്ര ഗവൺമെൻറിൽ നിന്നുമാണ് ലഭിക്കേണ്ടത്.

(സി) കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കേന്ദ്ര ഗവൺമെൻറിൽ നിന്നും അംഗീകാരം ലഭിച്ചാലുടൻ നടപടി സ്വീകരിക്കാം.

നാദാപുരം തുടങ്ങിയ പഞ്ചായത്തുകളിലെ കുഴൽ കിണറുകൾ

763 [1249] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നരിപ്പററ, വളയം, കാവിലുംപാറ, എടശ്ശേരി, തൂണേരി കായക്കൊടി എന്നീ പഞ്ചായത്തുകളിൽ കുഴൽക്കിണറുകൾ കുഴിക്കുവാനുള്ള സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിൽ, എത്രയെണ്ണം;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പഞ്ചായത്തുകളിൽ കുഴൽ കിണറുകൾ കുഴിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നരിപ്പററ, വളയം, എടശ്ശേരി, തൂണേരി എന്നിവിടങ്ങളിൽ സർവ്വേ നടത്തിയിട്ടുണ്ട്. മററു പഞ്ചായത്തുകളിൽ സർവ്വേ നടത്തിയിട്ടില്ല.

(ബി, സി, ഡി) നരിപ്പററ, തൂണേരി, വളയം, എടശ്ശേരി എന്ന പഞ്ചായത്തുകളിൽ കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്. മററു സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ കുഴിപ്പിക്കുന്ന കാര്യം പരിഗണിക്കാം.

നെയ്യാററിൻകര നിയോജക മണ്ഡലത്തിലെ കുഴൽ കിണറുകൾ

764 [1250] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാററിൻകര നിയോജക മണ്ഡലത്തിൽ 1985 മാർച്ച് വരെ എത്ര കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി എന്തു തുക ചെലവാക്കിയെന്നും വ്യക്തമാക്കാമോ;

(ബി) ഹരിജൻ കോളനികളിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് കുറഞ്ഞത് ഓരോ കുഴൽ കിണർ വീതമെങ്കിലും കുഴിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 1985 മാർച്ച് വരെ 46 കുഴൽ കിണറുകൾ കുഴിച്ചിട്ടുണ്ട്. അതിന് വേണ്ടി 9.2 ലക്ഷം രൂപ ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1985-86-ലെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹരിജൻ കോളനികളിൽ കുഴൽ കിണർ കുഴിപ്പിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു.

കോന്നി നിയോജക മണ്ഡലത്തിലെ കുഴൽക്കിണറുകൾ

765 [1251] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജക മണ്ഡലത്തിൽ നാളിതുവരെ നിർമ്മിക്കപ്പെട്ടിട്ടുള്ള കുഴൽ കിണറുകൾ എത്ര ;

(ബി) അവയിൽ ഹരിജൻകോളനികളിൽ നിർമ്മിക്കപ്പെട്ട കുഴൽക്കിണറുകൾ എത്ര ;

(സി) അവ ഏതെല്ലാം കോളനികളിൽ ;

(ഡി) ഇവയിൽ ഹാൻഡ് പമ്പുകൾ വയ്ക്കാത്തതിന്റെ ഫലമായി പ്രവർത്തിപ്പിക്കാൻ കഴിയാത്ത കുഴൽ കിണറുകൾ ഉണ്ടോ ;

(ഇ) ഉണ്ടെങ്കിൽ പമ്പു ഫിററുചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(എഫ്) ധാരാളം വെള്ളം കിട്ടുന്ന കുഴൽ കിണറുകളിൽ നിന്നും പൈപ്പുകൾ വഴി വെള്ളം നൽകുന്നതിനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ ;

(ജി) എങ്കിൽ അതിലേക്കുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ?

ഉത്തരം

(എ) 22 എണ്ണം.

(ബി) 22 എണ്ണം

(സി) ലിസ്ററ് അനുബന്ധമായി ചേർത്തിട്ടുണ്ട് †

(ഡി ഉണ്ട് 15 എണ്ണം.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

(എഫ്, ജി) പൈപ്പുകൾ വഴി വെള്ളം വിതരണം ചെയ്യത്തക്ക കുഴൽ കിണറുകൾ ഒന്നുംതന്നെയില്ല.

കുടിവെള്ളത്തിന്റെ ഗുണനിലവാരം

766 [1252] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വെള്ളവുമായി ബന്ധമുള്ള എത്ര ഗവേഷണ സ്ഥാപനങ്ങൾ ഉണ്ട് ;

(ബി) ഈ സ്ഥാപനങ്ങൾ കുടിവെള്ളത്തിന്റെ ഗുണനിലവാരം നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ശുദ്ധജലവിതരണ പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം നിശ്ചയിക്കാൻ ഈ സ്ഥാപനങ്ങളോടാവശ്യപ്പെടുമോ ;

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുട്ടനാട്ടുകാർ കുടിക്കാനും കുളിക്കാനും ഉപയോഗിക്കുന്ന വെള്ളത്തിൽ അപകടപരിധിയുടെ ആയിരം ഇരട്ടി രോഗാണുക്കൾ ഉണ്ടെന്നും അതുമൂലമാണവിടെ അതിസാരവും വയറിളക്കവും ഉണ്ടാകുന്നതെന്നും ആലപ്പുഴ മെഡിക്കൽ കോളേജിലെ വിദഗ്ദ്ധസംഘം അഭിപ്രായപ്പെട്ട വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ കാര്യത്തെപ്പററി എന്തു നടപടികളാണ് കൈക്കൊണ്ടത്?

ഉത്തരം

(എ) ഈ വകുപ്പിന്റെ കീഴിൽ ഗവേഷണ സ്ഥാപനങ്ങളില്ല.

(ബി) കുടിവെള്ളത്തിന്റെ ഗുണനിലവാരം പബ്ലിക് ഹെൽത്ത് മാനുവൽ അനുസരിച്ച് നിശ്ചയിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## മീനച്ചിലാറിന്റെ ഇടതുവശം സംരക്ഷിക്കുന്നതിനുള്ള പണികൾ

767 [1255] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനച്ചിലാറിന്റെ ഇടതുവശം നീറിക്കാട് മുതൽ പുന്നത്തുറവരെ സംരക്ഷിക്കുന്നതിനുള്ള പണികൾ നടത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ എസ്ററിമേററ് എത്രയെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പണി എത്രയും വേഗം ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മീനച്ചിൽ ആറിന്റെ ഇടതുകരയിൽ അയർകുന്നം പഞ്ചായത്തിൽ നീറിക്കാട്ടു മുതൽ അരുമാനൂർ വരെയുള്ള ഭാഗം കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കുകയും അത് വെള്ളപ്പൊക്ക നിവാരണ സാങ്കേതിക ഉപദേശകസമിതി ചില നിബന്ധനകൾക്കു വിധേയമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിബന്ധനകൾ പൂർത്തീകരിച്ചാൽ ഉടൻ എസ്ററിമേററിനു ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) ടി പദ്ധതിയുടെ എസ്ററിമേററ് തുക 10.51 ലക്ഷം രൂപയാണ്.

(സി) ടി പദ്ധതിയുടെ എസ്ററിമേററിന് ഭരണാനുമതി നൽകിയാലുടൻ പണി ആരംഭിക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly

ഇടമലയാർ ജലസേചനപദ്ധതിക്കുവേണ്ടി വാങ്ങിയ സിമന്റും കമ്പിയും

768 [1256] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ജലസേചന പദ്ധതിക്കുവേണ്ടി വാങ്ങിയ 15,705 ചാക്കു സിമന്റും 196 ടൺ കമ്പിയും സ്റ്റോറാക്കു ചെയ്തത് ഉപയോഗിക്കാതെ കിടക്കുന്നുണ്ടോ;

(ബി) പ്രസ്തുത പണി ഇപ്പോൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) സിമന്റും കമ്പിയും നശിച്ചുപോകാതെ അത് മററു പണികൾക്കായി ഉപയോഗിക്കുവാൻ തടസ്സം ഉണ്ടോ.

ഉത്തരം

(എ) ഇടമലയാർ ജലസേചനപദ്ധതിക്കുണ്ടി വാങ്ങിയ സിമന്റും കമ്പിയും പെരിയാർവാലി, മൂവാററുപുഴവാലി തുടങ്ങിയ മററു ജലസേചനപദ്ധതിക്കുവേണ്ടി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ശേഷിക്കുന്ന 3695 ചാക്ക് സിമന്റും 157 ടൺ കമ്പിയും മേൽ പറഞ്ഞ പദ്ധതികളുടെ ആവശ്യത്തിനുവേണ്ടി കൊടുക്കുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രധാന കനാലിന്റെ പണികൾ താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണ്. പദ്ധതി നിർദ്ദേശങ്ങൾ പുനരവലോകനം ചെയ്തു പദ്ധതി ചിലവ് കുറയ്ക്കുവാനും വനഭൂമിയുടെ ആവശ്യം കുറയ്ക്കുവാനും സാധിക്കുമോ എന്നുള്ളൊരു പഠനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതിനാലാണ് ഈ പണി താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്.

(സി) ഇല്ല. ഇവ മററു പദ്ധതികൾക്കു ഉപയോഗിക്കുന്നതായി ഉത്തരം (എ) യിൽ പ്രസ്താവിച്ചിട്ടുണ്ട്.

ജല മലിനജല അതോറിററിയുടെ പൈനാവ് സബ് ഡിവിഷനിലെ താൽക്കാലിക നിയമനം

769 [1261] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല-മലിനജല അതോറിററിയുടെ പൈനാവ് സബ് ഡിവിഷനിൽ (ഇടുക്കി ജില്ല) അതോറിററി രൂപീകരിച്ചതിനുശേഷം ആരെയെങ്കിലും താൽക്കാലികമായി നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ഏതെല്ലാം തസ്തികയിലാണ് നിയമിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1-4-1984-ൽ അതോറിററി രൂപീകരിച്ചശേഷം പൈനാവ് സബ് ഡിവിഷനിൽ ഒരു എൽ. ഡി. ടൈപ്പിസ്ററിനെയും രണ്ട് തേഡ് ഗ്രേഡ് ഓവർസീയർമാരെയും പ്രൊവിഷണലായി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ബാലവാടി അദ്ധ്യാപികമാരുടെ ശമ്പളം

770 [1264] ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവാടി അദ്ധ്യാപികമാരുടെ ശമ്പളം (അലവൻസ്) മാസാമാസം കൊടുക്കുന്നുണ്ടോ ;

(ബി) ബാലവാടി അദ്ധ്യാപികമാർക്ക് ഫെസ്റ്റിവെൽ അലവൻസ് ഇതുവരെ കൊടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) സാധാരണഗതിയിൽ ബാലവാടി അദ്ധ്യാപികമാർക്ക് അലവൻസ് മാസാമാസം നൽകാറുണ്ട്. അലവൻസ് കിട്ടുന്നില്ലെന്ന പരാതി ലഭിച്ചിട്ടുള്ള പ്പോഴൊക്കെ, അത് കൃത്യമായി നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചി ട്ടുണ്ട്.

(ബി) ഉണ്ട്; ബാലവാടി അദ്ധ്യാപികമാർക്ക് 1984,85-ലെ അലവൻസ് നൽകാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ബാലവാടി കുട്ടികൾക്കുള്ള ഭക്ഷണം

771 [1265] ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലവാടി കുട്ടികൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ഭക്ഷണം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മറെറന്തു ഭക്ഷണമാണ് കൊടുക്കാൻ പോകുന്നത് ?

### ഉത്തരം

ഇല്ല.

## ആർ.എൽ.ഇ.ജി.പി. സ്കീമനുസരിച്ച് ഇന്നേരി ബ്ലോക്കിൽ നിർമ്മിക്കുന്ന വീടുകൾ

772 [1266] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. സ്കീമനുസരിച്ച് ഇന്നേരി ബ്ലോക്കിൽ പ്പെട്ട കണ്ടിവാതുക്കൽ എത്ര വീടുകൾ നിർമ്മിക്കുന്നുണ്ട് ;

(ബി) അനുവദിച്ച വീടിന്റെ പണികൾ മുഴുവൻ നടക്കുന്നുണ്ടോ ;

(സി) ഈ വീടിന്റെ പണികൾ നിശ്ചിത സമയത്തുതന്നെ പൂർത്തി യാക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുമോ ?

### ഉത്തരം

(എ) 28 വീടുകൾ നിർമ്മിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഗ്രൂപ്പ് ഹൗസിംഗ് സ്കീം അനുസരിച്ച് കൊടുമൺ പഞ്ചായത്തിൽ പൂർത്തിയായ വീടുകൾ

773 [1267] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുമൺ പഞ്ചായത്തിൽ ഗ്രൂപ്പ് ഹൗസിംഗ് സ്കീമനുസരിച്ച് എത്ര വീടുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട് ;

(ബി) ഈ പഞ്ചായത്തിലെ അഞ്ച്, ആറ്, എട്ട് വാർഡുകളിൽ അധിവസിക്കുന്ന നാന്നൂറിനുമേൽ ഹരിജൻ കുടുംബങ്ങൾക്ക് കൂടി ഹൗസിംഗ് സ്കീം ബാധകമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) 15 വീടുകൾ ആർ എൽ ഇ. ജി. പി. യിലും 13 വീടുകൾ എൻ. ആർ. ഇ. പി. യിലും അനുവദിച്ചിട്ടുണ്ട്. വീടുകളുടെ പണി പൂർത്തിയായി ട്ടില്ല.

(ബി) സാമ്പത്തികമായ പരിമിതികൾ കാരണം എല്ലാ കുടുംബ ങ്ങൾക്കും ഒരേ അവസരത്തിൽ വീടുകൾ നൽകാൻ നിവൃത്തിയില്ല. വരും കൊല്ലങ്ങളിൽ, പണത്തിന്റെ ലഭ്യതയനുസരിച്ച് കഴിവുള്ളിടത്തോളം കുടുംബ ങ്ങൾക്ക് വീട് നൽകാൻ ശ്രമിക്കുന്നതായിരിക്കും.

## കോന്നി നിയോജകമണ്ഡലത്തിൽ ഗ്രൂപ്പ് ഹൗസിംഗ് സ്കീം അനുസരിച്ച് വീടുകൾ നിർമ്മിക്കാൻ അനുവാദം

774 [1268] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഗ്രൂപ്പ് ഹൗസിംഗ് സ്കീം അനുസരിച്ച് മൊത്തം എത്ര വീടുകൾ നിർമ്മിക്കാൻ അനുവാദം നൽകി യിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം പ്രദേശങ്ങളിലാണ് ;

(സി) അവയിൽ പണി പൂർത്തിയാക്കിയ വീടുകൾ എത്ര ; എവിടെ യെല്ലാം ;

(ഡി) വീടുകൾ പൂർത്തിയാക്കി താമസത്തിന് വിട്ടുകൊടുത്ത പ്രദേശങ്ങളിൽ ചെന്നെത്തുന്നതിനുള്ള റോഡുകൾ നിർമ്മിക്കപ്പെട്ടിട്ടില്ലായെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതിലേക്ക് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് കൈ ക്കൊള്ളുക എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കോന്നി നിയോജകമണ്ഡലത്തിൽ എൻ. ആർ. ഇ. പി. പ്രകാരം 110 വീടും ആർ. എൽ. ഇ. ജി. പി. പ്രകാരം 70 വീടും ഉൾപ്പെടെ ആകെ 160 വീടുകൾക്ക് ഗ്രൂപ്പ് ഹൗസിംഗ് സ്കീം പ്രകാരം അനുമതി നല്കി യിട്ടുണ്ട് ;

(ബി) ഓരോ പദ്ധതിയിലും അനുവദിക്കപ്പെട്ട വീടുകളുടെ എണ്ണം വീട് പണിയപ്പെടുന്ന സ്ഥലം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) എൻ. ആർ. ഇ. പി. പ്രകാരം 10 ഉം ആർ. എൽ. ഇ. ജി. പി. പ്രകാരം 10 ഉം ഉൾപ്പെടെ 20 എണ്ണം എൻ. ആർ. ഇ. പി. യിലെ 10 വീടുകൾ കോഴിക്കുന്നം എന്ന സ്ഥലത്തും ആർ. എൽ. ഇ. ജി. പി. യിലെ 5 വീടുകൾ വീതം പോതേർക്കുഴി ഉദയം പാറ എന്നീസ്ഥലങ്ങളിലുമാണ്.

(ഡി) വീടു നിർമ്മാണം പൂർത്തിയാക്കിയ സ്ഥലങ്ങളിൽ റോഡ് നിർമ്മാണം നടന്നുവരികയാണ്.

(ഇ) വീടുകൾ പണിയുന്ന സ്ഥലങ്ങളിലെല്ലാം റോഡുകൾ ഉണ്ടാക്കാൻ ഗവൺമെൻറിന് പദ്ധതിയില്ല. എന്നാൽ ആർ. എൽ. ഇ. ജി. പി. പ്രകാരം വീട് നിർമ്മാണം നടക്കുന്ന ചില സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങളുടെ ഭാഗമായി അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നുണ്ട്.

### അഴീക്കൽ ഫെറി റോഡ്

775 [1269] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ബ്ലോക്കിലെ ന്യൂ മാഹി പഞ്ചായത്തിൽ അഴീക്കൽ ഫെറി റോഡു എൻ. ആർ. ഇ. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഈ റോഡിൻെറ നിർമ്മാണം തുടങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആർ. എൻ. ഇ. ജി. പി. യിൽ ഉൾപ്പെടുത്തി റോഡ് മെററൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പണി എൻ. ആർ. ഇ. പി. യുടെ 1985-86 ലെ ഷെൽഫ് ഓഫ് പ്രൊജക്ടിൽ ഉൾപ്പെടുത്തുന്നുണ്ട്.

(ബി) എൻ. ആർ. ഇ. പി. യിൽ ഉൾപ്പെടുത്തുന്നതുകൊണ്ട് ആർ. എൽ. ഇ. ജി. പി. യിൽ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല.

### ചേവ്വനം-ചാത്തമ്മ റോഡിൻെറ പണി

776 [1270] ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേവ്വനം-ചാത്തമ്മ റോഡിൽ ചാത്തമ്മ ഭാഗത്തെ റോഡിൻെറ പണി ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണജോലി എൻ. ആർ. ഇ. പി. യിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള അനുവാദം കിട്ടിയിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിൻെറ പണി ഉടനടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഈ റോഡിൻെറ പണി 1985-86 ലെ എൻ. ആർ. ഇ. പി. ഷെൽഫിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള ഭരണാനുമതി നല്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

## കുമ്പളച്ചോല റോഡിൽ കാംവർട്ടുകാം നിർമ്മിക്കാൻ നടപടി

777 [1271] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കന്നുമ്മേൽ ബ്ലോക്കതിർത്തിയിൽപ്പെട്ട കുമ്പളച്ചോല മുള്ളൻപന്ത് റോഡിൽ 3 കാംവർട്ടുകാം നിർമ്മിക്കുന്ന പ്രവൃർത്തി ഈ വർഷത്തെ എൻ. ആർ. ഇ. പി. യിൽ ഉംപ്പെടുത്തി പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

ഈ പണി എൻ. ആർ. ഇ. പി. യുടെ 1985-86 ലെ ഷെൽഫ് ഓഫ് പ്രോജക്ററിൽ ഉംപ്പെടുത്തിയിട്ടുണ്ട്.

## എൻ. ആർ. ഇ. പി. യും, ആർ. എൽ. ഇ. ജി. പി. യും വഴി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികാം

778 [1272] ശ്രീ. എ. ജോർജ്ജ് :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങാംക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 ലേക്ക് എൻ. ആർ.ഇ. പി. യിലും, ആർ. എൽ. ഇ. ജി. പി. യിലും ഓരോ ബ്ലോക്കിലും ഏറ്റെടുക്കേണ്ട പദ്ധതികാം ഏതെല്ലാമെന്ന് നിശ്ചയിച്ച് കഴിഞ്ഞോ ;

(ബി) ഓരോ ജില്ലയിലേയും ഈ രണ്ട് പദ്ധതികളിലും കൂടി 1985-86-ൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്ര ?

### ഉത്തരം

(എ) നിശ്ചയിച്ചുകഴിഞ്ഞിട്ടില്ല. കേന്ദ്രഗവൺമെൻറിൽനിന്നും ഈ പദ്ധതിക്കുള്ള വിഹിതം എത്രയാണെന്ന് അറിയിപ്പു കിട്ടിയശേഷം മാത്രമേ ഇത് നിശ്ചയിക്കുവാൻ കഴിയുകയുള്ളു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## കുടുംബസർവ്വേ എടുക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സമയപരിധി

779 [1273] ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങാംക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ആർ. ഡി. പി. കുടുംബസർവ്വേ എടുക്കുന്നതിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സമയപരിധി 1985 മാർച്ച് 31 വരെ എന്നത് ഇനിയും നീട്ടാൻ ഉദ്ദേശമുണ്ടോ ;

(ബി) ഇതുവരെയും സർവ്വേ എടുക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥൻമാർ സന്ദർശിച്ചിട്ടില്ലാത്ത ഹരിജൻ കോളനികാം ഉണ്ടെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഹരിജൻ കോളനികളിലേയും മററു സാധുക്കളായ തൊഴിലാളികളുടേയും വീടുകാം സന്ദർശിച്ചുതന്നെ സർവ്വേ എടുക്കണമെന്ന് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വീടുകളിൽ പോയി അന്വേഷിച്ചുതന്നെ സർവ്വേ നടത്തുവാൻ സമയപരിധി ഉയർത്തുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) 1985 ഏപ്രിൽ 30 വരെ നീട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) സമയപരിധി 1985 ഏപ്രിൽ 30-ാം തീയതി വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ബ്ലോക്ക് വികസന സമിതികൾ

780 [1274] ശ്രീ. കെ. ജെ. ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബ്ലോക്ക് വികസനസമിതികൾ എന്നാണ് പിരിച്ചുവിട്ടത് ?

ഉത്തരം

4-4-1983-ൽ ബ്ലോക്ക് വികസനസമിതികളുടെ കാലാവധി അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# II. ചരമോപചാരം

## സർവ്വശ്രീ പി. ഗംഗാധരൻ, കൃഷ്ണൻപോററി, ഉറുമീസ് തരകൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: കേരള നിയമസഭയിൽ അംഗമായിരുന്ന ശ്രീ. പി. ഗംഗാധരൻ, ശ്രീമൂലം അസംബ്ലിയിൽ അംഗങ്ങളായിരുന്ന 9.30 A. M. ശ്രീ. കൃഷ്ണൻപോററി, ശ്രീ. ഉറുമീസ്തരകൻ എന്നിവർ അടുത്തകാലത്ത് നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. കേരളത്തിലെ കമ്മ്യൂണിസ്ററ് നേതാക്കളുടെ ആദ്യകാല തലമുറയിൽപ്പെട്ട ഒരാളായിരുന്നു ശ്രീ. പി. ഗംഗാധരൻ. കോൺഗ്രസിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം 1937-ൽ കോൺഗ്രസ് സോഷ്യലിസ്ററ് പാർട്ടിയിൽ ചേരുകയും തുടർന്ന് 1939-ൽ കമ്മ്യൂണിസ്ററ് പാർട്ടിയിൽ അംഗമാവുകയും ചെയ്തു. കമ്മ്യൂണിസ്ററ് പാർട്ടിയുടെ സംസ്ഥാന എക്സിക്യൂട്ടീവിലും സംസ്ഥാന കൗൺസിലിലും അംഗമായിരുന്നു ശ്രീ. ഗംഗാധരൻ. പുന്നപ്ര-വയലാർ ലഹള, ചാലിയം സത്യാഗ്രഹം മുതലായവയുമായിബന്ധപ്പെട്ട അദ്ദേഹം പലതവണ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. സമർത്ഥനും സമുന്നതനുമായ ഒരു തൊഴിലാളി പ്രവർത്തകനെന്ന നിലയിൽ അദ്ദേഹം വിവിധ ട്രേയ്ഡ് യൂണിയനുകളുടെ അദ്ധ്യക്ഷസ്ഥാനവും വഹിച്ചിരുന്നു. കൊച്ചി രാജ്യത്ത് തൊഴിലാളി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച നേതാവായിരുന്നു ശ്രീ. ഗംഗാധരൻ. എസ്. എൻ. ഡി. പി. ക്ക് രൂപം കൊടുക്കുകയും അതിന്റെ ഓർഗനൈസിംഗ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly

ആയി അദ്ദേഹം സേവനമനുഷ്ഠിക്കുകയും ചെയ്തു. പിന്നീട് എസ്. ആർ. പി. യുടെ സ്ഥാപക നേതാക്കളിൽ ഒരാളായിത്തീർന്ന ശ്രീ. ഗംഗാധരൻ പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനവും അലങ്കരിച്ചിരുന്നു. ഒരു നല്ല പത്രപ്രവർത്തകനായിരുന്ന അദ്ദേഹം 'സരസൻ' എന്ന മാസികയുടെയും 'ജനത' എന്ന ദിനപ്പത്രത്തിന്റെയും 'പ്രകാശം' എന്ന ആഴ്ചപതിപ്പിന്റെയും എഡിറ്ററായും 'അഭിമാനി', 'ജനശക്തി' എന്നീ ആഴ്ചപ്പതിപ്പുകളുടെ പത്രാധിപ സമിതിയിലെ അംഗമായും ഇരുന്നിട്ടുണ്ട്. 1965-ൽ പള്ളുരുത്തി നിയോജകമണ്ഡലത്തിൽനിന്നും മൂന്നാം കേരള നിയമസഭയിലേക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിലെ പ്രമുഖനായ ഒരു നേതാവും അപൂർവമായസംഘടനാ വൈഭവമുള്ള തൊഴിലാളി നേതാവും നല്ലൊരു സാഹിത്യകാരനും ഭാഷാ പണ്ഡിതനും സർവ്വോപരി നല്ലൊരു നിയമസഭാ സാമാജികനുമായിരുന്ന ശ്രീ. ഗംഗാധരന്റെ ദേഹവിയോഗം നമ്മുടെ കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ നികത്താനാവാത്ത നഷ്ടം വരുത്തിവച്ചിരിക്കുന്നു.

ശ്രീമൂലം അസംബ്ലിയിൽ അംഗമായിരുന്ന ശ്രീ. ഉറുമീസ് തരകൻ 1948-ൽ അരൂർ നിയോജകമണ്ഡലത്തിൽ നിന്നും സ്വതന്ത്രസ്ഥാനാർത്ഥിയായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് അദ്ദേഹം തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്നു. തികഞ്ഞ സാഹിത്യാസ്വാദകനും സാഹിത്യ വിമർശകനുമായിരുന്ന ശ്രീ. തരകൻ പാശ്ചാത്യസാഹിത്യ വിമർശനദർശനങ്ങളെക്കുറിച്ച് അനേകം ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പാശ്ചാത്യ നിരൂപണത്തിലെ വിമർശന പദ്ധതിയെക്കുറിച്ച് വിശദമായി പഠിച്ച് ഈടുറ്റ പല ഉപന്യാസങ്ങളും രചിച്ച ശ്രീ. തരകൻ സാഹിത്യത്തിന്റെ എല്ലാ ശാഖകളിലും നിഷ്ണാതനെന്ന പ്രശസ്തി നേടിയിരുന്നു. അപ്രകാശിതങ്ങളായ ഉപന്യാസങ്ങൾ സമാഹരിച്ച് 'ഉറുമീസ് തരകന്റെ ഉപന്യാസങ്ങൾ' എന്ന പേരിൽ പ്രസിദ്ധം ചെയ്ത ഗ്രന്ഥത്തിന് 1981-ലെ നിരൂപണത്തിനുള്ള കേരള സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ചിട്ടുണ്ട്.

ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിലിലും ശ്രീമൂലം അസംബ്ലിയിലും അംഗമായിരുന്ന ശ്രീ. കൃഷ്ണൻപോറ്റി സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ ആകൃഷ്ടനായി പൊതുജീവിതത്തിൽ പ്രവേശിക്കുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. 1948-ൽ ചടയമംഗലം നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച് അദ്ദേഹം തിരുവിതാംകൂർ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ഒരു വിദ്യാഭ്യാസ വിചക്ഷണനായിരുന്ന ശ്രീ. കൃഷ്ണൻപോറ്റി കോട്ടവട്ടം ഹൈസ്കൂളിന്റെ സ്ഥാപകനും മാനേജരുമായിരുന്നു. തന്റെ നിസ്വാർത്ഥവും സേവനോൽസുകവുമായ ജീവിതശൈലികൊണ്ട് ശ്രീ. കൃഷ്ണൻപോറ്റി സാമൂഹ്യ-രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഒരു മാതൃകാ പുരുഷനായിരുന്നു. അന്തരിച്ച ഈ ബഹുമാന്യ വ്യക്തികളോടുള്ള ആദര സൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേററു നിൽക്കാം.

(സഭാംഗങ്ങൾ അൽപ്പ സമയം എഴുന്നേററുനിന്ന് മൗനമാചരിച്ചു.)

## III. അടിയന്തിര പ്രമേയം

### കൊടുങ്ങല്ലൂരിൽ മുഖംമൂടി ആക്രമണം

മി. സ്പീക്കർ : കഴിഞ്ഞദിവസം കൊടുങ്ങല്ലൂരിൽ സീതപുരത്ത് ശ്രീമതി മാലിനിയമ്മയുടെ വീട്ടിൽ ഒരു സംഘം തസ്കരൻമാർ

LIBRARY ARCHIVES Kerala Legislative Assembly

കുത്തിപ്പൊളിച്ച് കടന്ന് മോഷണം നടത്തുകയുണ്ടായി. ഇതുപോലെ നിരവധി സംഭവങ്ങൾ വേറെയും ഉണ്ടായിട്ടുണ്ട്. പോലീസ് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് അവിടെ നിലവിലിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. കെ. രാജൻ ഒരു അടിയന്തിരപ്രമേയത്തിന് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിക്ക് ഇതിനെപ്പററി എന്താണ് പറയാനുള്ളത് ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, തൃശ്ശൂർ, കൊടുങ്ങല്ലൂർ പ്രദേശങ്ങളിൽ അടുത്തകാലത്ത് മോഷണം വർദ്ധിച്ചുവരുന്നതായി ആക്ഷേപം ഉയരുകയുണ്ടായി. അതിനേത്തുടർന്ന് പോലീസ് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുകയും മുൻകരുതൽ അറസ്ററ് ഉൾപ്പെടെയുള്ള നടപടികൾ നടത്തുകയും ചെയ്തു. കൊടുങ്ങല്ലൂരിൽ ചില മോഷണ ക്കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിലൊന്നാണ് ഈ നോട്ടീസിൽ പറഞ്ഞിരിക്കുന്ന ശ്രീമതി മാലിനിയമ്മയുടെ വീട്ടിൽ ഉണ്ടായ മോഷണം. അതിനോടനുബന്ധിച്ച് പോലീസ് സംശയിച്ച് രണ്ട്പേരെ കസ്ററഡിയിലെടുത്തിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ മോഷണവും കവർച്ചയും മുൻകൊല്ലങ്ങളേക്കാൾ കൂടിയതായി കണക്കുകൾകൊണ്ട് കാണുന്നില്ല. എന്നാൽ ചില മോഷണങ്ങളെക്കുറിച്ച് ലഭിച്ച പ്രസിദ്ധീകരണങ്ങളും കിംവദന്തികളും സൃഷ്ടിച്ച ഭീതിയാണ് കൂടുതൽ പ്രശ്നമുണ്ടാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർതന്നെ മോഷണ വിവരം പോലീസിൻെറ ശ്രദ്ധയിൽപ്പെടുത്തുകയും അതിനെത്തുടർന്ന് ഉണ്ടായ നടപടികൾ അദ്ദേഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂരിലെ കണക്കിലേക്ക് ഞാൻ പോകുന്നില്ല. ഈ വർഷം അവിടെ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം വളരെ കുറവാണെന്നുമാത്രമേ പറയുന്നുള്ളു. തൃശ്ശൂരിലെ മററുപ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള ഭീതി അകററുന്നതിന് ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻമാരുടെ നേതൃത്വത്തിൽത്തന്നെ അവിടെ പട്രോളിംഗ് എല്ലായിടവും ഏർപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ ടൗണിൽത്തന്നെ 72 പോലീസ് പാർട്ടികളാണ് എല്ലാ ദിവസവും പട്രോളിംഗ് നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലാണ് പട്രോളിംഗ് സംഘത്തെ നിയോഗിച്ചിട്ടുള്ളത്. സാമൂഹ്യവിരുദ്ധൻമാരെന്നു സംശയിക്കുന്ന 85-ൽ പരം പേരെ കസ്ററഡിയിലെടുത്തിട്ടുണ്ട്. അതോടൊപ്പം തന്നെ 33 പ്രിവൻറീവ് കേസുകളും രജിസ്ററർ ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടാഴ്ചക്കാലമായി മോഷണത്തിൻെറ യാതൊരു വിവരവും റിപ്പോർട്ട് ചെയ്തിട്ടില്ല. ചില കിംവദന്തികൾ മാത്രമേയുള്ളു. ജനങ്ങൾക്ക് യാതൊരുവിധമായ ഭീതിയും കൂടാതെ കഴിയാൻതക്കവിധത്തിലുള്ള എല്ലാവിധമായ നടപടികളും ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ചില സാമൂഹ്യ വിരുദ്ധൻമാർ ബോധപൂർവം നടത്തുന്ന ഒരു അടവായി മാത്രമേ ഇതിനേ കാണാൻ സാധിക്കുകയുള്ളു. പോലീസിൻെറ നടപടികൾ തികച്ചും നിയന്ത്രണാധീനമാണ്. ജനങ്ങളേയും ഈ കാര്യങ്ങൾ ഏററെക്കുറെ ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഏത് തരത്തിലുള്ള മോഷണക്കുററമുണ്ടായാലും അത് തടയാനും അത് കണ്ടുപിടിക്കാനുമുള്ള എല്ലാ നടപടികളുമെടുത്തിട്ടുണ്ട്. അതുകൊണ്ട് ഇതിനെപ്പററി സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. വി. കെ. രാജൻ : സർ, തൃശ്ശൂർ ജില്ലയിൽ കളവ് നടക്കുന്നില്ലെന്നു പറഞ്ഞുകൊണ്ട് എസ്. പി. പ്രസ്താവനയിറക്കി. കോൺഗ്രസിൻെറ തന്നെ ജില്ലാ സെക്രട്ടറിയായ ജോസ് കാട്ടുക്കാരയും മോഷണം നടക്കുന്നു



LIBRARY ARCHIVES Kerala Legislative Assembly

വെന്നു് പറയുന്നതു് വെറും കെട്ടുകഥയാണെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയും അതേഭാഷയിൽത്തന്നെ ഇവിടെ പറഞ്ഞു. തൃശ്ശൂർ ജില്ലയിൽ മോഷണം മററു് എന്നത്തേക്കാളും കൂടുതൽ വർദ്ധിച്ചിരിക്കുകയാണ്. കൊടുങ്ങല്ലൂരിലാണെങ്കിൽ അടുത്തകാലത്തു് 60-ൽ പരം കേസ്സുകൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ക്രൈം നമ്പർ ഉൾപ്പെടെയുള്ള ലിസ്ററു് എന്റെ കൈവശമുണ്ട്. അതിലൊന്നുപോലും പിടിച്ചിട്ടില്ല. 15-1-1983-ൽ ബി. ജെ. പി. നേതാവു് നാരായണയ്യരുടെ വീട്ടിൽനിന്നും 16,000 രൂപ കട്ടു കൊണ്ടുപോയി. പിടിക്കപ്പെട്ടിട്ടില്ല. അതിനേത്തുടർന്ന് പോലീസ് നായയെ കൊണ്ടുവന്നു. പോലീസ്നായ ഒരു വീട്ടിൽ കയറി. കോൺഗ്രസ്-ഐ ക്കാരൻ ആ വീട്ടുകാരനെ രക്ഷപ്പെടുത്തി. അയാൾ പ്രതിയാണെന്ന് നാട്ടുകാർക്കെല്ലാം സംശയമുണ്ടായിട്ടുപോലും അയാളെ രക്ഷപ്പെടുത്തുകയാണുണ്ടായത്. നിരവധി കളവുകൾ നടത്തിക്കൊണ്ടിരിക്കുന്നതിനേയെല്ലാം സംരക്ഷിക്കുന്നത് അവിടത്തെ കോൺഗ്രസുകാരാണെന്നുള്ളതാണ് നാട്ടുകാരുടെയെല്ലാം പരാതി. രാഷ്ട്രീയമായി മററുള്ള ആളുകൾ കിംവദന്തി പരത്തുന്നുവെന്നുള്ളതാണ് നിങ്ങളുടെ ആക്ഷേപം. അവിടെ നിങ്ങളുടെ പാർട്ടി തന്നെ ഇടപെട്ടുകൊണ്ടാണ് പോലീസ് സ്റേറഷനിൽ പിടിക്കപ്പെടുന്ന പ്രതികളെ മുഴുവൻ രക്ഷപ്പെടുത്തിക്കൊണ്ടുവരുന്നത്. പിടിച്ച ആളെ ചോദ്യം ചെയ്യാൻപോലും സമ്മതിക്കുന്നില്ല. കളവു് നടന്നിട്ടില്ലെന്നു പറഞ്ഞാൽ തൃശ്ശൂർ ജില്ലയിൽ മേത്തല, ചിങ്ങോരം, ലോകമലൈ, മെരിയാട്, മതിലകം, പെരിഞ്ഞനം, കുളിവട്ടം. ശ്രീനാരായണപുരം, ഇടവിലങ്ങ്, പാലയ്ക്കൽ, അവനവഞ്ചേരി, വല്ലചിറ, കോലഴി, കില്ലന്നൂർ, ചേരൂർ, മണ്ണുത്തി, വിൽപട്ടം, ഏറാമംഗലം, മടാച്ചി, കൈപ്പറമ്പ്, കുന്നംകുളം, ചിങ്ങൽ, ഒല്ലൂർ, പെരിഞ്ചേരി, കുട്ടല്ലൂർ, ചേർപ്പ്, പാട്ടുരായ്ക്കൽ തുടങ്ങി നിരവധിസ്ഥലങ്ങളിൽ കളവുണ്ടായിട്ടുണ്ട്. എന്നിട്ട് ഇവിടെവന്ന് ഇല്ലന്നാണ് പറയുന്നത്. കുററക്കാരെ പിടിക്കാൻ സാധിക്കുന്നില്ല. അവിടത്തെ ആളുകൾക്ക് ഉറക്കംതന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്. മാലനിയമ്മയുടെ വീട്ടിൽ കയറിയതു് രാത്രി പത്തരമണിക്കാണ്. അമ്മയും രണ്ട് മക്കളുമാണ് അവിടെയുണ്ടായിരുന്നത്. ആ വീട്ടിൽനിന്നും 26 പവന്റെ സ്വർണ്ണം എടുത്തു. റസ്ററ്വാച്ച്, റേഡിയോ എന്നിവയും എടുത്തു കൊണ്ടുപോയി. കളവ് മാത്രമല്ല, സ്ത്രീകളെ ബലാൽസംഗം ചെയ്യുകയും ചെയ്യുന്നു. ഒററ സ്ഥലത്തും സൈ്വരമായി ആളുകൾക്ക് കിടന്നുറങ്ങാൻ സാധിക്കുന്നില്ല. പക്ഷേ അവിടെ പലർക്കും പോലീസിൽ പരാതിപ്പെടാൻ കഴിയാത്ത അവസ്ഥയുണ്ട്. കളവ് ആരു നടത്തിയാലും അത്തരം ആളുകളെ സംരക്ഷിക്കുമെന്നാണ് ജോസ് കാട്ടൂക്കാരയുടെ പ്രസ്താവന. ഇതു് രഹസ്യമായ കാര്യമല്ല.

(ബഹളം)

ആ പ്രസ്താവനയെ കോൺഗ്രസുകാർതന്നെ എതിർക്കുന്നു.

സർ, ഞാൻ പറയുന്നതു ബഹുമാനപ്പെട്ട സ്പീക്കർക്കുതന്നെ അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട സിദ്ധാർത്ഥൻ മാസ്ററർക്കും അറിയാം. മാസ്ററുടെ വീട്ടിലും കള്ളൻ ചെന്നിരുന്നു. ഞാൻ പറയുന്നത് സത്യമാണ്. തൃശ്ശൂർ ജില്ലയിലെ ക്രമസമാധാനം തകർന്നിരിക്കുന്നു. ജില്ലയിലെ പോലീസ് സൂപ്രണ്ടിന് അവിടത്തെ ക്രമസമാധാനപരിപാലനത്തിന് നേരമില്ല. അവിടെ അദ്ദേഹം ലോഡിംഗ് ആൻറ് അൺലോഡിംഗ് തൊഴിലാളികൾ ചെയ്യുന്ന കൃത്യമാണ് ചെയ്യുന്നത്. മന്ത്രിമാർ വന്നാൽ അവരുടെ ബാഗു ചുമന്നുകൊണ്ട് പോകുന്ന പണിയാണ് ചെയ്യുന്നത്. അവിടെ, ക്രമസമാധാനപരിപാലനത്തിലോ കളവിന്റെ കാര്യത്തിലോ കുററവാളികളെ പിടിക്കാൻ കഴിവില്ലാത്ത ആളാണ് ഇദ്ദേഹം. ജില്ലയിലെ ജനങ്ങൾക്ക് സൈ്വരമായി കിടന്നുറങ്ങുന്നതിന് കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇരിങ്ങാലക്കുടയിൽ ഒരു ഡി. വൈ. എസ്. പി. ബാലകൃഷ്ണനുണ്ട്. അദ്ദേഹം ഒരിക്കൽ പോലും ക്രമസമാധാനപരിപാലനത്തിന് പററിയ ആളല്ല. ഒരു കൊലക്കേസിലെ പ്രതിയെ രക്ഷിക്കാൻവേണ്ടി ഈ ബാലകൃഷ്ണൻ ചെയ്ത കുററങ്ങളെപ്പററി ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതിക്കൊടുത്തിരുന്നു. അദ്ദേഹത്തിന് ഒരു കൊല്ലം കൂടി സർവീസിൽ തുടരുവാൻ ഇപ്പോൾ അനുവാദം നൽകിയിരിക്കുകയാണ്. കോൺഗ്രസുകാരെ പ്രീണിപ്പിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. അദ്ദേഹം അവിടെ തുടരുന്നിടത്തോളം കാലം തൃശ്ശൂർ ജില്ലയിലെ കളവുകളും കുററകൃത്യങ്ങളും വർദ്ധിക്കുകയുള്ളൂ. അതു തടയാനോ അവയ്ക്ക് പരിഹാരം കാണുവാനോ കഴിയുകയുമില്ല. അതുകൊണ്ട് ഈ കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വയലാർ രവി : സർ, ഞാൻ ആദ്യമേ ചൂണ്ടികാണിച്ചതുപോലെ തൃശ്ശൂർ ജില്ലയിൽ മോഷണം വർദ്ധിച്ചിരിക്കുന്നുവെന്ന ആക്ഷേപം ഉണ്ടായപ്പോൾ തന്നെ ഞാൻ തൃശ്ശൂരിൽ ചെന്ന് ഉന്നത ഉദ്യോഗസ്ഥൻമാരുമായി സംസാരിച്ച് ആവശ്യമായ നടപടികൾ എടുക്കുകയുണ്ടായി. ജനങ്ങൾക്ക് യാതൊരുവിധമായ ഭയവും കൂടാതെ ജീവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ വളരെ നിയന്ത്രണാധീനമാണ്. സംശയിച്ച് പിടിക്കുന്നവർക്ക് കിടക്കുവാൻ ജയിലുകളിൽ പോലും സ്ഥലമില്ല എന്നുള്ള പത്ര വാർത്തകൾ പോലുമുണ്ട്. ഈ വിവരം അങ്ങയുടെ ശ്രദ്ധയിലും പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അവിടെ സ്ഥിതിഗതികൾ നിയന്ത്രണാധീനമായതിനു ശേഷവും ചില ഭാഗങ്ങളിൽ കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു കാരണക്കാർ സാമൂഹ്യ വിരുദ്ധരായിട്ടുള്ള ചില ആളുകളായിരിക്കാം. ഗവൺമെൻറ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്, അല്ലാതെ ഇതിൽ യാതൊരുവിധമായ രാഷ്ട്രീയവുമില്ല. ഇവിടെപറയുന്ന കിംവദന്തികൾക്കൊന്നും യാതൊരു അടിസ്ഥാനവുമില്ല. ആ ജില്ലയിലെ ജനങ്ങളുടെ പൊതുവായ പ്രശ്നമായി മാത്രമേ ഗവൺമെൻറ് ഇതിനെ കാണുന്നുള്ളൂ. ഞാൻ വീണ്ടും ചൂണ്ടിക്കാണിക്കുന്നു, ഗവൺമെൻറ് രാഷ്ട്രീയമായി ഇവിടെ കാണുന്നതേയില്ല. ജനങ്ങളുടെ പൊതുവായ പ്രശ്നമായിട്ടു കണ്ടു തന്നെയാണ് ഇതിനെ കൈകാര്യം ചെയ്യുന്നത്. രാഷ്ട്രീയ വികാരം കണക്കാക്കാതെയുള്ള നടപടികളാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. ഏതെങ്കിലും തരത്തിൽ ഗവൺമെൻറിനെ സഹായിക്കുന്നതിന് ആർക്കു കഴിയുമോ അതു സ്വീകരിക്കുന്നതിനു ഗവൺമെൻറ് സന്നദ്ധമാണ്. അക്കാര്യത്തിൽ യാതൊരു വിധമായ തർക്കവുമില്ല. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻെറ പാർട്ടിക്കാർ മനോരമ പേപ്പർ കത്തിച്ചപ്പോൾ ഉണ്ടായ പ്രതികരണം മാത്രമാണ്. പരസ്പരമുള്ള രാഷ്ട്രീയമായ കുററാരോപണത്തേക്കാൾ ജനങ്ങൾക്ക് സ്വൈരമായി ജീവിക്കാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതാണ് പ്രശ്നം. അതിന് ആവശ്യമായ നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ പോലീസിനെ നിയമിച്ചിട്ടുണ്ട്. ഗവൺമെൻറ് ഇതിനെ കാണുന്നത് ജനങ്ങളുടെ പൊതുവായ പ്രശ്നമായിട്ടാണ്. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

# IV 1. ശ്രദ്ധ ക്ഷണിക്കൽ

## 1. ബേപ്പൂർ തുറമുഖത്തിന്റെ വികസന പ്രവർത്തനം സംബന്ധിച്ച്

ശ്രീ. കെ. മൂസ്സക്കുട്ടി : സർ, കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു തുറമുഖമാണ് ബേപ്പൂർ തുറമുഖം. അത് ഇന്നു അവഗണനയുടെ നീർച്ചുഴിയിൽ പെട്ടു വളരെ ശോചനീയമായ ഒരു അവസ്ഥയിലാണ്. ഇതിന്റെ ഫലമായി മലബാറിലെ തന്നെ പ്രത്യേകിച്ച് കോഴിക്കോട്, മലപ്പുറം ജില്ലകളിലുള്ള വാണിജ്യ, വ്യവസായ, തൊഴിൽ രംഗമാകെ ഇന്നു സ്തംഭനാവസ്ഥയിലാണ്. ഈ തുറമുഖത്ത് ഇന്ന് കപ്പലുകളോ ഉരുക്കളോ വരുന്നില്ല. അങ്ങനെ ഉരുക്കളും വരാതെയും കപ്പലുകൾ വരാതെയും ആ തുറമുഖമാകെ ഒരു ശ്മശാനമായി തീർന്നിരിക്കുകയാണ്. അവിടെ ഒരു ബ്രേക്ക് വാട്ടറിന്റെ പ്രവർത്തി മൂന്നു കൊല്ലം മുമ്പ് ആരംഭിച്ചു. മൂന്നുകൊല്ലം കൊണ്ട് പണി പൂർത്തിയാക്കണമെന്നാണ്. ഒരു കോടി പത്തു ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. ഇപ്പോഴും ആ പദ്ധതിയുടെ നാലിലൊന്നു ഭാഗം മാത്രമാണ് പണി തീർന്നിട്ടുള്ളത്. ഇന്ന് അതിന്റെ പ്രവർത്തനമാകെ സ്തംഭനത്തിലായിരിക്കുകയാണ്. അലോട്ടുമെന്റ് ഇല്ലാത്തതുകൊണ്ട് കരാറുകാരൻ പണി നിർത്തിവയ്ക്കുകയാണുണ്ടായത്. ജോലി ചെയ്തതിന്റെ പണം കൊടുക്കാത്തതിന്റെ ഫലമായി അയാൾ പ്രവൃത്തി നിർത്തിവച്ചുപോയി. അതുകൊണ്ട് ചെറിയ തരത്തിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങളും അവിടെ സ്തംഭിച്ചിരിക്കുന്നു. മാത്രമല്ല പണ്ടു കാലങ്ങളിൽ നാനൂറ്, അഞ്ഞൂറ് ടൺ ചരക്കു കയററി നിരവധി ഉരുക്കൾ അവിടെ വരുമായിരുന്നു. ഒരു ഘട്ടത്തിൽ എണ്ണൂറോളം ഉരുക്കൾ അവിടെ എത്തിയിരുന്ന കാലഘട്ടമുണ്ടായിരുന്നു. പക്ഷെ ഇന്ന് അവിടെ അൻപതു മുതൽ നൂറ് ടൺ വരെ മാത്രം ചരക്കു കയററിയ ഉരുക്കൾ മാത്രമാണ് വരുന്നത്. ഈ വർഷത്തിൽ കഴിഞ്ഞ മാസം വരെ 170 ഉരുക്കൾ ആണ് ഇവിടെ വന്നിട്ടുള്ളത്. കപ്പലാണെങ്കിൽ ഒരു വർഷമായി വന്നിട്ടേയില്ല. കഴിഞ്ഞ വർഷം വന്ന ഒരു അമേരിക്കൻ കപ്പലിൽ 1500 ടൺ ബേബി ഫുഡ് ഉണ്ടായിരുന്നു. ബേബിഫുഡ് ഇറക്കിവയ്ക്കാനുള്ള ഗോഡൗണില്ല. അവസാനം ഡിപ്പാർട്ടുമെന്റു തമ്മിൽ ചില തർക്കങ്ങളൊക്കെയുണ്ടായി. അതൊക്കെ തീർന്നതിനുശേഷമാണ് ബേബിഫുഡ് ഇറക്കി വച്ചത്. ഇപ്പോൾ ആ ബേബിഫുഡ് മുഴുവനും നശിച്ച് പ്രാണികളേയും പുഴുക്കളേയും കൊണ്ട് ആ പ്രദേശത്തെ ജനങ്ങൾക്ക് താമസിക്കാൻ പററാത്ത അവസ്ഥയാണു ഉണ്ടായിരിക്കുന്നത്. ഇപ്പോൾ വൻപിച്ച തുക ചെലവഴിച്ച് പുറം കടലിൽ കൊണ്ടു തള്ളുകയാണ്. തുറമുഖത്തിനുള്ള എല്ലാ സൗകര്യങ്ങളും നഷ്ടപ്പെടുത്തിയിരിക്കുന്നു. ഗോഡൗൺ ഇല്ല. അതുപോലെ തന്നെ ജെട്ടി ഇല്ല. അവിടെ ഒരു ജെട്ടി ഉള്ളതിന് നീളം പോരാ. നീളം പോരാത്തതുകൊണ്ട് ആ ജെട്ടിയിൽ ചരക്ക് ഇറക്കുന്നതിന് പ്രയാസമുണ്ട്. മാത്രമല്ല അവിടെ SILK യൂണിററിന്റെ കീഴിൽ ഒരു ഷിപ്പ് ബ്രേക്കിംഗ് യൂണിററും ഉണ്ട്. പക്ഷേ അവിടെ പൊളിക്കേ കപ്പലുകൾ കൊണ്ടുവരുന്നതിന് നിർവ്വാഹമില്ലാത്തതിന്റെ ഫലമായിട്ട് ആ യൂണിററ് ഇപ്പോൾ ലേ ഓഫ് ചെയ്യാൻ പോകുകയാണ്. ഇങ്ങനെ ആ പ്രദേശത്തെ ചരക്ക് ഇറക്കുമതി മുഴുവനും സ്തംഭിച്ചിരിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി മണ്ണു നീക്കം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കണം.

'മീന' എന്നു പറയുന്ന ഒര മണ്ണുമാന്തിക്കപ്പൽ ഉണ്ട്, കേരളത്തിലാകെ ഇപ്പോൾ അതാണ് ഉപയോഗിക്കുന്നത്. ഇപ്പോൾ അതു ഉപയോഗശൂന്യമായിരിക്കുകയാണ്. അതുപോലെതന്നെ ഗുണകരമായ പൈപ്പുകൾ ഖാങ്ങാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കാരണം അവിടത്തെ പൈപ്പുകൾ മുഴുവനും ഇപ്പോൾ ഉപയോഗശൂന്യമായിരിക്കുകയാണ്. പോളിത്തീൻ പൈപ്പുകളാണ് അവിടെ വാങ്ങിക്കുന്നത്. കമ്മീഷനെ മാത്രം ആശ്രയിച്ചു പൈപ്പു വാങ്ങിക്കുന്നതുകൊണ്ട് മുഴുവൻ പൈപ്പും പൊട്ടിക്കൊണ്ടിരിക്കുകയാണ്. ഇത്തരം പൈപ്പുകൾ ഉപയോഗശൂന്യമാണ്. ഗുണമുള്ള പൈപ്പുകൾ അവിടെ ഉപയോഗിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ കാര്യം പലതവണ പെടുത്തുകയുണ്ടായി. അദ്ദേഹം അതു ശ്രദ്ധിച്ചില്ല. ഗുണകരമായ പൈപ്പുകൾ വാങ്ങിക്കുന്ന കാര്യത്തിൽ അധികൃതർ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു ഇപ്പോൾ പറയാനുള്ളത്. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിന് അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ ഞാൻ താഴെ കൊടുക്കുകയാണ്.

(1) ബേപ്പൂർ തുറമുഖത്തു മണ്ണു നീക്കം ചെയ്യുന്നതിന് 'മീന' എന്ന മണ്ണുമാന്തിക്കപ്പൽ ഉപയോഗിക്കുക.

(2) എപ്പോഴും പൊട്ടിക്കൊണ്ടിരിക്കുന്ന, ഗുണത്തിൽ മോശമായ പോളിത്തീൻ പൈപ്പുകൾ ഒഴിവാക്കുക.

(3) സ്തംഭനത്തിലായ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണ പ്രവർത്തനം ഫണ്ട് അലോട്ടു ചെയ്ത ഉടൻ പുന:രാരംഭിക്കുക.

(4) അവിടത്തെ ജെട്ടിക്കു നീളം പോരാത്തതുകൊണ്ട് ഒരു പുതിയ വാർപ്പ് കൂടി നിർമ്മിക്കുക.

(5) നാലു ടഗ്ഗുകൾ മാത്രമാണ് ഇപ്പോൾ അവിടെയുള്ളത്. അത് എപ്പോഴും റിപ്പെയറിൽ ആണ്. നല്ല ടഗ്ഗുകൾ അവിടെ വാങ്ങിക്കുക.

(6) പുതിയ ഗോഡൗണുകൾ നിർമ്മിക്കുക, അവിടത്തെ തൊഴിലാളികൾക്കുവേണ്ടി നല്ലൊരു വെയിററിംഗ് ഷെഡ് നിർമ്മിക്കുക.

ഇങ്ങനെ പോർട്ടിന്റെ വികസനത്തിനു അടിയന്തിരമായി ചെയ്യേണ്ട നടപടികൾ ഉടനടി സ്വീകരിക്കണമെന്നും മണ്ണു നീക്കം ചെയ്യാനുള്ള നടപടികൾ അടിയന്തിരമായി ചെയ്തുകൊണ്ട് അവിടത്തെ പോർട്ടിലെ ബന്ധനം എത്രയും വേഗം ഒഴിവാക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) : സർ,

ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിന് ഈ ഗവൺമെൻറ് ഏററവും മുൻഗണന നൽകിയിട്ടുണ്ട്. പണത്തിന്റെ ചുരുക്കംകൊണ്ട് എല്ലാ കാര്യവും തീർക്കാൻ സാധിച്ചിട്ടില്ല. ഒരു സെൻട്രൽ സ്കീമുണ്ട്. മൈനർ പോർട്ടിന്റെ കാര്യക്ഷമതയ്ക്ക് സെൻട്രൽ സ്കീമിൽ നിന്നും ധനസഹായം നൽകി ബേപ്പൂർ പോർട്ടിന്റെ വർക്ക് രിപൂർണ്ണമാക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അതിനുള്ള സാംഗ്ഷൻ പ്രതീക്ഷിക്കുകയാണ്.

ഒരു വലിയ ഡ്രഡ്ജർ മാത്രമേ ഈ ഡിപ്പാർട്ടുമെൻറിനുള്ളു. അതു വളരെ പഴയതുമാണ്. കുടെക്കൂടെ അററകുററപ്പണികൾ നടത്തേണ്ടി വരും. അത് പല പോർട്ടിലും പോയി ഡ്രഡ്ജിംഗ് നടത്തേണ്ടതുണ്ട്. എങ്കിലും ആണ്ടുതോറും 'മീന' പോയി ബേപ്പൂർ പോർട്ടിലും ഡ്രഡ്ജിംഗ് നടത്തുന്നുണ്ട്. ഈ മാർച്ച് 28-ാം തീയതി ഡ്രഡ്ജിംഗ് തുടങ്ങി. ഇപ്പോൾ അററകുററപ്പണികൾ തീർക്കാൻ 'മീന' കരയ്ക്ക് കയററിയിരിക്കുകയാണ്. മൂന്നു നാലു ദിവസത്തിനകം ഡ്രഡ്ജിംഗ് പുന:രാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർ, അദ്ദേഹം പറഞ്ഞു ഇവിടെ ചരക്കുകൾ ഒന്നും വരുന്നില്ലാ എന്ന്. 1984-85

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ 199 സെയ്‌ലിംഗ് വെസ്സൽസ് അവിടെ വന്നു. 30,000 ടൺ ചരക്കു കൈകാര്യം ചെയ്തു. കൂടാതെ അവിടെ കപ്പലടുക്കുന്നതിനുള്ള സൗകര്യങ്ങളില്ല എന്നു പറഞ്ഞതു ശരിയല്ല. കപ്പൽ അടുക്കാനുള്ള വാർപ്പുണ്ട്. കപ്പൽ അടുക്കുന്നുണ്ട്. ബ്രേക്ക് വാട്ടറിന്റെ വർക്ക് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. വിലക്കൂടുതലും കൂലിച്ചെലവിന്റെ കൂടുതലുംകൊണ്ട് കോൺട്രാക്ടർ പണി നിർത്തി വച്ചിരിന്നു. ഇപ്പോൾ കോൺട്രാക്ടറുമായിട്ട് നെഗോഷിയേഷൻസ് നടത്തുകയാണ്. ആ വർക്ക് തീർച്ചയായും ഉടനെ തന്നെ പുന:രാരംഭിക്കുന്നതാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : സർ, പോർട്ടിനു വേണ്ടി മാത്രം ഒരു ഡ്രഡ്ജർ വാങ്ങാൻ തയ്യാറുണ്ടോ ? അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. ശ്രീനിവാസൻ : സർ, 'മീന'യെപ്പോലുള്ള ഒരു ഡ്രഡ്ജർ വാങ്ങണമെങ്കിൽ 15 കോടി രൂപ വേണം. ഇന്നത്തെ സാമ്പത്തിക സ്ഥിതി അതിന് അനുവദിക്കുന്നില്ല.

## 2. സുൽത്താൻബത്തേരി ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ പണി

ശ്രീ കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, സുൽത്താൻബത്തേരിയിൽ 66 കെ. വി. സബ്സ്റ്റേഷന്റെ പണി ആരംഭിച്ചിട്ട് വർഷങ്ങളായി. 1972-ൽ സാങ്കേതികാനുമതി ലഭിച്ച പണിയാണിത്. ആ വർഷം തന്നെ അതിന്റെ പണിയാരംഭിച്ചു. വർഷങ്ങൾ പലതുകഴിഞ്ഞിട്ടും ആ സബ്സ്റ്റേഷന്റെ പണി പൂർത്തിയായിട്ടില്ല. ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ ക്വാർട്ടേഴ്സിന്റെ പണി ഏറെക്കുറെ പൂർത്തിയായിട്ടും വർഷങ്ങൾ പലതായി. കൈനാട്ടി എന്ന സ്ഥലത്തുനിന്നും 20.274 കിലോ മീറ്റർ ലൈൻ വലിക്കേണ്ടതായിട്ടുണ്ട്. ചെമ്പ്രാപീക്ക് എസ്റ്റേറ്റ് ലൈൻ വലിക്കുന്നതിനെതിരായി കോടതിയിൽ കേസ് കൊടുത്തു. അതിന്റെ ഫലമായി ലൈൻ വലിക്കുന്ന പ്രവർത്തനം തടസ്സപ്പെട്ടു കിടക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. കോടതിയുടെ തടസ്സം നീക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ പരിശ്രമം കെ. എസ്. ഇ. ബി. യുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലായെന്ന് വളരെ ഖേദത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. എല്ലാം ചട്ടപ്പടി നടക്കട്ടെ എന്ന മനോഭാവമാണ് ഈ കാര്യത്തിൽ ഇന്നും കെ. എസ്. ഇ. ബിക്ക് ഉള്ളത്. 68 ടവ്വറുകളാണ് സബ്സ്റ്റേഷനോട് ബന്ധപ്പെട്ട് നിർമ്മിക്കേണ്ടത്. ഇത്രയും വർഷം കഴിഞ്ഞിട്ടും ഇനിയും 22 ടവ്വറുകളുടെ പണി ബാക്കി കിടക്കുകയാണ്. കേരളത്തിൽ പൊതുവെ ഇന്ന് വോൾട്ടേജ് കമ്മിയുണ്ട്. ആവശ്യമായ സമയത്തൊന്നുംതന്നെ ലൈററ് കിട്ടാറില്ല. എന്നും രാത്രി പത്തുമണി കഴിഞ്ഞാൽ മാത്രമേ ലൈററ് കിട്ടാറുള്ളു. രാത്രി പത്ത് മണിവരെ മിന്നാമിനുങ്ങ് പോലെയാണ് സുൽത്താൻ ബത്തേരി ഭാഗത്ത് ലൈററ് കിട്ടുന്നത്. ഇത് പരിഹരിക്കപ്പെടണമെങ്കിൽ സബ്സ്റ്റേഷന്റെ പണി അടിയന്തിരമായും പൂർത്തീകരിക്കണം എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽ നിന്നും അറിയാൻ കഴിഞ്ഞത്. സുൽത്താൻ ബത്തേരിയിൽ മാത്രമല്ല, മലബാർ പ്രദേശത്തിന്റെ പല ഭാഗത്തുമുള്ള സബ്സ്റ്റേഷൻെറ പണി ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. പൊതുവെ കെ. എസ്. ഇ. ബി. മലബാർ പ്രദേശത്തോട് അവഗണന കാണിക്കുന്നുവെന്നു പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷന്റെ കാര്യം പറയുകയാണെങ്കിൽ, തെക്കൻ പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ മലബാർ പ്രദേശത്ത് കൊടുത്തിട്ടുള്ള കണക്ഷന്റെ എണ്ണം കുറവാണെന്നു കാണാൻ കഴിയും. സുൽത്താൻ ബത്തേരിയിലെ സബ്സ്റ്റേഷന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവിടത്തെ ജനങ്ങൾ പ്രക്ഷോപണമാരംഭിച്ചിരിക്കുകയാണ്. ഒരു ദിവസം സുൽത്താൻ ബത്തേരിയിൽ കടകമ്പോളങ്ങൾ അടച്ച് ഹർത്താലാചരിച്ചു. ഇനി മററ് പ്രത്യക്ഷ സമരപരിപാടികളുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ്; ആക്ഷൻ കൗൺസിൽ. അതുകൊണ്ട് ഇനിയുമൊരു പ്രക്ഷോഭണത്തിലേക്ക് അവിടത്തെ ജനങ്ങളെ വലിച്ചിഴക്കാതെ മുടങ്ങിക്കിടക്കുന്ന സബ്സ്റ്റേഷന്റെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ; വിദ്യുച്ഛക്തി പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രശ്നം പരിഹരിക്കപ്പെടണമെങ്കിൽ അവിടത്തെ സബ്സ്റ്റേഷന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണം. ഗവൺമെന്റിന്റെയും ബോർഡിന്റെയും നിയന്ത്രണത്തിൽ പെടാത്ത പൊതുവായ ചില കാരണങ്ങൾ കൊണ്ടാണ് സബ്സ്റ്റേഷന്റെ പ്രവർത്തനം ഇതുവരെ പ്രാവർത്തികമാകാത്തത്. അവിടെ മൂന്നുതരത്തിലുള്ള ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒന്ന്, 66 കെ. വി. ലൈനിന്റെയും 2 ട്രാൻസ്ഫോർമറുകളുടേയും സ്ഥാപനം. രണ്ട്, ടവ്വർ നിർമ്മാണം. മൂന്ന്, സബ്സ്റ്റേഷൻ ബിൽഡിംഗ് നിർമ്മാണം. 66. കെ. വി. ലൈനിന്റെയും ട്രാൻസ്ഫോർമറിന്റേയും 60 ലക്ഷം രൂപയുടെ ഒരു പദ്ധതിയാണ്. 1976-ൽ അതിന്റെ കോൺട്രാക്റ്റ് കൊടുത്തു. കോൺട്രാക്റ്റർ പണി താളത്തിൽ കൊണ്ടുപോയി. 1981-ൽ അത് ടെർമിനേററ് ചെയ്ത് റീ ടെണ്ടർ കൊടുത്തിരിക്കുകയാണ്. അതിനിടയിലാണ് ഫോറസ്ററ് കൺസർവേഷൻ ആക്ററ് വന്നത്. അതിന്റെ ഫലമായി ലൈൻ വലിക്കുന്നതിനാവശ്യമായ മരം വെട്ടുന്നതിന് തടസ്സമുണ്ടായി. കൽപ്പററ മുൻസിഫ് കോടതിയിൽ കേസ് കൊടുത്തതിന്റെ ഫലമായി ചെമ്പക എസ്റേററിൽക്കൂടി ലൈൻ വലിക്കുന്നതിന് മരം വെട്ടിക്കൂടെന്നുള്ള സ്റേറയും വന്നിട്ടുണ്ട്. ഇങ്ങനെയുള്ള കാരണങ്ങളാൽ 66 കെ. വി. ലൈൻ വലിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട് എന്നുള്ളത് ശരിയാണ്. രണ്ടാമത് ടവ്വർ നിർമ്മാണം. അതിന്റെ കോൺട്രാക്റ്റ് 1974-ൽ കൊടുത്തു. കോൺട്രാക്ടർ പണി നടത്തിയില്ല. 1983-ൽ അത് ഈ ഗവൺമെന്റ് ക്യാൻസൽ ചെയ്തു. വീണ്ടും റീടെണ്ടർ ചെയ്തിരിക്കുകയാണ്. മൂന്നാമത് സ്ബസ്റേഷന്റെ പണി. 1976-ൽ അതിന് ടെണ്ടർ കൊടുത്തു. 1977-ൽ കോൺട്രാക്റ്റ് കൊടുത്തു. പണി നടന്നില്ല. 1984-ൽ അതും ക്യാൻസൽ ചെയ്തു. എന്താണെന്നറിയില്ല; ഇതിനെക്കുറിച്ചുള്ള എല്ലാ കോൺട്രാക്റ്റുകളും ടെർമിനേററ് ചെയ്യേണ്ടതായിവന്നു. ഇങ്ങനെയുള്ള കാരണങ്ങളാലാണ് പണിക്ക് കാലതാമസം ഉണ്ടായത്. ബഹുമാനപ്പെട്ട മെമ്പറോട് ഈ കാര്യത്തിൽ ഉറപ്പു പറയുകയാണ്, 1985 ജൂൺ മാസത്തോടുകൂടി ഈ സബ്സ്റേഷന്റെ പ്രവർത്തനം തുടങ്ങണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതനുസരിച്ച് ഇതിന്റെ പണി വേഗത്തിൽ കൊണ്ടുപോകുന്നതാണ്. ചിലപ്പോൾ ഈ പറഞ്ഞതിൽ നിന്നും ഒന്നോരണ്ടോ ദിവസം മാറിയെന്നുവരാം. അല്ലാതെ ഒരു കാരണവശാലും ഇതിന്റെ പണി നീട്ടിക്കൊണ്ടുപോകുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

മലബാർ മേഖലയെ കെ. എസ്. ഇ. ബി. അവഗണിക്കുന്നു എന്നു പറയുന്നതിന് വസ്തുതകളുമായി യാതൊരു ബന്ധവുമില്ല. മലബാർ മേഖലയ്ക്ക് മുഖ്യമായ പരിഗണന കൊടുത്തുകൊണ്ട്, അവികസിത മേഖലയിൽ കൂടുതൽ ലൈൻ വലിക്കുന്നതിനും അവിടെ കൂടുതൽ കണക്ഷനുകൾ കൊടുക്കുന്നതിനും ഗവൺമെൻറ് ആവശ്യപ്പെട്ടു. അതനുസരിച്ച് ആവശ്യമായ പരിഗണന നൽകുന്നുണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : 1985 ജൂൺ മാസം വേണ്ട, 1985 അവസാനമെങ്കിലും സബ്സ്റ്റേഷൻെറ പണി പൂർത്തീകരിക്കുമെന്നു ഉറപ്പ് നൽകാമോ ?

ശ്രീ. കെ. എം. മാണി : എന്തിനാണ് 1985 അവസാനം പോകുന്നത്, അതിനുമുമ്പേ തീർക്കുവാൻ കഴിയുമെങ്കിൽ തീർക്കാം.

## V. സബ്മിഷൻ

### 1. തിരുവല്ല—മല്ലപ്പള്ളി റോഡിലെ പാലത്തിൻെറ പണി

ശ്രീ. ടി. എസ്. ജോൺ : സർ, തിരുവല്ല—മല്ലപ്പള്ളി റോഡ് പത്തനംതിട്ട ജില്ലയിലെ ഏററവും പ്രധാനപ്പെട്ട റോഡുകളിലൊന്നാണ്. ആ റോഡിൻെറ മദ്ധ്യ പെരുമ്പുർ എന്ന സ്ഥലത്ത് 2 ചെറിയ പാലങ്ങളുണ്ട്. ആ പാലങ്ങളുടെ സ്ഥിതി ഇന്ന് ശോചനീയമാണ്. ഏതവസരത്തിലും നിലംപതിക്കുന്ന സ്റേറജിലാണ് നിൽക്കുന്നത്. ധാരാളം ബസ് സർവ്വീസുള്ള റോഡാണത്. ആ പാലത്തിൻെറ പണിക്കുവേണ്ടി വർഷങ്ങളായി ഒരു നോമിനൽ എമൗണ്ട് ബഡ്ജററിലുണ്ട്. കുറച്ചു തുക ഇതിനുവേണ്ടി ചെലവാക്കിയാൽ ഈ രണ്ടു പാലങ്ങളും റീ കൺസ്ട്രക്ട് ചെയ്യാൻ കഴിയും. അതുകൊണ്ട് എത്രയും വേഗം ഈ പാലങ്ങളുടെ പണി പൂർത്തീകരിക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലുള്ള അപകടകരമായ സ്ഥിതി അവിടെയില്ല. ഹൈഡ്രാഫിക് ഉള്ള പാലമാണത്. ഭാരം കയററിയ ലോറികളും ആളുകളെ കയററിയ ബസ്സുകളുമെല്ലാം ആ പാലത്തിലൂടെ ഇന്ന് പോകുന്നുണ്ട്. പിന്നെ പഴയ പാലമായതുകൊണ്ട് വീതിക്കുറവുണ്ട്. അത് പുതുക്കിപ്പണിയുവാൻ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിസാര സംഖ്യ കൊണ്ട് സാധിക്കുകയില്ല. 25 ലക്ഷം രൂപയെങ്കിലും അതിനു വേണ്ടിവരും. ബഡ്ജററിൽ കൊള്ളിച്ചത് 100 രൂപ മാത്രമാണ്. അത് പെട്ടെന്ന് പുതുക്കിപ്പണിയുന്നതിന് നമ്മുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ലെന്നുള്ളതു കൊണ്ട് വിഷമമുണ്ടെന്നു മാത്രമേ പറയുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

## 2. കുററ്യാടിയിൽ ഒരു ഹമീദിന്റെ കൊലപാതകം സംബന്ധിച്ച്

ശ്രീ. കെ. ടി. കണാരൻ: സർ, കുററ്യാടി പോലീസ് സ്റേറഷനതിർത്തിയിൽപ്പെട്ട നരിപ്പററ വില്ലേജിൽ ഹമീദ് എന്ന യുവാവിനെ കഴിഞ്ഞ 25-ാം തീയതി അതിദാരുണമായ വിധത്തിൽ കൊല
10 a .m. പ്പെടുത്തിയിരിക്കുകയാണ്. ഞാൻ മിനിഞ്ഞാന്ന് ആ പ്രദേശത്തു പോയി ഹമീദിന്റെ പാർട്ടിക്കാരെയും മററു നാട്ടുകാരെയുമൊക്കെ കാണുകയുണ്ടായി. ജനങ്ങളാകെ ഭയവിഹ്വലരായി കഴിയുന്ന ഒരന്തരീക്ഷമാണവിടെയുള്ളത്. ആറു മണിക്ക് മുമ്പേ അങ്ങാടി അടച്ചിട്ട് ആളുകൾ വീട്ടിലേക്ക് പോകുന്നു. അത്രമാത്രം അരക്ഷിതബോധമാണ് ആ പ്രദേശത്തെ ആളുകളിൽ കാണാൻ കഴിഞ്ഞത്. ഞാൻ അവിടെയുള്ള എല്ലാ പാർട്ടിക്കാരെയും (ഭരണകക്ഷിക്കാരെയും പ്രതിപക്ഷ കക്ഷിക്കാരെയും) കണ്ടു. ഇത്രയും ദിവസം കഴിഞ്ഞിട്ടും ഇന്നുവരെ കൊലപാതകികളെ പുറത്തുകൊണ്ടു വരുന്നതിനോ പിടിക്കുന്നതിനോ കഴിഞ്ഞിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. ഹമീദ് ഉപയോഗിച്ചിരുന്ന സൈക്കിൾ, കൊലപാതകികൾ ഉപേക്ഷിച്ചിട്ടുപോയ നിലയിൽ രണ്ടു ദിവസം മുമ്പ് അങ്ങാടിയിൽ നിന്നു കണ്ടുകിട്ടിയിട്ടുണ്ടെന്നാണ് പറയുന്നത്. അത്രക്ക് ഭയാനകമായ ഈ സ്ഥിതിയിൽ പോലീസ് അടിയന്തിരമായും വളരെ അധികം ജാഗ്രതയോടു കൂടിയും അന്വേഷണം നടത്തി അക്രമികളെ പിടികൂടണമെന്ന് ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി):— സർ, കുററ്യാടി പോലീസ് സ്റേറഷനതിർത്തിയിലുണ്ടായ ഈ കേസ് അന്വേഷിക്കുന്നതിന് ഉന്നതോദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ട്. അതിനു പുറമേ ബഹുമാനപ്പെട്ട മെമ്പർ എന്നോട് പറഞ്ഞതനുസരിച്ച് ഞാൻ തന്നെ നേരിട്ട് വിവരം അന്വേഷിക്കുകയുണ്ടായി. പ്രതികളെ കണ്ടുപിടിക്കുന്നതിനുവേണ്ടി പോലീസ്നായയെ ഏർപ്പെടുത്തി. ഫിംഗർപ്രിൻറ് ബ്യൂറോയുടെ ഉദ്യോഗസ്ഥൻമാർ വന്നു പരിശോധന നടത്തി. ഇതൊരു നാട്ടിൻപുറമായതുകൊണ്ട് ജനങ്ങൾക്ക് കൂടുതൽ ഭീതിയുണ്ടാകാതിരിക്കുവാൻ വേണ്ടി ഡിവൈ. എസ്. പി. യുടെ നേതൃത്വത്തിൽ പോലീസ് എല്ലാ വിധത്തിലുമുള്ള അന്വേഷണവും നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രതികളെ കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണ് ഗവൺമെൻറ് ഏർപ്പെട്ടിട്ടുള്ളത്.

## 3. ചാവക്കാട് കെ. എസ്. ആർ. ടി. സി. സ്റേറഷൻ മാസ്ററാഫീസ് സ്ഥാപിക്കുന്നതു സംബന്ധിച്ച്

ശ്രീ. പി. കെ. കെ. ബാവ: സർ, എന്റെ നിയോജകമണ്ഡലത്തിൽപെട്ട ചാവക്കാട് ഒരു താലൂക്കാസ്ഥാനവും മുനിസിപ്പൽ ആസ്ഥാനവുമാണ്. അവിടെ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കണക്കനുസരിച്ച് പല ബസ്സുകൾ വന്നു പോകുന്നുണ്ട്. എന്നാൽ കോർപ്പറേഷൻ പറയു



LIBRARY ARCHIVES Kerala Legislative Assembly

ന്നതുപോലെ ബസ്സുകൾ ഒന്നും വരുന്നില്ല. വർഷങ്ങൾക്കു മുമ്പ് ഇതു സംബന്ധിച്ച് നാട്ടുകാർ വലിയ ഒരു പ്രക്ഷോഭണം നടത്തിയിരുന്നു. ആ പ്രക്ഷോഭണത്തെത്തുടർന്ന് അധികൃതരുമായി ഒരു ധാരണയും ഉണ്ടായി. പക്ഷേ ആ ധാരണയനുസരിച്ച് ഇതുവരെ ബസ്സുകളൊന്നും ഓടിയിട്ടില്ല. അതേത്തുടർന്ന് അവിടത്തെ മുനിസിപ്പാലിററി ഒരു ബുക്കിംഗ് കൗണ്ടറും ഒരു സ്റേറഷൻമാസ്ററാഫീസും സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി നൽകാമെന്ന് ഏററിട്ടുള്ളതാണ്. പക്ഷേ ആ സ്ഥലം ഇതുവരെ കെ.എസ്.ആർ.ടി.സി. ഏറെറടുത്തിട്ടില്ല. അങ്ങനെയൊരു സ്ഥാപനവും അവിടെ ഏർപ്പെടുത്തിയില്ല. അതുകൊണ്ട് അടിയന്തിരമായി ആ സ്ഥലം ഏറെറടുത്ത് അവിടെ ബുക്കിംഗ് കൗണ്ടറും സ്റേറഷൻമാസ്ററുടെ ആഫീസും സ്ഥാപിക്കണമെന്നും അവിടത്തെ ജനങ്ങളോട് നീതികാണിക്കണമെന്നും അപേക്ഷിക്കുന്നു. അല്ലെങ്കിൽ അവിടത്തെ ജനങ്ങൾ ഒരു സമരത്തിന് നിർബന്ധിതരാകും. അങ്ങനെയൊരു സമരം നടത്തി ശാന്തമായ അവിടത്തെ അന്തരീക്ഷം തകർക്കത്തക്ക രീതിയിൽ ഞങ്ങളെ തള്ളിവിടരുതെന്ന് അപേക്ഷിക്കുന്നു. അങ്ങനെ നടക്കുന്ന സമരത്തിന് ഒരു ജനപ്രതിനിധിയെന്ന നിലക്ക് നേതൃത്വം നൽകാൻ ഞാൻ നിർബന്ധിതനാകും. അതുകൊണ്ട് ആ പ്രദേശത്തെ ജനങ്ങൾക്ക് നീതി നിഷേധിക്കരുതെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) : സർ, ചാവക്കാട് ടൗണിൽകൂടി കെ. എസ്. ആർ. ടി. സി. ബസുകളൊന്നും വന്നുപോകുന്നില്ലെന്ന് പറഞ്ഞത് പൂർണ്ണമായും ശരിയല്ല. ഗുരുവായൂർ നിന്ന് ചാവക്കാട്ടേക്ക് രണ്ടു മൂന്നു കിലോമീററർ ദൂരമേയുള്ളൂ. ഗുരുവായൂർ സബ് ഡിപ്പോയിൽ നിന്ന് 32 ഷെഡ്യൂളുകൾ ഓപ്പറേററ് ചെയ്യുന്നുണ്ട്. കൂടാതെ മററ് പല യൂണിററുകളിൽ നിന്നും ഗുരുവായൂരിലേക്ക് കെ. എസ്. ആർ. ടി. സി. നിരവധി സർവ്വീസുകൾ നടത്തുന്നുണ്ട്. ഗുരുവായൂർ-കാസർകോട്, ഗുരുവായൂർ-സുൽത്താൻബത്തേരി, ഗുരുവായൂർ-കോയംപത്തൂർ, ഗുരുവായൂർ-തിരുവനന്തപുരം എന്നീ ദീർഘദൂരസർവ്വീസുകൾ ചാവക്കാട് ടച്ച് ചെയ്യുന്നില്ല. ഗുരുവായൂർ-കോഴിക്കോട്, ഗുരുവായൂർ-പാലക്കാട്, ഗുരുവായൂർ-എറണാകുളം, ഗുരുവായൂർ-കൊട്ടാരക്കര എന്നീ സ്ഥലങ്ങളിലേക്ക് പോകുന്ന സർവ്വീസുകൾ ചാവക്കാട് ടച്ച് ചെയ്താണ് പോകുന്നത്. ഗുരുവായൂർ സബ്ഡിപ്പോയിൽനിന്നും പാലക്കാട് ഡിപ്പോയിൽ നിന്നും ധാരാളം ഓർഡിനറി സർവ്വീസുകൾ ചാക്കാട് വഴിയാണ് സർവ്വീസ് നടത്തുന്നത്. ഇപ്പോൾ 34 ട്രിപ്പുകൾ ചാവക്കാട് ടച്ച് ചെയ്താണ് പോകുന്നത്. 1977-ൽ ഉണ്ടാക്കിയ കരാറനുസരിച്ച് ചാവക്കാട് കൂടി ടച്ച് ചെയ്യണമെന്ന നിർദ്ദേശം കൊടുക്കുകയും അതനുസരിച്ച് സർവ്വീസ് നടന്നു വരികയുമാണ്. ചാവക്കാട്ടുള്ള ആളുകൾക്ക് വേണ്ടി ഗുരുവായൂർ-ചാവക്കാട്-കൊച്ചിൻ എയർപോർട്ട് സർവ്വീസും. ഗുരുവായൂർ-ചാവക്കാട്-തിരുവനന്തപുരം എയർപോർട്ട് സർവ്വീസും അടുത്ത കാലത്തായി ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം കെ. എസ്. ആർ. ടി. സി. യെക്കൊണ്ട് പരിശോധിപ്പിക്കുന്നതാണ്. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### 4. പാലക്കാടിനു കിട്ടേണ്ട കോച്ച് ഫാക്ടറി സംബന്ധിച്ച്

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, കേരളത്തിന് ലഭിക്കുമെന്ന് നമ്മളെല്ലാപേരും ദീർഘകാലമായി പ്രതീക്ഷിച്ചിരുന്ന കോച്ച്ഫാക്ടറി കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്, വിശേഷിച്ചും പാലക്കാട് ജില്ലക്ക് ലഭിക്കുകയില്ലെന്ന് ഇപ്പോൾ ഉറപ്പായിരിക്കുകയാണ്. അത് പഞ്ചാബിൽ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുന്നു. അത് ഇവിടെ സ്ഥാപിക്കുന്നതിനുവേണ്ടി കേരളത്തിലെ ഇടതുപക്ഷജനാധിപത്യമുന്നണിഗവൺമെന്റും പാർലമെന്റ് മെമ്പർമാരും ദീർഘകാലമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടാണ് നമുക്ക് ഇത് ലഭിക്കുമെന്ന് പറഞ്ഞത്. ആ ഫാക്ടറി നമുക്ക് ലഭിച്ചിരുന്നെങ്കിൽ അതിരൂക്ഷമായ തൊഴിലില്ലായ്മ കൊണ്ട് പ്രയാസം അനുഭവിക്കുന്ന കേരളത്തിലെ മുപ്പതിനായിരത്തിലേറെ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുമായിരുന്നു. ഇതിനുമുൻപ് പാലക്കാട് റെയിൽവേയുടെ ഒരു വർക്ക്ഷാപ്പ് സ്ഥാപിക്കുമെന്ന് നമുക്ക് ഉറപ്പ് നല്കിയതാണ്. ആ വർക്ക്ഷാപ്പ് ആന്ധ്രായിലേക്ക് മാററി. അപ്പോഴും കേരളത്തിന് നല്കിയ വാഗ്ദാനം കോച്ച്ഫാക്ടറി ഇവിടെ സ്ഥാപിക്കുമെന്നാണ്. ഇപ്പോൾ അതും നഷ്ടപ്പെട്ടിരിക്കുന്നു. ദീർഘകാലമായി കേരളത്തോട് കേന്ദ്രഗവൺമെന്റ് കാണിക്കുന്ന അവഗണനയുടെ ഏററവും പ്രത്യക്ഷമായ ഉദാഹരണമാണിത്. അതുപോലെതന്നെ പാലക്കാടിനെ സംബന്ധിച്ചാണെങ്കിൽ ഇതിനു മുൻപ് സൈലന്റ്‌വാലി നഷ്ടപ്പെട്ടു. ഈ അവഗണനയ്ക്കെതിരായി മുൻപ് കപ്പൽ നിർമ്മാണശാല ലഭിക്കാൻ നാം എങ്ങനെ പോരാടിയോ അതുപോലെ ഭരണകക്ഷിയെന്നോ പ്രതിപക്ഷകക്ഷിയെന്നോ വ്യത്യാസമില്ലാതെ ഈ കോച്ച് ഫാക്ടറി ലഭിക്കുന്നതിനുവേണ്ടി നാം യോജിച്ച് പോരാടണം. ഒരു പ്രക്ഷോഭണത്തിലേക്ക് ഇറക്കാതെ ഇത് അംഗീകരിക്കാൻ ഒരു കൂട്ടായ തീരുമാനത്തിന് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവുംവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ കോച്ച് ഫാക്ടറി ഹരിയാനയിൽ സ്ഥാപിക്കാൻ പോകുന്നു എന്ന് പത്രവാർത്ത കാണുകയുണ്ടായി. ഇതല്ലാതെ ഗവൺമെന്റിന് തക്കതായ അറിയിപ്പൊന്നും കിട്ടിയിട്ടില്ല. ഈ പത്രവാർത്ത കണ്ടയുടനെ, ഇത് കേരളത്തിന് മുൻപ് നല്കിയിട്ടുള്ള ഒരു കമ്മിററ്മെന്റാണ്. ആ കമ്മിററ്മെന്റ് പാലിക്കണമെന്ന് ശക്തമായ ഭാഷയിൽ ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 18-3-1985-ൽ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് ഒരു മെസ്സേജ് അയച്ചിട്ടുണ്ട്. ഈ ഫാക്ടറിക്കാവശ്യമായ സ്ഥലം സൗജന്യമായി നല്കുന്നതിനും വൈദ്യുതി, വെള്ളം മുതലായവ സൗജന്യ നിരക്കിൽ നല്കുന്നതിനും സംസ്ഥാന സർക്കാർ തയ്യാറാണെന്ന് നമ്മൾ അവരെ അറിയിച്ചിരുന്നതാണ്. എല്ലാവിധ സൗകര്യങ്ങളും നല്കുന്നതിന് സന്നദ്ധമായിരുന്നു. അതുപോലെതന്നെ ഈ ഫാക്ടറിയുടെ സ്ഥലം നിർണ്ണയിക്കുന്നതിനായി റെയിൽവേ ടെക്നിക്കൽ ആന്റ് എക്ണോമിക് സർവ്വീസ് എന്ന സ്ഥാപനത്തെ കേന്ദ്ര സർക്കാർ നിയോഗിച്ചിരുന്നതാണ്. അപ്പോൾ അവർ കമ്മിററ് ചെയ്തു. സ്ഥലം നിർണ്ണയിക്കുന്നതിനുവേണ്ടി റെയിൽവേ ടെക്നിക്കൽ ആൻഡ് എക്കണോമിക് സർവ്വീസിനെ ചുമതലപ്പെടുത്തി. ഇത് കിട്ടുമെന്ന് നമ്മൾ പ്രതീക്ഷിച്ചിരുന്നു. നമ്മൾ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാമെന്ന് ഉറപ്പും നല്കി. പക്ഷേ പെട്ടെന്നാണ് ഇങ്ങനെയൊരു പത്രവാർത്ത വരികയുണ്ടായത്. കേന്ദ്രം നമ്മോടുള്ള കമ്മിററ്മെന്റ് പാലിക്കണം. റെയിൽവേയുടെ കാര്യത്തിലാണെങ്കിൽ കേരളം വളരെ പിന്നോക്കം നില്കുന്ന സംസ്ഥാനമാണ്. തമിഴ്നാടിനും ആന്ധ്രാക്കും റെയിൽവേ സംബന്ധമായ വളരെയധികം സ്ഥാപനങ്ങൾ കിട്ടിയിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു സ്ഥാപനവും ഇല്ല. പ്രത്യേകിച്ചും രൂക്ഷമായ തൊഴിലില്ലായ്മ നിലനില്ക്കുന്ന കേരളത്തിൽ ഇതുപോലെയൊരു സ്ഥാപനം ഏററവും പ്രയോജനകരമാണ്,

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമാണ്. നാം നമ്മുടെ ഡിമാൻഡിൽ ഉറച്ചു നില്ക്കുകയാണ്. ഇക്കാര്യം കേന്ദ്രഗവൺമെന്റിൽ നിന്ന് സാധിച്ചുകിട്ടും. അല്ലെങ്കിൽ ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാകുമെന്ന് ആശിക്കുകയാണ്.

## 5. എഫ്. സി. ഐ. യിലെ പണിമുടക്കുമൂലം റേഷൻ വിതരണം മുടങ്ങിയത് സംബന്ധിച്ച്

ശ്രീ. ടി. പി. പീതാംബരൻ മാസ്ററർ : സർ, കഴിഞ്ഞ 10 ദിവസമായി പള്ളുരുത്തി മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നൂററിയിരുപതോളം റേഷൻ ഷാപ്പുകളിൽ അരി വിതരണം മുടങ്ങിക്കിടക്കുകയാണ്. പള്ളുരുത്തി, കുമ്പളങ്ങി, ചെല്ലാനം, ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി എന്നീ വില്ലേജുകളിൽപ്പെട്ട എല്ലാ റേഷൻ ഷാപ്പുകളും 10 ദിവസമായി പൂട്ടിക്കിടക്കുകയാണ്. ഒരു സാധനവും ഇവിടെ വിതരണം ചെയ്യുന്നില്ല. അവർക്ക് അരി വിതരണം നടത്തുന്നത് കല്ലിയൂരുള്ള എഫ്. സി. ഐ. യുടെ ഒരു ഗോഡൗണിൽനിന്നാണ്. ഇവിടെ സാധനങ്ങൾ കയററുന്നത് സംബന്ധിച്ചുണ്ടായ തർക്കത്തെത്തുടർന്ന് അവർ സാധനങ്ങൾ എടുക്കുകയോ കൊടുക്കുകയോ ചെയ്യാത്ത സ്ഥിതി വന്നു. 10 ദിവസമായിട്ടും ഇത് പരിഹരിക്കാൻ യാതൊരു ശ്രമവും നടത്തിക്കാണുന്നില്ല. ഇതിന്റെ ഫലമായി പരസ്യമാർക്കററിൽ അരിക്ക് ഒരു രൂപ മുതൽ ഒന്നര രൂപ വരെ കൂടുതലായി കൊടുക്കേണ്ടി വന്നിട്ടുണ്ട്. ഭൂരിപക്ഷം പാവങ്ങൾ താമസിക്കുന്ന ആ കടലോരപ്രദേശത്തെ ആളുകൾ കഷ്ടത അനുഭവിക്കുന്ന ഘട്ടത്തിൽ ഗവൺമെന്റ് അനാസ്ഥമായിരിക്കുന്ന ഒരു നടപടിയാണ് സ്വീകരിച്ചു കാണുന്നത്. ഇത് വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ്. അതുകൊണ്ട് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെട്ട് ഇനിയെങ്കിലും റേഷൻ വിതരണം മുടങ്ങാതെ നടത്തുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : സർ, കൊച്ചിയിലെ മട്ടാഞ്ചേരി, പള്ളുരുത്തി, ചെല്ലാനം, കുമ്പളങ്ങി എന്നീ പ്രദേശങ്ങളിലെ ഏകദേശം 110 റേഷൻ ഷാപ്പുകളിലേക്ക് അരി വിതരണം ചെയ്യുന്ന കല്ലിയൂർ എഫ്. സി. ഐ. ഗോഡൗണിലെ തൊഴിലാളികൾ അവരുടെ കൂലി വർദ്ധനവിനുവേണ്ടി 27-ാം തീയതി ബുധനാഴ്ച മുതൽ സമരത്തിലാണ് തൽഫലമായി അരിയുടെ കയററിറക്കിൽ അല്പം താമസം വന്നിട്ടുണ്ട്. അതുകൊണ്ട് ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ടെന്ന് അറിഞ്ഞയുടൻതന്നെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ജില്ലാ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള അനുരഞ്ജന സംഭാഷണം നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ അരിവിതരണം മുടങ്ങരുതെന്നുദ്ദേശിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അരി റേഷൻ ഷാപ്പുകളിലൂടെ റേഷൻ അരിയുടെ വിലക്ക് കൊടുക്കാൻവേണ്ട നിർദ്ദേശങ്ങൾ കോർപ്പറേഷനും ഡി. എസ്. ഒ. ക്കും കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അവിടെ മുടക്കം വരുന്നില്ല. അനുരഞ്ജനസംഭാഷണം നടന്നുകൊണ്ടിരിക്കുകയാണ്. തീരുമാനം ആയിട്ടില്ല. ഒത്തുതീർപ്പായാൽ വീണ്ടും അവിടെ പഴയതുപോലെ വിതരണം നടക്കും.

LIBRARY ARCHIVES Kerala Legislative Assembly

## 6. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു തങ്കമ്മയുടെ മരണം സംബന്ധിച്ച്

**ശ്രീ. വി. ദിനകരൻ:** സർ, മണ്ണെണ്ണ ദുരന്തത്തിനുശേഷം മരുന്നു ദുരന്തം ഉണ്ടായിരിക്കുകയാണ്. ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ 9-3-1985 വെള്ളിയാഴ്ച പെനെഡിയർ എന്ന മരുന്ന് കുത്തിവച്ചതിനെത്തുടർന്ന് തങ്കമ്മ എന്ന 28 വയസ്സ് പ്രായമുള്ള ഒരു സ്ത്രീ മരിക്കുകയുണ്ടായി. 67 വയസ്സ് പ്രായമുള്ള കറുത്തമ്മ എന്ന മറ്റൊരു സ്ത്രീ ബോധക്ഷയമുണ്ടായതിനെത്തുടർന്ന് വളരെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ കഴിയുകയാണ്. രണ്ടാഴ്ച മുൻപ് ഇതേ മരുന്ന് കുത്തിവച്ചതിനെത്തുടർന്ന് തൃക്കുന്നപ്പുഴ സ്വദേശിയായ ചെല്ലമ്മ എന്നൊരു സ്ത്രീയും മരിക്കുകയുണ്ടായി. ഇത് ഹിന്ദുസ്ഥാൻ ആന്റി ബയോട്ടിക്സ് കമ്പനി സപ്ലൈ ചെയ്ത മരുന്നാണെന്നാണ് പത്രവാർത്തയിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ആലപ്പുഴ മെഡിക്കൽകോളേജാശുപത്രിയിലെ രോഗികളൊക്കെത്തന്നെ ഭയവിഹ്വലരായി കഴിഞ്ഞുകൂടുകയാണ്. ചെല്ലമ്മ മരിച്ച അവസരത്തിൽതന്നെ നാട്ടുകാർ ഓടികൂടി ബഹളമുണ്ടാക്കി. തങ്കമ്മ മരിച്ച അവസരത്തിലും അതേ സംഭവം ആവർത്തിക്കുകയുണ്ടായി. മണ്ണെണ്ണ ദുരന്തത്തിൽ മരിച്ചവർക്ക് നല്കുന്നതുപോലുള്ള ആനുകൂല്യങ്ങൾ ഈ മരുന്നു ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നല്കുകയും അതിനെക്കുറിച്ച് വിശദമായി അന്വേഷിക്കുകയും വേണം. ആലപ്പുഴ മെഡിക്കൽകോളേജാശുപത്രിയെക്കുറിച്ച് പറയുകയാണെങ്കിൽ അതൊരു നാഥനില്ലാത്ത കളരിപോലെയാണ്. അവിടെയൊരു സൂപ്രണ്ടുണ്ട്. ഇത് നടന്നിട്ടും ഒന്നും അറിയാത്ത മട്ടിൽ നടക്കുന്ന സൂപ്രണ്ട്. അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ച് ബന്ധപ്പെട്ട കുടുംബങ്ങളെ രക്ഷിക്കാനുള്ള നടപടി എടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ സംഭവത്തെ സംബന്ധിച്ച് ഔദ്യോഗിക റിപ്പോർട്ടൊന്നും ഗവൺമെന്റിന് കിട്ടിയിട്ടില്ല. എങ്കിൽപോലും വിവരം കിട്ടിയ ഉടൻതന്നെ അവിടത്തെ വൈസ് പ്രിൻസിപ്പാളിനെ ടെലഫോണിൽ കോൺടാക്ട് ചെയ്ത് വിവരങ്ങൾ ശേഖരിച്ചതിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് ഈ ഇൻജക്ഷൻ വളരെ അപകടകരമല്ലെന്നാണ്. എങ്കിൽപോലും ചിലപ്പോൾ കരുതൽ എന്നുള്ള നിലയിൽ ടെസ്റ്റ്ഡോസ് കൊടുക്കാറുണ്ട്. ഈ രണ്ട് കേസിലും ടെസ്റ്റ്ഡോസ് കൊടുത്തിട്ടുണ്ട്. അതിനുശേഷമാണ് ഇൻജക്ഷൻ കൊടുത്തിട്ടുള്ളത്. ഇതിനു മുമ്പും ഇവർക്ക് ഈ ഇൻജക്ഷൻ കൊടുത്തിട്ടുള്ളതാണ്. യാതൊരു അപകടവും ഉണ്ടായിട്ടില്ല. എന്തായാലും ശരി മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറോട് അടിയന്തിരമായി അന്വേഷിച്ച് റിപ്പോർട്ട് തരാൻ പറഞ്ഞിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും. അവർക്ക് എന്തെങ്കിലും സഹായം ചെയ്യേണ്ടതുണ്ടെങ്കിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതാണ്.

## 7. ബാലവാടികളും മഹിളാ സമാജങ്ങളും നിർത്തലാക്കിയതിനെ സംബന്ധിച്ച്

**ശ്രീ. കെ. പി. പ്രഭാകരൻ:** സർ, ഐ.സി.ഡി.എസ്. പ്രോജക്ട് പ്രദേശങ്ങളിൽ, ബ്ലോക്കുകളിൽ മഹിളാസമാജങ്ങൾ മുഖേന വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഫീഡിംഗ് സെന്ററുകൾ 1-4-1985 മുതൽ നിർത്തലാക്കി

LIBRARY ARCHIVES Kerala Legislative Assembly

യിരിക്കുകയാണ്. അതു നിർത്തലാക്കിയപ്പോൾ മാർച്ച് 31-ാം തീയതിവരെയുള്ള ഭക്ഷ്യസാധനങ്ങൾ അവിടെയുള്ളതെല്ലാം മടക്കി അയയ്ക്കണമെന്നാണ് കെയർ ആവശ്യപ്പെട്ടിരിക്കുന്നത്. അതേസമയത്ത് ഫീഡിംഗ് സെൻററിൽ ഭക്ഷണം കഴിച്ചിരുന്ന കുട്ടികൾക്ക് 1-ാം തീയതി മുതൽ ഭക്ഷണം നൽകുന്നതിനുള്ള യാതൊരു ബദൽ സംവിധാനവും ഉണ്ടാക്കിയിട്ടില്ല. ഇതിൻെറ ഫലമായി അന്തിക്കാട് ബ്ലോക്കിൽ മണലൂർ, ചേർപ്പ് തുടങ്ങിയ നാല് പഞ്ചായത്തുകൾ ഉൾപ്പെടെ 32 ഫീഡിംഗ് സെൻററുകൾ, എട്ടും പത്തും വർഷമായി പ്രവർത്തിച്ചു കൊണ്ടിരുന്ന ഫീഡിംഗ് സെൻററുകൾ 1-ാം തീയതി മുതൽ അടച്ചുപൂട്ടിയിരിക്കുകയാണ്, പതിനൊന്നു സെൻററുകൾ സി.പി.ഡബ്ലിയു.ഡി. സ്കീം അനുസരിച്ച് ബാലവാടി കെട്ടിടം പണിതിട്ടുള്ളതാണ്. പതിനായിരം രൂപ മുതൽ ഇരുപത്തയ്യായിരം രൂപവരെ. കെയറിൻെറയും ഗവൺമെൻറിൻെറയും ഷെയറോടുകൂടി ആറായിരം രൂപ മുതൽ ഒൻപതിനായിരം രൂപവരെ നിശ്ചയിച്ചിരുന്ന സമയത്ത് നാട്ടുകാരുടെ സംഭാവന പിരിച്ച് പതിനയ്യായിരം രൂപ മുതൽ 25,000 രൂപവരെ ചെലവഴിച്ചു പണിതിട്ടുള്ള ബാലവാടിക്കെട്ടിടത്തിൽ സ്ഥിരമായി നെഴ്സറി ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് ഭക്ഷണം കൊടുക്കാനുള്ള യാതൊരു സംവിധാനവുമില്ലെങ്കിൽ നെഴ്സറി ക്ലാസ്സ് തുടർന്ന് നടത്താൻ കഴിയുകയില്ല. അവിടത്തെ ടീച്ചർമാർക്ക് 175 രൂപയാണ് കൊടുക്കുന്നത്. അവരെ പ്രൊവൈഡ് ചെയ്യുന്നതിനുള്ള യാതൊരു ഏർപ്പാടും ഉണ്ടാക്കിയിട്ടില്ല. ടീച്ചർമാർക്ക് ജോലികൊടുക്കുന്നതിനുള്ള ഏർപ്പാടില്ലാതെ ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ആയിരക്കണക്കിന് കുട്ടികൾക്ക് ഭക്ഷണം കൊടുക്കുന്നതിനുള്ള എന്തെങ്കിലും ബദൽ സംവിധാനം ഉണ്ടാക്കാതെ ഒരു സുപ്രഭാതത്തിൽ ഇതെല്ലാം അടച്ചു പൂട്ടിയിരിക്കുകയാണ്. കെയറിൽനിന്നും ഗവൺമെൻറിന് മുൻകൂട്ടി അറിയിപ്പ് കൊടുത്തിരുന്നു. ഇതിനാവശ്യമായ ബദൽ സംവിധാനം ഉണ്ടാക്കാൻ സമയം കൊടുത്തുകൊണ്ടാണ് കെയർ നിർത്തിയത്. പക്ഷെ ഗവൺമെൻറ് യാതൊരു ബദൽ സംവിധാനവും ഉണ്ടാക്കിയിട്ടില്ല. 1-ാം തീയതി മുതൽ കുട്ടികളൊക്കെ ഭക്ഷണം കിട്ടാതെ നിരാലംബരായിരിക്കുകയാണ്, ബാലവാടി ടീച്ചർമാർക്ക് ഭാഗികമായി തൊഴിലിനെ സംബന്ധിച്ച് യാതൊരു അന്തവുമില്ലാതെ നിൽക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെൻറ് നടപടി സ്വീകരിക്കണം.

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ.പി.കെ. വേലായുധൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ സഭയിൽ ഉന്നയിച്ച വസ്തുതകൾ ശരിയാണ്. 1980-ൽ ഐ.സി.ഡി.എസ്. പദ്ധതി വരുന്നതിനുമുമ്പ് രജിസ്ററർ ചെയ്ത ഏതാണ്ട് പതിനയ്യായിരത്തോളം വരുന്ന മഹിളാ സമാജങ്ങളിൽകൂടി 2611 ബാലവാടികളും അതുപോലെതന്നെ അയ്യായിരത്തിനടുത്ത് ഫീഡിംഗ് സെൻററുകളും എ.എൻ.ടി. സെൻേറഴ്സും നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നു. 1980-ൽ ഐ.സി.ഡി.എസ്. പദ്ധതി ബ്ലോക്കുകളിൽ തുടങ്ങി. ഇപ്പോൾ 55 ബ്ലോക്കുകളിലുണ്ട്. ഈ സാമ്പത്തിക വർഷം ആറ് ബ്ലോക്കുകളിൽ കൂടി തുടങ്ങിയിരിക്കുകയാണ്. മൊത്തം 61 ബ്ലോക്കുകളിൽ. അംഗനവാടികൾ തുടങ്ങുമ്പോൾ നിലവിലുണ്ടായിരുന്ന ഫീഡിംഗ് സെൻററുകളെയും ബ്രാലവാടികളെയും പരിഗണിക്കാതെ - അംഗനവാടികൾ തുടങ്ങിയതിൻെറ ഫലമായിട്ട് ഓവർലാപ്പിംഗ് ഉണ്ടായി. ഓവർ ലാപ്പിംഗ് ഉണ്ടായപ്പോൾ കെയർ പറഞ്ഞു ഓവർലാപ്പിംഗിൻെറയും ഡ്യൂപ്ലിക്കേഷൻെറയും ഫലമായി ഞങ്ങൾ കൂടുതൽ ഭക്ഷണസാധനങ്ങൾ നൽകേണ്ടി വരുന്നു, അതുകൊണ്ട് പരിശോധിക്കണമെന്ന്. 1981 ജനുവരിയിൽ ഇക്കണോമിക് ഡെവലപ്പ്മെൻറ് കമ്മീഷണർ ചെയർമാനായി എംപവർ കമ്മിററി രൂപീകരിക്കുകയും ചെയ്തു. ആ കമ്മിററിയുടെ നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ 14-9-1984-ൽ ജി.ഒ.എം.എസ്.14/84 എന്ന ഒരു ഉത്തരവ് പ്ലാനിംഗ് ആൻറ് ഇക്കണോമിക് അഫയേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ഓവർലാപ്പിംഗ് വരുന്നതായ അംഗനവാടികളും ബാലവാടികളും ഫീഡിംഗ് സെൻററുകളും മെർജ്ജ് ചെയ്തുകൊണ്ട് ഓവർലാപ്പിംഗ് ഒഴിവാക്കാനും കെയർ വിഭാഗം ദുരുപയോഗപ്പെടുത്താതിരിക്കാനുള്ള ഒരു സിംഗിം ലൈൻ ഫീഡിംഗ്പ്രോഗ്രാം ഐ.സി.ഡി.എസ്. പദ്ധതിയുള്ള ബ്ലോക്കിൽ വേണ മെന്ന് പറഞ്ഞുകൊണ്ട് അതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് പറഞ്ഞു കൊണ്ട് 14-8-1984-ൽ നിർദ്ദേശം നൽകിയിരുന്നു. ഇത് ഡെവലപ്പുമെൻറു ഡിപ്പാർട്ടുമെൻറിന്റെ മാത്രം പ്രശ്നമല്ല, ഹെൽത്ത് ഡിപ്പാർട്ടുമെൻറിനേയും ജനറൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിനേയും പൊതുവെ നാലഞ്ചു ഡിപ്പാർട്ടുമെൻറുകളെ ബാധിക്കുന്ന പ്രശ്നമാണ്. ഐ.സി.ഡി.എസ്. പ്രോജക്ട് വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന ബാലവാടികളും അതുപോലെതന്നെ ഫീഡിംഗ് സെൻററുകളുമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപ്പോലെ ഭക്ഷണസാധനങ്ങളം കൊടുക്കാൻ കഴിയാതെ നിർത്തേണ്ടി വന്നത്. അടയ്ക്കാൻ നിർബന്ധിതമായ അവസ്ഥ ഉണ്ടായിട്ടുള്ളത്. ഇത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ഉന്നതതല സമ്മേളനം അടിയന്തിരമായി വിളിച്ചുകൂട്ടുന്നതിന് മുഖ്യമന്ത്രിതന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏതാനും ദിവസത്തിനകം ഇതുസംബന്ധിച്ച് തീരുമാന മെടുക്കാൻ കഴിയും. ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത് കെയറി ന്റേയും സംസ്ഥാന ഗവൺമെൻറിന്റെയും ബഹുജനങ്ങളുടേയും സഹകരണ ത്തോടുകൂടി പതിനായിരം രൂപമുതൽ അമ്പതിനായിരം രൂപവരെ ചെലവഴിച്ചു പണിതിട്ടുള്ള സി.പി.ഡബ്ലിയു.ഡി. സെൻററുകളും ബാലവാടികളും ഒരു കാരണവശാലും അന്യാധീനപ്പെട്ടുപോകാതെ, ക്ലോസ് ചെയ്യേണ്ട അവസ്ഥ യുണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആയിരക്കണ ക്കിന് കുട്ടികളം അവിടെയുണ്ട്. പട്ടിണിപ്പാവങ്ങളുടെ വീടുകളിൽനിന്ന് വരുന്ന കുട്ടികളാണ്. അതുപോലെതന്നെ ബാലവാടി, ടീച്ചേഴ്സിന് തൊഴിലവസരം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗവൺമെൻറ് ശ്രമിക്കുന്നതാണ്.

## 8. കായംകുളത്ത് ഒരു പാലം പുതുക്കിപ്പണിയുന്നതു സംബന്ധിച്ച്

ശ്രീ. തച്ചടി പ്രഭാകരൻ: സർ, കായംകുളം മുനിസിപ്പൽ പട്ടണത്തിൽപ്പെട്ട എരുവ, കാര്യാത്ത് പാലങ്ങളം, അന്തരിച്ച ഉപമുഖ്യമന്ത്രി സി.എച്ച് മുഹമ്മദുകോയ കല്ലിട്ട് പണിയാരംഭിച്ചതാണ്. കായംകുളം-മുട്ടം റോഡിൽ നിന്നും കായംകുളം-തട്ടാരമ്പലം റോഡിനേയും കായംകുളം റോഡിനേയും തമ്മിൽ ബന്ധപ്പെടുത്തുന്ന രണ്ട് പാലങ്ങളാണ് ഇവ. എരുവ പാലത്തിന്റെ പണി പൂർത്തിയായെങ്കിലും ആറ് മാസക്കാലമായി അതിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ പണി നടക്കാത്തതുകൊണ്ട് പതിനാല് ലക്ഷം രൂപ ചെലവഴിച്ച ആ പാലം ഉപയോഗിക്കാൻ പററാതെ വരുന്ന 'സ്ഥിതിവിശേഷ മുണ്ട്. അതുപോലെ കാര്യാത്ത് പാലത്തിന്റെ പണി പകുതിവച്ച് നിർത്തി യിരിക്കുകയാണ്. ഈ രണ്ടു പാലങ്ങളും 1983-ൽ പണി പൂർത്തിയാക്കത്തക്ക രീതിയിലായിരുന്നു അന്ന് കോൺട്രാക്ട് കൊടുത്തിരുന്നത്. ആ പാലത്തിന്റെ പണി പൂർത്തിയാക്കി ആ പ്രദേശത്തെ ജനങ്ങളുടെ ചിരകാലാ ഭിലാഷം സാക്ഷാൽക്കരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ.കെ. അവുക്കാദർകുട്ടി നഹ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. 1981-ൽ ഭരണാനുമതി ലഭിക്കുകയും 1982-ൽ ടെൻഡർ വിളിച്ച് വർക്ക് നടത്താനുള്ള അംഗീകാരം നൽകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു പാലത്തിന്റെ പണി മിക്കവാറും തീരുകയും മറേറ പാലത്തിന്റെ ചില പണികൾ ആരംഭിക്കുകയും ചെയ്തു. കാലാവധി കഴിഞ്ഞിട്ടും അന്നത്തെ എഗ്രിമെന്റ് പ്രകാരം കായംകുളം മുനിസിപ്പാലിററിയുടെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലം ഇന്നും വിട്ടുകൊടുത്തിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് കോൺട്രാക്ടർമാർ അവരെ ഒഴിവാക്കണമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കണമോ വേണ്ടയോയെന്നുള്ള ആലോചനയിലിരിക്കുകയാണ്. മുനിസിപ്പാലിററി ഇന്നുവരെ ലാൻറ് വിട്ടുകൊടുത്തിട്ടില്ല. ഇപ്പോൾ അറിയിച്ചിരിക്കുന്നു, ലാൻഡ് വിട്ടുകൊടുക്കാനുള്ള നീക്കം ആരംഭിച്ചിട്ടുണ്ടെന്ന്. ആ സ്ഥലം വിട്ടു കിട്ടിയിട്ടില്ല. വിട്ടുകിട്ടിയാലല്ലാതെ പ്രവർത്തനം ആരംഭിക്കാൻ പററുകയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ കായംകുളം മുനിസിപ്പാലിററിയിലുള്ള സ്ഥലം എത്രയും വേഗം ഗവൺമെൻറിനെ ഏൽപ്പിക്കാൻ ശുപാർശ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

## 9. ചേർത്തലയിലെ മാക്ഡവൽ കമ്പനി പൂട്ടിയിട്ടതു സംബന്ധിച്ച്

ശ്രീമതി കെ. ആർ. ഗൗരി : സർ, ചേർത്തലയിൽ നടന്നു വരുന്ന 'മാക്ഡവൽ കമ്പനി' ഇന്നലെ ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. ഏതാണ്ട് അഞ്ഞൂറോളം ജീവനക്കാർ നേരിട്ടും മുന്നൂറോളം ജീവനക്കാർ നേരിട്ടല്ലാതെയും ജോലി ചെയ്യുന്നതായിട്ടുള്ള ഒരു ഫാക്ടറിയാണത്. കഴിഞ്ഞകൊല്ലം ഈ ഫാക്ടറി ഏതാണ്ട് നാല് കോടി രൂപ സെയിൽസ് ടാക്സായും രണ്ട് കോടി രൂപ 1983-84-ലെ എക്സൈസ് ഡ്യൂട്ടിയായും ഗവൺമെൻറിലേക്ക് കൊടുത്തതാണ്. എല്ലാ മാസങ്ങളിലും 20-ാം തീയതി, കൃത്യമായി ഈ ഫാക്ടറി കൊടുക്കാനുള്ളതായിട്ടുള്ള സെയിൽസ് ടാക്സ് അടച്ചു തീർത്തിട്ടുണ്ടന്നാണ് ഉദ്യോഗസ്ഥൻമാർ പറയുന്നത്. എന്നാൽ കഴിഞ്ഞ ഫെബ്രുവരി രണ്ടാം തീയതി, 1976 മുതൽ 1979-80 വരെയുള്ള കാലഘട്ടത്തിൽ 9 കോടി 75 ലക്ഷം രൂപ സെയിൽസ് ടാക്സായി അടയ്ക്കണമെന്നു പറഞ്ഞുകൊണ്ട് അസിസ്ററൻറ് എക്സൈസ് കമ്മീഷണർ നോട്ടീസ് കൊടുത്തു. അതിനു മറുപടി കൊടുക്കുന്നതിന് അവർ ഒരു മാസത്തെ സമയം ചോദിച്ചു. അത് നിഷേധിച്ചു. നിഷേധിച്ചുകഴിഞ്ഞതിനുശേഷം ഒരാഴ്ചയ്ക്കകം സമാധാനം കൊടുക്കണമെന്നു പറഞ്ഞു ; ആ സമാധാനം കൊടുക്കുന്നത് 9-ാം തീയതിക്കു വച്ചു. 9-ാം തീയതി ഒഴിവു ദിവസമായിപ്പോയതുകൊണ്ട് 11-ാം തീയതിയാണ് സമാധാനം കൊടുക്കാൻ കഴിഞ്ഞത്. അതിനുമുമ്പ് 9-ാം തീയതി റവന്യൂ റിക്കവറിയും മററും നടത്തുന്നതിന് സെയിൽസ് ടാക്സ് കമ്മീഷണർ തയ്യാറായി. ഇത കഴിഞ്ഞതിനുശേഷം അസിസ്ററൻറ് എക്സൈസ് കമ്മീഷണർക്ക് കൊടുത്തു ഈ കമ്പനി കൃത്യസമയത്ത് റിട്ടേൺസ് കൊടുക്കാറുണ്ട്. അവരുടെ ഗോഡൗണുകളിലേക്കും പുറം സ്റേറററുകളിലേക്കും അയയ്ക്കുന്നതിനുള്ള C ഫാറവും F ഫാറവും അനുവദിക്കാതെയും നോക്കാതെയും മററുമാണ് 9 കോടി 75 ലക്ഷം രൂപ കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. ഇതു കഴിഞ്ഞതിനുശേഷം അവർ അസിസ്ററൻറ് ഡെപ്യൂട്ടി കമ്മീഷണർക്ക് അപ്പീൽ കൊടുത്തു. ഇന്നു

വന്നിരിക്കുന്നത്, ഡെപ്യൂട്ടി കമ്മീഷണർ പറഞ്ഞു പകുതി തുക അടയ്ക്കണമെന്ന്. ഈ കമ്പനിയ്ക്കാണെങ്കിൽ ബിവറേജ് കോർപ്പറേഷന് കൊടുത്തിട്ടുള്ള ഫോറിൻ ലിക്കറിന് രണ്ടു കോടി രൂപ കൊടുക്കാനുണ്ട്. അവർക്ക് വർക്കിംഗ് ക്യാപ്പിററലായി കിട്ടുന്നത് 18 ലക്ഷം രൂപയാണ്. രണ്ടു കോടി രൂപ ബിവറേജ് കോർപ്പറേഷനിൽ കിടക്കുന്നത് തിരിച്ചെടുത്തുകൊള്ളാൻ പറഞ്ഞു. ഇതു വരുന്നത്, ഡെപ്യൂട്ടി കമ്മീഷണർക്ക് കൊടുക്കുകയാണെങ്കിൽ പകുതി അടയ്ക്കാൻ പറയും. ഈ കമ്പനി നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷം വന്നിരിക്കുന്നു. ഇത് പത്ത്, ആയിരം പേരെ ബാധിക്കുന്ന പ്രശ്നമാണ്. 1959-ൽ ഈ ഫാക്ടറി സ്ഥാപിക്കുന്ന കാലത്ത് ചേർത്തലയിൽ പുകക്കുഴൽ ഉള്ള ഫാക്ടറികൾ ഇല്ലാത്തതുകൊണ്ട് പുകക്കുഴൽ വേണമെന്ന് പറഞ്ഞ് സ്ഥാപിച്ചതാണ് ഈ ഫാക്ടറി. ഒരു നല്ല കമ്പനിയായി അത് വളർന്നതുമാണ്. ആ കമ്പനി ഹൈക്കോടതിയിൽ പെററിഷൻ കൊടുത്തു. ഹൈക്കോടതിയിൽ പെററിഷൻ കൊടുത്തപ്പോൾ ട്രൈബ്യൂണലിൽ പെററിഷൻ കൊടുത്തിരിക്കുന്നതുകൊണ്ട് അവരുടെ പെററിഷൻ തള്ളി. ഇന്നു വന്നിരിക്കുന്നത്, അവരുടെ ബാങ്കിലെ പണം മുഴുവൻ സീസ് ചെയ്തു. ഗോഡൗണിൽ സാധനങ്ങൾ ഉണ്ടാക്കിവച്ചിരിക്കുന്നതു മുഴുവൻ സീസ് ചെയ്തു. അതു കഴിഞ്ഞ് രണ്ടു കോടി രൂപ ബിവറേജ് കോർപ്പറേഷൻ കൊടുക്കാനുള്ളത് സീസ് ചെയ്തു. ഈ വിധത്തിൽ ഈ കമ്പനി നടത്താൻ സാധിക്കാത്ത വിധത്തിലുള്ള നടപടികൾ നടത്തിയിരിക്കുന്നു.

പഴയ കാലത്ത് ഗവൺമെൻറിനോട് ചില ആളുകൾക്ക് വിരോധം തോന്നിയാൽ, ഏതെങ്കിലും ടാക്സ് തീരുമാനിച്ച് ഗവൺമെൻറിലേക്ക് അടയ്ക്കാൻ വരുമ്പോൾ അത് കൊടുത്തില്ലെങ്കിൽ മന്ത്രിയുടെ കസേരയും മന്ത്രിയുടെ കാറും ജപ്തി ചെയ്യുന്ന ഒരു ഏർപ്പാട് ഉണ്ടായിരുന്നു. അതുപോലെ ഇവിടെ റവന്യൂ റിക്കവറി നടപടിയെന്നു പറഞ്ഞു, ഡയറക്ടറുടെ ഒരു ടൗവ്വൽ, ഡയറക്ടറുടെ കസേര, ഡയറക്ടറുടെ ഫാൻ ഇതെല്ലാം ഏതാണ്ടൊരു പ്രത്യേക വിരോധം തീർക്കാനുള്ള നിലയിൽ എടുത്തുകൊണ്ടുപോയിരിക്കുകയാണ്. ഇതിൻെറ പിന്നിൽ എന്താണെന്നുള്ളത് ഞാനായിട്ട് അങ്ങയോട് പറയുന്നില്ല. ആയിരം പേർക്ക് തൊഴിൽ കിട്ടുന്നതായിട്ടുള്ള, ആയിരം രൂപയ്ക്ക് മുകളിൽ ശമ്പളമുള്ള തൊഴിലാളികളുള്ളതാണ് ഈ കമ്പനി. ഇതിൻെറ റിക്കാർഡ് സ്ക്രൂട്ടണൈസ് ചെയ്യുകയാണെങ്കിൽ ആറ് മാസത്തിനകം അവർ അടയ്ക്കാനുള്ള തുക തരാൻ തയ്യാറാണെന്ന് അവർ എഴുതിക്കൊടുത്തു. അതുകൊണ്ട് ഈ നടപടി എത്രയും വേഗം നടത്തി, ഈ കമ്പനി തുറപ്പിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 1975-76 മുതൽ 1980-81 വരെയുള്ള കാലഘട്ടത്തിൽ ഏതാണ്ട് 9 കോടി രൂപ ഈ കമ്പനി സെയിൽസ് ടാക്സ് ആയിട്ട് അടയ്ക്കാനുണ്ടെന്നുള്ള നിഗമനത്തിൽ അസിസ്ററൻറ് സെയിൽസ് ടാക്സ് കമ്മിഷണർ എത്തിച്ചേർന്നു. എങ്ങനെ ഇത് കൂടുതലായി വന്നു എന്നുള്ളതിലേക്ക് ഞാൻ കടക്കുന്നില്ല. ഏതായാലും കൃത്രിമങ്ങൾ നടന്നിട്ടുണ്ട്. ഇൻേറണൽ സെയിൽസ് നടത്തിയിട്ട്, അത് എക്സ്റേറണൽ സെയിൽസാക്കി മാററി. സംസ്ഥാനത്തിനകത്ത് ആണ്, വിൽപ്പനയെങ്കിൽ 54 ശതമാനം നികുതി, പുറത്താണ് വിൽക്കുന്നതെങ്കിൽ 4 ശതമാനം നികുതി. അതുപോലെ സിസ്ററർ കൺസേൺഡിന്, വില കുറച്ചു കൊടുക്കുക ഇങ്ങനെയുള്ള കൃതിമങ്ങൾ കണ്ടുപിടിച്ചതിൻെറ ഫലമായി 9 കോടി രൂപ കൂടുതലായി അടയ്ക്കാനുണ്ടെന്നുള്ള നിഗമനത്തിൽ എത്തിച്ചേർന്നു. ഇവിടെ വ്യക്തികൾക്കും കമ്പനികൾക്കും യാതൊരു വ്യത്യാസവും കൂടാതെ കഴിഞ്ഞ മാസത്തിൽ കർശനമായ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. ആരേയും ഒഴിവാക്കിയിട്ടില്ല. ഒരൊററ ആളിനേയും



LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കിയിട്ടില്ല. പരമാവധി കൊടുക്കാറുള്ള കൺസിഷൻ ഈ കമ്പനിക്കും കൊടുത്തു. 50 ശതമാനം അടച്ചാൽ സ്റ്റേ കൊടുക്കാം. അതും ഒരു പ്രത്യേക കമ്പനി ആയതു കൊണ്ടാണ്. വ്യക്തികൾക്ക് അതും കൊടുത്തിട്ടില്ല. അത് അടയ്ക്കാനുള്ള സാവകാശം കൊടുത്തു. പക്ഷേ അവർ ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി കേസ് റിജക്ട് ചെയ്തു. ഗവൺമെൻറിലേക്ക് അടയ്ക്കാനുള്ള പൈസ, അത് വ്യക്തിയാണെങ്കിലും കമ്പനിയാണെങ്കിലും അടയ്ക്കണം. കൃത്യമായി ടാക്സ് അടച്ചുകൊണ്ടിരുന്നതാണെന്നുള്ള ശ്രീമതി ഗൗരിയമ്മയുടെ ഇൻഫർമേഷൻ തെററാണ്. അവിടെ കൃത്രിമം നടന്നതായി കണ്ടുപിടിച്ചതിൻെറ അടിസ്ഥാനത്തിലാണ് അസസ്മെൻറ് വന്നത് എന്നുള്ള കാര്യം വിസ്മരിച്ചിട്ട് കാര്യമില്ല. ഏററവും വേഗം അവർ നികുതി അടയ്ക്കുകയും ആ കമ്പനി തുറക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എൻെറ അഭിപ്രായം.

## VI. മേശപ്പുറത്ത് വച്ച കടലാസുകൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കേരള സർവ്വകലാശാലയുടെ 1979-80-ലെ വാർഷിക കണക്ക് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1985 ഫെബ്രുവരി 22-ാം തീയതിയിലെ ജി. ഒ. (എം. എസ്.) നമ്പർ 17/85/ടിഡി (എസ്. ആർ. ഒ. നമ്പർ 255/85) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VII. റിപ്പോർട്ട് സമർപ്പണം

### 1. 1985-ലെ കേരള ധനകാര്യ ബില്ലിൻെറ സബ്ജററ് കമ്മിററി റിപ്പോർട്ട്

Minister for Finance and Law (Shri K. M. Mani): Sir, I present the Report of the Subject Committee on the Kerala Finance Bill, 1985.

### (2) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ട്

ശ്രീ. കെ. രാഘവൻ മാസ്ററർ: സർ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ സമിതിയുടെ നാലമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: മലയാള മനോരമ ദിനപ്പത്രത്തിൽ മാർച്ച് 28, 29 എന്നീ തീയതികളിൽ യഥാക്രമം 'മുഖം രക്ഷിക്കാനും വാക്കൗട്ട്' 'വീണത് വിദ്യയാക്കാനൊരു കരവിരുത്' എന്നീ തലക്കെട്ടുകളിൽ പ്രസിദ്ധീകരിച്ച വാർത്തകളെ അടിസ്ഥാനമാക്കി പ്രസ്തുത പത്രത്തിനെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ രണ്ട് നോട്ടീസുകൾ നൽകിയിരുന്നു. നിലവിലുള്ള ചട്ടങ്ങളുടേയും നിയമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടേയും കീഴ്വഴക്കങ്ങളുടേയും അടിസ്ഥാനത്തിൽ ഇത് വിശദമായി പരിശോധിച്ചതിൽ ഇക്കാര്യത്തിൽ അവകാശലംഘന പ്രശ്നമൊന്നും അടങ്ങിയിട്ടുള്ളതായി കാണുന്നില്ല. അതിനാൽ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. വർക്കല രാധാകൃഷ്ണന് ഞാൻ അനുമതി നിഷേധിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

# VIII. നിയമ നിർമ്മാണകാര്യം

## 1983-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ബിൽ (തുടർച്ച)

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, നമ്മുടെ മുനിസിപ്പാലിററികളിൽ, ജനാധിപത്യപരമായ പ്രവർത്തനങ്ങൾ ഇന്ന് തടയപ്പെട്ടിരിക്കുകയാണ് മുനിസിപ്പാലിററികളിൽ മാത്രമല്ല, എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും ജനാധിപത്യപരമായ പ്രവർത്തനങ്ങൾ പരിപൂർണ്ണമായി ഇല്ലായ്മ ചെയ്തുകൊണ്ട് അവയുടെ ഭരണം ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചുകൊണ്ട് നമ്മുടെ ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകങ്ങളാകെ നിർവീര്യമാക്കിയിരിക്കുന്ന ഒരു സന്ദർഭത്തിലാണ് ഈ ബില്ലിനെ........

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, അങ്ങയെ സസ്പെൻറ് ചെയ്തുവെന്ന് ഒരു പ്രമുഖ പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അത് ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. എം. വി. രാഘവൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. എസ്. ആർ. പി. യിലെ കുഴപ്പം തീർന്നില്ല എന്നാണ് തോന്നുന്നത്. രാജ്യസഭയിലേക്ക് വോട്ടു ചെയ്യുന്നതിനുവേണ്ടി ശ്രീ. വിജയരാജിനേയും ശ്രീ. സി. ജി. ജനാർദ്ദനനേയും മുഖ്യമന്ത്രിയും ഉമ്മൻചാണ്ടിയും കൂടി ഭീഷണിപ്പെടുത്തുകയാണ്..............ബഹളം..........

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : ഈ നിയമസഭയിലെ ഏത് മെമ്പർക്കും ഏതു മെമ്പറുടെ അടുത്തുംപോയി സംസാരിക്കാം സർ.

ശ്രീ. ബേബി ജോൺ : നേരത്തേ ആഭ്യന്തരമന്ത്രിയുടെ സമ്മർദ്ദഭീക്ഷണിയായിരുന്നു, ഇപ്പോൾ മുഖ്യമന്ത്രിയുടേതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ സഭയിലുള്ള ഏത് മെമ്പറോടും സംസാരിക്കുന്നതിന് മുഖ്യമന്ത്രിക്ക് അവകാശമുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, പ്രതിപക്ഷക്കാർ പ്രതിപക്ഷക്കാരുടെ കാര്യം നോക്കിയാൽ മതി. ഞങ്ങൾ ഞങ്ങളുടെ കര്യം നോക്കാം. ഇവിടെ കുഴപ്പമൊന്നുമില്ല.

ശ്രീ. എ. സി. ഷൺമുഖദാസ് : ഈ സഭയിലെ ഏതെങ്കിലും മെമ്പറെ ആരെങ്കിലും ഭീഷണിപ്പെടുത്തുന്നുണ്ടെങ്കിൽ നോക്കാൻ അങ്ങേക്ക് അവകാശമുണ്ട്. അങ്ങനെ ആർക്കും ഭീഷണിപ്പെടുത്താൻ പററുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു മെമ്പറേയും ഭീഷണിപ്പെടുത്തിയതായി ഒരു പരാതിയും എനിക്ക് ലഭിച്ചിട്ടില്ല, പിന്നെ ഞാൻ നോക്കേണ്ട കാര്യം ഉണ്ടോ ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങയെ സസ്പെൻററ് ചെയ്തിരിക്കുന്നു എന്നും അങ്ങയെ പുറത്താക്കിയിരിക്കുന്നു എന്നും അങ്ങ് ഡെപ്യൂട്ടി സ്പീക്കറല്ലെന്നുമുള്ള വാർത്തകൾ പ്രചരിച്ചിരിക്കുകയും അങ്ങ് ചെയർമാനായിരിക്കുകയും ചെയ്യുന്നതുകൊണ്ട് ചോദിച്ചതാണ്. ഒരു വിശദീകരണം തന്നാൽ കൊള്ളാം.........ബഹളം.............

ശ്രീ. കെ. കൃഷ്ണൻകുട്ടി : അങ്ങയെ സസ്പെൻററ് ചെയ്തിട്ടുണ്ടോ ? ഇല്ലെങ്കിൽ പത്രത്തിൽ വന്നത് കള്ള വാർത്തയാണെങ്കിൽ ആ പത്രത്തിൻെറ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതുപോലുള്ള സന്ദർഭത്തിൽ ചോദിക്കേണ്ട കാര്യമല്ലിത്. എങ്കിലും എന്നെ സംബന്ധിച്ചുള്ളതായതുകൊണ്ടുമാത്രം ഞാൻ മറുപടി പറയാം. പത്രക്കാർ പുറത്താക്കുക എന്നുള്ള നടപടി എൻെറ പേരിൽ എടുക്കാൻ സാദ്ധ്യമല്ല. എൻെറ പാർട്ടി എന്തു നടപടി സ്വീകരിച്ചാലും അത് സ്വീകരിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണ്, സ്വീകരിക്കുകയും ചെയ്യും. എം ആർ. അല്ല ഡൺലപ്പ് ആണെന്നു മാത്രമേ എനിക്ക് പറയാനുള്ളു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : മുഖ്യമന്ത്രി പോയി സംസാരിക്കുന്നത് ഭീഷണി അല്ല എന്ന് അങ്ങ് റൂളിംഗ് നൽകിയതിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. നിയമസഭാ നടപടിച്ചട്ടത്തിലെ റൂൾ 281-ൽ അംഗങ്ങൾ എങ്ങനെ പെരുമാറണമെന്നുള്ളതിനെ സംബന്ധിച്ച് വ്യവസ്ഥ ഉണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഉണ്ട് ; ഇല്ല എന്ന് പറഞ്ഞില്ല. ഒരു മെമ്പറും, ആരെങ്കിലും ഭീഷണിപ്പെടുത്തിയതായി എനിക്ക് പരാതി തന്നിട്ടില്ല. അതുകൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണൻെറ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥൻമാരിലൂടെ ഭരണം നടത്താനുള്ള കാലാവധി എത്ര നീണ്ടു പോകുന്നതിലും യാതൊരു ബുദ്ധിമുട്ടും ഈ ഗവൺമെൻറ് കാണുന്നില്ല. മുനിസിപ്പാലിററികളുടെ ഭരണം ഉദ്യോഗസ്ഥൻമാരിൽ നിന്ന് എന്ന് മോചിപ്പിക്കുമെന്ന് ഇന്നു രാവിലെ ചോദ്യോത്തരവേളയിൽ ചോദിച്ചപ്പോൾ അത് എന്നുണ്ടാകുമെന്നുള്ളതിൻെറ ഒരു സൂചനപോലും നൽകാൻ മന്ത്രി തയ്യാറായില്ല. അതിൻെറ അർത്ഥം ഈ ജനാധിപത്യസ്ഥാപനങ്ങളിൽ ജനാധിപത്യപരമായ പ്രവർത്തനങ്ങളെ ഈ ഗവൺമെൻറ് ആഗ്രഹിക്കുന്നില്ലെന്നാണ്.

സർ, ഇന്ന് നമ്മുടെ മുനിസിപ്പൽ നിയമങ്ങളിൽ കാലത്തിനനുസരിച്ച് ഒരു മാററം ഉണ്ടായേതീരൂ. മുനിസിപ്പാലിററികളെ കൂടുതൽ ജനാതിപത്യപരമായി പ്രവർത്തിപ്പിക്കുകയും മുനിസിപ്പാലിററികളുടെ ഭരണം കൂടുതൽ അർത്ഥവത്താക്കുകയും ആണ് യഥാർത്ഥത്തിൽ ഇന്ന് വേണ്ടിയിരിക്കുന്നത്. ഗവൺമെൻറിൻെറ മൂക്കിൽ വന്നുമുട്ടുന്ന ചില പ്രശ്നങ്ങൾക്കു വേണ്ടിമാത്രം നിയമനിർമ്മാണം നടത്താൻ ഒരുമ്പെടുന്ന ഈ ഗവൺമെൻറ് യഥാർത്ഥത്തിൽ ചെയ്യേണ്ടത് തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതികൾക്കും ജനപ്രതിനിധികൾക്കും ഭരണത്തിൽ കൂടുതൽ പങ്കാളിത്തവും പ്രാതിനിധ്യവും നൽകാൻ വേണ്ടുന്ന ഭേദഗതികൾ മുനിസിപ്പൽ നിയമങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരുക എന്നതാണ്. ഇങ്ങനെ ഭേദഗതികൾ കൊണ്ടുവന്ന് ജനാധിപത്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കൂടുതൽ അർത്ഥവത്താക്കാൻ ശ്രമിക്കേണ്ട ഒരു സന്ദർഭത്തിലാണ്. എത്രയോ വർഷങ്ങളായി തുടർന്നു വരുന്ന ഉദ്യോഗസ്ഥ ഭരണം കൂടുതൽ കൂടുതൽ കാലത്തേക്ക് നീട്ടി ഉദ്യോഗസ്ഥൻമാരെ വച്ചു മാത്രം ഭരിക്കുന്നത്. ഈ പ്രവണത തീർച്ചയായും വളരെ അപകടം പിടിച്ച ഒന്നാണ്. ഇതേ സമീപനമാണ് നമ്മുടെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിററികളുടെയുമൊക്കെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്.

കാലാവധിതീർന്ന ഭരണസമിതികളെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്ത് വലിയ വിവാദങ്ങളുണ്ടായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥൻമാർക്ക് എത്രകാലം വേണമെങ്കിലും ഭരണം നീട്ടിക്കൊടുക്കാൻവേണ്ടി നിയമനിർമ്മാണങ്ങളും മററ് നടപടികളും സ്വീകരിക്കാൻ തയ്യാറാക്കുന്ന ഗവൺമെൻറ് തെരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ കാലാവധി തീരുന്നമുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്താൻ ഒരുമ്പെടാതെ അതിനുള്ള സജ്ജീകരണങ്ങൾ നടത്താതെയാണ് ഒരു നിമിഷം പോലും ജനപ്രതിനിധികളുടെ അധികാരം നീട്ടികൊടുക്കാൻ തയ്യാറല്ല എന്നു പറയുന്നത്. ഗവൺമെൻറിൻെറ കുററംകൊണ്ടുതന്നെയാണെങ്കിലും അതിനുവേണ്ട എല്ലാ ശ്രമങ്ങൾക്കും എന്തുമാത്രം യുദ്ധമാണ്! നിയമയുദ്ധം, മററ് യുദ്ധങ്ങൾ ഇതെല്ലാം ഈ സംസ്ഥാനം കണ്ടതല്ലേ? ഇത് സൂചിപ്പിക്കുന്നത് നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങളോടും ജനങ്ങളോടും ഈ ഗവൺമെൻറിന് പരമപുച്ഛമാണ് എന്നുള്ളതാണ്. ഈ നിയമനിർമ്മാണപ്രവർത്തനങ്ങളിലും ഈ ഗവൺമെൻറിൻെറ മററു പ്രവർത്തനങ്ങളിലും കാണുന്നത് അതാണ്. അതുകൊണ്ടുതന്നെയാണ് ഈ ഭേദഗതി ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നത്.

ഇന്ന് മിക്കവാറുമുള്ള പഞ്ചായത്തുകളുടെയും മുനിസിപ്പാലിററികളുടെയും പ്രവർത്തനങ്ങൾ നിശ്ചലമാണ്. ഇന്ന് ഉദ്യോഗസ്ഥൻമാരെ വച്ചാണ് ഭരിപ്പിക്കുന്നതെന്നു പറയുമ്പോൾ ജനപ്രതിനിധികളുടെ ഭരണം നിലനിന്ന ഘട്ടത്തിൽപോലും ഈ ഗവൺമെൻറിൻെറ പ്രവണത എന്തായിരുന്നു? പഞ്ചായത്തുകളുടെയും മുനിസിപ്പാലിററികളുടെയും ഭരണത്തിൽ യാതൊരു ത്വദീക്ഷയുമില്ലാതെ ഇടപെടുന്ന, വളരെ നഗ്നമായി ജനാധിപത്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നടപടികൾ മാത്രമാണ് ഈ ഗവൺമെൻറ് എടുത്തിട്ടുള്ളത്. ഭരണസമിതികൾ പിരിച്ചുവിടുന്നതിനുമുമ്പ് പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലുമൊക്കെ തെരഞ്ഞെടുപ്പ് നടത്തേണ്ടതായിട്ടുണ്ട്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള സ്ഥാനം—മുനിസിപ്പാലിററികളായാലും കോർപ്പറേഷനുകളായാലും പഞ്ചായത്തുകളായാലും ശരി അവയ്ക്കുള്ള സ്ഥാനം പരിപൂർണ്ണമായി ഇല്ലായ്മപ്പെടുത്തുന്ന നമ്മുടെ ജനാധിപത്യത്തിനുതന്നെ കളങ്കം ചാർത്തുന്ന ഒരു സമീപനമാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. അധികാരം മുഴുവൻ കേന്ദ്രീകരിക്കാനും ആ അധികാരം തെററായി വിനിയോഗിക്കാനുമുള്ള ഒരു പ്രവണതയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചിരിക്കുന്നത്. അധികാരം കേന്ദ്രീകരിക്കാൻ വേണ്ടി നടത്തുന്ന പരിശ്രമങ്ങൾക്ക് ഇന്ന് അവർ അവലംബമാക്കിയിരിക്കുന്നത് ഉദ്യോഗസ്ഥൻമാരെത്തന്നെയാണ്. ഈ ഉദ്യോഗസ്ഥൻമാരെ വച്ചുകൊണ്ട് ഈ സ്ഥാപനങ്ങളിലെല്ലാം വമ്പിച്ച രാഷ്ട്രീയ അഴിമതിയാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഭരണസമിതികൾ പിരിച്ചുവിടുന്നതിനുമുമ്പുള്ള സന്ദർഭങ്ങളിൽത്തന്നെ ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന പാവംമന്ത്രിയുടെ ഗതികേട് എത്രത്തോളമായതാണെന്ന് മനസ്സിലാക്കിയിട്ടുള്ളതാണ്. അദ്ദേഹത്തെ കുററപ്പെടുത്തിയതുകൊണ്ട് അർത്ഥമില്ല. അദ്ദേഹത്തെ വെറും ചട്ടുകമായിവച്ചുകൊണ്ട് അല്ലെങ്കിൽ ഒരുപാവയായിവച്ചു കൊണ്ടു ഇന്ന് ആ വകുപ്പിൽജനാധിപത്യവിരുദ്ധമായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത് ഈ ഗവൺമെൻറിനെനയിക്കുന്ന, നിയന്ത്രിക്കുന്ന കോൺഗ്രസാണ്; വിശേഷിച്ച് മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ പാർട്ടിയുമാണ്. യഥാർത്ഥത്തിൽ ഈ വകുപ്പിന്റെ മന്ത്രി ഒരു 'പാവ' മാത്രമാണ്, അല്ലെങ്കിൽ ഒരു വകുപ്പില്ലാമന്ത്രിയാണ്. അത് ഈ വകുപ്പിൽ മാത്രമല്ല. ഈ ഗവൺമെൻറ് ഒട്ടനേകം വകുപ്പില്ലാമന്ത്രിമാരെ അല്ലെങ്കിൽ വെറും പാവകളായ മന്ത്രിമാരെ ഇവിടെ അവരോധിച്ചിട്ടുണ്ട്. അവർക്ക് കാറും സൗകര്യങ്ങളും മാത്രം കൊടുക്കുന്നുണ്ട്. ചിലരെ സൗകര്യം പോലെ ലീവെടുപ്പിക്കുന്നു. യഥാർത്ഥത്തിൽ മററു ഘടക കക്ഷികളെപ്പോലും ഈ സ്ഥാപനങ്ങളുടെ ഭരണത്തിൽ ബന്ധപ്പെടുത്താതെ കോൺഗ്രസ് (ഐ) കൈവശപ്പെടുത്തി അവരുടെ തന്നിഷ്ടപ്രകാരം കൊണ്ടു പോകാനുള്ള പ്രവണതയാണ് ഇന്നുള്ളത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഈ സമിതികളെ പിരിച്ചു വിട്ടതിനു ശേഷം പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലുമായി ഏതാനും കണ്ടിജൻസി, പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരായുള്ള അറുനൂറോളം ആളുകളെ നിയമിച്ചിട്ടുണ്ട്. ഗവൺമെൻറിന്റെ അനുവാദം ആവശ്യമില്ല. ഡയറക്ടർ മാത്രം അനുവദിച്ചാൽ നിയമിക്കാവുന്ന തരത്തിൽ അറുനൂറോളം ആളുകളെ പാർട്ട് ടൈം—കണ്ടിജൻസി ജീവനക്കാരായി നിയമിക്കുകയും അവർ അഞ്ചു കൊല്ലം കഴിയുമ്പോൾ റെഗുലർ സർവ്വീസിൽ പുറംവാതിലിലൂടെ വന്നുചേരുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടെന്ന വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ഇതൊക്കെ ചെയ്യുന്നതിനു വേണ്ടിയാണ് ഈ സമിതികളെ പിരിച്ചുവിട്ടത്. ഈ ഉദ്യോഗസ്ഥൻമാരിലൂടെ തങ്ങളുടെ പാർശ്വവർത്തികൾക്ക് ഈ സ്ഥാപനങ്ങളിൽ ഉദ്യോഗം കൊടുക്കുവാനും അവരെ തിരുകിക്കയററാനും ശരിയല്ലാത്ത ധാരാളം കാര്യങ്ങൾ ചെയ്യുന്നതിനും വേണ്ടിയാണ് ഈ ജനകീയ സമിതികൾ ഒരു ദിവസംപോലും തുടരാൻ അനുവദിക്കാതെ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചത്. ഈ ഉദ്യോഗസ്ഥൻമാരിലൂടെ തെററായ പ്രവർത്തനങ്ങൾ നടത്താനാണ് അവരെ നിയമിച്ചത്. ഇവിടെ രാവിലെ പഞ്ചായത്തുകളിലെ ഏഴിനപരിപാടികളെക്കുറിച്ചൊക്കെ പറഞ്ഞു. ഇതിൽ പല പരിപാടികളും നടപ്പിലാക്കാതെ പോയതിന്റെ കാരണമെന്താണ്? പല പരിപാടികളും നടപ്പിലാകാതെ പോയതിന്റെ കാരണം ഇതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ ചെയ്യുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുവരുമ്പോൾ ആ പാവം സുന്ദരം മന്ത്രി ആ സമിതികളുടെ നിർദ്ദേശങ്ങളൊക്കെ ശരിയെന്ന് മനസ്സിലാക്കിക്കൊണ്ട് അവർക്കനുകൂലമായ ഓർഡറുകളിടും. അതു കഴിയുമ്പോൾ കോൺഗ്രസ്-ഐയിലെ ആളുകൾ വന്ന് മുഖ്യമന്ത്രിയെ സമ്മർദ്ദം ചെലുത്തും. മുഖ്യമന്ത്രി ശ്രീ. സുന്ദരത്തെ സമ്മർദ്ദം ചെലുത്തും. അപ്പോൾ തിരിച്ചും ഓർഡറിടും. എന്റെ മണ്ഡലത്തിൽത്തന്നെ ഇങ്ങനെ പല കേസുകളുണ്ടായിട്ടുണ്ട്. ഇവിടെ ഇരിക്കുന്ന സാമാജികൻമാർക്കെല്ലാം അറിയാം. ഇതിലൂടെ തീർച്ചയായും സുന്ദരം മന്ത്രിയുടെ മാത്രമല്ല മററു മന്ത്രിമാരുടെ വിലയും ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ

യാതൊരു വിലയുമില്ലാതെ, യാതൊരു സാമാന്യ മര്യാദയുമില്ലാതെ യഥാർത്ഥത്തിൽ ജനങ്ങളെ വിഢികളാക്കുന്ന പ്രവർത്തനങ്ങളാണ് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മുനിസിപ്പാലിററികളിലും പഞ്ചായത്തുകളിലും നടന്നുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥൻമാരിലൂടെ ഈ കൊള്ളരുതായ്മകരം മാത്രം നടത്തി മുന്നോട്ടു പോകുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്തുകയാണ്. പുരോഗമനപരമായ ഈ സമിതികളുടെ പ്രവർത്തനങ്ങരം മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമുള്ള നിയമനിർമ്മാണം നടത്താൻ അവസരമുള്ള ഒരു സന്ദർഭത്തിലും നമ്മുടെ നിയമനിർമ്മാണ പ്രവർത്തനത്തെ തരം താഴ്ത്തിയിരിക്കുകയാണ് ഈ ഗവൺമെൻറ്. അവരുടെ മൂക്കിന് നേരെ മുട്ടുന്ന വളരെ തെററായ കാര്യങ്ങരംക്കുവേണ്ടിമാത്രം നിയമനിർമ്മാണം നടത്തുന്ന ഈ പ്രവണത യഥാർത്ഥത്തിൽ ലജ്ജാകരമാണ്. അതുപോലെ നമ്മുടെ ജനങ്ങളുടെ പങ്കാളിത്തം അല്ലെങ്കിൽ ജനങ്ങളുടെ അഭിപ്രായങ്ങരംക്കനുസരിച്ചുള്ള പ്രവർത്തനങ്ങരം യഥാർത്ഥത്തിൽ വിപുലപ്പെടുത്താനുള്ള പ്രവർത്തനങ്ങരം മുന്നോട്ടു കൊണ്ടുവരാൻ നമ്മുടെ സംസ്ഥാനത്തു പാസ്സാക്കിയിട്ടുള്ള നിയമങ്ങരം പോലും നടപ്പിലാക്കാൻ ഈ ഗവൺമെൻറ് തയ്യാറാകുന്നില്ല. ജില്ലാ ഭരണ നിയമത്തെക്കുറിച്ച് ഈ സഭ എത്രയോ തവണ ചർച്ച ചെയ്തതാണ്. അധികാരം വികേന്ദ്രീകരിക്കാനും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെയും പ്രാദേശിക സമിതികളെയും കൂടുതൽ വിപുലപ്പെടുത്തിക്കൊണ്ടുവരാനുമുള്ള ആ നിയമത്തിന് 1980-ൽ പ്രസിഡൻറിൻെറ അംഗീകാരവും കിട്ടി. ഈ ഗവൺമെൻറ് വന്നതിനുശേഷം അങ്ങനെയുള്ള നിയമനിർമ്മാണം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ?

**ശ്രീ. രമേശ് ചെന്നിത്തല :** സർ, ഒരു പോയിൻറ് ഓഫ് ഓർഡർ

ബില്ലിൻെറ ചർച്ചയിൽ നിരവധി റപ്പിറിഷൻ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇത് ഡിബേററിൻെറ അന്തസ്സിന് എതിരാണ്. ഇവിടെ സംസാരിച്ച എല്ലാ മെമ്പർമാരും ഒരേ കാര്യം തന്നെ വീണ്ടും വീണ്ടും സംസാരിച്ച് നീട്ടിക്കൊണ്ടു പോവുകയാണ്. റൂരം 287 അനുസരിച്ച് സീരീസ് ഓഫ് റപ്പിറിഷൻ ഉണ്ടാവാൻ പാടില്ല.

**മി. ഡെപ്യൂട്ടി സ്പീക്കർ :** പറഞ്ഞത് ആവർത്തിക്കാതിരിക്കുകയാണ് ഉത്തമം. പക്ഷെ ഇപ്പോരം പോയിൻറ് ഓഫ് ഓർഡറിൻെറ പ്രശ്നം ഉദിക്കുന്നില്ല.

**ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :** സർ, ഇതാവർത്തനമല്ല. ഇവർ ഇതിനെക്കുറിച്ച് ചിന്തിക്കുന്നില്ലായെന്നുള്ളതു പോകട്ടെ, തെററു ചെയ്താലും അങ്ങനെ ചിന്തിക്കേണ്ടതാണെന്നൊരു ബോധമെങ്കിലും റപ്പിറിഷൻ ആയാലും അല്ലെങ്കിലും എത്ര സമയമെടുത്ത് സംസാരിച്ചാലെങ്കിലും ഉണ്ടാവാൻ കഴിഞ്ഞാൽ അതുതന്നെ വലുതായി കാണുന്നതു കൊണ്ടാണ് ഈ കാര്യങ്ങരം പറയുന്നത്. ശ്രീ. രമേശിന് അതുരംക്കൊള്ളാൻപോലും കഴിയുകയില്ലായെന്ന് എനിക്കറിയാം. യഥാർത്ഥത്തിൽ ഇന്ന് നമ്മുടെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലായാലും അതുപോലെ തന്നെ ജനങ്ങളുടെ പങ്കാളിത്തം നമ്മുടെ ഭരണത്തിൽ കൂടുതൽ കൊണ്ടുവരാനായാലും, ഇന്ന് ഈ പ്രാദേശിക സമിതികളിൽ ജനകീയ പങ്കാളിത്തം കൊണ്ടുവരികയും അത് കൂടുതൽ അർത്ഥ സന്തുഷ്ടമാക്കുകയും ചെയ്യാൻ വേണ്ടിയുള്ള നിയമഭേദഗതി കൊണ്ടുവരികതന്നെവേണം. ഒരു കാലഘട്ടത്തിൽ ജില്ലാഭരണ നിയമം പോലെയുള്ള നിയമങ്ങരം പാസാക്കിയിട്ട് അത് നടപ്പിലാക്കുന്നതിന് ഇവർക്ക്

കഴിഞ്ഞില്ല. അത് പാസ്സാക്കുന്നതുവരെയുള്ള ചരിത്രത്തിലേക്കും അതിന്റെ പിന്നിൽ നടന്ന കോലാഹലങ്ങളിലേക്കുമൊന്നും ഞാൻ ഇപ്പോൾ പോകുന്നില്ല. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ മുഴുവനും പിരിച്ചു വിട്ടിട്ട് ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ അതിനെക്കുറിച്ച് നടന്ന നിയമയുദ്ധത്തിലേക്കൊന്നും ഞാൻ പോകുന്നില്ല. ഇവർ പുറപ്പെടുവിച്ച ഓർഡിനൻസിനെ കോടതി അംഗീകരിച്ചു കൊടുക്കുമ്പോൾപ്പോലും ഗവർണ്ണർക്ക് ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരം ഉള്ളതുകൊണ്ട് മാത്രം ഇവർ ഇപ്പോൾ തൽക്കാലം രക്ഷപ്പെട്ടു നിൽക്കുന്നു. അതിന് ധാർമ്മികമായ യാതൊരു നീതീകരണവും കോടതി പറഞ്ഞിട്ടില്ല. അതിന്റെ പിന്നിലുള്ള കാര്യങ്ങളിലെ ദുരുദ്ദേശത്തെക്കുറിച്ച് കോടതി പറഞ്ഞിരിക്കുന്നു. ദുരുദ്ദേശം ഇല്ലെങ്കിൽ കോടതിക്ക് പരിശോധിക്കേണ്ട കാര്യമില്ല. ദുരുദ്ദേശമില്ലെന്ന് പറഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിററികൾ, പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ അതിൽ ജനങ്ങൾ തെരഞ്ഞെടുത്ത സമിതികൾ ഇവയെല്ലാം പിരിച്ചു വിട്ടിട്ട് അതിന്റെ ഭരണം ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചിരിക്കുകയാണ്. അത് അനുസ്യൂതം തുടർന്നു പോവുകയെന്നു പറയുന്ന ഈ പ്രവണതയ്ക്ക് കോടതി പോലും എതിരായിട്ടാണ് വിധി പ്രഖ്യാപിച്ചിട്ടുള്ളത്. ഗവർണ്ണർക്ക് തൽക്കാലം ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അവകാശമുണ്ടെന്നുള്ളതുകൊണ്ടുമാത്രം ഇപ്പോൾ ഈ അമൻറ്മെൻറ് നില നില്ക്കുന്നു. ഈ ബില്ലിൽ സൂചിപ്പിക്കുന്നത് മുനിസിപ്പാലിററികളുടെ പ്രശ്നങ്ങൾ മാത്രമല്ല; നമ്മുടെ സംസ്ഥാനത്തെ കോർപ്പറേഷനുകളുടെയും നമ്മുടെ സംസ്ഥാനത്തെ പഞ്ചായത്തു ഭരണ സമിതികളുടെയുമെല്ലാം പ്രവർത്തനങ്ങളിൽ മുഴുവൻ ജനപങ്കാളിത്തമില്ലാതാക്കിയതുകൊണ്ട് നമ്മുടെ വികസന പ്രവർത്തനങ്ങളിൽ ഇന്ന് ഒരു നിലവാരത്തിലും ജനങ്ങളുടെ അഭിപ്രായങ്ങളോ ജനങ്ങളുടെ പങ്കാളിത്തമോ ഉണ്ടാകുന്നില്ല. ഇങ്ങനെ ഓരോ കാര്യങ്ങളിലും ജനങ്ങളുടെ പ്രാതിനിധ്യം വരുന്നതെല്ലാം കുറേശ്ശെ കുറേശ്ശെ മാററിവച്ച് ഉദ്യോഗസ്ഥൻമാരിലും ഏതാനും മന്ത്രിമാരിലും മാത്രം കേന്ദ്രീകരിക്കുന്ന പ്രവണത അതിനുവേണ്ടിയുള്ള നിയമനിർമ്മാണം തീർച്ചയായും ഈ ഭരണത്തിൽ നടക്കുന്ന അഴിമതിക്കും, ഉദ്യോഗസ്ഥൻമാർക്ക് ഈ മേഖലയിൽ അഴിഞ്ഞാടുന്നതിനും മാത്രമേ ഇടവരുത്തുകയുള്ളു. അഴിമതി നടത്താനുള്ള സംവിധാനം കൂടുതൽ മുന്നോട്ടു കൊണ്ടു പോകാനുള്ള ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ശക്തിയായി എതിർത്തുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കേശവൻ : സർ, ഞാൻ ഈ ഭേദഗതി ബില്ലിനെ എതിർക്കുകയാണ്. ഇത്തരം ഒരു ഭേദഗതി ബിൽ കൊണ്ടുവന്നത് എന്തിനാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. 45 മാസം എന്നുള്ളത് 72 മാസമായി വർദ്ധിപ്പിച്ചുകൊണ്ടാണ് ഇത്തരം ഒരു നിയമം ഈ നിയമസഭയിൽ കൊണ്ടുവന്നിട്ടുള്ളത്. മുനിസിപ്പാലിററികളുടെ കാലാവധി അവസാനിച്ചതിനുശേഷം ഇപ്പോൾ അവിടെ ഭരണം നടത്തുന്നത് ഉദ്യോഗസ്ഥൻമാരാണ്. ഈ ഉദ്യോഗസ്ഥൻമാരുടെ ഭരണത്തിൻകീഴിൽ നമ്മുടെ രാജ്യത്തെ വികസന പ്രവർത്തനങ്ങളടക്കം ജനങ്ങൾക്കാവശ്യമുള്ള ശുചീകരണപ്രവർത്തനങ്ങൾ എത്രകണ്ട് നടക്കുന്നുണ്ടെന്ന് ഈ നിയമസഭാ സമ്മേളനത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞപ്പോൾ എനിക്ക് മനസ്സിലാക്കാൻ അവസരമുണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർ ഭരിക്കുന്ന മുനിസിപ്പാലിററികളിലും സ്പെഷ്യൽ ആഫീസർമാർ ഭരിക്കുന്ന മുനിസിപ്പാലിററികളിലും നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് എന്ത്

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായമാണുള്ളതെന്ന് ഞങ്ങൾ ഈ സഭയിൽ പലപ്പോഴും ഉന്നയിച്ചിട്ടുള്ളതാണ്. ഇപ്പോൾ ഈ അധികാരം ഏല്പിച്ചിരിക്കുന്നത് മിക്കവാറും ഡെപ്യൂട്ടി കളക്ടർമാരെയും ആർ. ഡി. ഒ. മാരെയുമൊക്കെയാണ്. ഒരു ആർ. ഡി. ഒ. ക്കോ ഡെപ്യൂട്ടി കളക്ടർക്കോ രണ്ട് മുനിസിപ്പാലിററിയുടെ ഭരണത്തിന് അധികാരമുണ്ട്. ഏകദേശം ഒരു ജില്ലയിലെ മിക്കവാറും പ്രവർത്തനങ്ങൾ നടത്തുന്നതിന് അധികാരമുള്ള ആർ. ഡി. ഒ. അല്ലെങ്കിൽ ഡെപ്യൂട്ടി കളക്ടർമാരെപ്പോലെയുള്ള ഉദ്യോഗസ്ഥൻ മുനിസിപ്പൽ ഭരണവുമായി ബന്ധപ്പെടുന്നത് രണ്ടുമാസം കൂടുമ്പോൾ ഒരു ദിവസം മാത്രമാണ്. മുനിസിപ്പൽ ആഫീസുകളിൽനിന്ന് നമ്മുടെ നാട്ടിലെ സാധാരണ ജനങ്ങൾക്ക് ലഭിക്കേണ്ട ഒട്ടേറെ ആനുകൂല്യങ്ങളുണ്ട്. മുനിസിപ്പാലിററികൾ സ്വയംഭരണസ്ഥാപനങ്ങളെന്നാണ് പറയുന്നത്. അങ്ങനെയുള്ള സ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ജനങ്ങൾക്ക് നീതി ലഭിക്കണമെങ്കിൽ അവിടെ തെരഞ്ഞെടുക്കപ്പെട്ട ഭരണക്കാർ ഉണ്ടായിരിക്കണമെന്നുള്ളതാണ് നമ്മുടെ രാജ്യത്ത് ഇതുവരെ അനുവർത്തിച്ചുപോന്ന നയം. എന്നാൽ ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം തെരഞ്ഞെടുക്കപ്പെട്ട മുനിസിപ്പൽ കൗൺസിലുകളോട് അലർജിയുള്ളതുകൊണ്ടായിരിക്കും, കാലാവധി കഴിഞ്ഞ അന്നുതന്നെ പിരിച്ചുവിടുമെന്നും തെരഞ്ഞെടുപ്പ് നടത്തുമെന്നും തീരുമാനിച്ചത്.

എന്തിനാണ് ഈ മുനിസിപ്പാലിററികളുടെ ഭരണകാലാവധി നീട്ടിക്കൊണ്ടുപോകുന്നത് ? ഒരു ഉദ്ദേശം വച്ചുകൊണ്ടാണ്. ഈ ഭരണകാലത്തിനിടയ്ക്ക് തങ്ങൾക്കുള്ള സൗകര്യങ്ങൾ എത്രമാത്രം മെച്ചപ്പെടുത്താൻ സാധിക്കുമെന്ന നിലയ്ക്കാണ് ഇന്നത്തെ ഭരണകർത്താക്കൾ പ്രത്യേകിച്ചും കോൺഗ്രസ്സ് (ഐ) ക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ മുനിസിപ്പാലിററികളുടെ ഭരണത്തിൽ ഇത്തരം ആളുകൾ കൈകടത്തുന്നതിനെക്കുറിച്ച് ധാരാളം പരാതികൾ പത്രങ്ങളിൽ വന്നിട്ടുണ്ട്. കാലാവധി വർദ്ധിപ്പിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സ്ഥിതി മാററുന്നതിനുവേണ്ടി കഴിയുന്നതും വേഗം തെരഞ്ഞെടുപ്പ് നടത്തി ജനങ്ങൾക്ക് ഭരിക്കാനുള്ള അവസരമുണ്ടാക്കണം. നമ്മുടെ രാജ്യത്തെ പതിനെട്ട് വയസു പ്രായമുള്ള ആളുകൾക്കുകൂടി വോട്ടു ചെയ്യാനുള്ള അവകാശമുള്ളതാണ് ഈ പഞ്ചായത്തുമുനിസിപ്പൽ തെരഞ്ഞെടുപ്പ്. അങ്ങനെയുള്ള ഈ തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹവും ഒരു നഗരസഭാംഗമായിരുന്ന ആളാണ്. ഞാനും പത്തുപന്ത്രണ്ടുവർഷക്കാലം നഗരസഭാംഗമായിരുന്നതാണ്. നഗരസഭയുടെ ദൈനംദിന പ്രവർത്തനത്തിന് ചെയർമാനോ കൗൺസിലോ സ്ററാൻറിംഗ് കമ്മിററിയോ ഇല്ലെങ്കിൽ ഒരു കാര്യവും നടക്കാൻ പോകുന്നില്ല. ന്യായമായി കിട്ടേണ്ട ഒരു സർട്ടിഫിക്കററുപോലും കൊടുക്കാൻ കഴിയാത്ത സ്ഥിതി വിശേഷമുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത് കഴിയുന്നതും വേഗം ഈ രാജ്യത്ത് മുനിസിപ്പൽ ഭരണം പുനഃസ്ഥാപിക്കണം. ഉദ്യോഗസ്ഥഭരണം അവസാനിപ്പിക്കണം. തെരഞ്ഞെടുപ്പു നടത്തണം. പതിനെട്ടു വയസ്സായിട്ടുള്ള ആളുകളെക്കൂടിച്ചേർത്തുകൊണ്ട് പുതിയ വോട്ടേഴ്സ് ലിസ്ററ് പൂർത്തിയാക്കി ഇവിടെ തെരഞ്ഞെടുപ്പു നടത്തുകയാണെങ്കിൽ ഇന്നത്തെ ഭരണക്കാർ ആഗ്രഹിക്കുന്നതുപോലെയുള്ള കാര്യങ്ങൾ അവിടെ നടക്കാൻ പോകുന്നില്ല. അതവർക്ക് നല്ലതുപോലെ അറിയാം. പ്രത്യേകിച്ചും കോൺഗ്രസ് ഐ യ്ക്ക് പാവപ്പെട്ട സുന്ദരം സ്വാമിയെക്കൊണ്ട് നമ്മുടെ വകുപ്പുമന്ത്രിയെക്കൊണ്ട് തെരഞ്ഞെടുപ്പു നീട്ടിനീട്ടി എത്രയും വരെ കൊണ്ടുപോകാൻ കഴിയുമോ അത്രയും കൊണ്ടുപോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജനാധിപത്യപരമായ പ്രവർത്തനങ്ങൾ നടത്തേണ്ട സ്ഥാപനങ്ങളല്ലേ, സ്വയംഭരണസ്ഥാപനങ്ങൾ ? അവിടെ ഇപ്പോൾ എന്തു



LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നു ? നഗരങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളെക്കുറിച്ച് പറയുമ്പോൾ ബഹുമാനപ്പെട്ട ഒരംഗം കഴിഞ്ഞ നിയമസഭയിൽ കൊതുകുശല്യത്തെക്കുറിച്ച് ഒരു കാളിംഗ് അറ്റൻഷൻ കൊണ്ടുവന്നകാര്യമാണ് ഞാനോർക്കുന്നത്. നമ്മുടെ പല നഗരങ്ങളിലും ഇന്നു ശുചീകരണപ്രവർത്തനങ്ങൾ നടക്കുന്നില്ല. അതേക്കുറിച്ച് ഈ സഭയിൽ തന്നെ പലപ്രാവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ആരാണ് സർ, ഇത്തരം ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടത് ? ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു സമിതിയോ, ഒരു ഭരണമോ ഈ രാജ്യത്തില്ലാത്തതുതൊണ്ടാണ് ഉദ്യോഗസ്ഥൻമാരുടെ ഇഷ്ടപ്രകാരം നടക്കുന്നത്. അവർ പ്രവർത്തിച്ചാലും ഇല്ലെങ്കിലും അവർക്ക് ശമ്പളം കിട്ടുമെന്നുള്ളതുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുവാൻ അവർക്ക് കഴിയാതെ വന്നിരിക്കുന്നു.

ഒരു മരണസർട്ടിഫിക്കററിനുവേണ്ടി 12 ദിവസം നടന്നിട്ടും വാങ്ങിക്കാൻ കഴിയാത്ത ഒരു സംഭവം എനിക്കറിയാം. ജനനത്തെ സംബന്ധിച്ചായാലും ശരി, മരണത്തെ സംബന്ധിച്ചാലും ശരി മുനിസിപ്പാലിററിയിൽ നിന്നും കിട്ടേണ്ട സർട്ടിഫിക്കററ് കിട്ടാൻ ബുദ്ധിമുട്ടാണ്. അതുപോലെ നികുതിയെ സംബന്ധിച്ച് പരാതിയുന്നയിച്ചുകഴിഞ്ഞാൽ, അതിൽ അപ്പീൽ കേട്ടുകഴിഞ്ഞാൽ അവയ്ക്ക് തീരുമാനമുണ്ടാക്കുന്ന കാര്യത്തിൽ ഇപ്പോൾ മുനിസിപ്പൽ കൗൺസിലുകളുടെ ചുമതല വഹിക്കുന്ന കമ്മീഷണർമാർ പറയുന്നത് അവർക്ക് അവശ്യമുള്ള സ്ററാഫ് ഇല്ലാത്തതുകൊണ്ട് കുറെ താമസമുണ്ടാകും എന്നാണ്. അങ്ങനെ സർട്ടിഫിക്കററുകളും മററ് അവകാശങ്ങളും ജനങ്ങൾക്ക് കിട്ടാതെയിരിക്കുമ്പോൾ ഇവിടെ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതെന്താണ് ? സ്വയംഭരണസ്ഥാപനങ്ങളുടെ ഭരണകാലാവധി നീട്ടുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൻെറയൊക്കെ പേര് ഇപ്പോഴും സ്വയംഭരണസ്ഥാപനങ്ങളെന്നാണ്, ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട് ജനങ്ങൾക്കുവേണ്ടി ഭരണം നടത്തുന്ന സ്ഥാപനങ്ങൾ ! അതിൽ കൂടുതലും ഇന്ന് ജനപ്രതിനിധികളില്ലാതെ ഭരണം നടക്കുന്നതാണ്. അവിടെ എന്താണ് നടക്കുന്നതെന്ന് ഒന്നാലോചിച്ചുനോക്കണം. ഈ ഭേദഗതി ബിൽകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി എന്താണ് ഉദ്ദേശിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ആർക്കുവേണ്ടി ഈ കാലാവധി നീട്ടണം എന്നു മനസ്സിലാകുന്നില്ല. 45 മാസമെന്നുള്ളത് 72 മാസമായി , നീട്ടിക്കൊടുക്കണമെന്നാണ്. അതുകൊണ്ട് എന്തെങ്കിലും പ്രത്യേകഗുണം ഉണ്ടാകുമോ ? സ്വയംഭരണസ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് അത് എന്നു നടത്തും എന്നുപറയാൻ ഒരുക്കമുണ്ടോ ? ഒരുക്കമില്ലെന്നുമാത്രമല്ല, തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകുകയുമാണ്. തെരഞ്ഞെടുപ്പ് എന്നു നടത്തുമെന്ന് ഗവൺമെൻറിനുപോലു വ്യക്തമല്ലാത്ത രീതിയാണ് ഇപ്പോൾ.

സർ, അപകടകരമായ, ആവശ്യമില്ലാത്ത നിയമങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്. നമ്മുടെ പട്ടണങ്ങളിൽ താമസിക്കുന്ന ആളുകൾ വലിയ ഭൂമിയുടെ ഉടമസ്ഥരായിരിക്കുകയില്ല. സാമ്പത്തികസൗകര്യമുണ്ടെങ്കിലും പരിമിതി ഉണ്ട്. എട്ടുസെൻറും പത്തുസെൻറും ഭൂമി വാങ്ങിച്ച് അവിടെ വീടുവയ്ക്കണമെങ്കിൽ ആ വീടിൻെറ മുൻവശത്ത് പത്തടി സ്ഥലം ഉണ്ടായിരിക്കണം എന്നാണ്. അതിൻെറ വശങ്ങളിൽ നാലടി സ്ഥലവും ഉണ്ടിയിരിക്കണം. അത്തരം ഒരു ഭേദഗതി ഈ രാജ്യത്തുണ്ടെങ്കിൽ പട്ടണങ്ങളിൽ ആളുകൾക്ക് വീടുവച്ചു താമസിക്കുന്നതിന് സാദ്ധ്യമല്ല. എട്ടു സെൻറ് സ്ഥലം സമചതുരമായിട്ടില്ലെങ്കിൽ റൂളിൽ പറയുന്നതുപോലെ വീടിൻെറ മുൻപിൽ 10 അടി സ്ഥലം ഉണ്ടാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഇത്തരം അപകടകരമായ നിയമം നിലവിലിരിക്കുമ്പോൾ അതിന് ഭേദഗതി കൊണ്ടുവന്ന് പട്ടണ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ താമസിക്കുന്ന ആളുകളെ സഹായിക്കുന്നതിന് പകരം ഉദ്യോഗസ്ഥൻമാരുടെ ഭരണം പരമാവധി നീട്ടിക്കൊണ്ട് ഉദ്യോഗസ്ഥൻമാർക്ക് ഇഷ്ടമുള്ളതെല്ലാം ചെയ്യാനുള്ള അവസരം കൊടുക്കുകയാണ് ഇവിടെ ചെയ്യുന്നത്.

മറെറാരു കാര്യം പറയാനുള്ളത് മുനിസിപ്പാലിററികളിലെ വാർഡ് വിഭജനത്തെക്കുറിച്ചാണ്. യാതൊരു നടപടിയും ഇപ്പോൾ നടക്കുന്നില്ല. പല സ്ഥലത്തും ജനസംഖ്യാനുപാതികമായി വാർഡുകരം പുനർവിഭജനം നടത്തണം. അങ്ങനെ നടത്തുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല പല വാർഡുകളിലും വീട്ടുനമ്പർ പുതുക്കി നിശ്ചയിക്കുമ്പോൾ ഏതു വാർഡിലെയാണ് എന്ന് തിരിച്ചറിയാൻപോലും സാധിക്കാത്തവിധത്തിൽ വല്ലാത്ത ഒരു പരുവത്തിലാണ് വിഭജിച്ചിരിക്കുന്നത്. അത്തരം നടപടിയെപ്പററി ഭരണാധികാരികളോട് ചോദിക്കുമ്പോൾ ഞങ്ങൾക്ക് ആവശ്യമുള്ള സ്ററാഫില്ലാത്തതുകൊണ്ട് പതുക്കയെ സാധിക്കൂ എന്നാണ് പറയുന്നത്.

മുനിസിപ്പൽ അതിർത്തിക്കുള്ളിൽ നടക്കുന്ന പ്രവർത്തനങ്ങൾ അതായത് നികുതി പിരിവ്, നികുതിപിരിവിനെക്കുറിച്ചുള്ള പരാതികൾ എന്നിവ യഥാകാലം നടപ്പിലാക്കണമെങ്കിൽ അതിനാവശ്യമായിട്ടുള്ള നിയമഭേദഗതി കളടക്കമുള്ള കാര്യങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. അതൊന്നും ചെയ്യുന്നില്ല. ഇപ്പോൾ ബഹുമാനപ്പെട്ട സുന്ദരം സ്വാമിക്കുവേണ്ടത്, 45 മാസമെന്നുള്ള കാലാവധി 72 മാസമാക്കി മാററണം എന്നുള്ളതാണ്. അങ്ങനെ കാലാവധി വർദ്ധിപ്പിക്കുന്നതുകൊണ്ട്, നമ്മുടെ നഗരപ്രദേശത്തെ ജനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള പ്രയോജനം ഉണ്ടാകുമോ എന്ന് എനിക്കറിഞ്ഞുകൂടാ. ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുമില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മററാരുടെയെങ്കിലും ഇഷ്ടത്തിന്, മുഖ്യമന്ത്രി അടക്കമുള്ള ആളുകളുടെ താല്പര്യത്തിന് അനുസരണമായി കാലാവധി വർദ്ധിപ്പിക്കാൻ ഒരു റബ്ബർ സ്ററാമ്പിനെപ്പോലെ ഒപ്പിട്ടു കൊടുത്തു എന്നതാണ് എനിക്ക് തോന്നുന്നത്. യാതൊരാവശ്യവും ഈ ഭേദഗതികൊണ്ട് ഇല്ലായിരുന്നു എന്നാണ് എന്റെ അഭിപ്രായം. മുനിസിപ്പൽ ഭരണത്തിന് വേണ്ടത് ഇന്നുള്ള ഉദ്യോഗസ്ഥൻമാരുടെ ഭരണം അവസാനിപ്പിച്ച് അധികാരം സ്ററാൻറിംഗ് കമ്മിററിയെ ഏൽപ്പിക്കണമെന്നതാണ്. ഉദ്യോഗസ്ഥൻമാർക്ക് ഇന്ന് യാതൊന്നും ചെയ്യാൻ കഴിയുന്നില്ല. ഒരു അപ്പീൽ പെററീഷൻ കൊടുത്താൽ ജനാധിപത്യപരമായി അതിൽ തീരുമാനമെടുക്കാൻ കഴിയുന്നില്ല. നമ്മുടെ രാജ്യത്ത് നേരത്തെ ഉണ്ടായിരുന്ന സംവിധാനം പോലും ഇപ്പോൾ ഇല്ല. ഉദ്യോഗസ്ഥഭരണം അവസാനിപ്പിച്ച് എത്രയും വേഗം നമ്മുടെ സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിൽ തെരഞ്ഞെടുപ്പു നടത്തുന്നതിന് നടപടി സ്വീകരിക്കണം. 45 മാസം എന്നുള്ളത് 72 മാസമായി ഉയർത്തിക്കൊണ്ട് വന്നിട്ടുള്ള ഈ ഭേദഗതി ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, 1960-ലെ മുനിസിപ്പാലിററീസ് ആക്ടിന് ആണ് ഇവിടെ ഒരു ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ ഓർഡിനൻസുകളിൽ ഏററവും കൂടുതൽ പഴക്കം ചെന്ന ഒരു ഓർഡിനൻസാണ് മുനിസിപ്പാലിററീസ് അമൻറ്മെൻറ് ബിൽ എന്ന തരത്തിലാണ് ഇവിടെ സർക്കുലേററ് ചെയ്തിട്ടുള്ളത്. ധാരാളം ഓർഡിനൻസുകൾ നിയമമാക്കേണ്ടുന്ന ബാദ്ധ്യത നമുക്കുണ്ട്. ഈ സഭ നിയമനിർമ്മാണ സഭയാണ്. ഈ നിയമനിർമ്മാണ സഭയുടെ നിയമനിർമ്മാണം എന്ന വാക്ക് മാററിക്കൊണ്ടുള്ള ഒരു നടപടിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നിയമ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണത്തെ ശരിയായ നിലയിൽ നിയമസഭയിൽത്തന്നെ അവതരിപ്പിച്ചു പാസ്സാക്കിയെടുക്കാൻ നമ്മുടെ ഗവൺമെൻറിന് ഒരു ഭയമാണ്. വേണ്ടത്ര ചർച്ചകളില്ലാതെ എല്ലാ ഓർഡിനൻസുകളും പാസ്സാക്കിയെടുക്കുക എന്നുള്ളതാണ് ഈ ഗവൺമെൻറിന്റെ നയം. കൂടുതൽ കാര്യങ്ങൾ ചർച്ചചെയ്യരുത് എന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ഈ മുനിസിപ്പാലിറ്റീസ് അമൻറ്മെൻറ് ബിൽ പഴക്കം ചെന്ന ഒരു ഓർഡിനൻസിന് നിയമപ്രാബല്യം കൊണ്ടുവരുന്നതിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ബില്ലാണ്. 45 മാസം ഒരു മുനിസിപ്പാലിറ്റിയുടെ അധികാരം സ്പെഷ്യൽ ആഫീസറുടെ കൈയിൽ ഏല്പിച്ചുകൊടുക്കേണ്ടിവന്നത് 72 മാസംവരെ ആക്കണം എന്ന തരത്തിലാണ്. ഈ ബിൽ സർക്കുലേററ് ചെയ്തു് എങ്കിലും ഇപ്പോൾ മന്ത്രി തന്നെ ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. 96 മാസം വരെ, അതായത് 8 വർഷംവരെ മുനിസിപ്പാലിററികളുടെ ഭരണം സ്പെഷ്യൽ ആഫീസറുടെ കൈയിൽ ഏൽപ്പിച്ചുകൊടുക്കുക എന്നുള്ളതാണ് മന്ത്രി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന പുതിയ ഭേദഗതി. സ്പെഷ്യൽ ഓഫീസറുടെ കൈയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം ഏൽപ്പിച്ചുകൊടുത്താൽ എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് സ്പെഷ്യൽ ഓഫീസർമാരുടെ ഭരണം നടക്കുന്ന മുനിസിപ്പാലിററികളുടെ അനുഭവങ്ങൾ പരിശോധിച്ചു നോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. കേരളത്തിലെ കോതമംഗലം, തൊടുപുഴ, വർക്കല, കാഞ്ഞങ്ങാട്, പത്തനംതിട്ട ഈ അഞ്ച് മുനിസിപ്പാലിററികളിൽ സ്പെഷ്യൽ ഓഫീസർമാരുടെ ഭരണം നടക്കുകയാണ്. ഒരു പഞ്ചായത്ത് മുനിസിപ്പാലിററിയായി അപ്ഗ്രേഡ് ചെയ്താൽ അല്ലെങ്കിൽ ഒരു മുനിസിപ്പാലിററിയുമായി തൊട്ടടുത്ത സ്ഥലം ഉണ്ടെങ്കിൽ അത് കൂട്ടിച്ചേർത്താൽ അവിടെ സ്പെഷ്യൽ ആഫീസറെ നിശ്ചയിക്കാൻ നമ്മുടെ ഗവൺമെൻറ് നിയമപ്രകാരം അനുവാദം നൽകുന്നുണ്ട്. ഒരു പഞ്ചായത്ത് മുനിസിപ്പാലിററിയായി പ്രഖ്യാപിച്ചാൽ മതി ഉടൻ അവിടെ സ്പെഷ്യൽ ആഫീസർ ഭരണമായി. നിലവിലുള്ള മുനിസിപ്പാലിററിയുടെ ചുററുമുള്ള പ്രദേശങ്ങൾ കൂട്ടിച്ചേർത്താൽ അവിടെയും സ്പെഷ്യൽ ഓഫീസർ ഭരണം ഏർപ്പെടുത്താൻ കഴിയും! യഥാർത്ഥത്തിൽ ഇന്ന് ഈ അഞ്ച് മുനിസിപ്പാലിററികളിൽ മാത്രമല്ല സ്പെഷ്യൽ ആഫീസറുടെ ഭരണം നടക്കുന്നത്. അധികാരം മുഴുവൻ സ്പെഷ്യൽ ആഫീസറുടെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കുള്ള അധികാരം ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് ഈ നിയമ നിർമ്മാണം കൊണ്ടുവന്നത്. എട്ടുവർഷക്കാലത്തേക്ക് മുനിസിപ്പാലിററിയുടെ അധികാരങ്ങൾ സ്പെഷ്യൽ ഓഫീസറുടെ കൈയിൽ ഏൽപ്പിച്ചുകൊടുക്കുക എന്ന ഒരു നിയമഭേദഗതി കൊണ്ടുവരുന്നതിനെ എങ്ങിനെയാണ് അനുകൂലിക്കാൻ കഴിയുക? അഞ്ചു മുനിസിപ്പാലിററികളിൽ മാത്രമല്ല കേരളത്തിലെ എല്ലാ മുനിസിപ്പാലിററികളിലും ഇപ്പോൾ അഡ്മിനിസ്ട്രേററർ ഭരണമാണ് നടക്കുന്നത്. പഞ്ചായത്തുകളിലും സ്പെഷ്യൽ ഓഫീസർമാരുടെ ഭരണമാണ് നടക്കുന്നത്. ഈ സ്പെഷ്യൽ ഓഫീസർമാരെ ഉപയോഗിച്ച്, അഡ്മിനിസ്ട്രേററർമാരെ ഉപയോഗിച്ച് കടുത്ത അഴിമതി സാർവ്വത്രികമായിത്തീർന്നിരിക്കുകയാണ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ നിയമ ഭേദഗതി കൊണ്ടുവരുവാൻ സുന്ദരം സ്വാമിക്ക് മാത്രമേ കഴിയൂ. ഈ നിയമസഭയിൽ 19 മന്ത്രിമാർ ഉണ്ടെങ്കിലും ആ 19 മന്ത്രിമാരുടെ കൂട്ടത്തിൽ തൊലിക്കട്ടി കുറച്ചു കൂടിയ ഒരു മന്ത്രിയാണ് നമ്മുടെ സുന്ദരം സ്വാമി. അദ്ദേഹം സാധുവാണ്. സാധു ദുഷ്ടന്റെ ഫലംചെയ്യും എന്നു കേട്ടിട്ടില്ലേ സർ? അതുപോലെയാണ് നമ്മുടെ സുന്ദരം സ്വാമിയുടെ ഇപ്പോഴത്തെ സ്ഥിതി. സ്വാമിയ്ക്ക് ഭരിക്കാൻ സമയമില്ല. സ്വാമിയുടെ

പ്രധാനപണി രോഗികളെ ചികിൽസിക്കലാണ്. അദ്ദേഹത്തിന്റെ വീട്ടിൽ രോഗികളുടെ പ്രവാഹമാണ്. മന്ത്രിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നോക്കാൻ സമയമില്ല. ഇപ്പോൾ മുഖ്യമന്ത്രിയുടെ കൈയിൽ ധാരാളം വകുപ്പുകൾ ഉണ്ടല്ലോ. ആ വകുപ്പുകളുടെ കൂട്ടത്തിലുള്ള മെഡിക്കൽ വകുപ്പ് നമ്മുടെ സുന്ദരം സ്വാമിയുടെ കൈയിൽ ഏൽപ്പിച്ചു കൊടുത്താൽ ആതുര ശുശ്രൂഷാരംഗം കേമമായി നടത്തിക്കൊണ്ടു പോകുന്നതിനു മന്ത്രിതന്നെ മരുന്നു സപ്ലൈചെയ്യുന്ന ഒരു സ്ഥിതി നമ്മുടെ നാട്ടിൽ ഉണ്ടാക്കാൻ കഴിയും. ആതുകൊണ്ട് മുഖ്യമന്ത്രി മെഡിക്കൽ വകുപ്പ് സുന്ദരം സ്വാമിക്ക് ഏൽപ്പിച്ചു കൊടുക്കണം എന്നാണ് എനിക്ക് ശുപാർശ ചെയ്യാനുള്ളത്.

ശ്രീ. വി. സി. കബീർ: ആരോഗ്യവകുപ്പ് മി. സുന്ദരത്തിന് ഏൽപ്പിക്കണമെന്ന് പറഞ്ഞു. അതോടൊപ്പം അദ്ദേഹത്തെ ഡോ. സി. എം. സുന്ദരം എന്നുകൂടി ആക്കാൻ ഉള്ള നിർദ്ദേശം വയ്ക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അദ്ദേഹത്തിന് എന്തു ബിരുദം കൊടുക്കുന്നതിലും യാതൊരു വിരോധവും ഇല്ല. ഈ മന്ത്രിമാർക്ക് എന്തു ബിരുദവും പററും, ഏതു തൊപ്പിയും ചേരും.

ശ്രീ. പന്തളം സുധാകരൻ: റൂൾ 80 അനുസരിച്ച് ബില്ലിന്റെ ചർച്ചാ വേളയിൽ ബില്ലിന്റെ പരിധിവിട്ട് സംസാരിക്കാൻ പാടില്ലെന്ന് നമ്മുടെ പ്രൊസീഡ്യുവറിൽ പറയുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിനോട് ബന്ധപ്പെട്ട മാററർ ആണ്. അതുകൊണ്ട് പറയട്ടെ. പരിധിവിട്ട് അധികം സംസാരിക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ പരിധിവിട്ട് സംസാരിക്കുകയില്ല. മുനിസിപ്പാലിററിയോട് ബന്ധപ്പെട്ട കാര്യങ്ങൾ മാത്രം പറയുകയാണ്. ഈ ഭേദഗതികൾ വന്നാൽ ഉണ്ടാകുന്ന തകരാറുകൾ ചൂണ്ടിക്കാണിക്കാതിരിക്കാൻ പററുമോ ? ഭരണകക്ഷി ഉദ്ദേശിക്കുന്നത് ചർച്ച തന്നെ ഇല്ലാതെ എല്ലാം പാസ്സാക്കിക്കൊടുക്കണം എന്നുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ പറയുന്നത്. സുന്ദരം സ്വാമിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭരിക്കാൻ സമയമില്ല. അദ്ദേഹത്തെ ഈ വകുപ്പിൽനിന്നു മാററി ആരോഗ്യവകുപ്പ് ഏൽപ്പിച്ചുകൊടുത്തിട്ട് പഞ്ചായത്തും മുനിസിപ്പാലിററിയും എല്ലാം കോൺഗ്രസ്—ഐ—യുടെ കൈയിൽ വന്നാൽ ജോർ ആകും. അതിനുവേണ്ടിയുള്ള പരിപാടി മുഖ്യമന്ത്രി ആവിഷ്ക്കരിക്കണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കാൻ ഉള്ളത്. സുന്ദരം സ്വാമി മന്ത്രി ആയിരിക്കുന്നിടത്തോളം കാലം തെരഞ്ഞെടുപ്പ് നടത്തുമോ ? സുന്ദരം സ്വാമിക്ക് തെരഞ്ഞെടുപ്പു നടത്തേണ്ട യാതൊരാവശ്യവും ഇല്ല. പി. എസ്. പി. ആണ് ആദ്ദേഹത്തിന്റെ പാർട്ടി. അതിന്റെപേര് പ്രജാ സോഷ്യലിസ്ററ് പാർട്ടി എന്നാണ്. അതിൽ ഇപ്പോൾ പ്രജയും ഇല്ല, സോഷ്യലിസ്ററും ഇല്ല, പാർട്ടിയും ഇല്ല. സുന്ദരം സ്വാമി മാത്രമായിരിക്കുകയാണ്. ഒരു മുനിസിപ്പൽ തെരഞ്ഞെടുപ്പു നടത്തിയാൽ, പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തിയാൽ, കോർപ്പറേഷൻ തെരഞ്ഞെടുപ്പു നടത്തിയാൽ ഒരു വാർഡിൽ പോലും പി. എസ്. പി. എന്നുപറയുന്ന സുന്ദരം സ്വാമിയുടെ പാർട്ടിയ്ക്ക് ജയിക്കാൻ കഴിയാത്തതുകൊണ്ടാണ് ഈ എട്ടുകൊല്ലക്കാലത്തേയ്ക്ക് തെരഞ്ഞെടുപ്പുകളേ വേണ്ട എന്നുള്ള തരത്തിൽപുതിയ ഭേദഗതിയുമായി ഈ സഭയുടെ മുമ്പാകെ മന്ത്രി വന്നിരിക്കുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ആയിരുന്ന അവസരത്തിൽ കാലാവധി നീട്ടിക്കൊടുത്തിട്ടുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ? അന്ന് എന്തുകൊണ്ടാണ് കാലാവധി നീട്ടിക്കൊടുത്തത് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അന്നാണ് തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിഞ്ഞുകൂട എന്നുള്ള വിവരം എനിക്ക് മനസ്സിലായിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല : അന്ന് മുനിസിപ്പാലിററികൾക്ക് കാലാവധി നീട്ടിക്കൊടുത്തിട്ടുള്ളതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇത്തരം ജനാധിപത്യ വിരുദ്ധ നടപടിയെ എതിർക്കാൻ രമേശ് ചെന്നിത്തലയെപ്പോലെയുള്ള ചെറുപ്പക്കാർക്ക് നട്ടെല്ലില്ലെങ്കിൽ ഇവിടെ വന്നിട്ട് കഴുതക്കാമം കരഞ്ഞു തീർത്തിട്ട് എന്താണ് ചെന്നിത്തലേ എന്നാണ് എനിക്ക് ചോദിക്കുവാൻ ഉള്ളത്. സുന്ദരം സ്വാമിയെ മാത്രം കുററപ്പെടുത്തിയിട്ട് കാര്യമില്ല. ഈ ഭരണത്തിന് നേതൃത്വം കൊടുക്കുന്നത് കോൺഗ്രസ് (ഐ) ആണ് സർ. കോൺഗ്രസ് (ഐ) എന്നു പറഞ്ഞാൽ 15 കൊല്ലക്കാലമായി തെരഞ്ഞെടുപ്പ് നടത്തിയിട്ടില്ലാത്ത ഒരു പാർട്ടിയാണ്. അവരുടെ ബ്ലോക്ക് പ്രസിഡൻറിന് നോമിനേഷനാണ്. ജില്ലാ പ്രസിഡൻറിന് നോമിനേഷനാണ്. കെ. പി. സി. സി. പ്രസിഡൻറിന് നോമിനേഷനാണ്. ചന്ദനം ചാരിയാൽ ചന്ദനം മണക്കും സർ. കോൺഗ്രസ്—ഐയിൽ തെരഞ്ഞെടുപ്പ് എന്നു പറയുന്ന ഏർപ്പാടേ ഇല്ല. ആ നോമിനേഷൻ പാർട്ടിയ്ക്ക് തെരഞ്ഞെടുപ്പ് എന്നു പറയുമ്പോഴത്തന്നെ ഭയമാണ്.

ശ്രീ. ടി. എച്ച്. മുസ്തഫ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. മുനിസിപ്പാലിററീസ് ഭേദഗതി ബില്ലിനെക്കുറിച്ച് ചർച്ച നടക്കുന്ന ഈ അവസരത്തിൽ ഇതുമായി യാതൊരു ബന്ധവുമില്ലാത്ത ഇൻഡ്യൻ നാഷണൽ കോൺഗ്രസ് 'ഐ' യുടെ ആഭ്യന്തര കാര്യങ്ങളിലേക്ക് കടന്ന് ചർച്ച നടത്തുന്നത് ശരിയാണോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : അധികം പരിധി വിട്ടുപോകരുത് എന്ന് ഞാൻ നേരത്തേ റൂളിംഗ് കൊടുത്തിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എട്ടു വർഷക്കാലം നമ്മുടെ മുനിസിപ്പാലിററികളിൽ തെരഞ്ഞെടുപ്പു നടത്താതിരിക്കാൻ വേണ്ടിയുള്ള ജനാധിപത്യ വിരുദ്ധമായ ഒരു നിയമനിർമ്മാണമാണ് സർ, നടത്തിയത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന ബംഗാളിലും ത്രിപുരയിലും അഞ്ച്വർഷം പൂർത്തിയായ അന്ന് പുതിയ കൗൺസിലുകൾ അധികാരത്തിൽ വരത്തക്കവണ്ണം മുനിസിപ്പൽ പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട് എന്ന വിവരം മെമ്പർക്ക് അറിയാമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : അതേക്കുറിച്ച് കൂടുതൽ സംസാരിച്ച് സമയം കളയാതെ ബില്ലിനെക്കുറിച്ച് പറയണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അഞ്ചുവർഷം കൂടുമ്പോൾ നിശ്ചിത സമയത്ത് തെരഞ്ഞെടുപ്പ് നടത്തണമെങ്കിൽ ഈ മുന്നണി ഇനിയൊരു ജൻമം കൂടി ജനിക്കണം. എങ്കിൽമാത്രമേ നിശ്ചിത സമയത്ത് തെരഞ്ഞെടുപ്പു നടത്താനാവൂ. വർഷത്തിലൊരിക്കൽ തെരഞ്ഞെടുപ്പ് നടത്തണമെന്നത് ജനാധിപത്യത്തിന്റെ ഒരു സത്തയാണു സർ. ഇവിടെ തെരഞ്ഞെടുപ്പേയില്ല

മുനിസിപ്പാലിററികളും പഞ്ചായത്തുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുഴുവനും ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചുകൊടുത്തിരിക്കുകയാണ്. എങ്ങനെ ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ കഴിയും? സർ, ഐക്യജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പിനെ ഭയപ്പെടുന്നതുകൊണ്ടാണ് ഇത്തരത്തിൽ ഒരു നിയമഭേദഗതിയുമായി ഈ സഭയെ അഭിമുഖീകരിക്കാൻ നിങ്ങൾ തയ്യാറായിട്ടുള്ളത്. നിങ്ങൾക്കിടയിൽ ഐക്യമില്ല. നിങ്ങൾ പരസ്പരം ചെളിവാരിയെറിഞ്ഞുകൊണ്ടിരിക്കുന്നു. യൂത്ത് കോൺഗ്രസ്സ് പ്രസിഡൻറ് പറയുന്നത് നമ്മുടെ മന്ത്രിമാർ ജീവിക്കുന്നുവെന്നതിൻെറ തെളിവ് അവർ ശ്വാസോച്ഛ്വാസം ചെയ്യുന്നു എന്നുള്ളതു മാത്രമാണെന്നാണ്. മന്ത്രിമാർ ആകെ അഴിമതിയിൽ മുങ്ങിക്കുളിക്കുന്നു. ഇത്തരത്തിൽ ഒരു അഴിമതി ഭരണം മുന്നോട്ടുപോകേണ്ട ആവശ്യമില്ലെന്നാണ് യൂത്ത് ഫ്രണ്ട് സംസ്ഥാന പ്രസിഡൻറ് പറയുന്നത്. ഐക്യജനാധിപത്യ മുന്നണിയുടെ ഐക്യം അഴിമതി ചെയ്യുന്നതിൽ മാത്രമാണെന്നാണ് ശ്രീ. കാർത്തികേയൻെറ പ്രസ്താവന.

ശ്രീ. എം. എം. ഹസ്സൻ: ഈ ഐക്യജനാധിപത്യമുന്നണിയിലെ കക്ഷികൾ തമ്മിലുള്ള ഐക്യത്തേയും ഐക്യമില്ലായ്മയേയും കുറിച്ച് സംസാരിക്കുന്ന അങ്ങ് ശ്രീ. കാനം രാജേന്ദ്രൻെറ പാർട്ടിയായ സി. പി. ഐ. യും സി. പി. എം.-ഉം തമ്മിലുള്ള അഭിപ്രായ വ്യത്യാസവും അനൈക്യവും ഒതുക്കി തീർക്കാൻ ശ്രീ. ഇ. എം. എസ്സും ശ്രീ. രാജേശ്വര റാവുവും കൂടി രഹസ്യകത്തിടപാടുകൾ നടത്തുന്ന കാര്യംകൂടി ഒന്നു വിശദീകരിക്കാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ഹസ്സൻ ചോദിച്ചതുകൊണ്ട് പറയാതിരിക്കാൻ സാദ്ധ്യമല്ല. സി. പി. ഐ., സി. പി. എം. എന്നെല്ലാം പറഞ്ഞാൽ രാഷ്ട്രീയ പാർട്ടികളാണ്. ഞങ്ങൾക്ക് രാഷ്ട്രീയമുണ്ട് സർ, വർഗ്ഗനയവുമുണ്ട്. തൊഴിലാളി വർഗ്ഗത്തിനുവേണ്ടി പൊരുതുന്ന പാർട്ടികളാണ് കമ്മ്യൂണിസ്ററ് പാർട്ടിയും, കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടിയും. ഞങ്ങൾ തമ്മിൽ ചില കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ടാകാം. നയപരമായ അത്തരം അഭിപ്രായ വ്യത്യാസങ്ങൾ ഞങ്ങൾ പറഞ്ഞുതീർക്കും. ഇവിടെ ഐക്യജനാധിപത്യ മുന്നണിയിലുള്ള അഭിപ്രായ വ്യത്യാസവും പാർട്ടിയിലെ അഭിപ്രായ വ്യത്യാസങ്ങളും നയത്തിൻെറ പേരിലാണോ? ഈ നാട്ടിൽ അഴിമതി നടത്തുന്നതിൻെറ പേരിൽ മാത്രമേ നിങ്ങൾക്ക് യോജിപ്പുള്ളു. കിട്ടിയവനും കിട്ടാത്തവനും തമ്മിലുള്ള സമരമാണ് നിങ്ങൾ നടത്തുന്നത്. അഴിമതി നടത്തുന്നവനും കൂടുതൽ അഴിമതി നടത്തുന്നവനും തമ്മിലുള്ള സമരമാണ് നിങ്ങൾക്കിടയിൽ നടക്കുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഒടുവിൽ കിട്ടിയ വാർത്തയനുസരിച്ച് എസ്. ആർ. പി. പ്രസിഡൻറ് ശ്രീ. ശ്രീനിവാസൻ പ്രസിഡൻറ് സ്ഥാനം രാജിവയ്ക്കാമെന്നും 52 റെയിഞ്ചുള്ളതിൽ 12 റെയിഞ്ചിൻെറ ചുമതല സി. ജി. ക്കും 10 റെയിഞ്ചിൻെറ ചുമതല ശ്രീ. വിജയരാജനും 30 റെയിഞ്ചിൻെറ ചുമതല എക്സൈസ് വകുപ്പുമന്ത്രിക്കുമായി ചുമതലപ്പെടുത്തി ഒത്തുതീർപ്പായ വിവരം അറിഞ്ഞിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എന്തെങ്കിലും കിട്ടാതെ ശ്രീ. സി. ജി. ജനാർദ്ദനൻ അടങ്ങിയിരിക്കില്ലായെന്ന് സി. ജി. യെ അറിയാവുന്നവർക്കൊക്കെ അറിയാം. ഞാൻ പറയുന്നത് ഐക്യജനാധിപത്യ മുന്നണി ഇപ്രകാരം എട്ടു കൊല്ലത്തേയ്ക്ക് തെരഞ്ഞെടുപ്പു നീട്ടുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഭേദഗതി കൊണ്ടുവരുന്നത് തിരഞ്ഞെടുപ്പിനെ നേരിടാനുള്ള ധൈര്യമില്ലാത്തതുകൊണ്ടാണെന്നാണ്. തിരഞ്ഞെടുപ്പ് എന്നു പറയുമ്പോൾ ഐക്യജനാധിപത്യമുന്നണിക്ക് ഭയമാണ്. എങ്ങനെ തെരഞ്ഞെടുപ്പു നടത്തും? ഈ പറയുന്ന പാർട്ടിക്കും അന്യോന്യം ദിവസേന കലഹിച്ചുകൊണ്ടിരിക്കുന്ന പാർട്ടികൾക്കും തിരഞ്ഞെടുപ്പിനെ നേരിടാൻ ധൈര്യമുണ്ടോ ? നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ നിങ്ങൾ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കും. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സ്പെഷ്യൽ ഓഫീസർമാരുടെ ഭരണംനിറുത്തി ഒരു തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ഐക്യജനാധിപത്യമുന്നണിയെ ഞങ്ങൾ വെല്ലുവിളിക്കുന്നു. ഇവിടെ തെരഞ്ഞെടുപ്പു എന്നു പറയുമ്പോൾ തന്നെ കിടുകിടാ വിറയ്ക്കുകയാണ് മന്ത്രിമാർ. ഏതെല്ലാം ആളുകൾക്ക് സ്ഥാനം ഉണ്ടാകും? ഉപതെരഞ്ഞെടുപ്പിൽ മൂന്നു ഫലം പുറത്തുവന്നപ്പോൾതന്നെ ഉണ്ടായ സ്ഥിതി എന്താണെന്ന് നമുക്കറിയാം. അതാണ് ഇപ്പോൾ ഇത്തരത്തിലൊരു ഭേദഗതി കൊണ്ടുവന്നതിന്റെ ഉദ്ദേശം. മുനിസിപ്പാലിററികളെ ഭരണകക്ഷിക്ക് അനുകൂലമായി കൊണ്ടുവരുന്നതിന് വാർഡ് വിഭജനം നടത്തി, വോട്ടേഴ്സ് ലിസ്ററിൽ അതിനനുസരിച്ച് കൃത്രിമം കാണിച്ചു ധാരാളം ഉദാഹരണങ്ങൾ ഇതിനുവേണ്ടി ഉയർത്തിക്കാണിക്കാം. തലശ്ശേരി മുനിസിപ്പാലിററിതന്നെ വാർഡ് വിഭജനത്തിൽ അപാകതകൾ വരുത്തിക്കൊണ്ടിരിക്കുന്നു. കോൺഗ്രസ് (ഐ) പറഞ്ഞതനുസരിച്ച് വാർഡ് വിഭജനം നടത്തണമെന്നാണ് ഇപ്പോൾ നിർദ്ദേശമുള്ളത്. സർ, ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ആളുകൾ അതിനെ എതിർത്തു, കമ്മ്യൂണിസ്ററു പാർട്ടിയുടെയും ഇടതുപക്ഷജനാധിപത്യമുന്നണിയുടെയും ആളുകൾ അതിനെ എതിർത്തു. കോൺഗ്രസ് (ഐ) യ്ക്ക് ജയിക്കാൻവേണ്ടി ഒരു വാർഡുണ്ടാക്കി. യൂണിയൻ മുസ്ലീം ലീഗിന്റെ സ്വാധീനമുള്ള പ്രദേശങ്ങൾ മാററി കോൺഗ്രസ് (ഐ) മാത്രം ജയിക്കാനുള്ള സംവിധാനത്തിനുവേണ്ടിയുള്ള നീക്കങ്ങൾ അവിടെ നടത്തുകയാണ്. അങ്ങനെ ഐക്യമുന്നണിക്കുള്ളിൽപോലും പാര വയ്ക്കുന്ന ഒരു മുന്നണിയാണ് സർ, ഇവിടെ ഐക്യജനാധിപത്യമുന്നണി എന്ന പേരും പറഞ്ഞ് നടക്കുന്നത്. ഇത്തരത്തിലുള്ള ഒരു മുന്നണിക്ക് എങ്ങനെയാണ് സർ, ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ കഴിയുക? അതുകൊണ്ടാണ് എട്ടു കൊല്ലക്കാലത്തേക്ക് തെരഞ്ഞെടുപ്പ് നീട്ടി വയ്ക്കാനുള്ള ഒരു നിയമ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ ഉദ്യോഗസ്ഥൻമാരുടെ കൈകളിൽ മാത്രമല്ല, മന്ത്രിതന്നെ ഈ സ്ഥാപനങ്ങൾ ഉപയോഗിച്ചു നടത്തുന്ന ഉദ്യോഗസ്ഥൻമാർ കൂടിയാകുമ്പോൾ അതു കൂടുതൽ വികൃതമാകുമെന്ന് ചൂണ്ടിക്കാണിക്കാൻ ഒന്നു രണ്ടു ഉദാഹരണങ്ങൾ ഞാൻ ഇവിടെ പറയാം. കോഴിക്കോട് കോർപ്പറേഷനിൽ പുതിയ ബസ്ററാൻറിനടുത്ത് അഞ്ചര ഏക്കർ സ്ഥലം നഗരവികസന അതോറിററി വികസനത്തിനുവേണ്ടി അക്വയർ ചെയ്യാൻ തീരുമാനിച്ചിരുന്നു. എന്നാൽ ആ നഗരവികസനത്തിന് അക്വയർ ചെയ്യാൻ തീരുമാനിച്ച് അഞ്ചരയേക്കർ ഭൂമിയുടെ അക്വിസിഷൻ നടപടി മന്ത്രി ഇടപെട്ടതുകൊണ്ട് സ്റേറ ചെയ്തു. ആ നഗരവികസന അതോറിററിയുടെ ചെയർമാൻ ശ്രീ. ശങ്കരനാരായണൻ ഗവൺമെൻറിനെഴുതി അതൊഴിവാക്കാൻ പാടില്ലായെന്ന്. എന്നിട്ടും മന്ത്രി അഞ്ചരയേക്കർ സ്ഥലം അക്വയർ ചെയ്യുന്നതിൽനിന്നും ഒഴിവാക്കിക്കൊടുത്തു. എന്തായിരുന്നു മന്ത്രിക്ക് ഇത്രമാത്രം ധൃതിയെന്ന് ഒന്ന് വ്യക്തമാക്കാമോ ? അതു മാത്രമല്ല, കോഴിക്കോട് ശ്രീകണ്ഠേശ്വരത്ത് ഇൻഡോർ സ്റേറഡിയത്തിനടുത്ത് ഏഴരയേക്കർ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സും എക്സിബിഷൻ ഗ്രൗണ്ടും ഉണ്ടാക്കാൻവേണ്ടി സ്ഥലം അക്വയർ ചെയ്തു. കോഴിക്കോട് കോർപ്പറേഷൻ ഐകകണ്ഠ്യേനയാണ് ആ തീരുമാനമെടുത്തത്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

ആ നടപടിയും മന്ത്രി സ്റ്റേ ചെയ്യുകയാണുണ്ടായത്. ഇപ്പോൾ റവന്യൂ ബോർഡിനെക്കൊണ്ട് ആ അക്വിസിഷൻ നടപടിതന്നെ ഒഴിവാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുകയാണ്. നഗരവികസനമാണ് ലക്ഷ്യമെങ്കിലും നഗരവികസനത്തെ തടയുന്ന നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ കോഴിക്കോട് പാളയം ബസ് സ്റ്റാൻറിൽ കക്കൂസിൻെറ സ്ലാബിൻെറ മുകളിൽ രണ്ടു മുറി പീടിക പണിതിരിക്കുകയാണ്. കക്കൂസിൻെറ സ്ലാബിൻെറ മുകളിൽ രണ്ടു മുറി പീടിക പണിയാൻ കമ്മീഷണറുടെ നിർദ്ദേശത്തിന് വിരുദ്ധമായി മന്ത്രി അനുവാദം കൊടുത്തു. കോഴിക്കോട് പാളയം മാർക്കററിലുള്ള കക്കൂസിൻെറ സ്ലാബിൻെറ പുറത്ത് രണ്ടു മുറി പീടിക പണിയുന്നതിന് അനുവാദം കൊടുക്കാൻ മന്ത്രിയെ പ്രേരിപ്പിച്ച ചേതോവികാരമെന്തായിരുന്നുവെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

കോഴിക്കോട് ജയന്തി ബിൽഡിംഗ്സിൽ നാലു മുറികൾ 200 രൂപ വാടകയ്ക്ക് കൊടുക്കണമെന്നു പറഞ്ഞുകൊണ്ട് കമ്മീഷണർക്ക് മന്ത്രി നിർദ്ദേശം കൊടുത്തു. അവിടെ ലേലം വിളിക്കുകയാണെങ്കിൽ പോലും ഒരു റൂമിന് അയ്യായിരം രൂപ കിട്ടും. 5,000 രൂപ കിട്ടേണ്ടുന്ന മുറിയാണ് 200 രൂപ വാടകയ്ക്ക് കൊടുക്കണമെന്ന് മന്ത്രി കോഴിക്കോട്ടെ കമ്മീഷണർക്ക് നിർദ്ദേശം കൊടുത്തത്. പക്ഷെ ആ ഏർപ്പാട് നടന്നില്ല. ഇപ്പോൾ അതിൻെറ പേരിൽ കേസ്സായതുകൊണ്ട് മന്ത്രിയുടെ ഈ ഉദ്ദേശം നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞില്ല. കോഴിക്കോട് ജയന്തി ബിൽഡിംഗ്സിൽ 17 മുറികൾ 1971-ൽ കോർപ്പറേഷൻ അഡ്മിനിസ്ട്രേററീവ് ഭരണമുണ്ടായിരുന്ന കാലത്ത് ലേലം ചെയ്തു. ആ ലേലത്തിൻെറ 50 ശതമാനം കുറച്ചു മാത്രം ഈടാക്കിയാൽ മതിയെന്ന് അന്ന് നിർദ്ദേശമുണ്ടായിരുന്നു. അതിനെ അന്നത്തെ കമ്മീഷണർ ചോദ്യം ചെയ്തു. ഇപ്പോൾ അദ്ദേഹം മുനിസിപ്പാലിററീസ് ഡയറക്ടറാണ്. അദ്ദേഹത്തിൻെറ പേരിൽ ഇപ്പോൾ കേസുകൾ നടത്തുന്നതിൻെറ ഫലമായി 22 ലക്ഷം രൂപ കോർപ്പറേഷന് കൊടുക്കണമെന്ന് കേസിൻെറ വിധിയുണ്ടായി. മുറികൾ ഒഴിഞ്ഞുകൊടുക്കണമെന്ന് കോടതി നിർദ്ദേശിച്ചു. പക്ഷേ കോടതിവിധിയുണ്ടായിട്ടും നമ്മുടെ മന്ത്രി സുന്ദരം സ്വാമി പാവം സ്വാമി എന്നറിയപ്പെടുന്ന സാക്ഷാൽ സ്വാമി അവിടത്തെ കളക്ടറോട് പറഞ്ഞു അതൊന്നു മദ്ധ്യസ്ഥതയിൽ എത്തിക്കണമെന്ന്. എങ്ങനെയിരിക്കുന്നു സർ, നമ്മുടെ മന്ത്രിയുടെ ഭരണം ? കോഴിക്കോട് കോർപ്പറേഷനിൽ മാത്രം നടന്നിട്ടുള്ള ഈ മൂന്നു നാല് സംഭവങ്ങളെക്കുറിച്ച് മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ ? ഞാൻ മന്ത്രിയെ കുററം പറയുന്നില്ല. മന്ത്രി ഒരു പാവമാണെന്ന് കരുതി ഏജൻറുമാർ നല്ലതുപോലെ നോക്കുന്നുണ്ട്.

<u>ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്</u> : ബസ്സ്റ്റാൻറിനുചുററും അക്വയർ ചെയ്യുന്ന ഏഴും അഞ്ചും 12 ഏക്കർ സ്ഥലത്തിന് ഇന്ന് അവിടെ ഒരു സെൻറിന് ഒരു ലക്ഷത്തിലധികം രൂപ വിലയുണ്ടെന്നുള്ളത് മനസ്സിലാക്കി ഇത്രയും വിലപിടിച്ച സ്ഥലം പൊതുസ്ഥാപനത്തിനുവേണ്ടി എടുക്കുന്നതിനുപകരം സ്വകാര്യവ്യക്തികൾക്ക് എന്തും ചെയ്യാനുതകുന്ന വിധത്തിൽ എക്സംപ്ററ് ചെയ്ത നടപടിയിൽ അഴിമതി നടന്നിട്ടുണ്ടെന്ന് പറഞ്ഞാൽ തെററുണ്ടോ ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ഇത് അഴിമതിയല്ലാതെ എന്താണ്? അഴിമതി നടത്തുന്നതിനുവേണ്ടിയാണ് സർ, ഇത് തുടങ്ങിയത്. ഞാൻ മന്ത്രിയുടെ പേരിൽ അഴിമതി ആരോപിക്കുന്നില്ല. മന്ത്രിയുടെ പേര് പറഞ്ഞ് പണം പിരിക്കുന്ന ഒരു സമ്പ്രദായം നമ്മുടെ നാട്ടിൽ നടക്കു



LIBRARY ARCHIVES Kerala Legislative Assembly

ന്നുണ്ട്. വടകരയിലെ സ്പെഷ്യൽ ഓഫീസറെക്കുറിച്ച് ഇവിടെ പറഞ്ഞു മന്ത്രിയുടെ മകളുടെ കല്യാണത്തിനാണെന്നും' പറഞ്ഞ് പൈസ പിരിച്ചു. മന്ത്രി അറിഞ്ഞോ എന്നറിയില്ല. മന്ത്രിക്കു ഒരു പക്ഷേ കിട്ടിയിട്ടുണ്ടാവില്ല. മന്ത്രിയുടെ പേരും പറഞ്ഞ് ഇവിടെ എന്തും, നടത്താമെന്നുള്ള സ്ഥിതി വന്നിരിക്കുന്നു. മന്ത്രി പാവമാണെന്നു കരുതി ഇങ്ങനെ ഉദ്യോഗസ്ഥൻമാരെ ബുദ്ധിമുട്ടിപ്പിക്കാമോ ? ഇനി ഈ ഭേദഗതിയുംകൂടി വന്നാൽ എങ്ങനെയാണ് ഈ മന്ത്രിക്കുതന്നെ ഭരിക്കാൻ കഴിയുക? ഇപ്പോൾ തന്നെ മന്ത്രി പറഞ്ഞാൽ ഉദ്യോഗസ്ഥൻമാർ കേൾക്കാത്ത സ്ഥിതിയായി. ഈ നിയമഭേദഗതിയും കൂടിയായാൽ ഉദ്യോഗസ്ഥൻമാർക്ക് ജോറാകും. ജനാധിപത്യസ്ഥാപനങ്ങളുടെ ജനാധിപത്യത്തിന്റെ സത്ത കളഞ്ഞുകുളിക്കാൻ പര്യാപ്തമായ ഒരു ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശരിയായ നിലയിൽ നടക്കണമെന്ന് ഗവൺമെന്റിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ ഈ നിയമഭേദഗതി കൊണ്ടുവരുമായിരുന്നോ ? ഇവിടെ തെരഞ്ഞെടുപ്പുകളെ വേണ്ട, പഞ്ചായത്തുബോർഡുകളേ വേണ്ട, മുനിസിപ്പാലിററികളേ വേണ്ട. കോർപ്പറേഷനേ വേണ്ട. അങ്ങനെ എല്ലായിടത്തും ഗവൺമെന്റ് അധികാരം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഇവിടെ ശ്രമിക്കുന്നത്. കാരണം ജനങ്ങളെ അഭിമുഖീകരിക്കാൻ നിങ്ങൾക്ക് ഭയമാണ്. ഇപ്പോൾതന്നെ എസ്. ആർ. പി. യിലെ ശ്രീ. സി. ജി. ജനാർദ്ദനനേയും ശ്രീ. വിജയരാജനേയും വോട്ട് ചെയ്യിപ്പിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി എന്തെല്ലാം സമ്മർദ്ദങ്ങളാണ് ചെലുത്തിയത്? ശ്രീ. ഉമ്മൻചാണ്ടിയും മററും പോയി നടത്തിയ സമ്മർദ്ദത്തിന്റെ കഥ നമുക്കറിയാം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഇന്നലെ ശ്രീ. സി. ജി. ജനാർദ്ദനനേയും ശ്രീ. വിജയരാജനേയുമൊക്കെ ശരിയാക്കുന്നതിനുവേണ്ടി വീരപ്പ മൊയ്ലി വന്നുവെന്നും മസ്ക്കററ് ഹോട്ടലിലെ 36-ാം നമ്പർ മുറിയിലിരുന്നാണ് ഇതൊക്കെശരിയാക്കിയത് എന്നുമുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : വീരപ്പമൊയ്ലി വന്നുവെന്ന് പറഞ്ഞാൽ, പണത്തിന്റെ ആളാണല്ലോ വീരപ്പ മൊയ്ലി! കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ പൊളിക്കാനും വന്നത് ഈ മൊയ്ലിയാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : കോഴിക്കോട് കോർപ്പറേഷനിൽ ഭൂമി ഒഴിവാക്കിയതിനെ സംബന്ധിച്ച് അങ്ങയുടെ പ്രസംഗത്തിൽ പരാമർശിച്ചു. തൃശ്ശൂർ മുനിസിപ്പാലിററിയിൽ പടിഞ്ഞാറേക്കോട്ടയിൽ ഗവൺമെന്റ് അക്വയർ ചെയ്ത ഭൂമി ചിലർക്ക് ഒഴിവാക്കിക്കൊടുക്കുകയും ഹൈക്കോടതിയിൽ അച്യുതമേനോൻ കൊടുത്ത ഒരു കേസിൽ അങ്ങനെ അപേക്ഷകൻ ജീവിച്ചിരിപ്പില്ല. ജീവിച്ചിരിപ്പുള്ള ഒരാളാണെങ്കിൽ ഞാൻ അപേക്ഷിച്ചിട്ടുമില്ല എന്നുള്ള സ്റേറററുമെന്റ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി ശുപാർശ ചെയ്യുകയും ചെയ്തതായിട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ക്രിമിനൽ പുള്ളികളുടെ ഭരണമാണ്. അവരെ ഒഴിവാക്കണമെന്നാണ് കോടതിയുടെ പരാമർശം. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രണ്ടാളും ചോദിച്ചാൽ ഏതിനാണ് മറുപടി പറയുക എന്നറിയില്ല. തൃശ്ശൂരിലെ കാര്യം ഹൈക്കോടതി പറഞ്ഞാലും ഈ ഗവൺമെന്റ് കേൾക്കുമോ ? തൃശ്ശൂരിലെ സംഭവത്തിന്റെ പിന്നിൽ നമ്മുടെ സാക്ഷാൽ ലീഡറല്ലേ? മുഖ്യമന്ത്രി ശ്രീ. കരുണാകരനല്ലേ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയുടെ പിന്നിൽ? പിന്നെ എന്ത് അന്വേഷണം? മുഖ്യമന്ത്രിയുടെ പിന്തുണയുണ്ടെങ്കിൽ ഇവിടെ എന്തും ചെയ്യാം. മുഖ്യമന്ത്രിയുടെ അനുവാദമുണ്ടെങ്കിൽ എത്ര കോടിയും തട്ടാം. ശ്രീമാൻ ഗംഗാധരന്റെ പിന്തുണ എന്താണ്? മുഖ്യമന്ത്രിയല്ലേ? എത്ര കോടിയും തട്ടാം. ഒരു ചോദ്യവുമില്ല. ആർക്കും എന്തും ചെയ്യാം. അതാണ് സർ, മുഖ്യമന്ത്രിയുടെ പിന്തുണയുണ്ടെങ്കിൽ ഇവിടെ ആർക്കും എന്തും ചെയ്യാം. തൃശ്ശൂരിൽ ഭൂമി ഒഴിവാക്കിയതിനെ സംബന്ധിച്ച് ഹൈക്കോടതിയുടെ പരാമർശം ഉണ്ടായിട്ട് ആ ഹൈക്കോടതിയുടെ പരാമർശംപോലും അംഗീകരിക്കാൻ തയ്യാറാകാത്ത ഗവൺമെന്റാണ് സർ, ഇവിടെ ഇരിക്കുന്നത്. ഹൈക്കോടതിവിധി പോലും നടപ്പാക്കാൻ തയ്യാറാകാത്ത ഒരു ഗവൺമെന്റാണ് സർ. ഇവിടെ ആർക്കും ഏതഴിമതിയും നടത്താം. തൃശ്ശൂരിലെ കേസിന്റെ കാര്യം മുഖ്യമന്ത്രിയുമായിട്ടുപോലും ബന്ധമുള്ള ഒരു കേസായതുകൊണ്ട് ഗൗരവമായ പ്രശ്നമാണ്. ഇവിടെ മുനിസിപ്പാലിററിയുമായും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായും ബന്ധപ്പെടുന്ന കാര്യങ്ങളെല്ലാം തന്നെ, നഗരവികസനവും തടഞ്ഞ് ഗവൺമെന്റിന് ഇഷ്ടംപ്പോലെ എന്തും ചെയ്യാം. അതിനുവേണ്ടിയാണ് ഇത്തരം ഒരു ഭേദഗതി കൊണ്ടുവന്നത്. ശ്രീ. കൃഷ്ണൻകുട്ടി ഇവിടെ ഐക്യജനാധിപത്യ മുന്നണിയിലെ ആളുകളെ പിടിച്ചുനിറുത്തുന്ന കാര്യത്തെക്കുറിച്ച് ചോദിച്ചു. വീരപ്പമൊയ്‌ലി പ്രസിദ്ധനാണ്. വീരപ്പമൊയ്‌ലി ഇവിടെ ക്യാമ്പ് ചെയ്യുന്നു എന്നാണ് മനസിലാക്കാൻ സാധിച്ചത്. അയാൾ കുറച്ചുദിവസംകൂടി ഇവിടെ തുടരാനാണ് സാദ്ധ്യത. എങ്ങനേയും ഈ ഗവൺമെന്റിനെ പിടിച്ചുനിറുത്തും. അതിനുവേണ്ടി എന്തുമാർഗ്ഗവും നിങ്ങൾ, സ്വീകരിക്കും. തെരഞ്ഞെടുപ്പേ വേണ്ടെന്നു വയ്ക്കും.

ശ്രീ. കാർത്തികേയനെ അത്ര പെട്ടെന്ന് ഒതുക്കാൻ കഴിയുമെന്ന് എനിക്കു തോന്നുന്നില്ല. ശ്രീ. കാർത്തികേയന്റെ പ്രസ്താവന ഒരു പുതിയ പരിപാടിയാണ്. യൂത്ത്കോൺഗ്രസിന് കുറച്ചുകാലമായിട്ട് പ്രസ്താവനകളൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങളെല്ലാവരും വിചാരിച്ചു യൂത്ത് കോൺഗ്രസ് ശരിയായനിലയിൽ വരുന്നുണ്ടെന്ന്. അപ്പോഴാണ് ശ്രീ. കാർത്തികേയൻ രംഗപ്രവേശം ചെയ്തത്. പണ്ട് യൂത്ത് കോൺഗ്രസുകാർ വലിയ പ്രമേയങ്ങളൊക്കെ പാസാക്കാറുണ്ട്. അവരുടെ പ്രമേയത്തിന് ഒരു പ്രത്യേകതയുണ്ട്. നടപ്പാക്കാത്ത കാര്യംമാത്രമേ യൂത്ത് കോൺഗ്രസ് പറയുകയുള്ളു. അറബിക്കടലിൽ പാലം കെട്ടണമെന്നുവരെ പ്രമേയം പാസാക്കിയ വിദ്വാൻമാരാണ് സർ, ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. വയലാർരവിയും ശ്രീ. ഹസ്സനും ഒക്കെ. നടപ്പിലാകാത്ത കാര്യത്തെപ്പററി പ്രമേയം പാസാക്കി സംതൃപ്തിയടയുന്നതിലാണ് അവർക്ക് താൽപ്പര്യം. അതുപോലെ ഇപ്പോൾ ശ്രീ. കാർത്തികേയന്റെ ഈ തുള്ളിച്ചാട്ടത്തിന് യാതൊരു വിലയുമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ശ്രീ. കാർത്തികേയനും ശ്രീ. പന്തളംസുധാകരനുമൊക്കെ ഇവിടെ ലീഡറുടെ കാലുതൊട്ടുവന്ദിച്ചിട്ടാണ് സത്യപ്രതിജ്ഞ ചെയ്തത്. അങ്ങനെയുള്ള ആളുകൾ ലീഡർ പറയാതെ ഇങ്ങനെയൊരു പ്രസ്താവന ഇറക്കുകയില്ല-

(അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. രാഘവൻമാസ്ററർ)

ലീഡർ ഇങ്ങനെയൊരു പ്രസ്താവന ഇറക്കിച്ചതുതന്നെ സി. ജി.യേയും വിജയരാജനേയുംപോലെയുള്ള ആളുകളെ തൃപ്തിപ്പെടുത്താനാണ്. അങ്ങനെ ലീഡറിന്റെ അറിവോടുകൂടിയാണ് ഈ പ്രസ്താവന നടത്തിയതെന്ന് സംശയിച്ചാൽ തെററുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. കാർത്തികേയന്റെ പ്രസ്താവനയ്ക്കു എന്ത് വിലയുണ്ട്? ശ്രീ കാർത്തികേയന്റെ പ്രസ്താവന ആത്മാർത്ഥതയോടുകൂടിയുള്ളതാണെങ്കിൽ എം. എൽ. എ. സ്ഥാനം രാജിവയ്ക്കണം. ഈ മന്ത്രിസഭയുടെ എല്ലാ ആനുകൂല്യങ്ങളും ഭുജിച്ച് ജീവിക്കുന്ന കാർത്തികേയൻ മന്ത്രിമാരുടെ അഴിമതിക്കാര്യങ്ങൾ പരസ്യമായിട്ട് ഉന്നയിക്കുകയാണ്. ധൈര്യമുണ്ടെങ്കിൽ..............

മി. ചെയർമാൻ: കാലികമായ എല്ലാ രാഷ്ട്രീയ പ്രശ്നങ്ങളും ഇന്ന് ചർച്ച ചെയ്ത് തീർക്കുകയാണോ? ഒരു ബില്ലും കൂടി എടുക്കുവാനുണ്ട്

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ എല്ലാം മുനിസിപ്പാലിററി ബില്ലിൽ പറഞ്ഞു തീർത്താലെങ്ങനെയാണ്? അവിശ്വാസപ്രമേയം വരാൻപോകുന്നു എന്നാണ് കേൾക്കുന്നത്. അതിന് വല്ലതും മിച്ചം വയ്ക്കണ്ടേ? മുഴുവനും പറഞ്ഞു തീർത്താൽ അവിടെ എന്തു പറയും?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അത് അന്നേരം പറയാം. ശ്രീ. കാർത്തികേയന്റെ പ്രസ്താവനയെ ആരും വിലകൽപ്പിക്കുന്നില്ല. ഈ നിയമസഭയിലെ ഒരു മെമ്പറാണ് ശ്രീ. കാർത്തികേയൻ. ഒരു നിയമസഭയിലെ മെമ്പറാണ് പരസ്യമായി പറയുന്നത് ഈ ഗവൺമെന്റിന്റെ ഭരണം അഴിമതിയാണെന്ന്. ആ എം. എൽ. എ. ക്ക് ധൈര്യമുണ്ടെങ്കിൽ നിയമസഭയിൽ വന്ന് പറഞ്ഞുകൂടേ? ഇത് ജനങ്ങളെ പററിക്കലല്ലേ സർ?

ശ്രീ. സി. ടി. കൃഷ്ണൻ : ശ്രീമാൻ കാർത്തികേയനെപ്പോലെ യുള്ള യൂത്ത്കോൺഗ്രസുകാരന്റെ പ്രസ്താവനകളും പ്രസംഗങ്ങളുമൊക്കെ പക്വതവരാത്ത കുട്ടികളുടെ ജൽപനങ്ങളാണ്. അതൊന്നും ഞങ്ങൾ മുഖ വിലക്കെടുക്കുന്നില്ലെന്ന് കെ. പി. സി. സി. പ്രസിഡൻറ് പത്മരാജനും മുഖ്യമന്ത്രി കരുണാകരനും പറഞ്ഞിട്ടുള്ള കാര്യം കോടിയേരിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കാർത്തികേയന്റെ ചെവിക്ക് കരുണാകരൻ ഒന്ന് പിടിച്ചാൽത്തന്നെ അദ്ദേഹം അവിടെ നിൽക്കും. ശ്രീമാൻ കാർത്തികേയനെ ഒന്ന് പറയാൻവേണ്ടി വിട്ടതാണ്, എന്നുപറഞ്ഞാൽ ഞങ്ങൾ ഇവിടെ ഉടനെ വേണമെങ്കിൽ രാജിവച്ചുകളയും, ഇത് അഴിമതിയുടെ ഭരണമാണ്; ലീഗുകാരേ നിങ്ങൾക്ക് കാണിച്ചു തരാം കേരള കോൺഗ്രസുകാരേ നിങ്ങൾക്ക് കാണിച്ചുതരാം; ശ്രീമാൻ രാജീവ ഗാന്ധിയെക്കൊണ്ട് ഞങ്ങൾ ഈ മന്ത്രിസഭ പിരിച്ചുവിടുവിപ്പിക്കും ഇങ്ങനെ എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തി ഘടകകക്ഷികളെ ഭീക്ഷണിപ്പെടുത്തുന്നതിന്.

.................................(ബഹളം).........................................

ശ്രീ കാനം രാജേന്ദ്രൻ : ശ്രീമാൻ കാർത്തികേയന്റെ പ്രസ്താവനയിൽ ഈ ഗവൺമെൻറ് അഴിമതിയിൽ മുങ്ങിയിരിക്കുകയാണെന്നും അങ്ങനെയുള്ള ഈ ഗവൺമെന്റിന്റെ താക്കോൽസ്ഥാനങ്ങളിൽ പഴയ യൂത്ത് കോൺഗ്രസുകാരായതുകൊണ്ട് ഒന്നും പറയാൻ വയ്യെന്നു പറഞ്ഞത് ശ്രീമാൻ വയലാർരവിയെയും ശ്രീമാൻ ഉമ്മൻ ചാണ്ടിയെയും ശ്രീമാൻ ഹസ്സനെയുമൊക്കെ ഉദ്ദേശിച്ചാണോയെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അത് ശരിയാണല്ലോ? ഇപ്പോൾ കോൺഗ്രസിന്റെ എല്ലാ മർമ്മസ്ഥാനങ്ങളിലും യൂത്ത്കോൺഗ്രസുകാരല്ലേ

ഉള്ളത് ? ശ്രീമാൻ കരുണാകരനെ മാററിനിറുത്തിയാൽ ബാക്കിയെല്ലാം യൂത്തുകാർ അല്ലെ? വയലാർരവി അസൽ യൂത്ത്. ഉമ്മൻചാണ്ടി അസൽ യൂത്ത്. ശ്രീമാൻ എ. പി. ഗംഗാധരന് തലയിൽ മുടിയില്ലെങ്കിലും യൂത്ത് അല്ലേ?.............. (ബഹളം)............................ കോൺഗ്രസിന്റെ എല്ലാ മർമ്മസ്ഥാനങ്ങളിലും യൂത്ത് ആണ് ഉള്ളത്. അതുകൊണ്ട് എന്തുകാര്യം? രാജീവ്ഗാന്ധിയും യൂത്ത് ആണെന്നാണ് പറയുന്നത്. യൂത്ത് ആയതുകൊണ്ട് വല്ല കാര്യവുമുണ്ടോ ? ഒന്നും നടക്കുന്നില്ലയെന്ന് ശ്രീമാൻ കാർത്തികേയനുതന്നെ ഇവിടെ കുമ്പസാരിക്കേണ്ടിവന്നു. എനിക്ക് കാർത്തികേയനോട് സഹതാപമുണ്ട്. മി. കാർത്തികേയൻ, നിങ്ങൾക്ക് നട്ടെല്ല് ഉണ്ടെങ്കിൽ പുറത്ത്, കോഴിക്കോട് നടത്തിയ പ്രസംഗം ഈ നിയമസഭയിൽ നടത്താൻ തയ്യാറാകണം. എനിക്ക് കാർത്തികേയൻ യൂത്ത് കോൺഗ്രസുകാരനായതുകൊണ്ട് കുറച്ച് സ്നേഹമുണ്ട്. യുവാക്കൻമാർ ഇത്ര തരംതാഴാൻ പാടില്ല. യുവാക്കൻമാർക്ക് കുറച്ച് നട്ടെല്ല് ഉണ്ടാകണം ആ നട്ടെല്ലൂരി നിയമസഭയിൽ വരുന്ന ഈ നടപടി പരിഹാസ്യമാണെന്നുമാത്രമേ എനിക്ക് കാർത്തികേയനോട് പറയുവാനുള്ളു. ഏതായാലും യൂത്ത് കോൺഗ്രസുകാർ ആ പറഞ്ഞതിൽ ഉറച്ചുനിൽക്കണം. കോഴിക്കോട് നടത്തിയ പ്രസംഗത്തിൽ യൂത്ത് കോൺഗ്രസുകാർ ഉറച്ചു നിൽക്കണം. അങ്ങനെ ഉറച്ചുനിൽക്കുകയില്ലായെന്നാണ് കഴിഞ്ഞകാലങ്ങളിലെ യൂത്ത് കോൺഗ്രസിന്റെ അനുഭവങ്ങൾ തെളിയിക്കുന്നത്. യൂത്ത് കോൺഗ്രസ് യുവത്വത്തിന്റെ പ്രതീകമാണ്. യൂത്ത് കോൺഗ്രസ് എന്ന് അഭിമാനിക്കുന്നുണ്ടെങ്കിൽ നിങ്ങൾ ആ പ്രസംഗത്തിൽ ഉറച്ചുനിൽക്കണം. യൂത്ത് കോൺഗ്രസിന്റെ കഴിഞ്ഞകാലാനുഭവങ്ങൾവച്ചു നോക്കുകയാണെങ്കിൽ നിങ്ങൾക്ക് അങ്ങനെ ഉറച്ചുനിൽക്കാൻ കഴിയുകയില്ല. അതുകൊണ്ട് കാർത്തികേയനെ പിടിക്കാനല്ല വീരപ്പമൊയ്ലിവന്നത്; വേറെ ആരെയെങ്കിലും പിടിക്കാനായിരിക്കും. കാർത്തികേയനെ പിടിക്കാൻ ശ്രീമാൻ കരുണാകരൻ മതി. ശ്രീമാൻ കരുണാകരൻ കാർത്തികേയന്റെ ചെവിയിൽ ഒന്നുപിടിച്ചാൽമതി കാർത്തികേയൻ അവിടെ നിൽക്കും. ഈ ഗവൺമെൻറിനെസംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എം. എൽ. എ. മാർ തന്നെ പരസ്പരം അഴിമതി ആരോപണങ്ങൾ ഉന്നയിക്കുകയാണ്. ഘടക കക്ഷി പാർട്ടികൾ തമ്മിൽ അഴിമതിയാരോപണം ഉന്നയിക്കുന്നു. ഇവിടെ ഒരു ലക്കും ലഗാനുമില്ല.

ശ്രീ. പന്തളം സുധാകരൻ : സർ, റൂൾ 287 അനുസരിച്ച് ബില്ലിന്റെ ചർച്ചാവേളയിൽ...... ....... (ബഹളം)................................

മി. ചെയർമാൻ : ഒരു പ്രാവശ്യം പറഞ്ഞുകഴിഞ്ഞതാണ്. പിന്നെ അത് ശ്രദ്ധയിൽപ്പെടുത്തേണ്ടകാര്യമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ചെയറിന്റെ റൂളിങ്ങിനെ ഞാൻ ധിക്കരിക്കുകയല്ല സർ, ചെയ്യുന്നത്. ഇങ്ങോട്ടുചോദിച്ച ഒരു ചോദ്യത്തിനു മറുപടി പറഞ്ഞുവെന്നേയുള്ളു. ഒരു ചോദ്യം ചോദിച്ചാൽ അതിന് മറുപടി പറഞ്ഞില്ലെങ്കിൽ ആ ചോദ്യത്തിനുമുമ്പിൽ ചൂളിപ്പോയി അല്ലെങ്കിൽ മെമ്പർ ഒഴിഞ്ഞുമാറിഎന്നു പറയുന്നതുകൊണ്ടാണ് ചോദ്യത്തിന് മറുപടി പറയുവാൻ നിർബന്ധിതനാകുന്നത് ഇവിടെ ഐക്യജനാധിപത്യമുന്നണി എന്നുപറഞ്ഞ് 19 മന്ത്രിമാർക്ക് ഒരു മുന്നണി. ഈ മുന്നണിക്ക് ഒരു ഐക്യവുമില്ലാത്തതുകൊണ്ടാണ് എട്ടുകൊല്ലക്കാലം മുനിസിപ്പാലിററിയിൽ തെരഞ്ഞെടുപ്പ് വേണ്ടെന്ന്.......

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : സർ, ഈ ബിൽ സെലക്ട് കമ്മിററിക്ക് അയച്ച് രണ്ടാമതാണ് ഇവിടെ വരുന്നത്. അതിന്റെ ചർച്ചക്ക് ഒരു സ്കോപ്പ് ഉണ്ട്. ആ സ്കോപ്പ് തെററിയിട്ടാണ് ഇപ്പോൾ ഇവിടെ ചർച്ച നടക്കുന്നത്. അതിന്റെ വകുപ്പുകളിൽ പറയുന്ന ചർച്ച നടക്കുന്നുമില്ല. Sir, rule 80-ൽ പറയുന്നത് "The debate on a motion that the Bill as reported by the Select Committee or the Subject Committee as the case may be, be taken into consideration shall be confined to consideration of the report of the Committee and the matters referred to in that report or any alternative suggestions consistant with the principle of the Bill". ഇതേ ചർച്ച ചെയ്യാൻ ഒക്കുകയുള്ളു. സെലക്ട് കമ്മിററിയുടെ റിപ്പോർട്ടിനെക്കുറിച്ചോ അല്ലെങ്കിൽ അതിന്റെ എന്തെങ്കിലും സജഷനെക്കുറിച്ചോ പ്രിൻസിപ്പളിനെക്കുറിച്ചോ മാത്രമേ ചർച്ച ചെയ്യാനൊക്കൂ. ശ്രീമാൻ ബാലകൃഷ്ണൻ നിർഭാഗ്യവശാൽ ഇവിടെ ചർച്ചചെയ്യുന്നതുമുഴുവൻ ഇതിന്റെ സ്കോപ്പ് വിട്ടാണ്. അത് അനുവദിക്കാൻ പാടില്ല.

ശ്രീമതി കെ. ആർ. ഗൗരി : ഈ ബില്ലിൽ ഒരു പ്രൊവിഷൻ ഉണ്ട്. എന്താണെന്നുവച്ചാൽ ഈ നിയമം മുനിസിപ്പാലിററികളിലെ ഭരണം തെരഞ്ഞെടുപ്പില്ലാതെ 96 മാസത്തേയ്ക്ക് നീട്ടാനാണ്. ഇപ്പോൾ അതു നീട്ടാതെ വന്നപ്പോൾ നടന്ന അഴിമതിയെപ്പററിപറഞ്ഞു. 96 മാസത്തേയ്ക്ക് നീട്ടിയാൽ എന്തൊക്കെ നടക്കുമെന്ന് പറയാൻ വയ്യ. അത് അപ്രസക്തമാണെന്ന് പറയുന്നില്ല. പറഞ്ഞതെല്ലാം ശരിയാണ്..............(ബഹളം)..........

ശ്രീ. എം. പി. ഗംഗാധരൻ : സബ്ജക്ട് കമ്മിററി റിപ്പോർട്ടുചെയ്തു വരുന്ന ബില്ലിന്റെ ചർച്ചയിൽ അതിന് പ്രസക്തിയില്ല. പറയാൻ പാടില്ല Confined to limited purpose എന്നാണ് പറയുന്നത്.

മി. ചെയർമാൻ : സാധാരണ ചർച്ചയേക്കാൾ റൂൾ 80 അനുസരിച്ച് സബ്ജക്ട് കമ്മിററിയിൽ ചർച്ച കഴിഞ്ഞുവരുന്ന ബില്ലുകൾക്ക് പരിമിതിയുണ്ട്. അതാണ് ചെയറിൽനിന്ന് കൂടെക്കൂടെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കാനം രാജേന്ദ്രൻ : സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്തത് 72 മാസം നീട്ടാൻ വേണ്ടിയാണ് 72 മാസം നീട്ടുന്നതിനുവേണ്ടി 1983-ൽ സബജക്ട് കമ്മിററി റിപ്പോർട്ടുചെയ്തു വന്നതിനുശേഷം ഇപ്പോൾ 96 മാസം നീട്ടാൻ വേണ്ടിയാണ് മന്ത്രി ഭേദഗതിയുമായി നിൽക്കുന്നത്. അതിൽനിന്ന് വ്യത്യസ്തമാണ് ഇന്നത്തെ സാഹചര്യം. അതുകൊണ്ട് ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതിനെതിരായുള്ള കാര്യങ്ങളിൽ അംഗങ്ങൾക്ക് അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. 72 മാസത്തേക്കാണ് സബ്ജക്ട് കമ്മിററി റിപ്പോർട്ട് ചെയ്തത്............(ബഹളം)...............

മി. ചെയർമാൻ : റൂൾ 80 അനുസരിച്ച് പരിമിതികൾ ഉണ്ട്. അതാണ് ചെയറിൽനിന്ന് കൂടെക്കൂടെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞാൻ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് സംസാരിക്കുന്നതുകൊണ്ടാണ് ഇത്രമാത്രം പറയുന്നത്. അല്ലെങ്കിൽ ഇതിനേക്കാൾ കൂടുതൽ പറയണമല്ലോ? ഈ ഗവൺമെന്റിനെകുറിച്ച് എന്തെല്ലാം പറയുവാനുണ്ട്. അത് മുഴുവൻ ഇപ്പോൾ പറയണമോ? അത്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത് ബില്ലിന്റെ സ്കോപ്പിൽ വരുകയില്ലെന്നാണ് മന്ത്രി പറയുന്നത്. സ്കോപ്പുവിട്ടുഭരണം നടത്തുന്ന നിങ്ങൾക്ക് ബില്ലിന്റെ സ്കോപ്പിനെക്കുറിച്ച് പറയുവാൻ എന്താണവകാശം?

ശ്രീ. കെ. കൃഷ്ണൻകുട്ടി : സുന്ദരംസ്വാമി അദ്ദേഹത്തിന്റെ വകുപ്പു മുഴുവൻ നേരത്തേതന്നെ കടലാസിൽ ഒപ്പിട്ട് എം. പി. ഗംഗാധരനെ ഏൽപിച്ചിരിക്കുകയാണ്. അത് മുഴുവൻ കൈകാര്യം ചെയ്യുന്നത് എം. പി. ഗംഗാധരനാണെന്നുള്ള കാര്യം അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അത് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. അതിന്റെ വിശദവിവരം എനിക്കറിയില്ല. ഇതിന്റെ സ്കോപ്പിൽ വരുകയില്ലെന്നുപറഞ്ഞാണ് ശ്രീ. എം. പി. ഗംഗാധരൻ ഇത് തടയാൻ ശ്രമിച്ചത്. സബ്ജക്ട് കമ്മിററിറിപ്പോർട്ട് ചെയ്തപ്രകാരം വന്നിരിക്കുന്നത് 72 മാസമാണ്. അത് ഇപ്പോൾ പാസാക്കിയില്ലെങ്കിൽ അടുത്ത നിയമസഭാസമ്മേളനം വരുമ്പോൾ വീണ്ടും ഒരു ഭേദഗതിയുമായും വരും; 10 കൊല്ലം. അങ്ങനെ തെരഞ്ഞെടുപ്പ് നടത്താതിരിക്കുന്നതിനുവേണ്ടി എന്തെല്ലാം കുരുട്ടുവിദ്യകളുണ്ടോ അതെല്ലാം നിങ്ങൾ പ്രയോഗിക്കും. സുന്ദരം സ്വാമി ഒരു മന്ത്രിയായിരിക്കുന്നിടത്തോളംകാലം ഈ തെരഞ്ഞെടുപ്പ് നടക്കുകയില്ല. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് തെരഞ്ഞെടുപ്പ് നടത്താൻ ധൈര്യം കാണിക്കുകയില്ല. അതുകൊണ്ടാണ് സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, ഈ ബിൽ 1983-ൽ പുറപ്പെടുവിച്ച ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ട് അവതരിപ്പിച്ച ബില്ലാണിത്. ആ ഓർഡിനൻസിൽ സെക്ഷൻ 412 സബ്സെക്ഷൻ (2) ൽ പറഞ്ഞിരിക്കുന്നത് 45 മാസം എന്നത് 72 മാസമായി കൂട്ടിക്കൊടുക്കണം എന്നുള്ളതായിരുന്നു. എന്നാൽ അതിനുശേഷം അത് 96 മാസങ്ങളായി വർദ്ധിപ്പിക്കണമെന്ന ഭേദഗതിയാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിലൂടെ സഭയോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഒരു സ്പെഷ്യൽ ഓഫീസറെ മുനിസിപ്പാലിററിയുടെ ഭരണം ഏൽപ്പിച്ചാൽ മുനിസിപ്പാലിററിയിലെ ജനങ്ങൾ അനുഭവിക്കേണ്ടിവരുന്ന ദുരിതം ചില്ലറയൊന്നുമായിരിക്കുകയില്ല. ഇപ്പോൾത്തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കോർപ്പറേഷനുകളിൽ നിന്നും മുനിസിപ്പാലിററികളിൽ നിന്നും പരാതികൾ നിരന്തരമായി വന്നുകൊണ്ടിരിക്കുകയാണ്. ജനാധിപത്യഭരണസമ്പ്രദായം അംഗീകരിച്ചിട്ടുള്ള നമ്മുടെ രാജ്യത്ത്, ജനാധിപത്യ രീതിയിൽ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന സമിതികൾ പിരിച്ചുവിട്ട് ബ്യൂർഷ്വാ ഉദ്യോഗസ്ഥന്മാരുടെ ഭരണം അടിച്ചേൽപ്പിക്കുന്ന ഒരു പ്രവണതയാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഇന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനുവേണ്ടി വോട്ടർപട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വോട്ടർപട്ടിക തയ്യാറാക്കുമ്പോൾ വളരെയധികം അഴിമതികൾ ആ രംഗത്ത് കാണിക്കുന്നുണ്ട്. ഭരണകക്ഷിയിൽ പെട്ട ആളുകൾ പ്രത്യേകിച്ച് കോൺഗ്രസ് പാർട്ടി ഈ വോട്ടേഴ്സ് ലിസ്ററ് തയ്യാറാക്കുന്ന കൂട്ടത്തിൽ അവരുടെ താൽപ്പര്യം അനുസരിച്ച് ഈ ലിസ്ററിൽ ആളുകളെ കൂട്ടാൻ ശ്രമിക്കുന്നു. വർഷങ്ങളോളം വേറെ ഏതെങ്കിലും മുനിസിപ്പാലിററിയിൽ താമസിച്ചുവരുന്ന ആളുകളെ ഈ വോട്ടേഴ്സ് ലിസ്ററിൽ ചേർക്കണമെന്ന് ആവശ്യപ്പെടുക മാത്രമല്ല, ഉദ്യോഗസ്ഥന്മാർ അങ്ങനെ ചെയ്തില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ആ ഉദ്യോഗസ്ഥൻമാർ തയ്യാറാക്കിയ ലിസ്റ്റ് ബലാൽക്കാരമായി പിടിച്ചു പറിച്ചുകൊണ്ടുപോകുന്ന നിലപാട് വരെയുണ്ടായിട്ടുണ്ട്. ഇത് വളരെ ഗുരുതരമായ ഒരു വസ്തുതയാണ്. ഉദാഹരണമായി എന്റെ നിയോജക മണ്ഡലത്തിലെ കാര്യം പറയാം. ഇത് വളരെ വ്യാപകമായി മുനിസിപ്പാലിററിയിലും പഞ്ചായത്തുകളിലും നടന്നിട്ടുള്ളതായി പരാതി വരുമ്പോഴ പ്രതിപക്ഷമായതുകൊണ്ട് പറയുകയാണ് എന്ന് ധരിക്കരുത്. ഇതിനെ രാഷ്ട്രീയമായി കാണരുതെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. അവിടെ കോൺഗ്രസ് (ഐ) ക്കാരനായ ഒരു പഞ്ചായത്തുമെമ്പർ പറഞ്ഞതനുസരിച്ച് ആ മെമ്പറുടെ വാർഡിലുള്ള, ആ മെമ്പറെ അനുകൂലിക്കുന്ന, അവരുടെ അനുഭാവികളായി നിർദ്ദേശിച്ചിട്ടുള്ള ആളുകളുടെ ലിസ്റ്റ്കൂടി വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടു. ഈ പറയുന്ന ആളുകളാരും അവിടെ താമസിക്കുന്നയാളുകളല്ല. മടവൂർ പഞ്ചായത്ത് അതിർത്തിയിലോ, ഈ മെമ്പറുടെ വാർഡിലോ താമസിക്കാത്ത ആളുകളെ, വർഷങ്ങളായി കൊല്ലത്ത് താമസിക്കുന്നയാളുകളെ വരെ ഈ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. പക്ഷേ ആ ഉദ്യോഗസ്ഥൻ നിഷ്പക്ഷമായ നിലപാട് സ്വീകരിച്ചു. അവിടെ ഒരു ഉദ്യോഗസ്ഥൻ ഇങ്ങനെ ചെയ്തു എന്നു കരുതി എല്ലാ കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും അങ്ങനെയാണെന്നു ഞാൻ കരുതുന്നില്ല. നിഷ്പക്ഷമായ നിലപാട് സ്വീകരിച്ചുകൊണ്ട്, ആ ആളുകളെ ഈ ലിസ്റ്റിൽപെടുത്താൻ സാദ്ധ്യമല്ലെന്ന് ആ ഉദ്യോഗസ്ഥൻമാർ പറഞ്ഞതുകൊണ്ട് ബലാൽക്കാരമായി ആ ഉദ്യോഗസ്ഥന്റെ വീട്ടിൽ കയറിച്ചെന്ന്, ഈ പഞ്ചായത്ത് മെമ്പറും കോൺഗ്രസ് (ഐ) പ്രവർത്തകരും അർദ്ധരാത്രിയിൽ ആ മനുഷ്യനെ പിടിച്ചിറക്കി ഭീഷണിപ്പെടുത്തി ആ ലിസ്റ്റ് പറിച്ചെടുത്തുകൊണ്ടുപോയി. പഞ്ചായത്ത് സമിതികൾ ഇന്ന് അവിടെ നിലനിൽക്കുന്നുണ്ട്. ആ പഞ്ചായത്തുകമ്മിററിയെ വിവരം അറിയിച്ചു. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ നിന്നും ഇതിനെ സംബന്ധിച്ചുള്ള തീരുമാനങ്ങളറിഞ്ഞില്ല. അവർ എഴുതിക്കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തത്. ഈ പ്രശ്നം സംബന്ധിച്ച് അന്വേഷിക്കണം. അന്വേഷിച്ച് കുററക്കാരുടെ പേരിൽ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ട് ഇന്നുവരെ യാതൊരു നടപടിയും ഗവൺമെൻറ് സ്വീകരിച്ചിട്ടില്ല. ഇന്നലെ അവിടെ പ്രതിഷേധയോഗം നടന്നു. ആ യോഗത്തിൽ സംസാരിക്കുന്നതിന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവിടെ വന്നിരുന്നു. എന്റെ മണ്ഡലത്തിലും അതുപോലുള്ള പ്രദേശങ്ങളിലും നിർഭാഗ്യമെന്നുപറയട്ടെ, കോൺഗ്രസ് (ഐ) ക്കാർ ഭരിക്കുന്നു എന്നുള്ളതുകൊണ്ട്, അവർക്ക് ആഭിമുഖ്യമുള്ള ഗവൺമെൻറാണ് കേരളം ഭരിക്കുന്നതെന്നുള്ളതുകൊണ്ട്, അവർക്ക് തോന്നിയരീതിയിൽ അവിടെ തെരഞ്ഞെടുപ്പ് നടത്താനും വോട്ടർപട്ടിക തയ്യാറാക്കുന്നതിനും മററ് എവിടെയോ ഉള്ള ആളുകളെ തിരുകിക്കയററി വോട്ടർപട്ടിക ഉണ്ടാക്കുന്നതിനും ആവശ്യപ്പെടുന്ന ലിസ്റ്റ് തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻമാരുടെ മേൽ കയ്യേററം നടത്താനും ലിസ്റ്റ് പിടിച്ചുപറിച്ചുകൊണ്ടുപോകാനും തയ്യാറാകുന്നവരുടെ പേരിൽ നടപടികൾ എടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ഇതുപോലുള്ള പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കണം. ഇത്തരം ഗുരുതരമായ തെററ് പഞ്ചായത്ത് മെമ്പർ കാണിച്ചപ്പോൾ ആ പഞ്ചായത്ത് മെമ്പറുടെ പേരിൽ കർശനമായ നടപടി എടുക്കാത്തതിന്റെ പേരിൽ എന്തുണ്ടായി? പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറുടെ വീട്ടിലും ആ പഞ്ചായത്ത് ഓഫീസിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ വീടുകളിലും കോൺഗ്രസ് (ഐ) പ്രവർത്തകർ കയറി അവരുടെ ഭാര്യമാരേയും

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളേയും ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആ ഉദ്യോഗസ്ഥൻമാരേയും മടവൂർ പഞ്ചായത്ത് പ്രസിഡൻറിനേയും കാച്ചിക്കളയും എന്നു പറഞ്ഞുകൊണ്ട് കോൺഗ്രസ് പ്രവർത്തകർ അട്ടഹസിക്കുകയാണ്. ഇവിടെ ചില ആളുകൾ വലിയ ജനാധിപത്യം പറയുന്നതുകേട്ടു. ഇതുപോലുള്ള അന്യായമായ പ്രവർത്തനങ്ങൾ സംബന്ധിച്ച് അന്വേഷിക്കാനോ നടപടികൾ സ്വീകരിക്കാനോ ഇവർ തയ്യാറാകുന്നില്ല. വളരെ ഗുരുതരമായ ഈ പ്രശ്നം തീർച്ചയായും പരിഹരിക്കണം. ഇപ്പോൾ മുനിസിപ്പാലിററിയിലും കോർപ്പറേഷനുകളിലും തയ്യാറാക്കിക്കൊണ്ടിരിക്കുന്ന ലിസ്ററിൽ ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുണ്ട്. പല മെമ്പർമാരും ഈ സഭയിൽത്തന്നെ അതുപറഞ്ഞു. ഇത് സംബന്ധിച്ച് അന്വേഷിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഇതിനെപ്പററി അന്വേഷിച്ച് നടപടിയെടുക്കണം എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ബില്ലിൻെറ പരിധിയിൽ വരുന്നില്ല, അതുകൊണ്ട് ദീർഘമായി സംസാരിക്കേണ്ട എന്ന് ചിലർ ഇവിടെ പറഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഇതിനെ വലിച്ചു നീട്ടിക്കൊണ്ടുപോകുന്ന എന്നു പറയുന്നത് കേട്ടിട്ടുണ്ട്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : പറയാത്ത കാര്യ പറഞ്ഞുവെന്ന് എന്തിനാണ് പറയുന്നത് ?

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ലെങ്കിൽ ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയിരുന്നപ്പോൾ പ്രസംഗം എത്രമാത്രം വലിച്ചു നീട്ടിക്കൊണ്ടുപോയിട്ടുണ്ട്. ഇതിനുമുൻപ് പറഞ്ഞു കേട്ടിട്ടുണ്ട്, ഇപ്പോഴല്ല. ഈ ഉദ്യോഗസ്ഥൻമാരെ മുനിസിപ്പാലിററിയുടേയും കോർപ്പറേഷൻെറയും ഭരണം ഏൽപ്പിച്ചാൽ ഈ നാട്ടിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുകയില്ല എന്ന് നമുക്ക് അറിഞ്ഞുകൂടേ ? അങ്ങനെയായിരുന്നെങ്കിൽ ഈ രാജ്യത്ത് ജനാധിപത്യസംവിധാനം നിലവിൽ വരുമായിരുന്നോ ? ഉദ്യോഗസ്ഥൻമാരുടെ ഭരണം മാത്രം ഈ രാജ്യത്ത് മതിയായിരുന്നുവെങ്കിൽ ജനാധിപത്യഭരണത്തെപ്പററി ചിന്തിക്കുകപോലും ചെയ്യേണ്ടായിരുന്നു. ഉദ്യോഗസ്ഥൻമാർ ജനങ്ങളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവരാണോ ? അവർ തീർച്ചയായും ഈ പ്രശ്നങ്ങളുമായി പുല ബന്ധംപോലുമില്ലാത്തവരാണ്. മുനിസിപ്പാലിററിയിലെയും കോർപ്പറേഷനുകളിലെയും പഞ്ചായത്തുകളിലെയും തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യും. ബഹുമാനപ്പെട്ട ഇ. പത്മനാഭൻ രാവിലെ ചോദ്യോത്തരവേളയിൽ വളരെ പ്രസക്തമായ ഒരു ചോദ്യം ചോദിച്ചു. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞില്ല. ജനാധിപത്യ മര്യാദയനുസരിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഭരണസമിതിയെ പിരിച്ചുവിട്ടാൽ നിയമപരമായും ഭരണഘടനാപരമായും നമ്മുടെ രാജ്യത്തെ നിയമസഭ ഒരു രാഷ്ട്രീയപ്രതിസന്ധികൊണ്ടോ അല്ലെങ്കിൽ ആഭ്യന്തര പ്രതിസന്ധികൊണ്ടോ പിരിഞ്ഞുപോകുകയാണെങ്കിൽ അവിടെ ഗവർണ്ണർഭരണം വരും. അങ്ങനെ വന്നാൽ തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർമാർ ഈ സഭയിലെ അംഗങ്ങളല്ലാതെ വരും, ഈ സഭ കൂടാതെവരുകയും ചെയ്യും. ജനങ്ങളുടെ പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്യാൻ സാദ്ധ്യമല്ലെന്ന സ്ഥിതി വന്നാൽ കേരളത്തിൻെറ ബഡ്ജററ് തെരഞ്ഞെടുക്കപ്പെടുന്ന മെമ്പർമാരടങ്ങിയിട്ടുള്ള ലോക്സഭയിൽ ചർച്ച ചെയ്യാറുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യങ്ങൾ ഉന്നയിക്കാനും വേണ്ടിയുള്ള അവസരം. നമ്മുടെ രാജ്യത്ത് ഉള്ളപ്പോൾ ഇവിടെ പഞ്ചായത്ത് സമതികളിലേക്കും മുനിസിപ്പൽ കൗൺസിലുകളിലേക്കും തെരഞ്ഞെടുക്കപ്പെട്ടയാളുകളെ പിരിച്ചുവിട്ടിരിക്കുകയാണ്. മുനിസിപ്പാലിററികളുടെ ബഡ്ജററ് ചർച്ചചെയ്യാൻ അവസരം



LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കണമെന്ന് ചില ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിക്കുകയുണ്ടായി. ന്യായമായി അത് ചെയ്യേണ്ടതല്ലേ ? മുനിസിപ്പൽ കൗൺസിലിൽ ആ പ്രശ്നങ്ങൾ ചർച്ചചെയ്യാൻ അവസരം നിഷേധിക്കപ്പെട്ടപ്പോൾ ഈ സഭയിലെങ്കിലും അതു കൊണ്ടുവന്നു ചർച്ചചെയ്യാനും ജനങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാനും അവസരമുണ്ടാക്കണം. അതിനുള്ള സന്ദർഭം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. മുനിസിപ്പാലിററികളിൽ എന്തു നടക്കുന്നു ? യാതൊരു വികസന പ്രവർത്തനവും നടക്കുന്നില്ല. ആ വികസന പ്രവർത്തനങ്ങൾ നടത്താൻ ബാധ്യതയോ ഉത്തരവാദിത്വമോ ഈ ഉദ്യോഗസ്ഥന് ഉണ്ടോ ? തീർച്ചയായും ഇല്ല. ഇന്നത് നിർവഹിക്കാൻകഴിയുന്നില്ല. നിർവഹിക്കാൻ അവർക്കാവുകയില്ല. പഞ്ചായത്തുകൾക്കും മുനിസിപ്പാലിററികൾക്കും കോർപ്പറേഷനുകൾക്കും ഭരണസമിതികൾ ഇല്ലാത്തതുകൊണ്ട്, ആ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാനും അതനുസരിച്ചു നടപടികൾ സ്വീകരിക്കുവാനും എത്രയുംപെട്ടെന്നു തിരഞ്ഞെടുപ്പ് നടത്തുകയാണ് ഇപ്പോൾ ആവശ്യം ; അല്ലാതെ അതു നീട്ടിനീട്ടി കൊണ്ടുപോകലല്ല. 42 മാസം 72 മാസമാക്കി വർദ്ധിപ്പിക്കുകയോ 72 മാസം 92 മാസമാക്കി വർദ്ധിപ്പിക്കുകയോ അല്ല ചെയ്യേണ്ടത്. എത്രയും പെട്ടെന്നു തിരഞ്ഞെടുപ്പ് നടത്തുകയാണാവശ്യം. ജനാധിപത്യം പുനഃസ്ഥാപിക്കണം ; ഭരണസമിതികൾക്ക് വികസന പ്രവർത്തനത്തിന് അവസരമുണ്ടാക്കിക്കൊടുക്കണം. അതിനുപകരം അതു നിഷേധിക്കലായിരിക്കരുത്. സ്പെഷ്യലാഫീസർക്ക് കാലാവധി നീട്ടിക്കൊടുത്ത് അവിടെ ദുർഭരണം നടത്താനുള്ള അവസരമുണ്ടാക്കിക്കൊടുക്കരുത്. എത്രയും പെട്ടെന്നു തിരഞ്ഞെടുപ്പ് നടത്താനും അവിടത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

മററൊരു സംഗതികൂടി പറയാനുണ്ട്. ഇപ്പോൾ പഞ്ചായത്തിൽനിന്നോ മുനിസിപ്പാലിററിയിൽനിന്നോ കോർപ്പറേഷനിൽനിന്നോ ആരെങ്കിലും മന്ത്രിയെ സമീപിച്ചാൽ ഗ്രാൻറുകൊടുക്കും എന്നാണ് പറഞ്ഞത്. രാവിലെ ചോദ്യോത്തരവേളയിൽ പറഞ്ഞത് ആരെങ്കിലും സമീപിച്ചാൽ ഗ്രാൻറുകൊടുക്കും എന്നാണ് സമീപിച്ചില്ലെങ്കിൽ ഗ്രാൻറില്ല. ഉദ്യോഗസ്ഥൻമാർ സമീപിക്കാറുണ്ടോ എന്തെങ്കിലും പ്രശ്നത്തിന് ? ഇല്ല. റോഡുണ്ടാക്കണം, പാലമുണ്ടാക്കണം, ലക്ഷംവീടു കോളനികൾ മെയ്ൻറയിൻചെയ്യണം, വെള്ളമില്ലാത്തിടത്തു വെള്ളം എത്തിച്ചു കൊടുക്കണം—ഇങ്ങനെയുള്ള ജനോപകാരപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനെസംബന്ധിച്ച്, ഇന്നവിടെ സമിതികളില്ലാത്തതുകൊണ്ട്, ഈ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ മന്ത്രിയെ സമീപിക്കാൻ ഇന്ന് ആരുമില്ലാത്തതുകൊണ്ട്, ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഉദ്യോഗസ്ഥൻമാർ സമീപിക്കുന്നില്ല, സമീപിച്ചിട്ടില്ല ; മുൻപും അങ്ങനെ ഒരു കാര്യവും ചെയ്യാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ, സമീപിച്ചിട്ടുണ്ടെങ്കിൽ കൊടുത്തിട്ടുണ്ട് എന്നു പറയുന്നതിന്റെ അർത്ഥം ധാരാളം പഞ്ചായത്തുകൾക്കും മുനിസിപ്പാലിററികൾക്കും കോർപ്പറേഷനുകൾക്കും ആവശ്യമായ ഗ്രാൻറു കിട്ടിയിട്ടില്ല എന്നാണ്. അതുകൊണ്ട്, വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല ; ക്ഷേമപ്രവർത്തനങ്ങൾ നടക്കുന്നില്ല. അങ്ങനെയുള്ള ധാരാളം ബുദ്ധിമുട്ടുകൾ ഈ രംഗത്തു നേരിടുന്നതുകൊണ്ട്, സ്പെഷ്യൽ ആഫീസറുടെ ദുർഭരണം നീട്ടാതെ എത്രയുംവേഗം തിരഞ്ഞെടുപ്പു നടത്താൻ നടപടി സ്വീകരിക്കണമെന്നുമാത്രമാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. എന്റെ വാക്കുകൾ ചുരുക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : സർ, ഇവിടെ പ്രതിപക്ഷത്തുള്ള മെമ്പർമാരുടെ പ്രസംഗം കേട്ടാൽ തോന്നും ഈ ബില്ലിലൂടെ എന്തോ വലിയ ജനാധിപത്യകൊലപാതകം ഈ ഗവൺമെൻറ് ചെയ്തിരിക്കുന്നുവെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ആടിനെ പട്ടിയാക്കുക എന്നുള്ള ഒരു പ്രചരണതന്ത്രമുണ്ട്; പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റുകാർക്ക്. പത്തു പ്രാവശ്യം പറഞ്ഞാൽ ആട് പട്ടിയാകും എന്നുള്ളതാണു സർ, അവരുടെ വിശ്വാസം. നുണ ആവർത്തിച്ചു പ്രചരിപ്പിക്കുക; എന്നിട്ട് ഈ നുണപ്രചരണത്തിന്റെ പേരിൽ ഈ ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിറുത്തുക—അതാണ് സർ, ബഹുമാനപ്പെട്ട സുന്ദരംസ്വാമിയോടും ഈ ഗവൺമെന്റിനോടും പ്രതിപക്ഷത്തുള്ള ശ്രീ. കോടിയേരിബാലകൃഷ്ണനും മററു ചില ബഹുമാനപ്പെട്ട മെമ്പർമാരും സ്വീകരിച്ചിട്ടുള്ള സമീപനം.

ഈ ബില്ലിനെക്കുറിച്ച് ഒന്നു പരിശോധിച്ചു നോക്കിയാൽ, നിങ്ങൾക്കാർക്കെങ്കിലും ഈ ഗവൺമെന്റിന്റെ ജനാധിപത്യവിരുദ്ധമായ സമീപനമാണ് ഈ ഭേദഗതി എന്നു പറയാൻ ചങ്കൂററമുണ്ടായിട്ടുണ്ടെങ്കിൽ, വാസ്തവത്തിൽ നിങ്ങളുടെ തൊലിക്കട്ടിയെ ഓർത്തു ലജ്ജിക്കാൻമാത്രമേ സാധിക്കുകയുള്ളൂ. ഈ ഭേദഗതികൾ വരുത്തിയത് എന്തിനുവേണ്ടിയാണ്? പുതിയതായി വന്നിട്ടുള്ള അഞ്ച് മുനിസിപ്പാലിററികൾക്കാണ് ഇതു ബാധകം. ഇവർ പറയുന്നതു കേട്ടാൽ തോന്നും കേരളത്തിലെ മുഴുവൻ മുനിസിപ്പാലിററികളുടെയും മുഴുവൻ പഞ്ചായത്തുകളുടെയും— മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തിരഞ്ഞെടുപ്പു മാററിവച്ച് കാലാവധി നീട്ടി ജനാധിപത്യക്കശാപ്പും കൊലപാതകവും ചെയ്തിരിക്കുന്നുവെന്ന്. അങ്ങനെയൊക്കെയല്ലേ പ്രസംഗിച്ചത്? എന്റെ കുറുപ്പുചേട്ടാ, യാഥാർത്ഥ്യവുമായി പുലബന്ധമുണ്ടോ നിങ്ങളീ പറഞ്ഞതിന്? 1961-ലെ 14-ാം ആക്ററ് ഞാൻ പരിശോധിച്ചുനോക്കി. അന്ന് 1 വർഷത്തിൽ തുടങ്ങിയതാണ്. അന്ന് ഒരു വർഷമായിരുന്നു കാലാവധി. ശ്രീ. അച്യുതമേനോന്റെ ഗവൺമെന്റ് വന്നപ്പോൾ അതിനെ 18 മാസമാക്കി. ശ്രീ. പി. കെ. വി. യുടെ ഗവൺമെൻറു വന്നു. അപ്പോൾ അതു 30 മാസമാക്കി. അവസാനം 45 മാസമാക്കി ശ്രീ. ആർ. എസ്. ഉണ്ണി ഇരിക്കുന്ന കാലത്ത് 55 മാസമായി. ശ്രീ നായനാരുടെ ഗവൺമെൻറായിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണന് ഈ ബില്ലൊന്ന് മറിച്ചു നോക്കാമായിരുന്നു. ശ്രീ. നായനാരുടെ ഗവൺമെന്റിന്റെ കാലത്ത് ഈ അഞ്ചു മുനിസിപ്പാലിററികളിലും.. തിരഞ്ഞെടുപ്പ് നടത്തിയിരുന്നെങ്കിൽ ഉണ്ണിച്ചേട്ടൻ മന്ത്രിയായിരുന്ന കാലത്ത് ആ ഉത്തരവാദിത്വം നിർവഹിച്ചിരുന്നെങ്കിൽ, ഈ ചുമതല നിർവഹിക്കേണ്ട ബാധ്യത ശ്രീ. സുന്ദരംസ്വാമി ഏറെറടുക്കേണ്ടിവരുമായിരുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അന്നു ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞിട്ടാണ് ആ തിരഞ്ഞെടുപ്പ് നടത്താതിരുന്നത് എന്ന കാര്യം മറച്ചുവയ്ക്കുകയല്ലേ ?

ശ്രീ. എം. എം. ഹസ്സൻ: ഞാൻ പറഞ്ഞിട്ടാണു തിരഞ്ഞെടുപ്പുനടത്താതിരുന്നതെങ്കിൽ അത്രയും നന്നായി. ഞാൻ പറയുന്നതുമാത്രം കേട്ടു തല കുനിച്ചിരിക്കുന്നവരാണു നിങ്ങളെങ്കിൽ നിങ്ങളെയോർത്തു ഞങ്ങൾക്കു ദു:ഖിക്കാനല്ലേ പററൂ: ഞങ്ങൾ പറയുന്നതുമാത്രമേ നിങ്ങൾ ചെയ്തിട്ടുള്ളവെങ്കിൽ നിങ്ങളെക്കുറിച്ച് ജനങ്ങൾക്കുണ്ടാകാവുന്ന ചിന്താഗതിയെന്താണെന്ന ഊഹിക്കാമല്ലോ. ഞാൻ പറഞ്ഞിട്ടൊന്നുമല്ല. നിങ്ങൾക്കു തോന്നിയതുചെയ്യുന്ന ആളുകളാണു നിങ്ങൾ. അങ്ങനെയാണു ചെയ്തത്. അതുകൊണ്ടാണല്ലോ നിങ്ങൾ ഭരണം ഇട്ടെറിഞ്ഞിട്ട് പോയത്. ആ കാര്യങ്ങളല്ലല്ലോ ഇവിടെ ചർച്ച സർ, ഇവിടെ 52 മാസമെന്നത് 72 മാസമെന്നാക്കാൻ തീരുമാനിച്ചു. ഇപ്പോൾ എന്താണ് തർക്കം? സബ്ജക്ററ് കമ്മിററി ഏകകണ്ഠമായി തീരുമാനിച്ച കാര്യമാണ് 72 മാസംവരെ എന്നത്. അതു 96 മാസമാക്കാൻ പോകുന്നു എന്നതാണല്ലോ ഏററവും വലിയ ജനാധിപത്യവിരുദ്ധം! ഏററവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യകൊലപാതകം ! സർ, അപ്പോഴാണ് 81 ലെ സെൻസസ് വന്നത്. 81 ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ എന്യൂമറേഷൻ വേണം. വാർഡുപുനർവിഭജനം ഉണ്ടാകണം; അതോടൊപ്പംതന്നെ 18 വയസ്സ് പൂർത്തിയായവർക്കെല്ലാം വോട്ടവകാശം നൽകാൻ വ്യവസ്ഥ വന്നു. സർ, ഇതെല്ലാം ചെയ്തുതീർക്കാനുള്ള കാലയളവു വേണം. പ്രവർത്തനസൗകര്യത്തിനുവേണ്ടി 96 മാസമെന്നാക്കിയാലേ പ്രായോഗികമായി കഴിയുകയുള്ളൂ, അതുകൊണ്ടാണ് 96 മാസമാക്കിയത്. അതെല്ലാം മറച്ചുവച്ചു, ബിൽ മറിച്ചു നോക്കാതെ, കെ. പി. സി. സി. പ്രസിഡണ്ടിനെ എങ്ങനെയാണ് നിയോഗിക്കുന്നത്.—എ. ഐ. സി. സി. പ്രസിഡണ്ടിനെ എങ്ങനെയാണ് നിയോഗിക്കുന്നത്—കോടിയേരിയുടെ സംശയങ്ങളാണ് ! ജനാധിപത്യം നിങ്ങളങ്ങു നടപ്പിലാക്കിയാൽമതി ! ജനാധിപത്യത്തിന്റെ കണികപോലുമില്ലാത്ത പാർട്ടിയാണു മാർക്സിസ്റ്റുപാർട്ടി. എത്രയോ തവണ തെളിയിച്ചിട്ടുള്ള കാര്യമാണു ശ്രീ. കോടിയേരി ബാലകൃഷ്ണാ ! നിങ്ങൾക്കൊക്കെ എ. കെ. ജി സെന്ററിൽ ആ പ്രധാന മുറിയിൽ യുവത്വത്തെക്കുറിച്ചൊക്കെ പറഞ്ഞില്ലേ കോടിയേരി; നിങ്ങൾക്കൊക്കെ അങ്ങോട്ടു കാലെടുത്തുവയ്ക്കാൻ പറ്റുമോ? കാലെടുത്തുവച്ചാൽ ആ കാൽ ഉണ്ടാവില്ല, അറിയാമോ ? കോടിയേരി ബാലകൃഷ്ണനൊക്കെ അവിടത്തെ പുൽത്തകിടിയിൽ കിടന്നു കളിക്കാമെന്നല്ലാതെ, ഉള്ളിൽ കയറാൻ നമ്മുടെ എം. വി. രാഘവനും കുഞ്ഞിക്കണ്ണനുമൊക്കെയേ പറ്റൂ, നിങ്ങൾക്കാർക്കും പറ്റുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കോൺഗ്രസ് പാർട്ടിയിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ട് എത്ര കൊല്ലമായി ? മാർക്സിസ്റ്റ്
12 Noon പാർട്ടിയിൽ രണ്ടു വർഷം കൂടുമ്പോൾ തെരഞ്ഞെടുപ്പ് നടത്താറുണ്ടെന്നുള്ള കാര്യം അറിയാത്തതുകൊണ്ടാണോ ശ്രീ. ഹസ്സൻ ഇങ്ങനെ പറയുന്നത് ?

ശ്രീ. എം. എം. ഹസ്സൻ : ജനറൽ സിയാ പാകിസ്ഥാനിൽ ഇടയ്ക്കിടയ്ക്ക് തെരഞ്ഞെടുപ്പ് നടത്താറുണ്ട്. അതുപോലെയാണ് നിങ്ങളുടെ പാർട്ടിയും തെരഞ്ഞെടുപ്പ് നടത്തുന്നത്. നിങ്ങൾ മുകളിൽ നിന്നും ഇന്ന ആളുകളെല്ലാം വരണമെന്ന് എഴുതിവയ്ക്കും. അതുപോലെ ആ ആളുകളെല്ലാം വരും. ഓരോരുത്തരും എവിടെയാണ് പ്രവർത്തിക്കേണ്ടതെന്ന് നിങ്ങളാണ് തീരുമാനിക്കുന്നത്. അങ്ങനെയുള്ള പാർട്ടിയാണോ ജനാധിപത്യബോധത്തെക്കുറിച്ചെല്ലാം സംസാരിക്കുന്നത്. ജനാധിപത്യം ഏറ്റവും കൂടുതലുള്ള പാർട്ടി കോൺഗ്രസ്പാർട്ടി തന്നെയാണ്. ജനാധിപത്യമൂല്യങ്ങൾ ഒരു പരിധിവരെ അംഗീകരിക്കുന്ന പാർട്ടി കോൺഗ്രസ് പാർട്ടിയാണ്. ജനാധിപത്യത്തിന്റെ വറ്റാത്ത ഉറവിടമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സെന്ന് ശ്രീ. കോടിയേരി മനസ്സിലാക്കണം. 1981 ലെ സെൻസസ് വന്നപ്പോൾ ആ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന സൗകര്യത്തിനുവേണ്ടി 72 മാസമെന്ന് സബ്ജക്റ്റ് കമ്മിററി അംഗീകരിച്ച കാര്യം 96 മാസമായി മാററുന്ന ഭേദഗതിയാണ്. അതിന്റെ പേരിൽ ബഹുമാനപ്പെട്ട മന്ത്രി ജനാധിപത്യഘാതകനാണെന്നും ഈ ഗവൺമെന്റ് ജനാധിപത്യത്തെ കൊല ചെയ്യുന്നുവെന്നുമെല്ലാം ഇവിടെ പറഞ്ഞു. ഒരു പക്ഷെ ഈ ബിൽ മറിച്ചു നോക്കാത്ത ആളുകൾക്ക് തോന്നും എന്തോ ജനാധിപത്യ കശാപ്പ് നടന്നിട്ടുണ്ടെന്ന്. അത് നുണപ്രചരണമാണ്. ഇങ്ങനെയാണ് പ്രതിപക്ഷം പല കാര്യങ്ങളിലും അവരുടെ സമീപനം സ്വീകരിക്കുന്നത്. സത്യവിരുദ്ധമായ കാര്യങ്ങൾ വളച്ചൊടിച്ച്, യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലാതെ കാര്യങ്ങൾ വളച്ചൊടിച്ച് പറയും. ഈ ബിൽ ജനാധിപത്യവിരുദ്ധ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മാണെന്ന് പ്രതിപക്ഷത്തുനിന്നും ഭേദഗതി അവതരിപ്പിച്ച ശ്രീ. ആർ. എസ്. ഉണ്ണി തുറന്നുപറയുകയുണ്ടായി. അദ്ദേഹം ഇടതുപക്ഷമുന്നണി മന്ത്രിസഭയിൽ മന്ത്രിയായിരുന്ന ആളാണ്. അദ്ദേഹവും അന്ന് ഭേദഗതി അവതരിപ്പിച്ച് കാലാവധി നീട്ടിയതാണ്. ശ്രീ. പി. കെ. വി. നായനാർ, അച്യുതമേനോൻ എന്നിവരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭകളുടെ കാലത്തെല്ലാം തന്നെ കാലാവധി നീട്ടിയിട്ടുണ്ട്. പ്രവർത്തനസൗകര്യത്തിനുവേണ്ടിയാണ് ഇങ്ങനെ കാലാവധി നീട്ടുന്നത്. എന്നിട്ടും ഈ ഗവൺമെന്റ് ചെയ്തതിനെ വലിയ തെററായി ചിത്രീകരിച്ച് തൊട്ടതിനും പിടിച്ചതിനുമെല്ലാം ഈ ഗവൺമെൻറിനെ പ്രതിക്കൂട്ടിൽ കയററാനുള്ള സംഹാരാത്മകമായ ചർച്ചയാണ് ഇവിടെ മുഴങ്ങിക്കേട്ടത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. ഹസ്സൻ കോൺഗ്രസ്സിലെ യുവനേതാവാണല്ലോ നിങ്ങളുടെ പാർട്ടിയുടെ യുവ നേതാവായ ശ്രീ. കാർത്തികേയൻെറ പ്രസ്താവനയെക്കുറിച്ച് ശ്രീ. ഹസ്സൻെറ അഭിപ്രായമെന്താണ് ?

ശ്രീ. എം. എം. ഹസ്സൻ : ഇത് മുനിസിപ്പാലിററിയുടെ കാലാവധി നീട്ടുന്നതിനെ സംബന്ധിച്ചുള്ള ബില്ലിൻെറ ചർച്ചയാണ്. ശ്രീ. കാർത്തികേയൻെറ പ്രസ്താവനയെക്കുറിച്ച് ചർച്ച ചെയ്യാൻ സമയം വേറെയുണ്ടല്ലോ. അപ്പോൾ ചർച്ച ചെയ്യാം. ഇപ്പോൾ ഞാൻ ഈ ബില്ലിൻെറ പരിധിയിൽനിന്നുകൊണ്ടാണ് സംസാരിക്കുന്നത്.

ശ്രീ. എ.വി. താമരാക്ഷൻ : സർ, കാലുമാററത്തിനെതിരായി നിയമം കൊണ്ടുവന്ന ഹസ്സൻെറ പാർട്ടിയിലെ ആഭ്യന്തരമന്ത്രി വയലാർ രവിയും ലെയ്സാൺ കമ്മിററി കൺവീനറായ ശ്രീ. ഉമ്മൻചാണ്ടിയും കൂടി ഈ സഭയിലെ ഒരംഗമായ ശ്രീ. ശക്തൻനാടാരിൽനിന്നും ബലാൽക്കാരമായി എഴുതി വാങ്ങിക്കുകയും അവർക്കനുകൂലമായി വോട്ട് ചെയ്യിക്കുകയും ചെയ്തതായി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? ഇങ്ങനെ ജനാധിപത്യവിരുദ്ധമായി എല്ലാ നയങ്ങൾക്കുമെതിരായി ചാക്കിട്ടു പിടിക്കുന്ന നടപടി ഇനിയെങ്കിലും അവസാനിപ്പിക്കാൻ തയ്യാറുണ്ടോ ?

ശ്രീ. എം.എം. ഹസ്സൻ : ശ്രീ. ബേബിജോൺ ഇവിടെ അവിശ്വാസപ്രമേയം അവതരിപ്പിച്ചപ്പോൾ ഇവിടെ കോൺഗ്രസ് ടിക്കററിൽ ജയിച്ച മൂന്ന് ആളുകളെ ചാക്കിൽ കയററി കൊണ്ടുപോയി മുറിയിൽ അടച്ചിട്ട് ഇടതുപക്ഷ മുന്നണിയുടെ പുഷ്പഹാരവും റീത്തും സമർപ്പിച്ച അന്ന് നിങ്ങൾ കാലുമാററമല്ലേ നടത്തിയത് ? ഞങ്ങളാരും കാലുമാററത്തെ പ്രോത്സാഹിപ്പിച്ചിട്ടില്ല. ഇടതുപക്ഷ മുന്നണിയുടെ ജനാധിപത്യ വിരുദ്ധ നടപടികൾ കണ്ട് പൊറുതിമുട്ടി, ശ്വാസംമുട്ടി ആരെങ്കിലും നിങ്ങളെ വിട്ടുപോയാൽ അതിന് 'അങ്ങാടിയിൽ തോററതിന് അമ്മയോട്" എന്നു പറയുന്നതുപോലെ ഞങ്ങളോട് കയർക്കുന്നതെന്തിനാണ് ? അടുത്ത അവിശ്വാസപ്രമേയം വരാൻ പോകുന്നു എന്നു കേൾക്കുന്നു. അവിശ്വാസപ്രമേയം വരുമ്പോൾ ചാക്ക് തറന്നുവച്ചിരിക്കുന്നത് ആരെ കയററാൻ വേണ്ടിയാണ് ? എന്നിട്ടും ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കുകയാണ്. വാസവദത്തയുടെ ചാരിത്ര്യപ്രസംഗം പോലെയാണ് ഇടതുപക്ഷജനാധിപത്യമുന്നണിയിലെ ആളുകൾ, ശ്രീ. താമരാക്ഷനെപ്പോലുള്ള ആളുകൾ ജനാധിപത്യം പ്രസംഗിക്കുന്നത്. ഈ ഗവൺമെൻറ് ജനാധിപത്യ ഗവൺമെൻറാണ്, ജനാധിപത്യകക്ഷികളുള്ള ഗവൺമെൻറാണ്. ജനാധിപത്യകക്ഷികളാകുമ്പോൾ അവർക്ക് അഭിപ്രായങ്ങളുണ്ടാകും. അഭിപ്രായങ്ങളുണ്ടാകുമ്പോൾ അഭിപ്രായവ്യത്യാസവും അഭിപ്രായസംഘർഷവുമുണ്ടാകും. ചട്ടിയും കലവുമായാൽ തട്ടിയും മുട്ടിയുമെല്ലാം കിടക്കും. ഇത് പൊട്ടുകയില്ല. അതിനുവേണ്ടി

നിങ്ങൾ ഇട്ടിട്ടുള്ള വെള്ളമുണ്ടെങ്കിൽ അത് വാങ്ങി വയ്ക്കണം. ഇത് ജനാധിപത്യമൂല്യമുള്ള ഗവൺമെൻറായതുകൊണ്ട് പ്രവർത്തനസൗകര്യത്തിനു വേണ്ടി മുനിസിപ്പാലിററികളുടെ കലാവധി 72 മാസം എന്നുള്ളത് 96 ആയി മാററുന്നു. ഇതിൽ ജനാധിപത്യവിരുദ്ധമായ, അധാർമ്മികമായ യാതൊന്നുമില്ല. അതുകൊണ്ട് ഈ ഭേദഗതിയെ അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. എം. വി. രാഘവൻ: സർ, ശ്രീ. എം. എം. ഹസ്സൻ ഈ ഭേദഗതിയിൽ ഒന്നുമില്ലെന്നുപറഞ്ഞു. ഒന്നുമില്ലെങ്കിൽപ്പിന്നെ പാവപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയെക്കൊണ്ട് എന്തിനാണ് ഈ ഭേദഗതി കൊണ്ടുവന്നതെന്നുള്ളതാണ് എനിക്ക് മനസ്സിലാകാത്തത്. ശ്രീ. ഹസ്സൻ പറഞ്ഞത് 72 മാസമെന്നുള്ളത് 96 മാസമായി മാററുന്നു എന്നുള്ളതേയുള്ളു എന്നാണ്. ഒരാൾ തെങ്ങിൽനിന്നും വീണു, വലിയ അപകടമൊന്നുമില്ല. തല കാണുന്നില്ല 'എന്നു പറയുന്നതുപോലെയാണ് ശ്രീ. ഹസ്സൻ പറയുന്നത്. നിങ്ങൾ ഓരോ ഓർഡിനൻസ് കൊണ്ടുവരുമ്പോൾ ഈരണ്ടുകൊല്ലം മുനിസിപ്പാലിററിയുടെ കാലാവധി നീട്ടാൻ പറയും. അതാണ് അപകടം. ഇത് ഇന്ന മുനിസിപ്പാലിററിക്ക്മാത്രം ബാധകമാണെന്ന് എഴുതി വച്ചിട്ടില്ല. കേരളാ മുനിസിപ്പാലിററീസ് ആക്ടിൻെറ ഭേദഗതിയാണ്. അതുകൊണ്ട് 'എല്ലാ മുനിസിപ്പാലിററികൾക്കും ബാധകമാണ് എന്നു പറഞ്ഞാൽ 8 കൊല്ലം വരെ തെരഞ്ഞെടുപ്പ് നടത്താതിരിക്കാം. ഇത് പറയുമ്പോൾ വേറെ എന്തെങ്കിലും കാരണം പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. ഹസ്സൻ പറഞ്ഞത് ഞങ്ങൾ ജനാധിപത്യത്തെ കൊല ചെയ്യുന്നവരാണെന്നാണ്. നിങ്ങളാണ് അങ്ങനെ ചെയ്യുന്നത്. പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ തെരഞ്ഞെടുപ്പ് നടത്താത്തത് ഞങ്ങളാണോ? എന്താണ് നടത്താത്തത്? ആടിനെ പട്ടിയാക്കുന്നത് ഞങ്ങളാണോ? ശ്രീ. ഹസ്സൻ ഒരു കാര്യം മനസ്സിലാക്കണം. ഞങ്ങൾ ഈ രാജ്യത്ത് സത്യമേ പാടുള്ളു എന്ന് വിശ്വസിക്കുന്ന ആളുകളാണ്. കമ്മ്യൂണിസ്ററുകാർ ലോകത്ത് സത്യം കണ്ടുപിടിക്കാൻ പുറപ്പെട്ട ആളുകളാണ്. അവർ സത്യം മാത്രമേ പറയുകയുള്ളു. നുണ പറയുകയെന്നത് മുതലാളിത്തത്തിൻെറ സ്വഭാവമാണ്. അതിൻെറ ഉയർന്ന രൂപമാണ് ഹിററ്ലറുടെ ഗീബൽസ് സിദ്ധാന്തം. ഒരു നുണ നൂറുവട്ടം പറഞ്ഞാൽ ചിലപ്പോൾ അത് സത്യമാണെന്ന് വിശ്വസിക്കുമെന്ന ഗീബൽസിൻെറ സിദ്ധാന്തത്തിൻെറ വക്താവായിട്ടാണ് ശ്രീ. ഹസ്സൻ ഇവിടെ വന്ന് പറയുന്നത്.

ശ്രീ. എം. എം. ഹസ്സൻ: ആ മുതലാളിത്ത സിദ്ധാന്തം പ്രാവർത്തികമാക്കുന്നത് തൊഴിലാളി-വിപ്ലവ പ്രസ്ഥാനമാണെന്നുള്ള കാര്യം ദേശവ്യാപകമായി അങ്ങ് അംഗീകരിക്കാൻ തയ്യാറുണ്ടോ?

ശ്രീ. എം. വി. രാഘവൻ: അത് മുതലാളിത്തത്തിൻെറ സിദ്ധാന്തമാണ്. ശ്രീ. ഹസ്സൻ വിചാരിച്ചാൽ ഹസ്സൻെറ മനസ്സ് മാററാൻ സാധിക്കുകയില്ല. കുത്തകമുതലാളിത്തത്തിൻെറ വക്താക്കളായിട്ടുള്ള ശ്രീ. രാജീവ്ഗാന്ധിയുടെ പാർട്ടിയിൽ നിന്നാൽ ശ്രീ. ഹസ്സൻ മാറുകയില്ല, മാററാൻ സാധിക്കുകയുമില്ല. അത് മുതലാളിത്തത്തിൻെറ സഹജസ്വഭാവമാണ്. സത്യത്തെ മറച്ച് വയ്ക്കുക, നുണ പറയുക. കാരണം സത്യത്തെ മറച്ചുവച്ചുകൊണ്ടുമാത്രമേ അവർക്ക് ജീവിക്കാൻ സാധിക്കുകയുള്ളു. ഞങ്ങൾക്ക് സത്യത്തിലൂടെ മാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളു. അതാണ് അതിലെ പ്രധാന കാര്യം. മൽസ്യത്തിന് വെള്ളത്തിൽ മാത്രമേ ജീവിക്കാൻ സാധിക്കുകയുള്ളു. കരയ്ക്കെടുത്തിട്ടാൽ അത് ചത്തുപോകും. അതുപോലെ സത്യമുണ്ടെങ്കിലേ കമ്മ്യൂണിസ്ററുകാർക്ക് ജീവിക്കാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ പറയുന്നതെല്ലാം സത്യമാണോ ?

ശ്രീ. എം. വി. രാഘവൻ: ശ്രീ. മാണിയുടെ സത്യക്രിസ്ത്യാനികളല്ല കമ്മ്യൂണിസ്റ്റുകാർ. എല്ലാ വൃത്തികേടുകളും കൊള്ളരുതായ്മകളും കാണിച്ചിട്ട് അവിടെ പോയി ഞാൻ കുർബാനിക്കുന്നു എന്നു പറഞ്ഞാൽ തീരുമെന്നു പറയുന്നതുപോലെയാണ്. 'ആടിന് എന്ത് അങ്ങാടി' എന്നു പറയുന്നതു പോലെ ശ്രീ. മാണിക്കു കമ്മ്യൂണിസം അറിഞ്ഞുകൂട. ശ്രീ. മാണി ഞങ്ങളുടെ കൂടെയും വരും, അപ്പുറത്തുമിരിക്കും.

ശ്രീ. കെ. എം. മാണി: കമ്മ്യൂണിസം അറിയാവുന്ന ആളുകൾക്കറിയാം നുണയേ പറയാവൂയെന്ന്.

ശ്രീ. എം. വി. രാഘവൻ: ഞാൻ അതാണ് പറഞ്ഞത് ശ്രീ. മാണി കമ്മ്യൂണിസം പഠിച്ചിട്ടില്ലെന്ന്.

ശ്രീ. എം. എം. ഹസ്സൻ: കമ്മ്യൂണിസ്റ്റുകാർ സർവ്വ നുണയും പ്രചരിപ്പിച്ച് സർവ്വ കൊള്ളരുതായ്മകളും പ്രചരിപ്പിച്ചിട്ട് അവസാനം കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രമനുസരിച്ച് മാർഗ്ഗം ലക്ഷ്യത്തെ ന്യായീകരിക്കുമെന്നുള്ള സിദ്ധാന്തപരമായ വിലയിരുത്തലല്ലേ നിങ്ങൾ നടത്തുന്നത് ?

ശ്രീ. എം. വി. രാഘവൻ: ഞങ്ങൾ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. കമ്മ്യൂണിസത്തെക്കുറിച്ച് വല്ലതും വായിക്കാൻ ഞാൻ ശുപാർശചെയ്യുന്നു. ഒന്നും വായിക്കാതെ വെറുതെ വാചകമടിച്ചിട്ട് കാര്യമില്ല. സത്യം ജയിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ട് കമ്മ്യൂണിസം ലോകവ്യാപകമായി ജയിക്കുമെന്നുള്ള കാര്യം ഞങ്ങൾക്കുറപ്പാണ്. അതിന്റെയടിസ്ഥാനത്തിലാണ് ഞാൻ പറയുന്നത്.

എ. കെ. ജി. സെന്ററിൽ കാലെടുത്തു കുത്താമോയെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ചോദിച്ചു. ഈ രാജ്യത്തെ യുവജനങ്ങളുടെ കേന്ദ്രമാണ് എ. കെ. ജി. സെന്റർ അത് ഈ രാജ്യത്തെ തൊഴിലാളി വർഗ്ഗത്തിന്റെയും അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെയും കേന്ദ്രമാണ്. കണ്ടില്ലേ ഹസ്സന്റെ കെ. എസ്. യു. മൂന്ന് യൂണിവേഴ്സിറ്റികളിലും തോററ് തൊപ്പിയിട്ടത് ?

ശ്രീ. എം. എം. ഹസ്സൻ: ഞങ്ങൾ തോററു. എസ്. എഫ്. ഐ ക്കാർ ആരുടെയെല്ലാം കൂടെ കൂടിയിട്ടാണ് ജയിച്ചത് ?

ശ്രീ. എം. വി. രാഘവൻ: അതിനെക്കുറിച്ച് എന്നോട് ചോദിക്കേണ്ട ശ്രീ. ടി. എം. ജേക്കബ് മുൻപിലിരിക്കുകയല്ലേ അങ്ങോട്ട് ചോദിച്ചാൽ മതി. ഈ രാജ്യത്തെ കുത്തകമുതലാളിത്തത്തിന്റെയും ഭൂപ്രഭുക്കളുടേയും മുട്ടുതാങ്ങികളായ കോൺഗ്രസ്(ഐ) യെ തോൽപ്പിക്കുവാൻ അതിനേക്കാൾ ചെറിയ കള്ളൻമാരുണ്ടെങ്കിൽ, അവരെയും തൽക്കാലം കൂട്ടുപിടിക്കും. അതുകൊണ്ട് ശ്രീ. ഹസ്സൻ ഞങ്ങളോടല്ല ഇത് ചോദിക്കേണ്ടത് എന്നു ഒരിക്കൽക്കൂടി ഞാൻ പറയുകയാണ്.

ശ്രീ. പി. സി. ജോർജ്ജ്: രണ്ട് കെ. എസ്. യു. ക്കാരും കൂട്ടായിരുന്നതുകൊണ്ടാണ് ഞങ്ങൾ നിങ്ങളോടൊത്തുകൂടിയത്.

ശ്രീ. എം. വി. രാഘവൻ: അത് ഹസ്സനോട് പറഞ്ഞാൽ മതി. ഞങ്ങളോട് പറയണ്ടാ. ഞങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ രാജ്യത്തെ ചെറുപ്പക്കാർക്ക് പ്രസ്ഥാനങ്ങളുണ്ട്. ഡി. വൈ. എഫ്. ഐ., എസ്. എഫ്. ഐ. ഇതുപോലുള്ള പ്രസ്ഥാനങ്ങൾ കേരളത്തിലുണ്ട്. അത് നില

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്ന പ്രസ്ഥാനമാണെന്ന് പ്രായോഗികമായി പ്രവർത്തിച്ചു കാണിച്ചു കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇതൊന്നും ഇവിടെ പറയേണ്ട. ശ്രീമാൻ കരുണാകരന് ഇപ്പോൾ പതിനെട്ടോ പത്തൊൻപതോ വയസ്സൊന്നുമല്ലല്ലോ.

ശ്രീ. സി. വി. പത്മരാജൻ: കോൺഗ്രസ്സുമായി കൂട്ടുകൂടാൻ വിസമ്മതിക്കുന്ന എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് കോൺഗ്രസ്സിനെ തോല്പിക്കുകയെന്നുള്ള നിലപാടിൽ ഇപ്പോഴും മാററമൊന്നുമില്ലല്ലോ ?

ശ്രീ. എം. വി. രാഘവൻ: കോൺഗ്രസ്സിനെ തോല്പിക്കുവാൻ ഞങ്ങൾ എല്ലാപേരുമായി ചേരുകയില്ല. അതിനെക്കുറിച്ച് കെ. പി. സി. സി. പ്രസിഡൻറ് മനസ്സിലാക്കിയിട്ടുണ്ടായിരിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഞങ്ങൾ ബി.ജെ.പി. യുമായി കൂട്ടുചേരുകയില്ലാ കോൺഗ്രസ്സിനെ തോല്പിക്കുവാനെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. സി. വി. പത്മരാജൻ: ആന്ധ്രായിൽ സി. പി. ഐ. യും സി. പി. എം. ഉം രാമറാവുവിനോട് കൂട്ടുചേർന്ന് കോൺഗ്രസ്സിന് എതിരായി മുന്നണി ഉണ്ടാക്കിയില്ലേ ?

ശ്രീ. എം. വി. രാഘവൻ: ആന്ധ്രായിൽ ഞങ്ങളുടെ പാർട്ടി ബി. ജെ. പി. യുമായി മുന്നണിയുണ്ടാക്കിയിട്ടില്ലെന്നുള്ള കാര്യം കെ. പി. സി. സി. പ്രസിഡൻറ് മനസ്സിലാക്കണം. ശ്രീ. രാമറാവുമായി ഞങ്ങൾ സീററ് സംബന്ധിച്ച് ചില അഡ്ജസ്ററ്മെൻറ് ഉണ്ടാക്കി. അല്ലാതെ ബി.ജെ.പി. യുമായി ചേർന്ന് മുന്നണിയുണ്ടാക്കിയില്ല. കെ. പി. സി. സി. പ്രസിഡൻറിന്റെ കീഴിലുള്ള കോൺഗ്രസ് മന്ത്രിസഭ ഇവിടെ നിലനിൽക്കുന്നതുതന്നെ ഞങ്ങളുടെ പ്രിൻസിപ്പിൾ കൊണ്ടാണ്. നിങ്ങളെപ്പോലെയല്ല ഞങ്ങൾ. ഞങ്ങൾ ചില തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി ഇടതുപക്ഷമുന്നണിയുണ്ടാക്കിയിട്ടുള്ളതുകൊണ്ടാണ് ഇന്ന് ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെൻറ് ഇവിടെ നിലനിൽക്കുന്നത്. അതല്ലെങ്കിൽ 1982-ലെ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് ഭരിക്കാമായിരുന്നു. എസ് ആർ. പി. യും എൻ. ഡി. പി. യുമെല്ലാം ആദ്യം ഞങ്ങളുടെ വാതിലിൽ മുട്ടി. അവരെ ഇവിടെ എടുക്കാത്തതുകൊണ്ടാണ് പിന്നെ നിങ്ങളുടെ വാതിലിൽ മുട്ടാൻ വന്നത്. അവരുടെയെല്ലാം കൂട്ടില്ലായിരുന്നുവെങ്കിൽ ശ്രീമാൻ കരുണാകരന് 3 കൊല്ലം ഭരിക്കുവാൻ കിട്ടുകയില്ലായിരുന്നു. പ്രിൻസിപ്പിൾ വല്ലതും കേരളത്തിൽ പാലിക്കുന്നുണ്ടെങ്കിൽ അത് കമ്മ്യൂണിസ്ററ് പാർട്ടിയും ഇടതുപക്ഷക്കാരും ജനാധിപത്യ പാർട്ടിക്കാരുമാണ്. അത് ഞങ്ങളാണ്. നിങ്ങൾ അത് പാലിച്ചിട്ടില്ല. കെ. പി. സി. സി. പ്രസിഡൻറ് അത് തിരുത്തുവാൻ ശ്രീമാൻ കരുണാകരനോട് പറയണം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: നിങ്ങൾക്ക് എൻ. ഡി. പി. യെ കിട്ടാത്തതുകൊണ്ടല്ലേ ഇപ്പോൾ എൻ. ഡി. പി. മോശമാണെന്ന് പറയുന്നത് ?

ശ്രീ. എം. വി. രാഘവൻ: അയ്യോ എന്റെ തേറമ്പിലേ ഓഴ്ചമുൻപ് എൻ. ഡി. പി. യിലെ ഒരു നേതാവ് ഞങ്ങളോട് പറഞ്ഞു, ഞങ്ങൾ ഈ കരുണാകരനുമായി ഇത്രയും വഴക്കുകൂടിയിട്ട് ഒരാൾപോലും ഞങ്ങളെ തിരിഞ്ഞുനോക്കിയോ എന്ന്. ഞാൻ ആ കഥയിലേക്കൊന്നുംതന്നെ കടക്കുന്നില്ല. ഞാൻ കെ. പി. സി. സി. പ്രസിഡൻറിനോട് പറയുന്നത്..........

ശ്രീ. എ. സി. ഷൺമുഖദാസ്: ഈ കാര്യങ്ങളൊന്നും പരസ്യമായി പറയാതിരുന്നുകൂടേ അവരെ അപമാനിക്കാതിരിക്കുവാൻ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ : ഞാൻ ഇങ്ങനെ പ്രസംഗിച്ചാൽ അവർക്കു വില കുറയും. ഇന്നുതന്നെ അവിടെ ലോബിയിലും മറ്റെവിടെയൊക്കെയോ കച്ചവടം നടക്കുകയാണ്. ഓരോ റെയിഞ്ചും ഭാഗിച്ചുകൊടുക്കുകയാണ്, വിജയരാജന് ഇത്ര, സി. ജി. ജനാർദ്ദനന് ഇത്രയെന്നുപറഞ്ഞ്. അതല്ലേ ഇന്ന് നടക്കുന്നത് ? ഫോറിൻ ലിക്കർ എന്നു പറഞ്ഞ് നാടൻ ലിക്കർ വാങ്ങുന്നത് ന് ഒരു കമ്മീഷൻ, പിന്നെ കമ്പനിക്കാരിൽനിന്നും വാങ്ങുന്നതിന് വേറൊരു കമ്മീഷൻ ഇതല്ലേ ഇന്നത്തെ സ്ഥിതി ? എന്റെ പത്മരാജാ നിങ്ങൾ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായി ഇരിക്കുന്ന കാലത്ത് കോൺഗ്രസ് നേതൃത്വത്തിൽ ഉള്ള മന്ത്രിസഭ റെയിഞ്ച് ഭാഗിച്ചും കമ്മീഷൻ വാങ്ങിയും ഭരിക്കുന്ന ഗതികേടിനെക്കുറിച്ച് ആലോചിക്കുമ്പോൾ എനിക്ക് ഖേദമുണ്ട്. നിങ്ങളെ ക്കുറിച്ച് മാത്രമേ എനിക്ക് ഖേദമുള്ളൂ. ശ്രീ. ഹസ്സനെക്കുറിച്ചൊന്നും എനിക്കു ഖേദമില്ല

ശ്രീ. പന്തളം സുധാകരൻ : ഇപ്പോൾ കമ്മീഷൻ വീതിക്കുന്നുവെന്നു മെമ്പർ പറയുന്നു. ശ്രീ. എം. കെ. കൃഷ്ണൻ എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഇതെല്ലാം സ്വന്തം പോക്കററിലേക്ക് അല്ലേ ഇട്ടുകൊണ്ടിരുന്നത് ?

ശ്രീ. എം. വി. രാഘവൻ : അന്നത്തെ ആരോപണം അന്വേഷണത്തിന് വിട്ടതല്ലോ. കേന്ദ്രഗവൺമെൻറിനോട് പറ, നട്ടെല്ല് ഉണ്ടെങ്കിൽ അന്വേഷണം നടത്തി റിപ്പോർട്ട് വയ്ക്കാൻ. മനോരമപത്രം മുഖപ്രസംഗം എഴുതി. കോടിക്കണക്കിന് രൂപയുടെ സ്പിരിററാണ് കൊണ്ടു വരുന്നത്. ഇത് ബീഡിക്കടയിലെ പത്രമല്ല. ഇത് സൺഡേയും ഇല്ലസ്ട്രേററഡ് വീക്കിലിയുമൊന്നുമല്ല. ഞങ്ങൾ നിങ്ങളുടെ കാലത്ത് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ചോദിക്കുമ്പോൾ ശ്രീ. എം. കെ. കൃഷ്ണന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞിട്ടു കാര്യമില്ല. വെറുതേ പറഞ്ഞ് പറയിക്കരുതെ. ജനാധിപത്യത്തിന്റെ കഥയൊന്നും പറയേണ്ട.

ശ്രീ. പി. കെ. കെ. ബാവ : സർ, ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെക്കുറിച്ച് പറയുന്നത് കേൾക്കുവാൻ താൽപ്പര്യമുണ്ട്. അതൊന്ന് ശ്രദ്ധിക്കുമോ ?

ശ്രീ. എം. വി. രാഘവൻ : നിങ്ങളിങ്ങനെ ചോദ്യം ചോദിച്ച് എന്നെക്കൊണ്ട് പറയിപ്പിക്കുകയല്ലേ ചെയ്യുന്നത് ?

സർ, എനിക്കു ഈ ബില്ലിനെക്കുറിച്ച് പറയാനുള്ളത് ജനാധിപത്യത്തിന്റെ തരിമ്പെങ്കിലും കോൺഗ്രസ്ഐ-യ്ക്ക് ബാക്കിയുണ്ടായിരുന്നുവെങ്കിൽ നിങ്ങൾ ഇത് കൊണ്ടുവരില്ലായിരുന്നുവെന്നാണ് അതിനെക്കുറിച്ച് ബാലകൃഷ്ണൻ പറഞ്ഞിട്ടുണ്ടായിരിക്കും. കോൺഗ്രസു ഭിന്നിച്ചശേഷം ഇതുവരെ തെരഞ്ഞെടുപ്പ് നടന്നിട്ടില്ല. ഇതിനെക്കുറിച്ച് ശ്രീ. ഹസ്സനും കൂട്ടരും ആലോചിക്കുന്നത് നല്ലതാണെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. എ. കെ. ആൻറണി അന്ന് കൊണ്ടുവന്ന ഡിസ്ട്രിക് കൗൺസിൽ ബിൽ ഇവിടെയുണ്ടോ ? അന്ന് നിങ്ങളെത്ര കൊട്ടിഘോഷിച്ചു. അതനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തിയോ ?

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്ററർ : അതിനുശേഷം നിങ്ങൾ ഭരിച്ചല്ലോ. ആ കാലയളവിൽ എന്തുകൊണ്ട് നടപ്പിലാക്കുവാൻ കഴിഞ്ഞില്ല ?

ശ്രീ. എം. വി. രാഘവൻ : ഞങ്ങൾ അത് നടപ്പിലാക്കുവാൻ ശ്രമിച്ചപ്പോഴാണ് നിങ്ങൾ ഞങ്ങളെ പുറത്താക്കിയത്. ശ്രീ. ഹസ്സനേയും കൂട്ടരേയും ചാക്കിട്ടുപിടിച്ചത് ഞങ്ങൾ അത് നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോഴായിരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

അല്ലാതെ ജനങ്ങളല്ല ഞങ്ങളെ പുറത്താക്കിയത്. ഈ നിയമസഭയിലെ കാലുമാററം കൊണ്ടാണ് ഞങ്ങളെ പുറത്താക്കിയത്. ഡിസ്ട്രിക്റ്റ് കൗൺസിൽ ബിൽ ഞങ്ങൾ നടപ്പിലാക്കാനായിട്ടിരുന്നതാണ്. ജനങ്ങൾ ഞങ്ങൾക്കു വോട്ടു തന്നു. പലരും കാലുവാരി അപ്പുറത്ത് പോയി. എന്നിട്ട് ഇപ്പോൾ ജനാധിപത്യത്തെക്കുറിച്ച് പറയുന്നു! ശ്രീ. എ. കെ. ആൻറണി ഡിസ്ട്രിക്റ്റ് കൗൺസിൽ ബിൽ കൊണ്ടുവരുമ്പോൾ ഞാൻ ഈ നിയമസഭയിലെ അംഗമായിരുന്നു. ഡിസ്ട്രിക്റ്റ് കൗൺസിലുകളെ തെരഞ്ഞെടുക്കപ്പെടുന്നവരെ ഏല്പിക്കുമെന്ന് ഘോരഘോരം പ്രസംഗിച്ചില്ലേ ? കളക്ടറുടെ ഭരണം അവസാനിപ്പിക്കുമെന്നു പറഞ്ഞില്ലേ ? ഇങ്ങനെ വലിയ പ്രസംഗങ്ങൾ നടത്തിയില്ലേ ? കെ. പി. സി. സി. പ്രസിഡൻറ് അവിടെയുണ്ടല്ലോ. നിങ്ങൾ ഡിസ്ട്രിക്റ്റ് കൗൺസിൽ തിരഞ്ഞെടുപ്പ് നടത്തുവാനുദ്ദേശിക്കുന്നുണ്ടോ? നിങ്ങളത് ചവററുകുട്ടയിൽ എറിഞ്ഞില്ലേ ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ഘോരഘോരം അതിനെക്കുറിച്ച് പ്രസംഗിച്ചിട്ട് ആ ബിൽ നടപ്പിലാക്കാതിരിക്കുവാനുള്ള പ്രവർത്തനവും നടത്തിയത് ആൻറണി കോൺഗ്രസ് ആണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയുകയില്ലേ ?

ശ്രീ. എം. വി. രാഘവൻ : അതിനെക്കുറിച്ചെല്ലാം അറിയാം. അവരുടെ പ്രസംഗവും പ്രവർത്തിയുമായിട്ട് യാതൊരു ബന്ധവുമില്ല. അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് കൂടുതൽ പറയേണ്ടതില്ല.

പാവപ്പെട്ട സുന്ദരംസ്വാമിയോട് ഒരു കാര്യം പറയുകയാണ്. അങ്ങ് എന്തിനാണ് ഈ പാപഭാരം ഏൽക്കുന്നത് ? ഒരു മന്ത്രിയുടെ ശമ്പളവും കാറും കിട്ടുമെന്നു വിചാരിച്ച് ഇങ്ങനെ ഇരിക്കണമോ ? നിങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ എനിക്ക് വലിയ വിഷമമുണ്ട്. നിങ്ങളെന്തിനാണ് കോൺഗ്രസ്സിന്റെ ഭൃത്യവേല ചെയ്യുന്നത് ? 8 കൊല്ലത്തേക്ക് തെരഞ്ഞെടുപ്പ് ഇല്ലെന്നാണ് എഴുതി വച്ചിട്ടുള്ളത്. എന്താണ് ഇവിടത്തെ സ്ഥിതി ? വോട്ടർ പട്ടിക മുഴുവൻ കൃത്രിമമാണ്. പഞ്ചായത്തുകളുടെ വാർഡ് വിഭജനത്തിൽ അത്രയും കൃത്രിമമാണ്. ഇത്രയും അധഃപതിച്ച ഒരു സ്ഥിതി വിശേഷം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ ? ഇതിനെക്കുറിച്ച്. എന്റെ നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം, കടന്നപ്പള്ളി, വാണപ്പുഴ, ഏഴോം, തളിപ്പറമ്പ്, കുററ്യാട്ടുകരി എന്നീ പഞ്ചായത്തുകൾ അപ്പീൽ കൊടുത്തിരിക്കുകയാണ്. 600 വോട്ട് ഉള്ള ഒരു വാർഡ്, മറെറാരു വാർഡിൽ 1600 വോട്ട്. ഇങ്ങനെ ആണോ വാർഡ് വിഭജിക്കേണ്ടത് ? എന്തെങ്കിലും അടിസ്ഥാനം വേണ്ടേ ഇതിന്. ? ഞങ്ങൾ ഇതിനെക്കുറിച്ച് ബന്ധപ്പെട്ടവരോട് ചോദിക്കുമ്പോൾ അവർ പറയുന്നത് മന്ത്രി വിളിച്ചു പറയുന്നതിന്റെ അടിസ്ഥാനത്തിലാണ്, ഇതെല്ലാം ചെയ്യുന്നത് എന്നാണ്. പഞ്ചായത്ത് കൊടുക്കുന്ന പ്രൊപ്പോസൽ അല്ലെങ്കിൽ എക്സിക്യൂട്ടീവ് ഓഫീസർ കൊടുക്കുന്ന പ്രൊപ്പോസൽ കോൺഗ്രസ് ഐയ്ക്ക് അനുകൂലമല്ലെങ്കിൽ, ഡി. പി. ഒ. മാർ കൊടുക്കുന്ന പ്രൊപ്പോസൽ ഗവൺമെൻറിന് അനുകൂലമല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടറെ മാററും. ഇതല്ലേ ഇന്നു നടക്കുന്നത് ? പിന്നെ സെക്രട്ടറിയുടെ അപ്പീൽ എന്താകുമെന്ന് പറയാൻ സാധിക്കുകയില്ല, സർ, 18 വയസ്സായവരെ ചേർത്ത് വോട്ടർ പട്ടിക പുതുക്കിയതിനെക്കുറിച്ച് നിയമസഭയിലെ ഒരു കമ്മീഷനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ നിങ്ങൾ തയ്യാറുണ്ടോ, അതിന് ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്. അങ്ങനെ അന്വേഷിച്ചാൽ ഇത്രയും കൊള്ളരുതായ്മ നടന്നിട്ടുള്ള മറെറാരു കാലഘട്ടം സ്വതന്ത്ര ഇൻഡ്യയുടെ ചരിത്രത്തിലോ

കേരളത്തിന്റെ ചരിത്രത്തിലോ ഉണ്ടായിട്ടില്ലെന്നു കാണാൻ കഴിയും. അപ്പോൾ ഇതിനെല്ലാമാണ് ഇന്ന് സ്വാമി നേതൃത്വം കൊടുക്കുന്നത്. അതുകൊണ്ട് എനിക്ക് ഖേദമുണ്ട്. സ്വാമിയോട് എന്തെങ്കിലും ഞങ്ങൾ പറഞ്ഞാൽ സ്വാമിക്ക് മനസ്സിലാവുകയില്ല, സ്വാമി ഞങ്ങളോട് എന്തെങ്കിലും പറഞ്ഞാലും മനസ്സിലാവുകയില്ല. അതല്ലേ സ്ഥിതി? തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ തകർക്കുന്നതിന് ഇങ്ങനെ ഒരു മന്ത്രിയെ വയ്ക്കേണ്ടതുണ്ടോ? ശ്രീമാൻ കരുണാകരന്റെ കളി അല്ലേ അവിടെ നടക്കുന്നത്. അതുകൊണ്ട് ശ്രീമാൻ കരുണാകരനെത്തന്നെ ഏൽപ്പിച്ചു കൊടുക്കരുതോ?

ശ്രീ. സുന്ദരം സ്വാമിക്ക് ഈ വകുപ്പ് കരുണാകരനെ ഏൽപ്പിച്ചു കൊടുക്കാൻ ബുദ്ധിമുട്ടുണ്ടോ? ഒന്നുകിൽ വകുപ്പില്ലാ മന്ത്രിയായിട്ട് തുടർന്നോ. എന്തിനാണ് ഇങ്ങനെ തുടരുന്നത്? അഞ്ചു മുനിസിപ്പാലിറ്റികൾക്ക് ഒരു സ്പെഷ്യൽ ഓഫീസറെ വച്ചാൽ ഇതിന്റെ മിനിറ്റ്സ് എഴുതാൻ പററുമോ? ഒരാളുടെ ജോലിയും കഴിഞ്ഞിട്ടാണ് അഞ്ച് മുനിസിപ്പാലിററിയുടെ സ്പെഷ്യൽ ഓഫീസർ. മാസത്തിൽ ഓരോ മീററിംഗ് വച്ചാൽതന്നെ എങ്ങനെയാണ്? മീററിംഗ് വിളിച്ചു കൂട്ടേണ്ടത് സ്പെഷ്യലാഫീസറാണ്. സ്പെഷ്യൽ ആഫീസർ പോയിട്ട് എല്ലാററിനും മിനിററ്സ് എഴുതിക്കൊടുക്കണം. ഒന്നോ രണ്ടോ ദിവസം വേണം. അഞ്ച് മുൻസിപ്പാലിററിയുടെയും മിനിററ്സ് എഴുതാൻ അദ്ദേഹത്തിന് നേരം ഉണ്ടാകുമോ? അദ്ദേഹത്തിന് എന്തെങ്കിലും ഭരണം നടത്താൻ കഴിയുമോ? പഞ്ചായത്തുകളുടെ സ്ഥിതി എന്താണ്? ബ്ലോക്ക് ആഫീസറാണ് സ്പെഷ്യൽ ആഫീസർ. ഒരു ബ്ലോക്കിൽ പന്ത്രണ്ടോ ഇരുപതോ പഞ്ചായത്തുകൾ കാണും. കൂത്തുപറമ്പിൽ ഇരുപതോ ഇരുപത്തിനാലോ പഞ്ചായത്തുകളുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ബ്ലോക്ക് ആഫീസറാണ് സ്പെഷ്യൽ ആഫീസർ. ആ സ്പെഷ്യൽ ആഫീസർ പോയി മീററിംഗ് നടത്തിയാലേ ഭരണം നടക്കുകയുള്ളൂ. പഞ്ചായത്ത് ആഫീസർ ആ താലൂക്കുകളിലെ മുഴുവൻ പഞ്ചായത്തുകളിലും പോകണമെന്നാണ് പറയുന്നത്. ഇത് എവിടെ നടക്കാനാണ്? എന്തിനാണ് ജനങ്ങളിൽ നിന്ന് നികുതി പിരിക്കുന്നത്? ഉദ്യോഗസ്ഥഭരണ രംഗത്ത് ശോഷണവും അഴിമതിയും നഗ്നതാണ്ഡവമാടുകയാണ്. വോട്ടർപട്ടിക തോന്നിയതു പോലെ നിശ്ചയിക്കുകയാണ്. ശ്രീമതി ഭാർഗ്ഗവീതങ്കപ്പൻ പ്രസംഗിക്കുമ്പോൾ നിയമവിരുദ്ധമായി ലിസ്ററിൽ ആളുകളെ ചേർക്കുന്നുവെന്നൊക്കെ പറഞ്ഞു. കൊച്ചി കോർപ്പറേഷനിലെ വോട്ടർപട്ടിക കോർപ്പറേഷൻ ആഫീസിൽ പ്രസിദ്ധപ്പെടുത്തി. കൊച്ചി കോർപ്പറേഷനിലെ ലക്ഷക്കണക്കിന് വോട്ടർമാർ അവിടെവന്ന് പരിശോധിച്ചിട്ട് അതിലെ കുഴപ്പം തീർക്കാൻ കഴിയുമോ? അവർ അവധി നീട്ടിക്കൊടുക്കണമെന്ന് പറഞ്ഞു. നീട്ടിക്കൊടുത്തതായിട്ട് വിവരമില്ല. ആ ലിസ്ററ് പരിശോധിച്ച് കറക്ട് ചെയ്യാൻ കഴിയുമോ? തിരുവനന്തപുരം കോർപ്പറേഷനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ ഞാൻ എഴുതിക്കൊടുത്തതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ എഴുതിക്കൊടുത്തതാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ 6-ാം തീയതി മുതൽ എന്യൂമറേഷൻ നടക്കുമെന്ന് പറഞ്ഞു. 13-ാം തീയതി പറഞ്ഞു നിർത്തിവെച്ചിരിക്കുന്നുവെന്ന്. പിന്നെ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ പറഞ്ഞു തുടങ്ങുമെന്ന്. ഇത് എന്താണ്? പിള്ളേര് ചോറും കറിയും വച്ച് കളിക്കുന്നതുപോലെയാണോ? അതല്ലേ ഇവിടെ നടക്കുന്നത്? തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വോട്ടർപട്ടിക പുതുക്കുന്ന ജോലി നിർവ്വഹിച്ചത് തികച്ചും കൃത്രിമമായാണ്, യാതൊരു അടിസ്ഥാനവുമില്ലാതെയാണ്, യാതൊരു വിധത്തിലുള്ള മാനദണ്ഡവും

LIBRARY ARCHIVES Kerala Legislative Assembly

പാലിക്കാതെയാണ്. 21 വയസ്സായ പ്രായപൂർത്തിയെത്തിയവരുടെ വോട്ടർ പട്ടികയെ ഇലക്ഷൻ കമ്മീഷനാണ് തയ്യാറാക്കുന്നത്. അതിന് ചില സ്റ്റാൻേഡർഡുണ്ട്. എന്നിട്ടുതന്നെ കൃത്രിമമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പ്രതിപക്ഷ പാർട്ടികൾ, ഞങ്ങൾ തന്നെ കൊടുത്ത നിവേദനത്തിൽ ആലക്കോട് പ്രദേശത്തെ ഒരു പഞ്ചായത്തിന്റെ വിവരം കൊടുത്തു. കുറെ പാർട്ടിക്കാർ ഉണ്ട്. മുന്നൂറ് വോട്ട് തൊട്ടടുത്ത വാർഡിൽ രണ്ട് ബൂത്തിൽ അടുത്തടുത്ത് വോട്ടു ചെയ്യുകയാണ്. അതാണ് ഇലക്ഷൻ കമ്മീഷന്റെ തെരഞ്ഞെടുപ്പിന്റെ സ്ഥിതി. ചില മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തി, ഇലക്ഷൻ ഡിപ്പാർട്ടുമെന്റല്ല പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിൽ ഇലക്ഷൻ വിംഗ് ഉണ്ടായിരുന്നു. ഞാൻ ചോദിക്കട്ടെ. ഇലക്ഷൻ ഡ്യൂട്ടി ആരംഭിച്ചപ്പോൾ ഇലക്ഷൻ വിംഗിനെ നിങ്ങൾ എടുത്തുകളഞ്ഞില്ലേ? ഇലക്ഷൻ ഡ്യൂട്ടി ആരംഭിക്കുന്നതിന് മുമ്പ് ഇലക്ഷൻ വിംഗ് എടുത്തുകളഞ്ഞു. ഇലക്ഷൻ ഡ്യൂട്ടി ആരംഭിക്കുന്നതിനു മൂന്നു മാസത്തിനു മുമ്പ് എന്തിനാണ് എടുത്തുകളഞ്ഞത്? നിങ്ങൾ വിചാരിക്കുന്ന കൃത്രിമങ്ങൾ പൂർണ്ണമായും നടത്താൻ കഴിയുമെന്ന വിശ്വാസം നിങ്ങൾക്കില്ല. അതുകൊണ്ടാണ് ഇലക്ഷൻ വിംഗിനെ നിങ്ങൾ എടുത്തുകളഞ്ഞത്. നിങ്ങൾക്ക് ഇഷ്ടമുള്ള കുറെ ഉദ്യോഗസ്ഥൻമാരെ വച്ചു. ഗവൺമെന്റ് നേരിട്ടാണ് വോട്ടർപട്ടിക പുതുക്കുന്നത്. ഇലക്ഷൻ കമ്മീഷന് അതിനകത്ത് ബാദ്ധ്യതയില്ല. ഇലക്ഷൻ വിംഗിനെ എടുത്തുകളഞ്ഞിട്ട് നിങ്ങൾക്ക് ഇഷ്ടമുള്ള ഉദ്യോഗസ്ഥനെ വച്ച് തയ്യാറാക്കിയ വോട്ടർപട്ടിക മുഴുവൻ കൃത്രിമമാണ്. അർഹതപ്പെട്ടവരുടെ പേര് ചേർക്കാൻ കഴിയുന്നില്ല. യാതൊരു വ്യവസ്ഥയുമില്ലാതെ, ആ പട്ടിക എന്തായിയെന്ന് പറയാൻ സാധിക്കാത്ത അവസ്ഥയിൽ എത്തിയിരിക്കുകയാണ്. മുൻസിപ്പാലിററിയിലേയും കോർപ്പറേഷനിലേയും വോട്ടർ പട്ടികയുടെ സ്ഥിതി. മുൻസിപ്പാലിററി വാർഡ് വിഭജനത്തെ സംബന്ധിച്ചിടത്തോളമുള്ള ക്രമക്കേടുകളെക്കുറിച്ച് പലപ്പോഴും ചൂണ്ടിക്കാണിച്ചതാണ്. കോർപ്പറേഷൻ വാർഡുകളെ സംബന്ധിച്ചും ചൂണ്ടിക്കാണിച്ചതാണ്. ക്രമക്കേടുകളല്ലാതെ വേറൊന്നും പറയാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് നിങ്ങൾ തെരഞ്ഞെടുപ്പ് നടത്തുകയില്ല. തെരഞ്ഞെടുപ്പ് നടത്താൻ ധൈര്യമില്ല. രാവിലെ മുഖ്യമന്ത്രി എഴുന്നേൽക്കുന്നതുതന്നെ എങ്ങനെയാണ് കുറച്ച് ആളുകളെ വോട്ടു ചെയ്യാൻ കിട്ടുക എന്ന് വിചാരിച്ചിട്ടാണ്. അതിന്റെയടിസ്ഥാനത്തിലാണ് ഈ ഭരണംതന്നെ. ചാക്കിടൽ നടക്കുന്നുവെന്ന് ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചില്ലേ? രാവിലെ കുറെ പൈസയുമായിട്ടാണ് നടക്കുന്നത്. നമ്മുടെ രാജ്യത്തെ കൃഷിപ്പണിക്കാർ പുറപ്പെടുന്ന മാതിരി വരമ്പത്തുവച്ചുതന്നെ കൂലി കൊടുക്കണം. അതുപോലെ അസംബ്ലിയിൽ വച്ചുതന്നെയാണ് ഇപ്പോൾ കൂലി കൊടുക്കുന്നത്. എന്റെ ഹസ്സാ, ഈ രാഷ്ട്രീയവും കൊണ്ട് നടന്നാൽ എവിടെ ചെന്ന് എത്തും? ഇത്രയും ഗതികേടുണ്ടോ? മുൻസിപ്പാലിററികളിലും കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും യാതൊരു വ്യവസ്ഥയുമില്ലാതെ ആറുകൊല്ലവും ഏഴുകൊല്ലവുമൊക്കെ കാലാവധി നീട്ടുന്നതിനുള്ള നിയമനിർമ്മാണം കൊണ്ടുവരുന്നത് ജനങ്ങളെ കശാപ്പ് ചെയ്യുന്നതിനാണ്. ഈ നിയമനിർമ്മാണത്തെ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കാതിരിക്കാൻ പററുകയില്ല. ഇത് ജനാധിപത്യത്തെ കശാപ്പുചെയ്യുന്നതാണ്. അതിനെ എതിർക്കേണ്ടത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ്. നിങ്ങൾക്ക് ജനാധിപത്യം വേണ്ട. ഞങ്ങൾക്ക് ജനാധിപത്യം ആവശ്യമുണ്ട്. അതുകൊണ്ടാണ് ഇതിനെ ഞങ്ങൾ എതിർക്കുന്നത്. അത് ശ്രീ. ഹസ്സനും അതുപോലെ തന്നെ അപ്പുറത്തുള്ളവരും മനസ്സിലാക്കണം. ശ്രീ. രാജീവ്ഗാന്ധിയുടെ കൂറുമാററബിൽ നടപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

വരുത്തിക്കൊണ്ടിരിക്കുകയാണല്ലോ. കേരളനിയമസഭയിൽ ശ്രീ. കോട്ടക്കുഴ സുകുമാരൻ സംസാരിച്ചപ്പോൾ ഏത് പാർട്ടിയിലാണെന്ന് ഞങ്ങൾ ചോദിച്ചു. ശ്രീ. കോട്ടക്കുഴി ഏത് പാർട്ടിയാണെന്ന് പറയുന്നില്ല. മാർച്ച് ഒന്നാം തീയതി മുതൽ ഏത് പാർട്ടിയിലാണെന്ന് അദ്ദേഹം പറയണം. കമലടത്തി ഈയിടെ കൊച്ചിയിൽ പോയിട്ട് വിലപിച്ചു രണ്ട് ചിറകുകളും നഷ്ടപ്പെട്ട പക്ഷിയാണ് ഞാൻ എന്ന്. ശ്രീ. ഭാസ്കരൻ ഒരു ചിറകുവച്ച് കൊടുക്കുമോയെന്ന് അറിയുകയില്ല.

ശ്രീ. പി. ഭാസ്കരൻ : ചിറക് ഇല്ലാതെ തന്നെ പറക്കാൻ അറിയാം.

ശ്രീ. എം. വി. രാഘവൻ : കമലം ചിറകില്ലാതെ പറക്കുമെന്നോ അതോ ഭാസ്കരൻ പറക്കുമെന്നോ ? ആരാണ് പറക്കുന്നത് ? അതോ കമലത്തിനു വേണ്ടി ഭാസ്കരൻ പറക്കുമെന്നോ ?

ശ്രീ. പി. ഭാസ്കരൻ : വേറൊരാൾക്കുവേണ്ടി ഞാൻ പറക്കുകയില്ല. എനിക്കുവേണ്ടി ഞാൻ പറക്കും.

ശ്രീ. എം. വി. രാഘവൻ : എന്ന് പറഞ്ഞാൽ കമലത്തിനുവേണ്ടി പറക്കുകയില്ലെന്നല്ലേ ?

ശ്രീ. ലോനപ്പൻ നമ്പാടൻ : ശ്രീ. കോട്ടക്കുഴി സുകുമാരന് രണ്ട് ചിറകുകളുണ്ടെന്നുള്ളവിവരം ബഹുമാനപ്പെട്ട മെമ്പർമാർക്ക് അറിയാമോ ?

ശ്രീ. എം. വി. രാഘവൻ : ശ്രീ. കോട്ടക്കുഴി സുകുമാരനുള്ള വ്യക്തിപരമായ ചിറകുകളെപ്പററിയൊന്നും ഞാൻ ഇപ്പോൾ അന്വേഷിക്കുന്നില്ല കമലേടത്തി പറഞ്ഞു രണ്ടുചിറകും നഷ്ടപ്പെട്ട ഒരു നിലയിലാണ് ഞാൻ ഇരിക്കുന്നതെന്ന്. ഞാൻ ചോദിക്കട്ടെ പ്രതിപക്ഷത്ത് കൂറ് മാറുന്നത് പോകട്ടെ ദിവസവും അപ്പുറത്തല്ലേ കൂറുമാററം നടക്കുന്നത് ? ശ്രീ. രാജീവ് ഗാന്ധി എന്താണ് പറഞ്ഞത് ? ധൈര്യമുണ്ടോ ശ്രീ. കോട്ടക്കുഴി ഏത് പാർട്ടിയിലാണെന്നു പറയാൻ ? ഇന്ത്യയിൽ, യുവാവായ ശ്രീ. രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിട്ട് വന്നപ്പോൾ നിങ്ങൾ കൊട്ടിഘോഷിച്ചു ഈ രാജ്യത്ത് പുരോഗമനപരമായ നടപടികൾ വരുന്നു, കൂറുമാററം തടയുന്നു എന്നൊക്കെ, അതിന്റെ കള്ളിയെപ്പററി ഞങ്ങൾ പറഞ്ഞു. ഞാൻ ഇവിടെ പറയുന്നില്ല. ശ്രീ. ഹസ്സനെപ്പോലുള്ളവരെ പേടിപ്പെടുത്തി നിർത്താൻ വേണ്ടിയാണ് കൂറുമാററം തടയൽ. ഒരാൾ തെരഞ്ഞെടുപ്പിന് നിന്ന് കൂറ് മാറി. അതുകൊണ്ട് ഞാൻ അതേപ്പററിയൊന്നും പറയുന്നില്ല. കൂറുമാററബിൽ നിങ്ങൾ നടപ്പിൽവരുത്തി. ശ്രീ. മാണിയുടെ പാർട്ടിയിൽ രണ്ട് ആളുകൾ ചേർന്നു. ശ്രീ. പി. സി. തോമസ് ചേർന്നില്ലേ ? വയസ്സുകാലത്ത് ശ്രീ. തോമസിനെ കൊണ്ട് ഇങ്ങനെ ചെയ്യിക്കേണ്ട കാര്യമുണ്ടോ ? ഞങ്ങളുടെ അഭിപ്രായത്തിൽ അദ്ദേഹം നല്ല സ്ററാൻേറർഡുള്ള ഒരു മനുഷ്യനായിരുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ശ്രീ. രാഘവന്റെ സർട്ടിഫിക്കറെറാന്നും ഞങ്ങൾക്ക് വേണ്ട. അദ്ദേഹം പഴയകാലത്തെ കേരള കോൺഗ്രസ്സാണ്.

ശ്രീ. എം. വി. രാഘവൻ : അത് കോൺഗ്രസ്സുകാരും പറയുന്നുണ്ട്. പഴയകാലത്ത് ഞങ്ങളെല്ലാം കോൺഗ്രസ്സാണെന്ന്. ശ്രീ. മാണിയും പഴയകോൺഗ്രസ്സല്ലേ ? എന്നാൽ പിന്നെ അതിൽ ചേർന്നാൽ പോരേ ? ഞാൻ അതെക്കുറിച്ചൊന്നും പറയുന്നില്ല. കോൺഗ്രസ്സിലേക്ക് പോകാൻ അത്ര വിഡ്ഢിയൊന്നുമല്ല ശ്രീ. മാണി. മാണിക്ക് അറിയാം അപ്പുറത്ത് ചെന്നാൽ ഹസ്സനെപ്പോലെയുള്ളവർ കാലുമാറുമെന്ന്.

ശ്രീ. മാണി എങ്ങനെ പാർട്ടിയുണ്ടാക്കും ? രണ്ടുഭാഗത്തും ശക്തിയുള്ള വരാണ്. ഏതെങ്കിലുമൊരുഭാഗത്ത് എണിചാരും. കോൺഗ്രസ്സ് 'ഐ' യിലേക്ക് പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ശ്രീ. മാണിയെക്കുറിച്ച് ഞാൻ അത്രേ പറയുന്നുള്ളു. നിങ്ങൾ നിങ്ങളുടെ പരിപാടികളുമായി മുന്നോട്ടു പോകുന്നു. അതിൽ ഞങ്ങൾക്ക് പരാതി ഇല്ല. പരാതി പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. പി. സി. തോമസ്സിനെപ്പോലെയുള്ള സ്ററാൻേറർഡുള്ള മനുഷ്യനെ ഞങ്ങൾ ബഹുമാനിക്കുന്നു. ശ്രീ. രാജീവ്ഗാന്ധിയുടെ പുതിയ ഭരണഘടനാഭേദഗതി വന്നിട്ടും അദ്ദേഹത്തെ കാലുമാററികളവു പറയിപ്പിച്ചു. 2-ാം തീയതി കേരളാ കോൺഗ്രസ്സിൽചേർന്നുവെന്നാണ് പത്രത്തിൽ വാർത്ത. എന്നിട്ട് 28-ാം തീയതിഗന്നെ മാറിയെന്ന് അദ്ദേഹത്തെക്കൊണ്ട് പറയിച്ചു. ഞാൻ അതേക്കുറിച്ചൊന്നും പറയുന്നില്ല. ശ്രീ. കോട്ടക്കുഴി സുകുമാരൻ ആകാശത്തിലുമില്ല ഭൂമിയിലുമില്ല.

ശ്രീ. കെ. എം. മാണി : ഇവിടെ നിന്ന് അങ്ങോട്ട് മാറിയവർ എത്രപേർ ഉണ്ട് ?

ശ്രീ. എം. വി. രാഘവൻ : ഇപ്പോൾ വല്ലവരും മാറിയിട്ടുണ്ടോ ? കോളടിച്ചോ ? നിങ്ങൾ കച്ചവടക്കാരാണ്. നിങ്ങൾ മരക്കച്ചവടക്കാരാണ്, അരിക്കച്ചവടക്കാരാണ്, കരിഞ്ചന്തക്കാരാണ്. അതുപോലെ നിങ്ങൾ ആളുകളെ കച്ചവടം നടത്തിയിട്ടുണ്ടെന്ന് ഞങ്ങൾക്ക് അറിയാം. ശ്രീ. മാണി തലകുലുക്കുന്നു. ഇന്നലെ ആരോ പറഞ്ഞു ഒന്നാണെന്ന്. ശ്രീ. സീതിഹാജിയോട് ഞാൻ ചോദിക്കുന്നില്ല, ശ്രീ. മാണിയോട് ചോദിക്കുന്നില്ല. കോൺഗ്രസ് 'ഐ' യിലെ കാർത്തികേയനെപോലുള്ള യൂത്ത് കോൺഗ്രസുകാരോടും കെ. പി. സി. സി. പ്രസിഡൻറിനോടും ഞാൻ ചോദിക്കുന്നു, രാജീവ് ഗാന്ധി കൊണ്ടുവന്ന, നിങ്ങൾ പുരോഗമനപരമെന്നു പ്രഖ്യാപിച്ച കൂറുമാററ നിരോധന നിയമം നടപ്പിൽ വരുത്തുന്നതിൻെറ ഒരു പരീക്ഷണശാലയായിട്ടാണോ നിങ്ങൾ കേരളത്തെ എടുക്കുന്നത് ? അതാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത് ? അതാണ് ഞാൻ ശ്രീ. പി. സി. തോമസ്സിനെക്കുറിച്ച് ചോദിച്ചത്. അതാണ് ഞാൻ കോട്ടക്കുഴി സുകുമാരനെക്കുറിച്ച് ചോദിച്ചത്. ഇന്നും എന്തോ സംഭവിച്ചുവെന്ന് തോന്നുന്നുണ്ട്. ശ്രീ. സീതിഹാജി വളരെ സന്തോഷത്തോടു കൂടിയാണ് പറയുന്നത്. മിററായി കച്ചവടം നടത്തുന്നതുപോലെ, മരക്കച്ചവടം നടത്തുന്നതുപോലെ. വേറെ പാർട്ടിക്കാരോട് ഞാൻ ചോദിക്കുന്നില്ല. കോൺഗ്രസ് (ഐ) ക്ക് ഇത് ഭൂഷണമാണോ എന്നു മാത്രമേ ഞാൻ ചോദിക്കുന്നുള്ളു. ഇതെല്ലാം എവിടെയാണ് ചെന്നെത്തുക എന്നു മനസ്സിലാകുന്നില്ല. ഈ രാജ്യത്തെ ജനങ്ങളുടെ ജനാധിപത്യ അവകാശത്തെ നശിപ്പിച്ച് തെരഞ്ഞെടുപ്പുകൾ നടത്താതെ എല്ലാ വിധത്തിലും ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്ന ഒരു ഗവൺമെൻറായി തീർന്നിരിക്കുകയാണ് കേരളത്തിൽ ശ്രീ. കെ. കരുണാകരൻ നേതൃത്വത്തിലുള്ള ഗവൺമെൻറ്. അതിൻെറ പ്രത്യക്ഷമായിട്ടുള്ള ഉദാഹരണമാണ് മുനിസിപ്പാലിററി ഭേദഗതി നിയമം. എട്ടുകൊല്ലത്തേക്ക് തെരഞ്ഞെടുപ്പ് നടത്തുകയില്ലായെന്ന ഭേദഗതി നിയമം, അത് ഈ രാജ്യത്തെ ജനങ്ങളോട് ചെയ്യുന്ന അനീതിയാണ്. ശ്രീ. രാജീവ്ഗാന്ധി പ്രഖ്യാപിച്ച നയത്തോടു ചെയ്യുന്ന അനീതിയാണ്. അത് ഈ സഭയും കോൺഗ്രസ്സുകാരും മനസ്സിലാക്കണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി പിൻവലിക്കണം, തെരഞ്ഞെടുപ്പ് നടത്താൻ വേണ്ടിയുള്ള ഓഡർ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : ഭേദഗതി പിൻവലിച്ചിട്ട് എന്തു ചെയ്യണമെന്നുകൂടി പറയുമോ ?

ശ്രീ. എം. വി. രാഘവൻ : ബഹുമാനപ്പെട്ട മന്ത്രിക്ക് പ്രധാനപ്പെട്ട ഒരു സംശയം ഉണ്ടാകുമ്പോൾ അതിന് മറുപടി പറയാതിരിക്കാൻ പറ്റുമോ ? ഭേദഗതി പിൻവലിച്ചിട്ട് എന്തു ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചത് ആദ്യം ഭേദഗതി പിൻവലിക്കുക. എന്നിട്ട് അടിയന്തിരമായി നാളെത്തന്നെ ഇലക്ഷൻ നടത്താൻ വേണ്ടിയുള്ള ഓഡർ ഇഷ്യൂ ചെയ്യുക. എന്നിട്ട് ഈ രാജ്യത്ത് ജനാധിപത്യത്തെ രക്ഷിച്ച മന്ത്രിയാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. സുന്ദരം എന്ന് ചരിത്രരേഖകളിൽ എഴുതി പിടിപ്പിക്കുക. അതാണ് മന്ത്രി ശ്രീ. സുന്ദരം ചെയ്യേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല : സർ, പ്രതിപക്ഷത്തിന്റെ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ടുള്ള സംസാരം കേട്ടപ്പോൾ അവർ കഥയറിയാതെ ആട്ടം കാണുകയാണെന്നാണ് എനിക്ക് തോന്നിയത്. എന്നാണ് കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് നിലവിൽ വന്നത്. 1961-ലാണ് കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് നിലവിൽ വന്നത് ആറ് മാസക്കാലമാണ് അന്ന് അവധി കൊടുത്തിരുന്നത്. എന്നാൽ പിൽക്കാലത്ത് മാറി മാറി അധികാരത്തിൽ വന്നിട്ടുള്ള എല്ലാ സർക്കാരുകളും ആ ആക്ടിൽ ഭേദഗതി കൊണ്ടുവരാൻ വേണ്ടി ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളതായി രേഖകൾ പരിശോധിച്ചാൽ കാണാൻ കഴിയും. 1961-ലെ നിയമത്തിൽ 6 മാസം എന്നായിരുന്നത് പിന്നീട് ഒരു വർഷം എന്നാക്കി മാറ്റുകയുണ്ടായി. 1971-ൽ സഖാവ് സി. അച്യുതമേനോൻ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ 8 മാസമാക്കി ഉയർത്തുകയാണ് ചെയ്തത്. 1979-ൽ അത് 30 മാസമായി ശ്രീ. പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ മാറ്റുകയുണ്ടായി. 1981-ൽ ബഹുമാനപ്പെട്ട ഇ. കെ. നായനാർ കേരളത്തിൽ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ ഈ സഭയിലെ ഒരംഗം കൂടിയായ ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ 45 മാസമാക്കി, നിലനിന്നിരുന്ന മുനിസിപ്പാലിറ്റീസ് ആക്ടിൽ ഓർഡിനൻസ് മുഖേന അദ്ദേഹം മാറ്റുകയുണ്ടായി. അതിൽ പിന്നീട് 54 മാസമാക്കി ഉയർത്തുകയുണ്ടായി. അവിടത്തെ പ്രതിപക്ഷങ്ങളുടെ പ്രസംഗങ്ങൾ കേട്ടപ്പോൾ ഈ കാരണങ്ങളിലേക്ക് ഞാനൊന്ന് ആഴ്ന്നിറങ്ങി പരിശോധിക്കുകയുണ്ടായി. ഇവിടെ, നാലഞ്ച് മുനിസിപ്പാലിറ്റികളിൽ തെരഞ്ഞെടുപ്പ് നടത്താൻ ബുദ്ധിമുട്ട് ഉണ്ട്. അതുകൊണ്ട് ഇതിന്റെ കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ നിയമഭേദഗതി ബില്ലായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എറണാകുളം കോതമംഗലം, തൊടുപുഴ, പത്തനംതിട്ട, കാഞ്ഞങ്ങാട് എന്നീ മുനിസിപ്പാലിറ്റികളിലാണ് ഭേദഗതിമൂലം തെരഞ്ഞെടുപ്പ് നീട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. വിവരമുള്ള ആളുകൾക്ക് അറിയാം, ആദ്യമായി ഒരു മുനിസിപ്പാലിറ്റി പ്രഖ്യാപിച്ചാൽ, അവിടെ തെരഞ്ഞെടുപ്പ് നടത്താൻ, പുതിയ മുനിസിപ്പാലിറ്റി ആകുമ്പോൾ ചില ബുദ്ധിമുട്ടുകൾ ഉണ്ടാകും പുതിയ മുനിസിപ്പാലിറ്റി ആകുമ്പോൾ വോട്ടർ പട്ടിക തയ്യാറാക്കുന്നതിൽ ഉണ്ടാകുന്ന നടപടിക്രമങ്ങളും, അത് എടുക്കാൻ കുറെ കാലതാമസവും ഉണ്ടാകുമെന്നും കണ്ടുകൊണ്ടാണ് പഴയ കാലത്തെ ഗവൺമെന്റുകളും ഇപ്പോഴത്തെ ഗവൺമെന്റും തെരഞ്ഞെടുപ്പ് നീട്ടണമെന്നു പറയുന്നത്.

ഇവിടെ ജനാധിപത്യത്തെക്കുറിച്ച് സംസാരിച്ചു. ഇൻഡ്യൻ നാഷണൽ കോൺഗ്രസിൽ ജനാധിപത്യമില്ലായെന്നു പറഞ്ഞു. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി സുന്ദരം ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചതെന്ന് പറയുന്നു. നിങ്ങൾ, അപ്പുറത്തുനിന്നും പ്രസംഗിച്ച ആളുകൾ ഞാൻ നേരത്തെ സൂചിപ്പിച്ച സർക്കാരുകളുടെ കാലഘട്ടങ്ങളിൽ തെരഞ്ഞെടുപ്പ് നടത്താനുള്ള കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. എന്ന വസ്തുത മന:പൂർവ്വം മാച്ചു വച്ചുകൊണ്ട് ഈ സഭയെ തെററിദ്ധരിപ്പിച്ചുകൊണ്ട്, ജനങ്ങളുടെ ഇടയിൽ തെററിദ്ധാരണ പരത്തുന്ന രീതിയിലുള്ള പ്രസംഗങ്ങളാണ് ഇവിടെ നടത്തിയത്. ഇത് എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. കാലാകാലങ്ങളിൽ വരുത്തിയിരിക്കുന്ന ഈ മാററത്തെ സംബന്ധിച്ച് വലിയ ഉൽക്കണ്ഠ ഇവിടെ പ്രകടിപ്പിച്ചു. തെരഞ്ഞെടുപ്പ് കാലാകാലങ്ങളിൽ നടത്തണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഇൻഡ്യൻ നാഷണൽ കോൺഗ്രസിനകത്ത് തെരഞ്ഞെടുപ്പ് നടത്തുകയില്ല എന്നുള്ളതാണ് ഇവിടത്തെ ഏററവും വലിയ ആരോപണം. നിങ്ങൾ പത്രം വായിക്കുന്ന ആളുകളല്ലേ എന്നാണ് എനിക്ക് സംശയം. 11 നിയമസഭകളിലേക്ക് തെരഞ്ഞെടുപ്പ് നടന്നപ്പോൾ കോൺഗ്രസിലെ പാർലമെൻറ് പ്രതിനിധിയെ തെരഞ്ഞെടുത്തത് ജനാധിപത്യമാർഗ്ഗത്തിൽകൂടിയാണ്. എം. എൽ. എ. മാരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് പാർലമെൻറ് ലീഡറെ തെരഞ്ഞെടുത്തിട്ടുള്ളത്. കോൺഗ്രസ് പാർലമെൻറ് പ്രതിനിധിയെ തെരഞ്ഞെടുക്കാൻ വേണ്ടി തെരഞ്ഞെടുപ്പ് ഉണ്ടായി. ആളുകൾക്ക് നോമിനേഷൻ കൊടുക്കാം. നോമിനേഷൻ കൊടുത്ത് തെരഞ്ഞെടുപ്പ് ഉണ്ടായി. കൂടുതൽ വോട്ട് കിട്ടിയ ആൾ വിജയിച്ചു. അതിൽ ജനാധിപത്യമില്ലായെന്നു പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്? മാർക്സിററ് പാർട്ടിക്ക്, ജനാധിപത്യമില്ലായെന്നു പറയാൻ എന്തധികാരമാണ്? മാർക്സിസ്ററ് പാർട്ടി നിങ്ങളുടെ അഭിപ്രായം ചോദിച്ചാണോ തീരുമാനമെടുക്കുന്നത്? നിങ്ങൾ എന്നെങ്കിലും നിങ്ങളുടെ പാർട്ടിയിൽ തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ടോ? തെരഞ്ഞെടുപ്പ് നടത്താതെ സർവ്വാധിപത്യത്തിൽ അധിഷ്ഠിതമായ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ആളുകളാണ് കോൺഗ്രസ് (ഐ) യിൽ ജനാധിപത്യമില്ലായെന്നു പറയുന്നത് ഞങ്ങൾ തെരഞ്ഞെടുപ്പ് നടത്തും. യാതൊരു സംശയവും വേണ്ട പുതിയ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ സെൻറിനറി ആഘോഷിക്കുന്ന ഈ വർഷത്തിൽ, ഡിസംബറിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ എ. ഐ. സി. സി. പ്രസിഡൻറായിരിക്കും അദ്ധ്യക്ഷത വഹിക്കുന്നത് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഒരു ചോദ്യം........

ശ്രീ. രമേശ് ചെന്നിത്തല : ശ്രീ. കുറുപ്പുചേട്ടൻ പണ്ടിരുന്ന പി. എസ്. പി. ക്ക് അകത്തും തെരഞ്ഞെടുപ്പ് ഉണ്ടായിട്ടില്ലായെന്ന വസ്തുത എനിക്കറിയാം. നിങ്ങൾ പണ്ട് പി. എസ്. പി. ആയിരുന്ന കാലത്തും, മാവേലിക്കരയിൽനിന്ന് മൽസരിച്ചപ്പോൾ ആ പാർട്ടിക്കകത്തും തെരഞ്ഞെടുപ്പും ഇല്ലായിരുന്നു. വേശ്യ ചാരിത്ര്യപ്രസംഗം നടത്തുന്നതുപോലെയാണ് മാർക്സിസ്ററു പാർട്ടി ഇതിനെക്കുറിച്ച് പറയുന്നത്. യാതൊന്നും അറിയാതെ, ഒന്നും പഠിക്കാതെ ശ്രീ. കോടിയേരി ബാലകൃഷ്ണനെപ്പോലുള്ള ആളുകൾ നിൽക്കുകയാണ്. ആരെങ്കിലും എന്തെങ്കിലും ഒരു ചോദ്യം ചോദിച്ചാൽ അതിനെക്കുറിച്ച് അര മണിക്കൂർ പ്രഭാഷണം. ഈ ബില്ലിനെക്കുറിച്ച് നിങ്ങൾ, മനസ്സിലാക്കിയിട്ടുണ്ടോ ? ശ്രീ. ആർ. എസ്. ഉണ്ണി കാര്യങ്ങൾ അറിയാവുന്ന ആളാണ്. അനിശ്ചിതമായി തെരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകണമെന്ന് ഞങ്ങളാരും പറയുന്നില്ല. പക്ഷേ മുനിസിപ്പാലിററികളെ സംബന്ധിച്ചിടത്തോളം ചില വാർഡുകൾ പുനർനിർണ്ണയി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന കാര്യത്തിൽ വോട്ടേഴ്സ് ലിസ്ററിന്റെ കാര്യത്തിൽ ഒക്കെ പരിശോധിച്ചു നടപടിയെടുക്കുന്നതിന് കുറച്ച് കാലതാമസം വരും. തെരഞ്ഞെടുപ്പ് അനിശ്ചിത കാലത്തേക്ക് നീട്ടിക്കൊണ്ടുപോകണമെന്ന് ഞങ്ങളാരും പറയുന്നില്ല. തെരഞ്ഞെടുപ്പ് നടത്തണമെന്നുള്ളതുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. പക്ഷേ ശ്രീ രാഘവൻ തന്നെ സൂചിപ്പിച്ചതുപോലെ വോട്ടേഴ്സ് ലിസ്ററിൽ വരുന്ന ക്രമക്കേടുകൾ, വാർഡ് പുനർനിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന അപാകതകൾ ഇതെല്ലാം പരിശോധിച്ച് നടപടിയെടുക്കാനും അത് തിരുത്തി മുന്നോട്ടു പോകുവാനുമാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. നിങ്ങൾ തന്നെ പറയുന്നു ഇതൊന്നും വേണ്ടെന്ന്. അതേസ്വരത്തിൽ നിങ്ങൾ തന്നെ പറയുന്നു, ഇവിടെ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷിക്കണം, നടപടിയെടുക്കണമെന്ന്. ഇതൊരു വിരോധാഭാസമല്ലേ? കേവലം, മന:പൂർവ്വമായി രാഷ്ട്രീയ ലക്ഷ്യത്തോടുകൂടിയുള്ള പരാമർശന പ്രസംഗങ്ങളാണ് ഇവിടെ നിങ്ങൾ നടത്തുന്നത്. കഴിഞ്ഞ എത്രയോ നിയമ സഭകളിൽ ഇതിന്റെ ചർച്ച നടന്നതാണ്.

ഇവിടെ കാലുമാററത്തെപ്പററി പറഞ്ഞു. അപ്പുറത്ത് മൂന്ന് പഴയ ചെരുപ്പുകൾ ഇരിക്കുന്നുണ്ടല്ലോ. ശ്രീ. ജോസ് കുററ്യാനി ഇന്ന് എവിടെയാണെന്ന് ആർക്കറിയാം? ഇവിടെ കോട്ടക്കുഴി സുകുമാരനെപ്പററി പറയുന്നു. മൂന്നുപേരാണ് ഇവിടെനിന്ന് പാന്നുപോയത്. പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തിപ്പോയ ശ്രീ. ജോസ് കുററ്യാനിയും ശ്രീ. ബാലകൃഷ്ണനും ശ്രീ. സിറിയക് ജോണും. ശ്രീ. ബാലകൃഷ്ണനും ശ്രീ. സിറിയക് ജോണും പറയുന്നു ഞങ്ങൾ കോൺഗ്രസ് (എസ്) ന്റെ ചിറകിൻ കീഴിൽ അഭയം തേടിയിരിക്കുന്നു എന്ന്. ശ്രീ. കുററ്യാനി പറയുന്നത് ഞാൻ ഇപ്പോഴും സ്വന്തം പാർട്ടിയാണെന്നാണ്. ഇവിടെ ആവേശപൂർവ്വം സംസാരിച്ച ശ്രീ. രാഘവൻ ഇതിന് മറുപടി പറയണം. ശ്രീ. ജോസ് കുററ്യാനി ഇപ്പോൾ ഏത് പാർട്ടിയിലാണ്. അങ്ങേക്ക് പാർട്ടിയില്ല. അങ്ങയുടെ കൂടെ വന്ന രണ്ടുപേർ വഞ്ചിച്ചിട്ട് പോയില്ലേ ?

ശ്രീ. ജോസ് കുററ്യാനി : ഡെമോക്രാററിക്ക് കോൺഗ്രസ്സിലാണ് ശ്രീ. സിറിയക്ക് ജോണും ശ്രീ. ബാലകൃഷ്ണനും. തെററിദ്ധാരണ വേണ്ട.

ശ്രീ. രമേശ് ചെന്നിത്തല : അങ്ങയെ വഞ്ചിച്ചിട്ട് ശ്രീ. സിറിയക്ക് ജോണും ശ്രീ. ബാലകൃഷ്ണനും പോയില്ലേ ? അത് അങ്ങ് സമ്മതിക്കണം. മൂന്നുപേർ ഒരുമിച്ച് പോയിട്ട് നിങ്ങളുടെ ഗതി എന്താ ? നിങ്ങൾ ശ്രീ. കോട്ടക്കുഴി സുകുമാരനെപ്പററിയോ ശ്രീ. വിജയരാജനെപ്പററിയോ ശ്രീ. ജനാർദ്ദനനെപ്പററിയോ ഖേദം കൊള്ളണം. ഞങ്ങളുടെ കാര്യം ഞങ്ങൾ തീരുമാനിച്ചുകൊള്ളാം. ഞങ്ങളുടെ പ്രശ്നങ്ങൾ ഞങ്ങൾ പറഞ്ഞുതീർത്തുകൊള്ളാം. കോൺഗ്രസ്സിന്റെ ശക്തനായ നേതാവായിരുന്നു ശ്രീ. ജോസ് കുററ്യാനി. പാവത്തിനെ വലിച്ചിഴച്ച് അപ്പുറത്ത് കൊണ്ടുപോയിട്ട് ഈ ഗതിയാക്കി. അങ്ങ് ജില്ലാ സഹകരണ ബാങ്ക് വരെ ഞങ്ങളുടെ ഒപ്പം നിന്ന് മൽസരിച്ച ആളാണ്. ഞങ്ങൾക്ക് അതിൽ സന്തോഷമുണ്ട്. പക്ഷേ അങ്ങയെ പററിച്ചിട്ട് പോയതുപോലെ..............

ശ്രീ. ജോസ് കുററ്യാനി : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഐക്യജനാധിപത്യ മുന്നണിയുടെ പാനലിൽ നിന്ന് മൽസരിക്കേണ്ട കോൺഗ്രസ് (ഐ) ഇടുക്കി ജില്ലാ സഹകരണ ബാങ്കിലെ തെരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ് മാർക്സിസ്ററ് പാർട്ടിയുമായി ചേർന്ന് മൽസരിച്ചപ്പോൾ



LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ് (ഐ) ക്ക് ആരേയും സഹായമായി കിട്ടാതെ വന്നപ്പോൾ എന്നോട് സഹായം അഭ്യർത്ഥിക്കുകയും എന്റെ കൂടെ നിന്ന് മൽസരിക്കുകയും ചെയ്തശേഷം ഇവിടെ വന്ന് ഇങ്ങനെ സംസാരിക്കുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ : ഇതിൽ പോയിൻറ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. രമേശ് ചെന്നിത്തല : ബഹുമാന്യനായ കുറ്റ്യാനിക്ക് ഏററവും അവസാനം കോൺഗ്രസ് തന്നെയാണ് അഭയമെന്ന് ഇപ്പോഴെങ്കിലും മനസിലായല്ലോ. ശ്രീ. സിറിയക്ക്ജോണും ശ്രീ. ബാലകൃഷ്ണനും നിങ്ങളെ വഞ്ചിച്ചിട്ട് പോയി. ഏററവും അവസാനം കോൺഗ്രസ് മാത്രമേ കാണുകയുള്ളു എന്ന് ഇനിയെങ്കിലും മനസിലാക്കണം. കൂറുമാററത്തെക്കുറിച്ചും കാല് മാററത്തെക്കുറിച്ചും ശ്രീ. രാഘവൻ ഇവിടെ ആവേശപൂർവ്വം സംസാരിക്കുന്നതു കേട്ടു. നിങ്ങൾക്ക് അത് പറയാൻ അർഹതയുണ്ടോ? ഇവിടെ കഴിഞ്ഞ തെരഞ്ഞെടുപ്പ് ഉണ്ടായപ്പോൾ കോൺഗ്രസിനകത്ത് സീററ് കൊടുക്കാത്ത ആളുകളെ കാലുമാററി സ്വതന്ത്രൻമാരാക്കി മൽസരിപ്പിച്ച ആളുകളാണ് പറയുന്നത്. ഇവിടെ നിങ്ങൾ ചാരിത്ര്യത്തെപ്പററി പ്രസംഗിക്കുന്നു.

ഏററവും പ്രായം കുറഞ്ഞ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയാണ് കാലുമാററത്തിനും കൂറുമാററത്തിനും എതിരേ ഒരു നിയമം കൊണ്ടുവരാൻ തയ്യാറായത്. നിങ്ങൾ അത് അംഗീകരിക്കുവാൻ തയ്യാറുണ്ടോ ? ഈ രാജ്യത്ത് കൂറുമാററവും കാലുമാററവും നിരന്തരം നടത്തിയിട്ടുള്ളത് മാർക്സിസ്ററു പാർട്ടിയും അവരോടൊപ്പം നിൽക്കുന്ന ആളുകളുമാണ്. ചരിത്രം അത് തെളിയിക്കുന്നുണ്ട്.

ഇവിടെ രാജ്യസഭാ തെരഞ്ഞെടുപ്പു നടക്കുന്നു. ഡോ. ജേക്കബ് ഈപ്പനെ എന്തിനാണ് നിറുത്തിയത്? രണ്ടുമൂന്നു വോട്ട് ഇപ്പുറത്ത് നിന്ന് കിട്ടുമെന്ന് കരുതിയിട്ടല്ലെ? രണ്ടുമൂന്ന് വോട്ട് ഇപ്പുറത്തുനിന്ന് പൊഴിഞ്ഞുവീഴുകയാണെങ്കിൽ അത് വാങ്ങി ഒരു രാജ്യസഭാസീററ് നേടാമെന്ന് വ്യാമോഹിക്കുന്ന പ്രതിപക്ഷം വോട്ടുപെട്ടി പൊട്ടിക്കുമ്പോൾ നിശ്ചലരായി പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നിങ്ങളുടെ ഈ തെററിദ്ധാരണ മാറും. ഈ മുന്നണിക്കകത്തുള്ള ആരെയെങ്കിലും കിട്ടുമെന്നു വിചാരിച്ചല്ലേ, കാലുമാററത്തിന് വേണ്ടിയല്ലേ ശ്രീ. രാഘവനും രാഘവന്റെ പാർട്ടിയും, ശ്രീ കോടിയേരിയും കോടിയേരിയുടെ പാർട്ടിയും ഇപ്പോൾ ഈ ജേക്കബ് ഈപ്പനെ നിറുത്തിയത്? അല്ലാതെ മറെറന്തിനാണ്? ബില്ലിനെപ്പററി പഠിക്കാതെ സ്ഥാനത്തും അസ്ഥാനത്തും കാര്യങ്ങൾ പറയുന്നത് അവസാനിപ്പിക്കണം. ഇത് ശരിയല്ല. ഇവിടെ ഈ ബില്ലിനെപ്പററി പറഞ്ഞ ആരോപണങ്ങളൊന്നും ശരിയല്ല. ശ്രീ. കോടിയേരി ഈ മുനിസിപ്പാലിററീസ് ആക്ട് ഒന്ന് വായിക്കണം. വായിച്ചിട്ടു വേണം നിങ്ങൾ ഇത് പറയാൻ. ഇവിടെ ഈ ബിൽ അവതരിപ്പിച്ചത് ഒരിക്കലും തെരഞ്ഞെടുപ്പു നടത്താതിരിക്കാൻ വേണ്ടിയല്ല. പക്ഷേ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ അത് നീതിപൂർവ്വമായിട്ടുള്ളതായിരിക്കണം. പരാതികൾ കേൾക്കാൻ അതിന് ബോഡികൾ ഉണ്ടായിരിക്കണം. മുനിസിപ്പാലിററീസ് ആക്ടിൽ ഈ ഭേദഗതി വരുത്തിയിരിക്കുന്നത് ഒരിക്കലും തെരഞ്ഞെടുപ്പ് നടത്താതിരിക്കാൻ വേണ്ടിയല്ല. ശ്രീ. ഉണ്ണിയും ശ്രീ. അച്യുതമേനോന്റെ ഗവൺമെൻറും ചെയ്തതുപോലെ സാവകാശം ഇതിനാവശ്യമാണ്. ആ സാവകാശത്തിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി സുന്ദരം ഈ ബിൽ അവതരിപ്പിച്ചത്. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ശ്രീ. രമേശ് ചെന്നിത്തല ഒരു സംഗതി ഇവിടെ പറഞ്ഞു, കഥയറിയാതെ ആട്ടം കാണുകയാണ് എന്ന്. കഥ ഭംഗിയായി അറിയാം. രംഭാപ്രവേശം. രാവണന്റെ വേഷമിട്ട് നിങ്ങൾ ആടുന്നു; ഗവൺമെന്റാകുന്ന രംഭയെ നിങ്ങൾ ബലാൽക്കാരം ചെയ്യുന്നു.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: രംഭ ആരാണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ അറിഞ്ഞുകൊണ്ടാണോ ഇത് പറയുന്നത്? ഈ ഗവൺമെന്റിനോട് താദാത്മ്യമുണ്ട് എന്ന അടിസ്ഥാനത്തിലാണോ? എങ്കിൽ രംഭയെ സംബന്ധിച്ചാണെങ്കിൽ നിത്യമാരോരോ വല്ലഭൻമാർ ഞങ്ങടെ പാതിവ്രത്യമിങ്ങനെ പാർക്കിലോ ആവതെന്തയ്യോ എന്നാണ് രംഭ പറഞ്ഞിട്ടുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, അത് ശരിയായി മനസിലാക്കിക്കൊണ്ടാണ് ഞാൻ പറഞ്ഞത്. ഓരോരോ ദിവസം ഓരോരോ വല്ലഭൻമാരുമായി രാസക്രീഡയിൽ ഏർപ്പെടുന്നപോലെയുള്ള ഒരു ഗവൺമെന്റാണിത് എന്ന്. അതുമാത്രമേ ഇക്കാര്യത്തെപ്പറ്റി ഞാൻ പറയുന്നുള്ളു.

1960-ലെ മുനിസിപ്പാലിറ്റീസ് നിയമത്തിലെ 412-ാം വകുപ്പിൽ 2-ാം ഉപവകുപ്പ് അനുസരിച്ചാണ് ഈ അമൻറ്മെൻറ്. അതിൽ പറയുന്നത് ഒരു മുനിസിപ്പാലിററി രൂപം പ്രാപിച്ചാൽ ആ മുനിസിപ്പാലിററിക്ക് ചിലപ്പോൾ തെരഞ്ഞെടുപ്പ് നടത്താൻ കഴിയുകയില്ല. തെരഞ്ഞെടുപ്പ് നടത്തുന്നതിന് പകരം ഒരു അഡ്മിനിസ്ട്രേററെ വച്ച് ഭരണം നടത്തുന്നു. അത് കുറഞ്ഞത് ആറ് മാസമാണ്. അതുപോലെതന്നെ 45 മാസത്തിനകം തെരഞ്ഞെടുപ്പ് നടത്തിയിരിക്കണമെന്നാണ്. കുറഞ്ഞത് ആറുമാസവും അത് കഴിഞ്ഞ് 45 മാസത്തിനകവും തെരഞ്ഞെടുപ്പു നടത്തിയിരിക്കണമെന്ന് വ്യക്തമായി പറഞ്ഞിരിക്കുകയാണ്. ഈ 45 മാസത്തിനകം ഒരു മുനിസിപ്പാലിററിയുടെ ഭരണത്തിൽ ഒരു തെരഞ്ഞെടുപ്പ് നടത്താൻ കഴിയുകയില്ലേ? 45 മാസം കഴിഞ്ഞിട്ട് അത് വീണ്ടും അമൻറ് ചെയ്തിട്ടാണ് 72 ആക്കിയത്. വീണ്ടും വന്നിരിക്കുന്നു എട്ട് കൊല്ലം. എട്ടുകൊല്ലംവരെ അഡ്മിനിസ്ട്രേററർക്ക് ഭരിക്കാമെന്നുള്ള ഒരു അമൻറ്മെൻറ് ആണ് ഇപ്പോൾ മുനിസിപ്പാലിററിയുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്നത്.

പഞ്ചായത്ത് തെരഞ്ഞെടുപ്പ് നീട്ടിവച്ചതിനെപ്പററി എന്തിനാണു കുററം പറയുന്നത്. ഈ പറഞ്ഞ നടപടികളെല്ലാം തന്നെ ഈ തെരഞ്ഞെടുപ്പിനെ ഈ ഗവൺമെൻറ് ഭയപ്പെടുന്നു എന്നുള്ളതിന്റെ മകുടോദാഹരണമാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പല്ല മുനിസിപ്പാലിററിയിലോ കോർപ്പറേഷനിലോ മറെറാരിടത്തും തെരഞ്ഞെടുപ്പ് നടത്താൻ കഴിയുകയില്ല. എട്ടുകൊല്ലം വരെ വേണമെങ്കിലും ഭരിക്കാമെന്നു പറയുന്നു ഇനിയിപ്പോൾ എട്ടുകൊല്ലവും കഴിഞ്ഞുപോകും. അതിനാൽ ഈ ബില്ല് യഥാർത്ഥമായും തെരഞ്ഞെടുപ്പ് നടത്തുന്നതിലുള്ള ഈ ഗവൺമെൻറിന്റെ ഭയത്തെയാണ് സൂചിപ്പിക്കുന്നത്. അതിനാൽ ഈ ബില്ലിനെ ഞാൻ എതിർക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം): സർ, കേരള മുനിസിപ്പാലിററീസ് ആക്ടിലെ സെക്ഷൻ 412 സബ് സെക്ഷൻ (2)-ൽ പറയുന്നത് ഒരു പുതിയ മുനിസിപ്പാലിററി രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഒരു പുതിയ കൗൺസിൽ നിലവിൽ വരാനുള്ള കാലാവധി ആറു മാസം ആണ് എന്നാണ് 1960-ലെ ആക്ടിൽ ആറുമാസത്തിനുള്ളിൽ പുതിയ കൗൺസിൽ രൂപീകരിക്കണമെന്ന് പറഞ്ഞിരുന്നു. എന്നാൽ 1961-ൽ ഒരു കൊല്ലത്തേക്കുകൂടി നീട്ടണമെന്നുള്ളത് അസംബ്ലിയിൽ അവതരിപ്പിക്കുകയും അങ്ങനെ ഒരു കൊല്ലംതൊട്ട് 45 മാസം വരെ ഈ കാലാവധികൾ അതാത് കാലഘട്ടങ്ങളിൽ ഉണ്ടായിരുന്ന സർക്കാരുകൾ—അത് ഏത് സർക്കാരാണെങ്കിലും ആ സർക്കാരുകളെല്ലാംതന്നെ—നീട്ടിക്കൊണ്ടു വരുകയും ചെയ്തു ഇപ്പോൾ അത് 45 മാസത്തിൽ നിന്നും 72 മാസമാക്കി നീട്ടേണ്ടിവന്നു. ഇപ്പോൾ അത് 84 മാസമായി. കോതമംഗലം മുനിസിപ്പാലിററി 1-4-1978-ൽ രൂപീകരിക്കപ്പെട്ടതിന്റെ കാലാവധി 31-3-1985 വരെയാണ്. അതുപോലെ അഞ്ച് മുനിസിപ്പാലിററികൾക്ക് കാലാവധി അവസാനിച്ചു വരുന്നു. ഒരു മുനിസിപ്പാലിററിയുടെ കാലാവധി അവസാനിക്കുമ്പോൾ പുതിയ കൗൺസിൽ രൂപീകരിക്കണം. 1-4-1978 മുതൽ 31-3-1985 വരെയായപ്പോൾ കോതമംഗലം മുനിസിപ്പാലിററി രൂപീകരിച്ചിട്ട് ഏഴ് കൊല്ലം കഴിഞ്ഞിരിക്കുന്നു. വീണ്ടും ഒരു കൊല്ലം കൂടി എക്സ്റ്റൻഷൻ സ്വാഭാവികമായി ഉണ്ടാക്കേണ്ടതാണ്. ഇപ്പോൾ നാം ഭേദഗതി ചെയ്തുകൊണ്ടുവരുന്നത്. അതിന് ഇത്രയധികം കോലാഹലങ്ങൾ ഉണ്ടാകേണ്ട യാതൊരു കാര്യവുമില്ല. കഴിഞ്ഞ കാലഘട്ടങ്ങളിലുള്ള, 1960 മുതൽക്കുതന്നെ, ഈ നിയമം വരുന്ന കാലം മുതൽക്കുതന്നെ നീട്ടി നീട്ടി കൊണ്ടു വന്നതിന്, പഴയ കാലഘട്ടങ്ങളിലെ സർക്കാരുകൾ ചെയ്ത മഹാപാപ കർമ്മത്തിന് ഈ സർക്കാരിനെ വലിച്ചിഴയ്ക്കുന്നതിൽ യാതൊരു ന്യായവുമില്ല. ആ രീതിയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുന്നത് തെററാണ്. പ്രതിപക്ഷമാണെന്നുള്ളതുകൊണ്ടുമാത്രം ഈ ചർച്ചയിൽ തർക്കമുണ്ടായി എന്നുള്ളതല്ലാതെ ഒരു ജനാധിപത്യ തടസ്സമോ, ഒരു ജനാധിപത്യ ഹിംസയോ കൊലപാതകങ്ങളോ ഒന്നുംതന്നെയില്ലാത്ത ഈ സാഹചര്യത്തിൽ, ഇത്രയധികം തർക്കിക്കുന്നതിൽ യാതൊരു കാര്യവുമില്ല. മാത്രമല്ല അപ്പുറത്തിരിക്കുന്നവരാണ് ഇത്രയും കാലം കാലാവധി നീട്ടിവയ്ക്കണമെന്ന് പറഞ്ഞിട്ടുള്ളത്. അപ്പുറത്തിരിക്കുന്നവരിൽ പലരും പലതും പറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണനുൾപ്പെടെ എല്ലാവരും പറഞ്ഞു അവർ ചെയ്ത പാപങ്ങൾ തീർക്കുന്നതിനുവേണ്ടിയാണ് അതെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. ഈ കാര്യത്തെക്കുറിച്ച് കൂടുതലായി ഒന്നും പറയേണ്ടതില്ല എന്നാണ് ഞാൻ കരുതുന്നത്. ഈ ഭേദഗതിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എല്ലാവരുടെയും നൻമയ്ക്ക് വേണ്ടിയാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങളെല്ലാം ഞാൻ സ്വീകരിക്കുന്നുണ്ട്. ശ്രീ. എം. വി. രാഘവൻ കഴിഞ്ഞ 6-ാം തീയതി മുനിസിപ്പാലിററിയുടെ കാലാവധി നീട്ടിത്തരണമെന്നു പറഞ്ഞപ്പോൾ ഞാൻ 31-ാം തീയതി വരേക്ക് നീട്ടിക്കൊടുത്തു. അത് എന്തുകൊണ്ടാണ്? പ്രതിപക്ഷത്തോട് എനിക്ക് ബഹുമാനമുള്ളതുകൊണ്ടാണ് ശ്രീ. രാഘവൻ പ്രതിപക്ഷത്തുള്ള ഒരു നേതാവായതുകൊണ്ടാണ് ഞാൻ അതു ചെയ്തുകൊടുത്തത്, അല്ലാതെ വ്യക്തിപരമല്ല. കൂടുതൽ കാര്യങ്ങളൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. ഇവിടെ നിങ്ങൾ എന്തെല്ലാം സംസാരിച്ചാലും അതു നിങ്ങളുടെ കടമയാണെന്നു വിചാരിച്ചുകൊണ്ട് ഞാൻ ഈ കാര്യത്തിൽ നിങ്ങളുടെ സഹായം അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് ഈ ഭേദഗതി ബിൽ പാസ്സാക്കിത്തരണമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ കെ. ശങ്കരനാരായണ പിള്ള അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1983-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

വകുപ്പു തിരിച്ചുള്ള പരിഗണന

*Clause 2*

Minister for Local Administration (**Shri C.M. Sundaram**) : Sir, I move :

In clause 2, for the words "Seventy-two months", the words "Ninety-six months" shall be substituted.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

**Shri Varkala Radhakrishnan** ; Sir, I move that in sub-section (2) of section 412 of the Kerala Municipalities Act proposed to be amended by clause (2) for the words "Seventy-two months "substitute the words, "Sixty months", 96 മാസം എന്നുള്ളത് ഒരു പ്രത്യേക കേസാക്കിക്കൊണ്ട് ഒരു കാരണവശാലും നമ്മുടെ നാട്ടിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാലാവധി മൂന്നു വർഷത്തിൽ കൂട്ടാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഈ ഭേദഗതികൊണ്ട് ഗവൺമെന്റുദ്ദേശിച്ചിരിക്കുന്നത് എട്ടു വർഷം കാലാവധി നീട്ടുകയെന്നുള്ളതാണ്. അത് റിക്കാർഡിൽ ആകുന്നതിനു മുൻപ് ജനാധിപത്യ അവധാനതയ്ക്കും ധാരണയക്കും എതിരാണ് ഇതെന്നു ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഈ ഭേദഗതിയിൽത്തന്നെ ഒരു പെറിയ ക്രമ പ്രശ്നമുണ്ട്. ഇവിടെ സബ്ജക്റ്റ് കമ്മിറ്റി പരിശോധിച്ച ബിൽ 72 മാസത്തേക്ക് ഉള്ളതാണ്. ഇപ്പോഠ കൊണ്ടുവന്നിരിക്കുന്ന ബിൽ 96 മാസത്തേക്ക് ഉള്ളതാണ്, യഥാർത്ഥത്തിൽ 96 മാസത്തേക്ക് കാലാവധി നീട്ടണം എന്നുള്ള ബിൽ. സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമായിട്ടുള്ളതല്ല. 72 മാസത്തേക്ക് കാലാവധി നീട്ടണമെന്നുള്ള ബില്ലാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമായിട്ടുള്ളത് ഇത് ഒരു പുതിയ ബില്ലാണ്. സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ഈ ബിൽ വിധേയമായിട്ടില്ല. അതുകൊണ്ട് 96 മാസം എന്നുള്ളത് സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കേണ്ടതായിരുന്നു. അങ്ങനെയുള്ള ഒരു ക്രമക്കേട് ഇതിലുണ്ട്. അതു ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഞാൻ എന്റെ ഭേദഗതി പ്രസ്സ് ചെയ്യുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അവതരിപ്പിച്ച "In clause 2, for the words "Seventy two months" the words 'Ninty-six months shall be substituted" എന്ന ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

*Clause 3*

Minister for Local Administration (**Shri C.M. Sundaram**) : Sir, I, move that

LIBRARY ARCHIVES Kerala Legislative Assembly

In clause 3, for sub-clause (i), the following sub-clause shall be substituted, namely .—

"(1) The Kerala Municipalities (Amendment) Ordinance, 1985 (3 of 1985), is hereby repealed".

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

*Enacting Formula*

Minister for Local Administration (**Shri C.M.Sundaram**) : Sir, I move that in the enacting formula, for the words "Thirty-fourth" the words "Thirty-sixth" shall be substituted.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇനാക്ടിംഗ് ഫോർമുല ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും.

Minister for Local Administration (**Shri C.M.Suudaram**) : Sir, I move that in sub-clause (i) of clause 1, for the figures "1983" the, figures "1985" shall be substituted.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

Minister for Local Adminitstrrtion (**Shri C.M.Sundaram**) : Sir, I move that the Kerala Municipalities (Amendment) Bill, 1983 as reported by the subject Committee be finally passed.

Minister for Co-operation (**Smt M.Kamalam**) : Sir, I second it.

ശ്രീ. ഇ. പത്മനാഭൻ : സർ, സബ്ജക്ട് കമ്മിററിയിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ലും അസംബ്ലിയിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ലും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. എങ്ങനെ വ്യത്യാസം സംഭവിച്ചു ? സബ്ജക്ററ് കമ്മിററി റിപ്പോർട്ട് ചെയ്തിട്ടുള്ളത് 72 മാസത്തേയ്ക്കാണ്. ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് 96 മാസത്തേയ്ക്കാണ്. അങ്ങനെയാണെങ്കിൽ 146 മാസത്തേയ്ക്കോ, എത്രവേണമെങ്കിലോ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്. ഇപ്പോഴം ഭേദഗതി അവതരിപ്പിച്ച ബില്ലിന്റെ ഉള്ളടക്കത്തിൽത്തന്നെ സബ്ജക്ററ് കമ്മിററി റിപ്പോർട്ട് ചെയ്തതാണെന്നു പറഞ്ഞിരിക്കുന്നു. അങ്ങനെയാണെങ്കിൽ നിയമസഭയുടെ മുൻപിൽ വയ്ക്കാതെതന്നെ മറെറാരു രീതിയിൽ മാററം വരുത്തിയതിനു പരിഹാരമുണ്ടാക്കണം. അതിനുശേഷം മൂന്നാം വായന തുടർന്നാൽ മതി എന്നുള്ളതാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, നിയമസഭാ ചട്ടപ്രകാരം റൂൾ 79-ൽ പറയുന്നത് ഇതാണ്.

(1) After the presentation of the final report of a Select Committee

1 P.M.] on a Bill or a Subject Committee, as the case may be the member-in-charge may move—

(a) take the Bill as reported by the Select Committee or the Subject Committee, as the case may be, be taken into consideration: ഈ ചട്ട പ്രകാരം ഏത് ബില്ലായാലും ആദ്യം അവതരിപ്പിക്കുന്ന സ്റ്റേജിൽ—ഒരു പ്രമേയം അവതരിപ്പിച്ച് ഒരു മോഷൻ ഉണ്ടായാൽ ഒന്നുകിൽ അതു സെലക്ട് കമ്മിററിക്ക് അയയ്ക്കണം അല്ലെങ്കിൽ സബ്ജക്ററ് കമ്മിററിക്ക് അയയ്ക്കണം. എന്നാൽ ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ല് സബ്ജക്ററ് കമ്മിററിയുടെയോ സെലക്ട് കമ്മിററിയുടെയോ സ്ക്രൂട്ടിണിക്ക് വിധേയമായിട്ടില്ല. സബ്ജക്ററ് കമ്മിററിയുടെ റിപ്പോർട്ടോടുകൂടി 96 മാസം എന്നു പറഞ്ഞാൽ എനിക്ക് എതിർപ്പില്ല. എന്നാൽ മിനിസ്ററർക്ക് വേറൊരു കാര്യം ചെയ്യാം. അതെങ്ങനെ എന്നുകൂടി ഞാൻ പറയാം. അതായത് ഇതൊരു ഒഴിവുകഴിവു എന്നുള്ള നിലയിൽ മന്ത്രിക്ക് ഒരു ഭേദഗതി കൊണ്ടുവരാം. അതായത് 72 മാസമെന്നുള്ളത് 96 മാസമായിട്ട് ഒരു ഭേദഗതി കൊണ്ടുവന്ന് ഈ സഭയിൽ ചർച്ചചെയ്യുന്നതിനുപകരം ഈ ബില്ലിൻെറ ബോഡിതന്നെ മാററിയിരിക്കുകയാണ്. അതായത്—The corpus delicti of the Bill. What is the corpus delicti? ഈ ബില്ലിൻെറ ആത്മസത്ത എന്നു പറയുന്നത് 72 മാസമെന്നുള്ളതാണ്. ആ വസ്തുതയാണ് ഒരു സ്ക്രൂട്ടിണിക്ക് വിധേയമാക്കാതെ 96 മാസമെന്നാക്കിയത്. ആ നിലയിലുള്ള ഒരു പുതിയ ബില്ലാണ് സഭയുടെ പരിഗണനയിലിരിക്കുന്നത്. ഇത് സഭയുടെ നടപടികളെ മറികടക്കലാണ്. അങ്ങ് ഞങ്ങളുടെ എല്ലാ അവകാശങ്ങളെയും കൃത്യമായി സംരക്ഷിക്കുന്ന ഒരാളാണ്. അതുകൊണ്ട് ദയവായി ഇത് വളരെ ഈസിയായിട്ട് എടുക്കാതെ (ഇതിനെക്കുറിച്ച് ഇപ്പോൾ പറഞ്ഞില്ലെങ്കിലും വേണ്ടുകില്ല) ഇതൊരു പ്രീസിഡൻറായിത്തീരാതിരിക്കാൻ അങ്ങ് ശ്രദ്ധിക്കണം. ആ നിലയിൽ ഒരു റൂളിംഗ് വേണമെന്നാണ് എൻെറ വിനീതമായ അഭിപ്രായം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നമ്മുടെ നിയമസഭാ ചട്ടമനുസരിച്ച് ഇവിടെ ഒരു ബിൽ വന്നാൽ അതിൻെറ ആദ്യ മോഷൻതന്നെ സബ്ജക്ററ് കമ്മിററിക്ക് അയയ്ക്കുക എന്നുള്ളതാണ്. സബ്ജക്ററ് കമ്മിററി സ്ക്രൂട്ടിണി നടത്തിയതിനുശേഷം വീണ്ടും അത് നിയമസഭയിൽ വന്നിരിക്കുന്നു. ആ സാഹചര്യത്തിൽ ഔദ്യോഗികമായി അമൻറുമെൻറ് കൊണ്ടുവന്ന് പാസ്സാക്കാനുള്ള അധികാരം ഗവൺമെൻറിനുണ്ട്, ആ നിലയിലുള്ള ഭേദഗതിയാണ്, ഓർഡറിൽതന്നെയാണ് എടുത്തിട്ടുള്ളത്; അതുകൊണ്ട് ഇത് പാസ്സാക്കുകയും ചെയ്യാം.

മി. സ്പീക്കർ: ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറും ഹലപ്രദമായി പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയും പറഞ്ഞു. എന്നാൽ ചെയർ ഇതു പരിശോധിച്ചപ്പോൾ സാധാരണ ഗതിയിൽ അനുവദനീയമാണ്; ഇതിൽ ഒബ്ജക്ഷൻ നിലനിൽക്കുന്നില്ല.

1983-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ബിൽ പാസ്സാക്കാമോ എന്ന പ്രമേയം സഭ അംഗീകരിച്ചു.

[പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

# IX. റൂൾ 49 അനുസരിച്ച് അരമണിക്കൂർ ചർച്ച

## ജസ്റ്റിസ് വടക്കേൽ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച്

ശ്രീ. കാനം രാജേന്ദ്രൻ: സർ, 8-3-1984-ൽ നടന്ന വൈദ്യുതി ജീവനക്കാരുടെ പണിമുടക്കിനുശേഷം ആലോചിച്ച് നിയോഗിച്ച ജസ്റ്റിസ് വടക്കേൽ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് 8-3-1985-ൽ നിയമസഭയിൽ ഉന്നയിച്ച ചോദ്യം നമ്പർ 16-ൽ പൊതുപ്രാധാന്യമുള്ള പ്രശ്നത്തെ സംബന്ധിച്ചാണ് ഞാൻ നോട്ടീസ് നൽകിയിട്ടുള്ളത്.

കേരളത്തിലെ ഏററവും വലിയ പൊതുമേഖലാസ്ഥാപനങ്ങളിലൊന്നായ കേരള സ്റ്റേററ് വൈദ്യുതിബോർഡിൽ 1984 മാർച്ചു മാസം എട്ടാം തീയതി മുതൽ ഒരു പണിമുടക്ക് ആരംഭിക്കുകയുണ്ടായി. ഇലക്ട്രിസിററി ബോർഡിലെ ബഹുഭൂരിപക്ഷം ജീവനക്കാരും പങ്കെടുത്ത ആ പണിമുടക്കിനെത്തുടർന്ന് 11-4-1984-ൽ മുഖ്യമന്ത്രിയുടേയും വൈദ്യുതി വകുപ്പുമന്ത്രിയുടേയും തൊഴിൽവകുപ്പുമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ ഒരു ചർച്ച നടത്തി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ 21 ക്ലാസുകളുള്ള ഒരു എഗ്രിമെൻറിൽ എത്തുകയുണ്ടായി. ആ പണിമുടക്കിനുതന്നെ ആധാരമായ പ്രശ്നം അതിനുമുമ്പുണ്ടായിരുന്ന നിരവധി മീററിംഗുകളിൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലുള്ള ചർച്ചകളിലുണ്ടായ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്ന് യൂണിയൻെറ ഭാഗത്തുനിന്നും അതല്ല അത് പൂർണ്ണമായി നടപ്പിലാക്കിയെന്ന് വൈദ്യുതിമന്ത്രിയുടെ ഭാഗത്തുനിന്നും നിലപാട് സ്വീകരിച്ചതാണ്. ആവർത്തിച്ച് ചർച്ചകൾ നടന്നതിനുശേഷവും അക്കാര്യത്തിൽ ഒരു തീരുമാനത്തിലെത്താതിരുന്നതുകൊണ്ടാണ് 8-3-1984- മുതൽ ജീവനക്കാർ ഒരു പണിമുടക്കിലേക്ക് നീങ്ങേണ്ടി വന്നത്. അങ്ങനെ 8-3-1984 മുതൽ പണിമുടക്കു നടന്നതിനുശേഷം 14-4-1984-ലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിലാണ് ശ്രീ. എബ്രഹാം ജോർജ് വടക്കേലിനെ ഏകാംഗക്കമ്മീഷനായി നിയമിക്കുകയും ആ കമ്മീഷൻെറ നിഗമനങ്ങൾ ഇലക്ട്രിസിററി ബോർഡിനും തൊഴിലാളികൾക്കും ഒരുപോലെ ബാധകമാണെന്ന് ആ എഗ്രിമെൻറിൻെറ ഭാഗമാക്കുകയും ചെയ്തത്. ആ എഗ്രിമെൻറിൻെറ 17-ാം നമ്പർ ക്ലാസിൽ അതാണ് പറയുന്നത്. 26-7-1984-ൽ റിപ്പോർട്ട് ലഭിച്ചുവെങ്കിലും ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലുണ്ടായ എഗ്രിമെൻറിനും വടക്കേൽ കമ്മീഷൻ റിപ്പോർട്ടിനും വിരുദ്ധമായി ഈ നിയമസഭയിൽതന്നെ 8-3-1985-ലെ 55-ാം നമ്പർ ചോദ്യത്തിനുത്തരമായി വൈദ്യുതിമന്ത്രി പറഞ്ഞിരിക്കുന്നത് 5700 തസ്തികകൾ കേരള വൈദ്യുതി ബോർഡിൽ വെട്ടിക്കുറച്ചു എന്നാണ്. യൂണിയനുകളുമായി ആലോചിക്കാതെ തസ്തികകൾ വെട്ടിക്കുറയ്ക്കാൻ പാടുണ്ടോ ഇല്ലയോ എന്നുള്ളതിനെ സംബന്ധിച്ച് വളരെ ഗൗരവമായി ചർച്ചകൾ നടത്തുകയും ഒരു മാസത്തിലധികം സമരം നടത്തുകയും ചെയ്തതിനുശേഷം ഉണ്ടായ എഗ്രിമെൻറിൽ അങ്ങനെ ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കുകയും ആ കമ്മീഷൻ അതിൻെറ റിപ്പോർട്ടിൽ 15-9-1982-ൽ വേക്കൻറായിട്ടുള്ള പോസ്ററുകൾ ഉണ്ടായിരുന്നുവെന്നും എഗ്രിമെൻറ് പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലെന്നും വിവിധ ഖണ്ഡികകളിലായി പറഞ്ഞിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ടിൻെറ ക്ലാസ് നമ്പർ 34-ൽ 38-ൽ, 39-ൽ, 40-ൽ, 47-ൽ, 50-ൽ, 62-ൽ, 84-ൽ, 96-ൽ എല്ലാം വൈദ്യുതിബോർഡ് മുമ്പ് ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ലെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് നമ്പർ 38-ൽ There were at least 820 vacancies of second grade overseers in existence as on 15-3-1984, pending fulfilment എന്ന് പറഞ്ഞിട്ടുണ്ട്. സീനിയർ അസിസ്റ്റന്റിന്റെ 575 വേക്കൻസിയുണ്ടെന്ന് ക്ലാസ് നമ്പർ 39-ൽ പറഞ്ഞിട്ടുണ്ട്. ജൂനിയർ സൂപ്രണ്ടിന്റെ 12 വേക്കൻസിയുണ്ടെന്ന് ക്ലാസ് നമ്പർ 40-ൽ പറഞ്ഞിട്ടുണ്ട്. എന്നുമാത്രമല്ല ഇലക്ട്രിസിറ്റി ബോർഡ് വകുപ്പുകളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട് എത്രയോ അധികം ട്രാൻസ്ഫറുകൾ നടത്തിയിട്ടുണ്ടെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിച്ചതിനുശേഷം നോംസ് ലംഘിച്ചുകൊണ്ട് ട്രാൻസ്ഫറുകൾ നടത്തിയിട്ടുണ്ടെന്ന് ക്ലാസ് നമ്പർ 84-ൽ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. അന്ന് സമരം നടക്കുന്ന സന്ദർഭത്തിൽ ഈ നിയമസഭയിൽതന്നെ പല പ്രാവശ്യം ഈ വിഷയം ചർച്ചയ്ക്കു വരുകയുണ്ടായി. 19-3-1984-ൽ ഒരു അടിയന്തിര പ്രമേയത്തിന് മറുപടിയായി മന്ത്രി പറഞ്ഞു എന്തുണ്ടെങ്കിലും നടപ്പിലാക്കുമെന്ന്. 22-3-1984-ൽ ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ ധനകാര്യമന്ത്രി കെ. എം. മാണി പറയുകയുണ്ടായി 'ഞങ്ങൾക്ക് യാതൊരു പ്രസ്റ്റീജും ഇല്ല വടക്കേൽ കമ്മീഷൻ റിപ്പോർട്ടിലല്ല ഏത് കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞാലും അത് ഞങ്ങൾ നടപ്പിലാക്കുമെന്ന്".

ശ്രീ. പി. സി. ജോർജ്: സർ, റൂൾ 295 അനുസരിച്ച് ബഹുമാനപ്പെട്ട മെമ്പർ വായിക്കുന്ന രേഖ മേശപ്പുറത്തു വയ്ക്കേണ്ടതാണ്. അദ്ദേഹം അതു മേശപ്പുറത്ത് വച്ചാൽ നന്നായിരിക്കും.

ശ്രീ. കാനം രാജേന്ദ്രൻ: കമ്മീഷൻ റിപ്പോർട്ടിന്റെ പ്രസക്തമായ ഭാഗമാണ് ഞാൻ ഇവിടെ വായിച്ചത്. എന്താണ് വേണ്ടതെന്ന് സ്പീക്കർ തീരുമാനിച്ചാൽ മതി. ഇലക്ട്രിസിറ്റി ബോർഡിന്റെ ഫയലാണ് ഞാൻ ക്വാട്ട് ചെയ്യുന്നത്, മേശപ്പുറത്തു വയ്ക്കാൻ ഉത്തരവാദിത്വത്തോടുകൂടിയാണ് ഞാൻ ഇത് ചെയ്യുന്നത്. ഇങ്ങനെ 22-3-1984-ൽ ധനകാര്യ വകുപ്പുമന്ത്രി ധനവിനിയോഗ ബില്ലിന് മറുപടി പറഞ്ഞുകൊണ്ട് പറയുകയുണ്ടായി. ഇന്ന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി ഇല്ലാത്തതുകൊണ്ട് അദ്ദേഹമാണ് മറുപടി പറയുന്നതെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. വൈദ്യുതി വകുപ്പു മന്ത്രി ആശുപത്രിയിലാണ്. കഴിഞ്ഞ ദിവസം ഹോട്ടൽ ഹൊറിസൺ ഉൽഘാടനം ചെയ്തു കഴിഞ്ഞപ്പോൾ വീണ്ടും അദ്ദേഹത്തിന് അസുഖമായതുകൊണ്ട് സഭയിൽ വരാൻ പററുകയില്ല. ധനകാര്യമന്ത്രി ഈ കാര്യത്തെ സംബന്ധിച്ച് മറുപടി പറയുന്നതുകൊണ്ട് 22-3-1984-ൽ അദ്ദേഹം ചെയ്ത പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ഒരുകാര്യം ഞാൻ പറയാം. "ഈ സമരത്തിൽ എന്തെങ്കിലും കഴമ്പുണ്ടെങ്കിൽ ഞാൻ സമ്മതിച്ചുതരാൻ തയ്യാറാണ്, ഇവിടെ വാക്കു പറഞ്ഞിട്ടുള്ള ഏതെങ്കിലും കാര്യം, എഗ്രി ചെയ്തിട്ടുള്ള എന്തെങ്കിലും കാര്യം പറഞ്ഞതിൽനിന്നും വിദ്യുച്ഛക്തി വകുപ്പുമന്ത്രി ആകട്ടെ, ഗവൺമെൻറ് ആകട്ടെ പുറകോട്ടുപോയിട്ടുണ്ടെങ്കിൽ, പറഞ്ഞ ഒരു കാര്യം നടപ്പിലാക്കാതിരുന്നുവെങ്കിൽ ഞങ്ങൾക്ക് യാതൊരു പ്രസ്റ്റീജും അക്കാര്യത്തിലില്ല. നടപ്പിലാക്കാൻ ഞങ്ങൾ തയ്യാറാണ്. അതുകൊണ്ട് ആരെ വേണമെങ്കിലും നിയോഗിച്ചുകൊണ്ട് ഏത് ജഡ്ജിയെ വേണമെങ്കിലും നിയോഗിച്ചുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ച് പരിശോധിക്കാനും പറഞ്ഞിട്ടുള്ള വാക്കനുസരിച്ച് ഏതെങ്കിലും കാര്യം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ അക്കാര്യം ആലോചിക്കാനും ഞങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ല" എന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി 22-3-1984-ൽ ധനവിനിയോഗ ബില്ലിന്റെ ചർച്ചയുടെ ഭാഗമായി പറഞ്ഞിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ചുരുക്കത്തിൽ ഗവൺമെൻറ്, എഗ്രിമെൻറിനും അതിനുശേഷമുളള ചർച്ച കളിലും അതിനുമുമ്പുളള ചർച്ചകളിലും ആവർത്തിച്ച് ഈ എഗ്രിമെൻറെല്ലാം പൂർണ്ണമായി നടപ്പിലാക്കി എന്നവകാശപ്പെട്ടതിനുശേഷം യൂണിയനുകൾ തർക്കം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മീഷനെ നിയമിച്ചപ്പോൾ ആ കമ്മീഷൻെറ റിപ്പോർട്ടിൽ വീണ്ടും ഇതുപോലെയുള്ള കാര്യങ്ങൾ ചൂണ്ടി ക്കാണിച്ചിരിക്കുകയാണ്. അതിനുശേഷം യൂണിയനുകളുമായി ആലോചി ക്കാതെ തസ്തികകൾ വെട്ടിക്കുറച്ചു എന്നതിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിലും ഈ വടക്കേൽ കമ്മീഷൻ റിപ്പോർട്ടിൻെറ നിഗമനങ്ങൾ വന്നതിനുശേഷവും ഈ 55-ാം ചോദ്യത്തിനുത്തരമായി 5700 തസ്തികകൾ വീണ്ടും വെട്ടിക്കുറച്ചു എന്നാണ് പറയുന്നത്. ഇലക്ട്രിസിററി ബോർഡ് തീരുമാനമെടുക്കുകയും യൂണിയനുകളുമായി ചർച്ച ചെയ്യുകയും അതിൻെറ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് ഒരു ധാരണ യിലെത്തുകയും ഒരു കമ്മീഷനെ നിയോഗിക്കുകയും ചെയ്തതിനുശേഷവും ആ കമ്മീഷൻെറ നിഗമനങ്ങൾ വീണ്ടും വന്നതിനുശേഷവും തസ്തികകൾ വെട്ടിക്കുറച്ചുകൊണ്ട് ഉളള ഒരു ഭരണമാണ് സർ, ഇലക്ട്രിസിററി ബോർഡിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. ഈ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാത്തതിൻെറ ഫലമായും വീണ്ടും തസ്തികകൾ വെട്ടിക്കുറയ്ക്കു കയും മററും ചെയ്യുന്നതിൻെറ ഫലമായും മാനേജുമെൻറും തൊഴിലാളി ബന്ധത്തിൽ വളരെ സ്ഫോടനാത്മകമായ അന്തരീക്ഷം നമ്മുടെ സംസ് ഥാനത്തെ ഏററവും പ്രധാനപ്പെട്ട ഈ പൊതുമേഖലാ സ്ഥാപനത്തിൽ നിലനിൽക്കുകയാണ്. പൊതുപ്രാധാന്യമുളള ഒരു പ്രശ്നം എന്നുളള നിലയിൽ ഈ കാര്യത്തെ കാണാനും ഗവൺമെൻറ് പറഞ്ഞിട്ടുളള വാക്ക് പാലിക്കാനും ജസ്ററിസ് വടക്കേൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാനും അതിൻെറ അടിസ്ഥാനത്തിൽ 15-9-1982-ലുളള വേക്കൻസികൾ നില നിറുത്താനും ആ വേക്കൻസികൾ ഫിൽഅപ് ചെയ്യാനും യൂണിയനുകളും ഗവൺമെൻറുമായി ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ മുന്നോട്ടു പോകാനും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുളളത്. ഈ പണിമുടക്കിനുശേഷവും ധാരാളം നടപടികൾ നടന്നിട്ടുണ്ട്. ഞാൻ അതിനെ ക്കുറിച്ചൊന്നും വിശദീകരിക്കുന്നില്ല. ഏതായാലും ഒരുദിവസം പണിമുടക്കി യതിന് എട്ടു ദിവസത്തെ ശമ്പളം ഇപ്പോൾ കട്ട് ചെയ്തിരിക്കുകയാണ്. കോടതിയിൽ അതിനെതിരായിട്ട് വിധിയുണ്ടായിട്ടുപോലും ഈ ശമ്പളം തിരിച്ചു കൊടുക്കാൻ ഇന്ന് ഇലക്ട്രിസിററി ബോർഡ് തയ്യാറാകുന്നില്ല. 1984 മാർച്ചു മാസം എട്ടാം തീയതി മുതൽ 1984 ഏപ്രിൽ മാസം 11-ാം തീയതി വരെ നമ്മുടെ സംസ്ഥാനത്തെ വൈദ്യുതി ബോർഡിൽ ജീവനക്കാർ നടത്തിയ പണിമുടക്ക് ന്യായീകരിക്കത്തക്കതാണെന്നും അന്ന് ജീവനക്കാർ ഉന്നയിച്ച ആവശ്യങ്ങളിൽ കാര്യമുണ്ടെന്നും ജസ്ററിസ് വടക്കേൽ അദ്ദേഹത്തിൻെറ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും ആ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാൻ തയ്യാറാകാതെ വൈദ്യുതിബോർഡും അതിൻെറ മന്ത്രിയും ഇന്നും പിടിവാശിയുമായി നിൽക്കുകയാണ്. ഈ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ മുഖ്യമന്ത്രിക്ക് ബാധ്യതയുണ്ട്. 11-4-1984-ൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടായ എഗ്രിമെൻറാണ്. ഇലക്ട്രിസിററി തൊഴിലാളികൾ രണ്ടുമൂന്നു പ്രാവശ്യം ഈ കാര്യത്തെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് റെപ്രസൻേറഷൻ കൊടുത്തിട്ടുണ്ട്. ഒരു കത്തിൻെറ കോപ്പി എൻെറ കയ്യിലുണ്ട്. അദ്ദേഹം മറുപടിപോലും അയച്ചില്ല. ഞാൻ പരാതിപ്പെടുന്നു. ഇത്തരം ഒരു ധാരണ ഉണ്ടാക്കിക്കഴിഞ്ഞാൽ അതിൻെറ അടിസ്ഥാനത്തിൽ ഈ ധാരണകൾ നടപ്പിലാക്കും എന്ന് മുഖ്യമന്ത്രിയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രിയും ഇലക്ട്രിസിററി വകുപ്പുമന്ത്രിയും ആവർത്തിച്ച് ഈ സഭയിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇന്നും ആ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയിട്ടില്ല എന്നുള്ളത് വളരെ കുററകരമായ ഒരു കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെൻറ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ അര മണിക്കൂർ ചർച്ചയിൽ പ്രസക്തമായി പറഞ്ഞ ഒരു പോയിൻറ് വേക്കൻസികൾ ഫിൽഅപ് ചെയ്തിട്ടില്ല എന്നുള്ളത് മാത്രമാണ്. ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള എട്ടാം തീയതി നിയമസഭയിൽ നൽകിയ മറുപടി വളരെ സത്യസന്ധമായിട്ടുള്ളതാണ്. കമ്മീഷൻ എന്ത് റിപ്പോർട്ട് ചെയ്തിരിക്കുന്നു എന്നുള്ള സത്യസന്ധമായ ഒരു പ്രസ്താവനയാണ് അദ്ദേഹം നിയമസഭയിൽ വച്ചത്. എന്തായിരുന്നു ഈ സമരം? 13,500 പോസ്ററുകൾ വേക്കൻറായി കിടപ്പുണ്ടെന്നും 13,500 പോസ്ററുകളിൽ നിയമനം നടത്തിയിട്ടില്ലെന്നും പറഞ്ഞുകൊണ്ട് നടത്തിയ ഒരു സമരമായിരുന്നു. ആ സമരത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻേറയും ഇലക്ട്രിസിററിബോർഡിൻേറയും നിലപാടുകൾ ഗവൺമെൻറും ഇലക്ട്രിസിററി ബോർഡും കാലാകാലങ്ങളിൽ വിശദീകരിച്ചിരുന്നതാണ്. ഏതായാലും ഇപ്പോൾ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ കണ്ടത് എത്രയാണ്? 13,500 പോസ്ററുകൾ ഫിൽഅപ് ചെയ്യാനുണ്ട് എന്ന് പറഞ്ഞ സ്ഥാനത്ത് കമ്മീഷൻ കണ്ടത് 47 ടൈപ്പിസ്ററുകളുടെ പോസ്ററും വേരിയസ് കാററഗറിയിലായിട്ട് 493 പോസ്ററുകളും ഫിൽഅപ് ചെയ്യാനുണ്ടെന്നാണ്. അങ്ങനെ 540 പോസ്ററുകൾ ഫിൽഅപ് ചെയ്യാനുണ്ടെന്ന് കമ്മീഷൻ പറഞ്ഞു. 13,500 ൻെറ സ്ഥാനത്ത് 540. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു തെററിദ്ധാരണ എൻെറ സ്നേഹിതനുണ്ട്. ഈ പോസ്ററുകൾ ഫിൽഅപ് ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഹാൻഡ്സ് ഉണ്ടായിരിക്കുകയും അതുപോലെ വേക്കൻസികൾ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ മാത്രമേ ഇതൊക്കെ ഫിൽഅപ് ചെയ്യാൻ കഴിയുകയുള്ളു. ഇലക്ട്രിസിററി ബോർഡിൽ അടുത്തകാലത്ത് ഒരു റീ ഓർഗനൈസേഷൻ നടത്തുകയുണ്ടായി. ഞാൻ തന്നെ ഒരു ചോദ്യത്തിനുത്തരമായിട്ട് ഇവിടെ പറയുകയുണ്ടായി. ഇതിനുമുമ്പുവരെ മാസാമാസങ്ങളിൽ നടത്തിക്കൊണ്ടിരുന്ന മീററർ റീഡിംഗും ബില്ലിംഗ്സിസ്ററവും നിറുത്തലാക്കിക്കൊണ്ട് ആറാറുമാസം കൂടുമ്പോൾ ഉള്ള മീററർറീഡിംഗും ബില്ലിംഗ് സിസ്ററവും ഏർപ്പെടുത്തിയതോടുകൂടി ഇനി വളരെയധികം ആളുകളെ പോസ്ററ് ചെയ്യേണ്ട കാര്യമില്ല. വേക്കൻസിയില്ലാതെ, ആവശ്യം ഇല്ലാതെയിരിക്കുന്ന ഒരു സന്ദർഭത്തിൽ കൂടുതൽ ആളുകളെ പോസ്ററ് ചെയ്യണമെന്ന് കമ്മീഷൻ ഒരിടത്തും പറഞ്ഞിട്ടില്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളമുള്ള നിലപാട് ഈ 540 ആളുകളെ വേക്കൻസിയുണ്ടാകുമ്പോൾ, ആവശ്യം ഉണ്ടാകുമ്പോൾ നിയമിക്കുക എന്നുള്ളതാണ്. അല്ലാതെ ഈ പറയുന്ന ആളുകളെ എല്ലാം ഇലക്ട്രിസിററി ബോർഡിൽ നിയമിക്കണമെന്നുള്ള ധാരണയുണ്ടെങ്കിൽ ആ ധാരണ പിശകാണ്. ഇലക്ട്രിസിററി മിനിസ്ററർ കമ്മീഷൻ പറഞ്ഞിരിക്കുന്നതിൻെറ സ്പിരിററ് അനുസരിച്ച് പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. അത് ഫുൾഫിൽ ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാനും ഉറച്ചുനിൽക്കുകയാണ്. ധനവിനിയോഗബില്ലിൻെറ ചർച്ചയിൽ ഞാനും പറയുകയുണ്ടായി. കമ്മീഷൻ എന്തു പറഞ്ഞിട്ടുണ്ടോ അത് പ്രായോഗികമായി അതിൻെറ സ്പിരിററ് ഉൾക്കൊണ്ടുകൊണ്ട് കാലാകാലങ്ങളിൽ ഗവൺമെൻറ് നടപ്പിലാക്കും. ഇതല്ലാതെ വേറെ ഒന്നും ഈ കാര്യത്തെ സംബന്ധിച്ചിടത്തോളമില്ല. ബഹുമാനപ്പെട്ട

കാനം രാജേന്ദ്രൻ പറഞ്ഞതിൽ ഈ ഒരു കാര്യം മാത്രമേയുള്ളു. അതുകൊണ്ട് ഇതിൽ ഒരു ഉൽക്കണ്ഠയും വേണ്ട. 13,500 പോസ്റ്റുകൾ ഫിൽഅപ് ചെയ്യാനുണ്ടെന്നും പറഞ്ഞ് 35 ദിവസം സമരം നടത്തി. എന്നിട്ടും ഗവൺമെൻറ് ഒരു കമ്മീഷനെ വച്ചു. ആകെ കണ്ടത് ഇതുമാത്രമാണ്. 540 പേരെ വേണമെങ്കിൽ നിയമിക്കാം. പക്ഷേ അതിനകത്ത് പറഞ്ഞിരിക്കുന്നത് വേക്കൻസികൾ ഉണ്ടെങ്കിൽ നിയമിച്ചാൽ മതിയെന്നാണ്. അതുകൊണ്ട് കമ്മീഷൻെറ റെക്കമെൻേറഷൻ ഒന്നും ഇലക്ട്രിസിററിബോർഡ് ലംഘിച്ചതായിട്ട് എനിക്ക് അറിവില്ല. ഇത്രമാത്രമേ എനിക്ക് പറയാനുള്ളു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർ ചോദ്യം ചോദിക്കുവാനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ചോദ്യമായിട്ട് ചോദിക്കാവുന്നതാണ്.

ശ്രീ. വി. കെ. രാജൻ : യൂണിയനുകളുമായി ഉണ്ടാക്കിയ എഗ്രിമെൻറ് പ്രകാരം തസ്തികകൾ നിറുത്തുമ്പോൾ യൂണിയൻെറ പ്രതിനിധികളുമായി ചർച്ചചെയ്യണമെന്ന തീരുമാനം നിലവിലുണ്ട്. ആ തീരുമാനം നിലവിലിരിക്കെ ഇപ്പോൾ എത്ര തസ്തികകൾ പുതുതായിട്ട് നിറുത്തൽ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. എം. മാണി : യൂണിയനുകളുമായിട്ടുള്ള ആലോചന എന്നു പറയുന്നത് 15-9-1982-ലെ അബോളിഷനെ സംബന്ധിച്ചിടത്തോളമുള്ളതാണ്, അല്ലാതെ സബ്സിക്വൻറായിട്ടുള്ള പീരിയഡിനെ സംബന്ധിച്ചിടത്തോളം അത് ആപ്ലിക്കബിളല്ല.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഈ മാനേജുമെൻറും തൊഴിലാളികളും തമ്മിലുള്ള തർക്കപ്രശ്നങ്ങളിൽ തീരുമാനമാകാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ ഒരു കമ്മീഷനെ വച്ചത്. ആ കമ്മീഷൻെറ റിപ്പോർട്ട് വന്നതിനുശേഷം ഏകപക്ഷീയമായി മാനേജുമെൻറിന് ആവശ്യമുള്ള കാര്യങ്ങൾ മാത്രം നടപ്പിലാക്കുന്നതുകൊണ്ട് ആ കമ്മീഷൻെറ റിപ്പോർട്ടിൻെറ സാങ്ററിററി നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പഴയ പ്രശ്നങ്ങൾ അതുപോലെ നിലനിൽക്കുന്നതുകൊണ്ട് മാനേജുമെൻറും തൊഴിലാളികളും തമ്മിൽ പുതുതായി ഉത്ഭവിച്ചിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കാൻ തൊഴിലാളി സംഘടനകളെക്കൂടി ഉൾപ്പെടുത്തി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടാൻ തയ്യാറുണ്ടോ ?

ശ്രീ. കെ. എം. മാണി : ചർച്ചയെ സംബന്ധിച്ചിടത്തോളം പറയാം. ഇനിയിപ്പോൾ ഗവൺമെൻറിനെ സംബന്ധിച്ച് രണ്ടാമത് അൺഎൻഡിംഗ് പ്രോസസ്സായിട്ട് ചർച്ചയുടെ ആവശ്യമൊന്നുമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം കമ്മീഷൻെറ റിപ്പോർട്ടാണ് മേശപ്പുറത്തുള്ളത്. കമ്മീഷൻെറ റിപ്പോർട്ടിൻെറ അപ്പുറത്തേയ്ക്ക് കടക്കാൻ കഴിയുകയില്ല. കമ്മീഷൻെറ റിപ്പോർട്ടിൽ എന്തു പറഞ്ഞിരിക്കുന്നുവോ അതിനെ സംബന്ധിച്ചിടത്തോളം പരിശോധിക്കാവുന്നതാണ്. ഇതിനകത്ത് ഒരു കുഴപ്പവുമില്ല. ഇത് വെറുതെ ഒരു കാര്യവുമില്ലാത്ത കാര്യമാണ്.

ശ്രീ. എ. വി. താമരാക്ഷൻ : ഇലക്ട്രിസിററി ജീവനക്കാരുടെ സമരത്തെ തുടർന്ന് മുഖ്യമന്ത്രികൂടി പങ്കെടുത്ത് കോൺഫറൻസ് നടത്തുകയും ആ കോൺഫറൻസിലെ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ല എന്നു പറഞ്ഞ് ബോർഡും ജീവനക്കാരും തമ്മിൽ തർക്കമുണ്ടാവുകയും അതിൻെറ അടിസ്ഥാനത്തിൽ 11-4-1984-ൽ അത് പരിശോധിക്കുന്നതിനുവേണ്ടി ജസ്ററീസ് വടക്കേൽ കമ്മീഷനെ നിയമിക്കുകയും ചെയ്തു. കമ്മീഷൻെറ റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിററിബോർഡിനും ജീവനക്കാർക്കും ബാധകമാണെന്ന് ആ എഗ്രിമെൻറിൽത്തന്നെ ക്ലാസ് ഉണ്ടാക്കിയിട്ടുണ്ട്. വടക്കേൽ കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ചപ്പോൾ ആ കാലയളവിൽ ഒട്ടേറെ വേക്കൻസികൾ ഉണ്ടെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. അതിനുശേഷം 5700 തസ്തികകൾ വെട്ടിക്കുറച്ചിരിക്കുന്ന നടപടി കമ്മീഷൻ റിപ്പോർട്ടിനെതിരാണ് എന്നുള്ളതു കൊണ്ട് മുഖ്യമന്ത്രികൂടി പങ്കെടുത്ത എഗ്രിമെൻറിന് വിരുദ്ധമായി ഗവൺമെൻറ് നിയമിച്ച കമ്മീഷന് വിരുദ്ധമായി പെരുമാറിയ ഇലക്ട്രിസിററി ബോർഡിനെക്കുറിച്ച് മുഖ്യമന്ത്രിക്ക് എന്താണ് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി: അര മണിക്കൂർ ചർച്ചയ്ക്ക് നോട്ടീസ് അയക്കുക, ബന്ധപ്പെട്ട മിനിസ്ററർ ഉത്തരം പറയുക, അങ്ങനെയാണ് സാധാരണ രീതിയിൽ ചെയ്യുന്നത് അതിനുപകരം എല്ലാത്തിനും മുഖ്യമന്ത്രി ഉത്തരം പറയണം എന്നാണ് പറയുന്നത്. വേണമെങ്കിൽ പറയാം. അതിൻെറ ഒന്നും കാര്യമില്ല. ഈ അര മണിക്കൂർ ചർച്ച ഉത്ഭവിച്ചിട്ടുള്ളത് എട്ടാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിൽ നിന്നാണ്. അതിനപ്പുറത്തേക്ക് ലോകത്ത് നടക്കുന്ന എല്ലാ കാര്യങ്ങളും ഇപ്പോൾ ചർച്ച ചെയ്യാൻ സാദ്ധ്യമല്ല. അപ്പോൾ ബഹുമാനപ്പെട്ട താമരാക്ഷൻെറ ചോദ്യത്തിന് ഉത്തരം പറയേണ്ട ആവശ്യമേ ഇല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: 540 വേക്കൻസികളുണ്ട് എന്ന് കമ്മീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നേരത്തെ ഈ കമ്മീഷൻ വയ്ക്കുമ്പോൾ എത്ര പോസ്ററ് വേക്കൻറ് ആയിക്കിടന്നു എന്നുള്ളത് ഏതെങ്കിലും യൂണിയൻ ആവശ്യപ്പെട്ടിരുന്നോ ? മന്ത്രി ഇവിടെ സ്പെസിഫിക്കായി ഒരു നമ്പർ പറഞ്ഞു. അങ്ങനെ ഒരു നമ്പർ ആരും ആവശ്യപ്പെടാതെ, വേക്കൻസികൾ ഉണ്ട് എന്ന് മാത്രമേ യൂണിയനുകൾ പറഞ്ഞിരുന്നുള്ളു. അപ്പോൾ പുതിയ ഒരു നമ്പരിൽ പിടിച്ച് അങ്ങനെയില്ല എന്ന് വ്യാഖ്യാനിക്കുന്നതിനുപകരം ഇപ്പോൾ ചൂണ്ടിക്കാണിച്ചിട്ടുള്ള ഈ 540 വേക്കൻസികളിൽ ആളുകളെ നിയമിക്കുമോ ? ആ പോസ്ററുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ അത് ഓർമ്മയില്ലാതെ പറയുകയാണ്. ഇലക്ട്രിസിററി വകുപ്പുമന്ത്രി വളരെയധികം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 13,500 പോസ്ററുകൾ വേക്കൻറായിക്കിടന്നിട്ട് നിയമിക്കാതിരിക്കുന്നു എന്ന് പറഞ്ഞ് സമരം നടത്തി. കമ്മീഷനെ വച്ച് കഴിഞ്ഞപ്പോൾ മല എലിയെ പ്രസവിച്ചു എന്ന് പറഞ്ഞ രീതിയിൽ 540 പോസ്ററ് ആണ് വേക്കൻറായി കിടക്കുന്നത്. അത് വേക്കൻസി ഉണ്ടെങ്കിൽ നികത്താം. വേക്കൻസിയില്ലാത്തതുകൊണ്ട് അത് നികത്തുന്നതിനെ സംബന്ധിച്ച് ഇപ്പോൾ ബുദ്ധിമുട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇലക്ട്രിസിററി സമരത്തിൻെറ ഡിമാൻറ് നോട്ടീസിൽ 13,500 പോസ്ററ് വേക്കൻറാണെന്ന് പറയുന്നില്ല. മന്ത്രി വെറുതെ തെററിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. കമ്മീഷൻ റിപ്പോർട്ടിൽത്തന്നെ 18-ാമത്തെ ക്ലാസ്സിൽ പറയുന്നത് സെക്കൻറ് ഗ്രേഡ് ഓവർസീയർമാരുടെ 820 വേക്കൻസികൾ ഉണ്ടെന്നാണ്. ഇത് 38-ാമത്തെ ക്ലാസ്സിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവയൊക്കെ മറച്ചുപിടിച്ചിട്ടാണ് മന്ത്രി ഇവിടെ ഉത്തരം നൽകിയത്. അതിനാൽ 540 എന്ന് പറയുന്നത് ശരിയല്ല. പോസ്ററുകൾ എത്ര എന്നതിൻെറ യഥാർത്ഥ വസ്തുത മറച്ചുപിടിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഇതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

Minutes dated 15-9-1982 :

47 Vacancies of typists and 453 vacancies in all the 85 categories together mentioned in Annexure B3 that existed on 15-9-1982 have not been filled up so far. ഇവിടെ നുണ പറയേണ്ട കാര്യമൊന്നുമില്ല. വളരെ സത്യസന്ധമായിട്ടേ മന്ത്രിമാർ നിയമസഭയിൽ മറുപടി പറയാറുള്ളു.

ശ്രീ. കെ. പി. പ്രഭാകരൻ : 13,000 വേക്കൻസികൾ ഉണ്ടായിരുന്നു എന്ന് യൂണിയനുകൾ പറഞ്ഞത് അടിസ്ഥാനരഹിതമാണെന്ന് മന്ത്രി പറഞ്ഞു. ഈ 13,000 വേക്കൻസികളുടെ പ്രശ്നം ഇതിനുമുമ്പുള്ള ലോംഗ്ടേം എഗ്രിമെന്റിന്റെ വ്യവസ്ഥ അനുസരിച്ച് കണക്ഷനുകളുടെ കൺസ്യൂമേഴ്സ് വർദ്ധിക്കുന്നതിന് അനുസരിച്ച് ഡിവിഷനുകൾ വർദ്ധിക്കുന്നതിന്റെയും അതിന് അനുസരിച്ച് പോസ്റ്റുകൾ ക്രിയേററ് ചെയ്യുന്നത് സംബന്ധിച്ചും ഒക്കെ ലോംഗ് ടേം എഗ്രിമെന്റിൽ വ്യക്തമായിട്ടുള്ള വ്യവസ്ഥകൾ ഉണ്ടായിരുന്നു. ആ വ്യവസ്ഥ പൂർണമായി പാലിക്കപ്പെടുകയാണെന്നുണ്ടെങ്കിൽ നിയമിക്കപ്പെടേണ്ട പോസ്റ്റുകളാണ്. അത് അവഗണിച്ചുകൊണ്ട് മുമ്പ് ഉണ്ടായിരുന്നതിൽ ഇത്ര ഒഴിവ് മാത്രമേയുള്ളു എന്ന് പറയുന്നത് ശരിയാണോ ?

ശ്രീ. കെ. എം. മാണി : 1978-ലെ ലോംഗ്ടേം എഗ്രിമെന്റ് നടപ്പിലാക്കിയിട്ടില്ല. ആ കരാർ ഇലക്ട്രിസിറ്റി വകുപ്പ് മാനിച്ചില്ല എന്നുള്ളതായിരുന്നു സമരത്തിന് പ്രധാനമായ കാരണം. ഇലക്ട്രിസിറ്റി ബോർഡ് 1978-ലെ ലോംഗ്ടേം എഗ്രിമെന്റ് മുഴുവൻ നടപ്പിലാക്കിയിരിക്കുന്നു എന്നാണ് വടക്കേൽ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

In K. S. E. B. about 13,500 numbers of places are vacant. Board has not taken any fruitful steps to fill up these vacancies so far. 13,500 പോസ്റ്റുകൾ വേക്കൻറായിട്ട് കിടക്കുന്നു, അത് ഫില്ലപ്പ് ചെയ്തിട്ടില്ല എന്ന് സമരത്തിന് കാരണമായി അവർ പറഞ്ഞു. ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ ഒരു കാര്യം മനസ്സിലാക്കേണ്ടത് The Government has got a clean certificate from Vadakkel Commission. ദീർഘകാല കരാർ ഇലക്ട്രിസിറ്റി ബോർഡ് നടപ്പിലാക്കിയിരിക്കുന്നുവെന്നാണ് ടക്കേൽ കമ്മീഷൻ പറഞ്ഞിരിക്കുന്നത്. അതോടൊപ്പം നിങ്ങളുടെ സമരത്തിന്റെ അടിസ്ഥാനം തന്നെ തകർന്നുപോവുകയുണ്ടായി.

## X. സ്പീക്കറുടെ പ്രസ്താവന

### നിയമസഭാംഗങ്ങൾക്ക് സിനിമ കാണുന്നതിനുള്ള സൗകര്യം നൽകുന്നതിനെ സംബന്ധിച്ച്

മി. സ്പീക്കർ : ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട മലയാള ചലച്ചിത്രങ്ങൾ കാണുന്നതിനുള്ള സൗകര്യം നൽകുന്നതിന്റെ തുടക്കമായി ഇന്ന് വൈകുന്നേരം 6.30-ന് ചലച്ചിത്രഭവനോട് ചേർന്നുള്ള ആർട്ട് തിയേററിൽവച്ച് 1972-ൽ സംസ്ഥാന അവാർഡിന് അർഹമായ

പണി തീരാത്ത വീട്'' എന്ന സിനിമാ പ്രദർശനം ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ നടത്തുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് തിയേററിൽ പോകുന്നതിനായി എം. എൽ. എ. ക്വാർട്ടേഴ്സിൽനിന്ന് വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്;

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്;

(1985 മാർച്ച് 3-ാം തീയതി ബുധനാഴ്ച സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.25-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

നക്ഷത്രചിഹ്നമിടാത്ത ചോദ്യം (1216 കാണുക)

സ്വയം തൊഴിൽ കണ്ടെത്തൽ സഹായം നൽകിയവരുടെ

ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു

| ജില്ല | ബാങ്ക് ലോൺ സഹിതം | ലോൺ ഇല്ലാതെ അനുവദിച്ചവരുടെ എണ്ണം | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 3442 | 4705 | 8147 |
| കൊല്ലം | 1164 | 5366 | 7530 |
| പത്തനംതിട്ട | 15 | .. | 15 |
| ആലപ്പുഴ | 1172 | 3303 | 4475 |
| കോട്ടയം | 1392 | 3426 | 4818 |
| ഇടുക്കി | 515 | 162 | 677 |
| എറണാകുളം | 2154 | 2090 | 4244 |
| തൃശ്ശൂർ | 648 | 1833 | 2481 |
| പാലക്കാട് | 1409 | 1206 | 2615 |
| മലപ്പുറം | 1094 | 146 | 1240 |
| കോഴിക്കോട് | 1025 | 3989 | 5014 |
| വയനാട് | 143 | 18 | 161 |
| കണ്ണൂർ | 863 | 926 | 1789 |
| ആകെ | 15036 | 28170 | 43206 |

അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യം (1251 കാണുക)

1 കാഴാലുംമൂട് (വള്ളിക്കാട്)
2 പള്ളിമരുപ്പ്
3 വള്ളപ്പാറ
4 കാരക്കാട്
5 കാഴിക്കാട് തലയ്ക്കൽ
6 അമ്പലം കവല
7 ആന ചരിക്കൽ (മലയാലപ്പുഴ)
8 കുതുപ്പാട് (മലയാലപ്പുഴ)
9 എലക്കുളം
10 കാവടി കിഴക്ക്
11 കാഞ്ഞിരപ്പാറ
12 കുളകുട്ടിയിൽ
13 മയിലാടുംപാറ (കാണി പഞ്ചായത്ത്)
14 മുളപ്പഴുകൽ
15 ആഞ്ഞിലികുന്ന് മുരുപ്പ്
16 വലിയമുരുപ്പടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

17 പുന്നമൂട് മുരുപ്പ്
18 എഴുത്തുകാരൻറഴികത്ത് (പ്രമാടം)
19 തലയിറ
20 എഴുമൺ
21 തക്കുറൽ
22 തടത്തിൽ

## അനുബന്ധം III

നക്ഷത്രചിഹ്നമിടാത്ത ചോദ്യം (1268) കാണുക

**B. Rural Landless Employment Guarantee Programme (RLEGP)**

Kodumon Panchayat

| | | |
|---|---|---|
| 1. | Angadikal North Harijan Settlement | 5 |
| 2. | Peedika Muruppel Harijan Settlement | 5 |
| 3. | Kulathinal Harijan Settlement | 5 |
| | **Kalanjoor Panchayat** | |
| 4. | Kurangayam Harijan Colony | 5 |
| | | 20 |
| | Chempilkunnu | 10 |
| | Athumpumkulam | 10 |
| | Vazhamuttom | 5 |
| | Karumala | 5 |
| | Thannithodu | 5 |
| | Kozhukunnam | 10 |
| | Cheradi | 5 |
| | | 50 Nos. |

**National Rural Employment Programme (NREP)**

Kodumon Panchayat

| | |
|---|---|
| Kuriyaya Murup Harijan Settlement | 5 |
| Kakkattumukalil Harijan Settlement | 8 |
| | 13 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| Kuppakara | 7 |
| Ezhumom | 5 |
| Pothanakuzhy | 5 |
| Udayampara | 5 |
| Padappackal | 5 |
| Nayadi | 5 |
| Thannithodu | 5 |
| Kaithakara | 5 |
| Poovally | 5 |
| Elakulam | 5 |
| Nedumpara | 10 |
| Kaithakunnu | 10 |
| Anàthani | 5 |
| Kummannoor | 5 |
| Elakolloor | 10 |
| Thekkumala | 5 |
| | 97 |

LIBRARY ARCHIVES Kerala Legislative Assembly